27
സെപ്തംബർ 2018 വ്യാഴം
1194 കന്നി 11
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911

FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

16+4 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU

www.keralakaumudi.com www.facebook.com/keralakaumudi

## ഒറ്റനോട്ടം



സുപ്രീംകോടതിയിലെ പ്രധാന കേസുകൾ തത്സമയം

പേജ് 7



കാറിൽ കുഞ്ഞുസീറ്റ് വാങ്ങണം

പേജ് 7



ടെലികോം പോളിസിക്ക് ക്യാബിനറ്റ് അംഗീകാരം

പേജ് 13



ഓം അമൃതേശ്വര്യൈ നമഃ

പേജ് - 6

ആഘോഷങ്ങളില്ലാതെ അമ്മയ്ക്ക് ഇന്ന് 65-ാം പിറന്നാൾ

പേജ് - 8

# ഉറങ്ങരുതിനി ഉണർന്നിരിക്കണം ഉയിരിനായി...

KAUMUDI SPECIAL

### വാഹനമോടിക്കുമ്പോൾ കണ്ണ് തുറന്ന് ഉറക്കുന്ന റാപ്പിഡ് ഐ മൂവ്മെന്റ് സ്ലീപ്

എം.എച്ച്.വിഷ്ണു


തിരുവനന്തപുരം: ഒരു നിമിഷാർദ്ധത്തിന്റെ കൺചിമ്മലിലാണ് മലയാളത്തിന്റെ മഞ്ഞൾപ്രസാദം മോനിഷ മാഞ്ഞുപോയത്. 1992 ഡിസംബറിലെ ഒരു പുലർകാലത്ത് തിരുവനന്തപുരത്തു നിന്ന് ഉറക്കത്തോട് മല്ലിട്ട് കൊച്ചിയിലേക്ക് കുതിച്ച കാറിന്റെ ഡ്രൈവറുടെ കണ്ണിലേക്ക് ഇമചിമ്മിക്കയറിയ മയക്കമാണ് ആ പ്രസാദം മായ്ച്ചത്. ചേർത്തലയിൽ വച്ച്.

വയലിൻമാന്ത്രികൻബാലഭാസ്കറിന്റെ അപകടത്തിനും കാരണം ഡ്രൈവറുടെ കൺതുറന്നുള്ള ഉറക്കമാണ്. 'റാപ്പിഡ്ഐ മൂവ്മെന്റ്സ്ലീപ്' എന്ന ഉറക്കത്തിന്റെ നാലാംഘട്ടമാണിത്. ഉറങ്ങില്ലെന്ന അമിതവിശ്വാസത്തോടെ മണിക്കൂറുകൾ



ഉറക്കമൊഴിഞ്ഞ് ചീറിപ്പായുന്നവർ ഉറക്കത്തിന്റെ ശാസ്ത്രം അറിയണം. അർദ്ധരാത്രി മുതൽ പുലർച്ചെ അഞ്ചുവരെ ശരീരം ഉറങ്ങാനുള്ള പ്രവണതയിലായിരിക്കും. ഉറക്കത്തെ തോൽപ്പിക്കാൻ പാട്ടുകേട്ടും സംസാരിച്ചും ഡ്രൈവർമാർ അടവുകൾ പയറ്റും. റാപ്പിഡ് ഐ മൂവ്മെന്റ്സ്ലീപ്പിൽ ഏതു വമ്പനും ഒരു നിമിഷം അറിയാതെ ഉറങ്ങിപ്പോവും. കണ്ണുകൾ തുറന്നിരിക്കും. പക്ഷേ ഒരു സുഖ നിദ്ര തഴുകുന്നുണ്ടാവും. ആ നിമിഷങ്ങളിൽ ശരീരമാകെ വിദ്യുത്പ്രവാഹം പോലുള്ള ഒരു മരവിപ്പിലായിരിക്കും. അപ്പോൾ കാൽ ആക്സിലറേറ്ററിൽ അമർത്താൻ സാദ്ധ്യതയേറെയാണ്. സ്റ്റിയറിംഗ് പാളിപ്പോകാം. ജാഗ്രത നഷ്ടപ്പെട്ട ബോധാബോധങ്ങളുടെ ആ ഇടവേളയിൽ വാഹനം ഇടിച്ചു കയറുന്ന ഉഗ്രശബ്ദവും ആഘാതവും ആയിരിക്കും ഞെട്ടിഉണർത്തുന്നത്. അപ്പോഴേക്കും ഒരിക്കലും ഉണരാത്ത മരണത്തിലേക്കോ ഉറക്കവും ഉണർവും ഇല്ലാത്ത അബോധത്തിലേക്കോ വീണിരിക്കും. അല്ലെങ്കിൽ ചോരയുടെ മണമുള്ള വേദന പുളയുന്ന ബോധത്തിലേക്ക് ഉണർന്നിരിക്കും...

മോനിഷയുടെ അമ്മ ശ്രീദേവിഉണ്ണിയും സമാനമായ അവസ്ഥയെക്കുറിച്ചാണ് പറയുന്നത്- "ഡ്രൈവറുമായി ഞാൻ സംസാരിച്ചിരിക്കുകയായിരുന്നു. അയാൾ ഉറങ്ങിയെന്ന് എനിക്ക് തോന്നിയതേ ഇല്ല. ഉണർന്നിരുന്ന ഞാൻ പോലും അറിയുന്നില്ല എന്താണ് സംഭവിച്ചതെന്ന്. ഡോർതുറന്ന് പുറത്തേക്ക് തെറിച്ചുവീഴുന്നു, കാർ മറിയുന്നു..."



#### ചെയ്യേണ്ടത്

ഉറക്കത്തിന്റെ ആദ്യ സൂചനയിൽ തന്നെ വാഹനം നിറുത്തി 15-30 മിനിറ്റ് ഉറങ്ങുക. മുഖം കഴുകി യാത്ര തുടരാം.

#### അരുത്

ഉറക്കത്തെ അവഗണിച്ച് യാത്ര തുടരരുത്. വാഹനത്തിന്റെ വേഗത കൂട്ടരുത്.

### രാത്രി കാഴ്ച കുറയും

മനസറിയാതെ ഉറങ്ങാൻ വേറെയും കാരണങ്ങളുണ്ട്. രാത്രി റോഡിലെ കാഴ്ച നാലിലൊന്നായി കുറയും. റോഡിലേക്ക് കൺതുറന്നിരിക്കുകയാവും ഡ്രൈവർ. പകലും രാത്രിയിലും കാഴ്ച നൽകുന്നത് വ്യത്യസ്ത കോശങ്ങളാണ്. കണ്ണിലെ വെള്ളിത്തിരയായ റെറ്റിനയിലെ റോഡ് കോശങ്ങളിലുള്ള റോഡോപ്സിൻ എന്ന വർണഘടകമാണ് രാത്രി കാഴ്ച നൽകുന്നത്. വൈറ്റമിൻ-എയിൽ നിന്നുണ്ടാകുന്ന റെറ്റിനാലും ഓപ്സിനുമാണ് റോഡോപ്സിന്റെ ഘടകങ്ങൾ. റോഡോപ്സിൻ പകൽ പ്രവർത്തിക്കില്ല. കണ്ണിൽ പ്രകാശം പതിയുമ്പോൾ റോഡോപ്സിൻ റെറ്റിനാലും ഓപ്സിനുമായി വിഘടിക്കും. പെട്ടെന്ന് പുനഃസംയോജിക്കുകയും ചെയ്യും. എതിർദിശയിലെ വാഹനങ്ങളുടെ ലൈറ്റ് കണ്ണിലടിക്കുമ്പോൾ റോഡോപ്സിന്റെ പുനഃസംയോജനത്തിന് മതിയായ സമയം കിട്ടില്ല. അതാണ് അപ്പോൾ കാഴ്ച മങ്ങുന്നത്. തെളിച്ചമുള്ള രാത്രി കാഴ്ചയ്ക്കായി കണ്ണുകൾ നിമിഷങ്ങളോളം അടപ്പിക്കാൻ ശരീരം ശ്രമിക്കുമ്പോഴാണ് അറിയാതെ ഉറങ്ങിപ്പോവുന്നത്.

"ദൂരെയാത്രയ്ക്ക് വിദഗ്ദ്ധ ഡ്രൈവറെ കൂട്ടണം. ഉറക്കമൊഴിയുമ്പോൾ തലച്ചോറിന്റെ പ്രതികരണം കുറയും. അപ്പോഴാണ് അപകടമുണ്ടാകുന്നത്.

*പ്രജ്ഞ വള്ളികുന്നം,*
*അഡി.എം.വി.ഐ തിരുവനന്തപുരം ആർ.ടി.ഓഫീസ്*

# കടമ്പ കടന്ന് ആധാർ

## നിയമം സുപ്രീംകോടതി അംഗീകരിച്ചത് ഭേദഗതികളോടെ

അനിൽ വി. ആനന്ദ്

ന്യൂഡൽഹി: സ്വകാര്യസ്ഥാപനങ്ങൾക്ക് വ്യക്തിവിവരങ്ങൾ ഉപയോഗിക്കാനുള്ള അനുമതി റദ്ദാക്കിയതുൾപ്പെടെയുള്ള ഭേദഗതികളോടെ ആധാർ നിയമം അംഗീകരിച്ച് സുപ്രീംകോടതിയുടെ ഭൂരിപക്ഷ വിധി.

ബാങ്ക്, മൊബൈൽ സേവനങ്ങൾക്ക് ആധാർ കാർഡ് വേണ്ടെന്നും കൺസോളിഡേറ്റഡ് ഫണ്ട് വഴിയുള്ള സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കാൻ ആധാർ രജിസ്ട്രേഷൻ നിർബന്ധമാണെന്നും കോടതി വ്യക്തമാക്കി. ആധാർ നിയമം ലോക്സഭയിൽ മണിബില്ലായി കൊണ്ടുവന്നതും ശരിവച്ചു.

ചീഫ്ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ അഞ്ചംഗ ഭരണഘടനാബെഞ്ച് 4 - 1 ഭൂരിപക്ഷത്തിലാണ് സാധുത നൽകിയത്. ആധാർ നിയമത്തിന് ഭേദഗതികളോടെ സാധുത നൽകുന്ന എ.കെ. സിക്രിയുടെ വിധിന്യായത്തോട് ചീഫ് ജസ്റ്റിസ് ദീപക് മിശ്ര, ജസ്റ്റിസ് എ.എം. ഖാൻവിൽക്കർ എന്നിവർ യോജിച്ചു. ഇതിനോട് യോജിച്ചുവെങ്കിലും ജസ്റ്റിസ് അശോക് ഭൂഷൺ പ്രത്യേക വിധിന്യായം തയാറാക്കി.

രാജ്യസഭയെ മറികടക്കാൻ ധനബില്ലായി ആധാർ നിയമം കൊണ്ടുവന്നത് ഭരണഘടനാവിരുദ്ധമാണെന്ന് വ്യക്തമാക്കി ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് പൂർണമായും വിയോജിച്ച് പ്രത്യേക വിധിന്യായവും തയാറാക്കി. ആധാറിന്റെ ഭരണഘടന സാധുത ചോദ്യം ചെയ്തുള്ള 27ഓളം ഹർജികളാണ് തീർപ്പാക്കിയത്.



### പ്രധാന നിർദ്ദേശങ്ങൾ

- ആധാറില്ലാത്ത വ്യക്തികളുടെ അവകാശം നിഷേധിക്കരുത്.
- ഒറ്റ തിരിച്ചറിയൽ സംവിധാനം നല്ലതാണ്.
- പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിന് സഹായകരമാകും.
- അഴിമതിക്കുള്ള സാദ്ധ്യത കുറയ്ക്കും.

### കോടതി നീക്കിയത്

- സ്വകാര്യസ്ഥാപനങ്ങൾക്ക് വ്യക്തിവിവരം ഉപയോഗിക്കാൻ അനുമതി നൽകുന്ന സെക്ഷൻ 57
- വ്യക്തിവിവരം വെളിപ്പെടുത്തുന്നതിനുള്ള സെക്ഷൻ 33(2)
- വിവരങ്ങളുടെ ദുരുപയോഗത്തിൽ ഏകീകൃത തിരിച്ചറിയൽ അതോറിട്ടിക്ക് നിയമനടപടിക്ക് അധികാരം നൽകുന്ന സെക്ഷൻ 47

### വേണം

- പാൻകാർഡുമായി ബന്ധിപ്പിക്കണം
- ആദായനികുതി റിട്ടേൺ
- സാമൂഹ്യക്ഷേമ പദ്ധതികൾ
- ഗവൺമെന്റ് സബ്സിഡി

### വേണ്ട

- സ്കൂൾ പ്രവേശനം
- മൊബൈൽ കണക്ഷൻ
- ബാങ്ക് അക്കൗണ്ട് തുറക്കൽ, സേവനങ്ങൾ
- സി.ബി.എസ്.ഇ, നീറ്റ്, ജെ.ഇ.ഇ, യു.ജി.സി പരീക്ഷകൾ



### ടെലികോം, വാലറ്റ് കമ്പനികൾക്ക് ആധാർ വിവരം കൈമാറരുത്

സെക്ഷൻ 57 ഭരണഘടനാവിരുദ്ധമാണെന്ന് പറഞ്ഞ കോടതി ടെലികോം കമ്പനികളും മൊബൈൽ വാലറ്റുകളും ഉൾപ്പെടെ ഒരു സ്വകാര്യസ്ഥാപനത്തിനും ആധാർ വിവരം കൈമാറരുതെന്ന് വ്യക്തമാക്കി. വിവരങ്ങളുടെ ദുരുപയോഗത്തിനെതിരെ വ്യക്തികൾക്ക് കോടതിയെ സമീപിക്കാം. ദേശസുരക്ഷയുടെ പേരിൽ വിവരങ്ങൾ വെളിപ്പെടുത്താനാവില്ല. ആധാർ വിവരങ്ങൾ ആറുമാസത്തിൽ കൂടുതൽ സൂക്ഷിക്കാൻ പാടില്ല.



### ഒരു കുട്ടിക്കും ആനുകൂല്യം നിഷേധിക്കരുത്

ആധാറില്ലാത്തതിന്റെ പേരിൽ ഒരു കുട്ടിക്കും ക്ഷേമപദ്ധതികളുടെ ആനുകൂല്യം നിഷേധിക്കരുത്. സർവശിക്ഷ അഭിയാന് കീഴിൽ വരുന്ന 6 മുതൽ 14 വരെ പ്രായമുള്ള കുട്ടികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കാൻ ആധാർ എൻട്രോൾമെന്റ് ആവശ്യമില്ല. മറ്റു ക്ഷേമ പദ്ധതികളിൽ രക്ഷിതാക്കളുടെ അനുമതിയോടെ കുട്ടികൾക്ക് ആധാറെടുക്കാം.



*സൈന നെഹ്‌വാളും പി. കാശ്യപും*

### സൈന-കാശ്യപ് പ്രണയം

## പറന്നുപറന്ന് പൂവണിഞ്ഞു

ഹൈദരാബാദ്: പത്തു വർഷത്തോളം പരമരഹസ്യമാക്കിവച്ചിരുന്ന ഇന്ത്യൻ ബാഡ്മിന്റൺ താരങ്ങളായ സൈന നെഹ്‌വാളും പി. കാശ്യപും തമ്മിലുള്ള പ്രണയം മംഗല്യത്തിലേക്ക്. വരുന്ന ഡിസംബർ 16ന് ഹൈദരാബാദിൽ ഇവരുടെ വിവാഹം നടക്കുമെന്ന് ഇരുവരുടെയും അടുത്ത കേന്ദ്രങ്ങൾ അറിയിച്ചു.

പുല്ലേല ഗോപിചന്ദിന്റെ ബാഡ്മിന്റൺ അക്കാഡമിയിൽ ഒരുമിച്ച് പരിശീലനം തുടങ്ങിയ കാലം മുതലുള്ള ഇവരുടെ പ്രണയം അടുത്ത സുഹൃത്തുക്കൾക്കൊഴികെ അറിയില്ലായിരുന്നു. ഇതുവരെ 20 മേജർ ബാഡ്മിന്റൺ കിരീടങ്ങളും ഒളിമ്പിക് വെങ്കലവും ലോക ചാമ്പ്യൻഷിപ്പ് വെള്ളിയും നേടിയിട്ടുള്ള താരമാണ് സൈന. കാശ്യപ് 2014ൽ ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിൽ സ്വർണം നേടിയിരുന്നു.

ഡിസംബർ 16ന് അടുത്ത ബന്ധുക്കൾ മാത്രം പങ്കെടുക്കുന്ന ലളിതമായ ചടങ്ങിലാകും വിവാഹം. 21ന് വിപുലമായ വിവാഹസത്കാരം നടക്കും.

## ഷോളയൂരിലും പൂക്കോട്ടും മാവോയിസ്റ്റുകളെത്തി

കൽപ്പറ്റ/അഗളി: ഷോളയൂർ പഞ്ചായത്തിലെ വരടിമലയിലെ വനപ്രദേശത്തും വൈത്തിരിയിലെ പൂക്കോട് വെറ്ററിനറി കോളേജിന്റെ പ്രവേശന കവാടത്തിലും ആയുധധാരികളായ മാവോയിസ്റ്റുകളെത്തി. ഷോളയൂരിൽ രണ്ട് സ്ത്രീകളടക്കം ആറംഗ മാവോയിസ്റ്റ് സംഘത്തെ കണ്ടതായി തോട്ടം തൊഴിലാളികൾ പറഞ്ഞു. ആയുധം കൈവശമുണ്ടായിരുന്ന ഇവർ യൂണിഫോം ധരിച്ചാണെത്തിയത്. സംഘം കൂലി സംബന്ധിച്ചുള്ള കാര്യം തിരക്കി.

പൂക്കോട് വെറ്ററിനറി കോളേജിന്റെ കവാടത്തിലെത്തിയ മൂന്നംഗ മാവോവാദികൾ സി.പി.ഐ മാവോയിസ്റ്റ് പാർട്ടി രൂപീകരണത്തിന്റെ 14ാം വാർഷികോത്സവത്തിന് അഭിവാദ്യമർപ്പിച്ചും, ആശയ പ്രചാരണം നടത്തിയുമുള്ള പോസ്റ്ററുകളും ബാനറുകളും സ്ഥാപിച്ചു. സ്ഫോടക വസ്തുവെന്ന് സംശയം ജനിപ്പിക്കുന്ന ഒരു വസ്തുവും സ്ഥാപിച്ചു.

സി.പി.എം സെക്രട്ടേറിയറ്റ് നാളെ

## ശശി വിഷയം ചർച്ചയായേക്കും

തിരുവനന്തപുരം: ഷൊർണ്ണൂർ എം.എൽ.എ പി.കെ. ശശിക്കെതിരായ ലൈംഗിക പീഡന പരാതിയിൽ നിർണായക തീരുമാനമെടുക്കാനിടയുള്ള സി.പി.എം സംസ്ഥാന സെക്രട്ടേറിയേറ്റ് യോഗം നാളെ ചേരും. ഇതിന്റെ തുടർച്ചയായി ഞായറും തിങ്കളും സംസ്ഥാനസമിതിയും ചേരും.

ഡി.വൈ.എഫ്.ഐ പാലക്കാട് ജില്ലാസെക്രട്ടേറിയേറ്റംഗമായ യുവതിയുടെ പരാതിയിൽ മന്ത്രി എ.കെ.ബാലനും പി.കെ. ശ്രീമതി എം.പിയും അടങ്ങിയ അന്വേഷണകമ്മിഷന്റെ റിപ്പോർട്ട് നാളത്തെ യോഗത്തിൽ സമർപ്പിച്ചേക്കും.

കഴിഞ്ഞ ദിവസങ്ങളിൽ കമ്മിഷൻ പാലക്കാട്ട് തെളിവെടുപ്പ് ഊർജ്ജിതമാക്കിയിരുന്നു. പാലക്കാട്ടെ ഡി.വൈ.എഫ്.ഐ നേതാക്കളുടെ മൊഴി എം.എൽ.എക്ക് അനുകൂലമായിരുന്നുവെന്ന സൂചന വിവാദത്തിന് വഴിതിരിവായിട്ടുണ്ട്.

## മുഖ്യമന്ത്രി തിരിച്ചെത്തി

തിരുവനന്തപുരം: സി.പി.എം പോളിറ്റ് ബ്യൂറോ യോഗവും പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ചയും പൂർത്തിയാക്കി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ രാത്രി 8 മണിയോടെ തലസ്ഥാനത്ത് തിരിച്ചെത്തി. ഇന്ന് രാവിലെ 10ന് മന്ത്രിസഭായോഗത്തിൽ അദ്ദേഹം അദ്ധ്യക്ഷത വഹിക്കും.

### തലവര

ആധാറിന് സാധുത



ആധാറില്ലാത്ത സാധുക്കളെ വേണേൽ അസാധുവാക്കാം

■ 19 ഇനങ്ങളുടെ ഇറക്കുമതി തീരുവ കൂട്ടി

## പാദരക്ഷകൾക്കും എ.സിക്കും റഫ്രിജറേറ്ററിനും വിലകൂടും

■ വിമാനയാത്രയ്ക്കും ചെലവേറും

ന്യൂഡൽഹി: അനാവശ്യ ഇറക്കുമതി കുറയ്ക്കുന്നതിനും വിദേശനാണ്യക്കമ്മി നിയന്ത്രിക്കുന്നതിനുമായി പാദരക്ഷകളുടേയും റഫ്രിജറേറ്ററിന്റെയും ഉൾപ്പെടെ പത്തൊമ്പത് ഇനങ്ങളുടെ ഇറക്കുമതി തീരുവ കേന്ദ്ര സർക്കാർ കൂട്ടി. ഇന്ന് മുതൽ തീരുമാനം നിലവിൽ വരും. പലതിന്റെയും ഇറക്കുമതി തീരുവ ഇരട്ടിയാക്കിയതു വലിയ വിലവർധനയ്ക്കു കാരണമായേക്കും.



2017-18 സാമ്പത്തിക വർഷം, ഈ ഇനങ്ങളിൽപ്പെട്ട 86,000 കോടി രൂപയുടെ സാധനങ്ങൾ ഇറക്കുമതി ചെയ്തിരുന്നു. 10 കിലോയിൽ കുറവുള്ള എ.സി, റെഫ്രിജറേറ്റർ, വാഷിംഗ് മെഷീൻ തുടങ്ങിയവയുടെ കസ്റ്റംസ് തീരുവ പത്തിൽ നിന്ന് ഇരുപത് ശതമാനമായാണ് വർദ്ധിപ്പിച്ചത്. പാദരക്ഷകളുടേത് ഇരുപതിൽ നിന്ന് ഇരുപത്തഞ്ച് ശതമാനമായി. ഇതുകൂടാതെ വജ്രം, സ്പീക്കറുകൾ, റേഡിയൽ ടയർ, സ്യൂട്ട്കേസ്, ട്രാവൽബാഗ്, പ്ലാസ്റ്റിക് നിർമ്മിത ടേബിൾ വെയർ, കിച്ചൻ വെയർ, ഷവർ ബാത്ത്, സിങ്ക് തുടങ്ങിയവയുടെയെല്ലാം ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചിട്ടുണ്ട്. വിമാനങ്ങളിൽ ഉപയോഗിക്കുന്ന ഇന്ധനത്തിന് 5 ശതമാനം നികുതി ഏർപ്പെടുത്താൻ തീരുമാനിച്ചതോടെ വിമാനയാത്രാ ചെലവും വർദ്ധിക്കും.

## യെല്ലോ അലർട്ട്, കനത്ത മഴയ്ക്ക് സാദ്ധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് 30 വരെ കനത്ത മഴയ്ക്ക് സാദ്ധ്യതയെന്ന് കാലാവസ്ഥാമുന്നറിയിപ്പ്. തിരുവനന്തപുരം, കോട്ടയം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇടിയോടുകൂടിയ ശക്തമായ മഴയുണ്ടാകും. ഇവിടങ്ങളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തീരത്ത് ഇന്ന് വൈകിട്ട് 5.30 മുതൽ നാളെ രാത്രി 11.30 വരെ തിരയിളക്കവും കടൽക്ഷോഭവും ഉണ്ടാകും.

മീൻപിടിത്തക്കാരും തീരദേശനിവാസികളും ജാഗ്രതപാലിക്കണം.

### ഭരണഘടനാ ബെഞ്ചിന്റെ വിധി

# പട്ടിക വിഭാഗ സ്ഥാനക്കയറ്റം: വിവരശേഖരണം വേണ്ട

പ്രസൂൺ എസ്. കണ്ടത്ത്

ന്യൂഡൽഹി: പട്ടികജാതി, പട്ടികവർഗങ്ങൾക്ക് സർക്കാർ ജോലികളിലെ സ്ഥാനക്കയറ്റത്തിനും സംവരണം നൽകാൻ വിവരശേഖരണം ആവശ്യമില്ലെന്ന് സുപ്രീം കോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് ഉത്തരവിട്ടു.

2006ലെ നാഗരാജ് കേസ് വിധി ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ടുള്ള ഉത്തരവിൽ നാഗരാജ് കേസ് വിശാല ബെഞ്ചിന് വിടണമെന്ന കേന്ദ്ര സർക്കാരിന്റെ ആവശ്യം തള്ളുകയും ചെയ്തു.

പട്ടികജാതി, പട്ടിക വർഗ സ്ഥാനക്കയറ്റത്തിന് സംവരണം നിർബന്ധമല്ലെന്നും എന്നാൽ പിന്നാക്കാവസ്ഥ, മതിയായ പ്രാതിനിദ്ധ്യമില്ലായ്മ എന്നിവ കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ ബോദ്ധ്യമായാൽ ആർട്ടിക്കിൾ 16 (4) ഉറപ്പു നൽകുന്ന അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാരുകൾക്ക് അതു നടപ്പാക്കാമെന്നും നാഗരാജ് കേസിൽ സുപ്രീംകോടതി വിധിച്ചിരുന്നു.

ആർട്ടിക്കിൾ 341, 342 പ്രകാരം പട്ടികജാതി, പട്ടികവർഗമായി രാഷ്ട്രപതി അംഗീകരിച്ചാൽ പിന്നീട് പിന്നാക്കാവസ്ഥ തെളിയിക്കേണ്ടതില്ലെന്ന 1992ൽ ഇന്ദ്രസാഹ്നി കേസിലെ ഒൻപതംഗ ബെഞ്ചിന്റെ വിധിക്ക് എതിരാണ് കണക്കെടുപ്പെന്ന് ചീഫ്ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ഭരണഘടനാ ബെഞ്ച് കണ്ടെത്തി.

ജസ്റ്റിസ്മാരായ കുര്യൻ ജോസഫ്, ആർ.എഫ്. നരിമാൻ, എസ്.കെ.കൗൾ, ഇന്ദു മൽഹോത്ര എന്നിവരാണ് ബെഞ്ചിലെ മറ്റ് അംഗങ്ങൾ.

ചില കേഡറുകളിൽ മതിയായ പ്രാതിനിദ്ധ്യം ഉറപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് കണക്ക് ശേഖരിക്കാമെന്നും അത് കോടതികൾക്ക് പരിശോധിക്കാമെന്നും വിധിയിൽ പറയുന്നു. മികവ്, പിന്നാക്കാവസ്ഥ, പ്രാതിനിദ്ധ്യമില്ലായ്മ എന്നിവ കണ്ടെത്താനും പരിശോധിക്കാനും കണക്കുകൾ വേണം. പ്രാദേശിക സാഹചര്യങ്ങൾ അനുസരിച്ച് സ്ഥാനക്കയറ്റ പരാതികളിൽ പരിഹാരം കാണണം.

### കഴിവാണ് പ്രധാനം


സ്ഥാനക്കയറ്റത്തിൽ കഴിവാണ് പ്രധാനമെന്നും ഉയർന്ന ചില തസ്തികകളിൽ സ്ഥാനക്കയറ്റത്തിന് സംവരണം സാദ്ധ്യമല്ലെന്നും വിധിയിൽ പറയുന്നുണ്ട്. പട്ടികജാതി, പട്ടികവർഗത്തിന് സർക്കാർ ജോലികളിൽ കയറുന്നതിന് മാത്രം സംവരണം മതിയെന്നും പിന്നീട് അവരുടെ സാമ്പത്തിക, സാമൂഹ്യ സ്ഥിതി മാറുമെന്നും ഇന്ദ്രാസാഹ്നി കേസിലെ ജസ്റ്റിസ് ജീവൻ റെഡ്ഡിയുടെ വിധി ഉദ്ധരിച്ച് ഭരണഘടനാ ബെഞ്ച് ചൂണ്ടിക്കാട്ടി.

ഉന്നത തസ്തികകളിൽ എത്തുന്നവർ സാമ്പത്തികമായും സാമൂഹികമായും ഉയരുന്നതോടെ പിന്നാക്ക വിഭാഗങ്ങളിലെ മുന്നാക്ക വിഭാഗമാകുമെന്ന് 1992ലെ കേസിൽ കോടതി കണ്ടെത്തിയിരുന്നു. ഐ.എ.എസുകാർ അടക്കമുള്ളവരുടെ ജീവിത സാഹചര്യം വിധിയിൽ ചൂണ്ടിക്കാട്ടി.

ക്രീമിലെയർ എല്ലാം സ്വന്തമാക്കിയാൽ ബാക്കിയുള്ളവർ പിന്നാക്കമാകും

പേജ് 13

## രക്ഷകന്റെ ജീവൻ വാഹനാപകടത്തിൽ പൊലിഞ്ഞു



അമ്പലപ്പുഴ: പ്രളയരക്ഷാ പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്ത മത്സ്യത്തൊഴിലാളി വാഹനാപകടത്തിൽ മരിച്ചു. പുന്നപ്ര വടക്ക് പഞ്ചായത്ത് പതിനാറാം വാർഡിൽ നടുവിലെതയ്യിൽ വീട്ടിൽ സെബാസ്റ്റ്യൻ (42) ആണ് മരിച്ചത്.

ചൊവാഴ്ച വൈകിട്ട് 7.30ന് ദേശീയപാതയിൽ പുന്നപ്ര മാർക്കറ്റിന് വടക്ക് സെബാസ്റ്റ്യൻ സഞ്ചരിച്ചിരുന്ന ബൈക്കും എതിരെ വന്ന ആട്ടോറിക്ഷയും കൂട്ടിയിടിച്ചാണ് അപകടം. റോഡിൽ തെറിച്ചു വീണ സെബാസ്റ്റ്യനെ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും രാത്രി പത്തോടെ മരിച്ചു. ആട്ടോറിക്ഷ ഡ്രൈവർ അബ്ദുൾ ഖാദർ (45), കാൽനടയാത്രക്കാരി പുന്നപ്ര അറവുകാട് വെളിയിൽ ഗുരുലാലിന്റെ ഭാര്യ ഗീത ( 43) എന്നിവർക്ക് പരിക്കേറ്റു. പ്രളയകാലത്ത് ചെങ്ങന്നൂരിലും കുട്ടനാട്ടിലും രക്ഷാപ്രവർത്തനം നടത്തിയ ആളാണ് സെബാസ്റ്റ്യൻ.

സെലീനയാണ് ഭാര്യ. മക്കൾ: ഷാരോൺ, ഷെയ്ൻ, അന.

# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi



**സിറ്റി കൗമുദിയിൽ**

- ചരിത്ര വീഥിയിൽ തെളിമയോടെ 'രാമരായർവിളക്ക്'
- ആളെക്കൊല്ലി റോഡ്
- നടപ്പാതകൾ അന്യമാകുമ്പോൾ...

## കുളങ്ങരക്കോണം ദക്ഷിണ മൂകാംബിക ഭഗവതി ക്ഷേത്രം

തിരുവനന്തപുരം: മച്ചേൽ കുളങ്ങരക്കോണം ദക്ഷിണ മൂകാംബിക ഭഗവതി ക്ഷേത്രത്തിലെ നവരാത്രി ഉത്സവം ഒക്ടോബർ 10 മുതൽ 19 വരെ നടക്കും. 10ന് രാവിലെ മഹാ ചണ്ഡികാഹോമം, വൈകിട്ട് 4ന് നവരാത്രി സമ്മേളനം, രാത്രി 9ന് സംഗീത നൃത്തകലാപരിപാടികൾ. 12ന് വൈകിട്ട് അഞ്ചിന് മാലപ്പുറം പാട്ട്. 17ന് ആയുധപൂജ . 18ന് കുടജാദ്രി ദേവിക്ക് ഉച്ചക്കൊട, താലപ്പൊലി. 19ന് രാവിലെ ഭഗവതിയെ സരസ്വതി മണ്ഡപത്തിലേക്ക് എഴുന്നള്ളിക്കും. ക്ഷേത്ര തന്ത്രി മേലമൺ മഠം സായിപ്രസാദ സരസ്വതിയുടെ നേതൃത്വത്തിൽ വിദ്യാരംഭം നടക്കും. ഉച്ചയ്ക്ക് സമൂഹസദ്യ . വൈകിട്ട് 6ന് ആയക്കോട്ട് ആറാട്ടെഴുന്നള്ളത്ത്.

## ശാന്തിപുരം കുന്നിൽ ശ്രീ തമ്പുരാൻ ക്ഷേത്രം

തിരുവനന്തപുരം : ശാന്തിപുരം കുന്നിൽ ശ്രീ തമ്പുരാൻ ക്ഷേത്രത്തിൽ ഇന്ന് രാവിലെ 6 മുതൽ ജ്യോതിഷ് പോറ്റിയുടെ മുഖ്യകാർമ്മികത്വത്തിൽ ഗണപതിഹോമം, മൃത്യുഞ്ജയ ഹോമം, വിഷ്ണുപൂജ, ഭഗവതിസേവ എന്നിവ ഉണ്ടായിരിക്കുമെന്ന് സെക്രട്ടറി സുരേഷ് കുമാർ വി. അറിയിച്ചു.

## വെട്ടുകാട് ശാഖ

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം വെട്ടുകാട് ശാഖയിൽ തൃപ്പാദം കുടുംബ യൂണിറ്റിന് കീഴിൽ ജി. വി. രാജ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചെമ്പഴന്തി വനിതാസ്വയം സഹായസംഘത്തിന്റെ 12-ാംവാർഷിക പൊതുയോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയൻ വനിതാസംഘം ചെയർപേഴ്സൺ ഡോ. അനുജ ഉദ്ഘാടനം ചെയ്തു. ശാഖാ വൈസ് പ്രസിഡന്റ് എസ്. സതീശൻ അദ്ധ്യക്ഷത വഹിച്ചു. ശാഖാപ്രസിഡന്റ് എസ്. സതിചന്ദ്രൻ, ശാഖാസെക്രട്ടറി എൻ. മോഹൻദാസ്, ആർ. പ്രതാപ്കുമാർ, കെ. വസന്തകുമാരി, എസ്.എസ്. പ്രദീപ്, ബിന്ദുറോയി, ഡി.എസ്. ധന്യ എന്നിവർ സംസാരിച്ചു. കൺവീനറായി വി. വിജയമ്മയെയും ജോ. കൺവീനറായി എം.ആർ. സൂര്യയെയും തിരഞ്ഞെടുത്തു.

## ഈശാലയത്തിൽ നവരാത്രി

തിരുവനന്തപുരം: ആനയറ ഈശാലയത്തിൽ സ്വാമി ഈശതൃപ്പാദങ്ങളുടെ സാന്നിദ്ധ്യത്തിൽ നവശക്തിരഹസ്യോപാസന സാധനയായി ആചരിക്കുന്നു. ഈ ഉപാസനയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 30 ന് രാവിലെ 8.30ന് ഈശാലയത്തിൽ എത്തേണ്ടതാണ്. ഒക്ടോബർ 10 മുതൽ 12 വരെ നടക്കുന്ന നവാഹയജ്ഞം, വിജയദശമിദിനത്തിൽ സ്വാമിജി കുഞ്ഞുങ്ങൾക്ക് വിദ്യാരംഭം കുറിക്കുന്ന ചടങ്ങ് എന്നിവയ്ക്ക് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്, ഫോൺ: 0471-2741533, 9446662933

## പഴഞ്ചിറ ദേവീക്ഷേത്രം

തിരുവനന്തപുരം : പഴഞ്ചിറ ദേവീ ക്ഷേത്രത്തിലെ അടുത്ത ഒരു വർഷത്തേക്കുള്ള വെടിവഴിപാട് 30ന് വൈകിട്ട് 6.30ന് ക്ഷേത്ര സന്നിധിയിൽ വച്ച് ലേലം ചെയ്യുന്നു. താത്പര്യമുള്ളവർ ക്ഷേത്ര ഓഫീസുമായി ബന്ധപ്പെടണം.

## ആത്മോപദേശ ശതകം പഠനക്ലാസ്

തിരുവനന്തപുരം: ശ്രീനാരായണ ഗുരുവിന്റെ ആത്മോപദേശ ശതകത്തെക്കുറിച്ച് നടരാജഗുരു, ഗുരുനിത്യചൈതന്യയതി, ഗുരു മുനി നാരായണപ്രസാദ് എന്നിവരുടെ വ്യാഖ്യാനത്തെക്കുറിച്ച് ഡോ. എസ്.കെ. രാധാകൃഷ്ണന്റെ പ്രഭാഷണവും ബോധാനന്ദസ്വാമി സ്മൃതി ആചരണവും കെ. സുലോചനന്റെ കൃതിപാരായണവും ഇന്ന് വൈകിട്ട് 5.30ന് പേട്ട പള്ളിമുക്കിലെ ഗുരുബുക്ക് സെന്റർ (തോപ്പിൽവീട്) ഉണ്ടായിരിക്കുമെന്ന് കൺവീനർ എസ്. ശ്രീകണ്ഠൻ അറിയിച്ചു.

## വിദ്യാരംഭം രജിസ്ട്രേഷൻ ആരംഭിച്ചു

തിരുവനന്തപുരം: ദേശീയബാലതരംഗം വൈലോപ്പിള്ളി സംസ്കൃതി ഭവനുമായി ചേർന്ന് വൈലോപ്പിള്ളി കൂത്തമ്പലത്തിൽ നടത്തുന്ന ആദ്യാക്ഷരവേദി വിദ്യാരംഭത്തിന് രജിസ്ട്രേഷൻ ആരംഭിച്ചു. വിവിധ മതാചാരങ്ങൾ അനുസരിച്ചുള്ള വിദ്യാരംഭത്തിന് സൗകര്യമുണ്ടാകും. സംഗീതം, നൃത്തം, വാദ്യോപകരണങ്ങൾ എന്നിവയിലടക്കം വിദ്യാരംഭം നടത്താൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ 15 നകം രജിസ്റ്റർ ചെയ്യണമെന്ന് ചെയർമാൻ ടി. ശരത്ചന്ദ്രപ്രസാദ് അറിയിച്ചു. ഫോൺ: 9496030412,9605302715.

## വീട്ടുകരം സ്വീകരിക്കും

തിരുവനന്തപുരം: തിരുമല, തൃക്കണ്ണാപുരം, പുന്നയ്ക്കാമുഗൾ വാർഡുകളിലെ വീട്ടുകരം ആറാമട റസിഡന്റ്സ് അസോസിയേഷൻ ഹാളിൽ 30ന് ഉച്ചയ്ക്ക് 2 മുതൽ 5 വരെ നഗരസഭാ ഉദ്യോഗസ്ഥർ സ്വീകരിക്കും.

തിരുവനന്തപുരം : ആനയറ വലിയ ഉദേശ്വരം റസിഡൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 30ന് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 വരെ കടകംപള്ളി വാർഡിലെ വീട്ടുകരം യംഗ് മെൻസ് ജിംനേഷ്യം ഹാളിൽ സ്വീകരിക്കുമെന്ന് കൗൺസിലർ ശോഭാറാണി അറിയിച്ചു.

## വൈദ്യുതി മുടങ്ങും

തിരുവനന്തപുരം: അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ മണക്കാട് വൈദ്യുതി സെക്ഷനിലെ മണക്കാട്, ചിറമുക്ക്, മേടമുക്ക്, പൂജപ്പുര സെക്ഷനിലെ പൂജപ്പുര ജംഗ്ഷൻ, കാട്ടുറോഡ്, നള്ളത്ത് റോഡ്, ലങ്കാ റോഡ്, പേരൂർക്കട സെക്ഷനിലെ ജലഭവൻ, വയലിക്കട, പേയാട് സെക്ഷനിലെ വിളപ്പിൽശാല ആശുപത്രി, വാഴവിളാകം, കരുവിളാഞ്ചി, മുക്കംപാലമൂട് എന്നിവിടങ്ങളിൽ ഇന്ന് രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വൈദ്യുതി മുടങ്ങും.

തിരുവനന്തപുരം: ബീച്ച് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ കരിക്കകം ഹൈവേയുടെ ഭാഗങ്ങൾ, പേട്ട കാഞ്ഞിരവിളാകം, പേട്ട തിയേറ്റർ റോഡ്, പാൽക്കുളങ്ങര റോഡ് എന്നിവിടങ്ങളിൽ ഇന്ന് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ വൈദ്യുതി മുടങ്ങും.

## കെട്ടിടനികുതി സ്വീകരിക്കും

തിരുവനന്തപുരം : കരുമം റസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മേലാങ്കോട് തിരുവല്ലം വാർഡുകളിലെ കെട്ടിടനികുതി 29ന് രാവിലെ 10 മുതൽ 1 വരെ മാടൻപന ജംഗ്ഷനിലെ കെ.ആർ.എയുടെ ഓഫീസിൽ നഗരസഭ ജീവനക്കാർ നേരിട്ട് സ്വീകരിക്കും. ഫോൺ.9447305040.

---

### ശാന്തിവിള മാർക്കറ്റിലെ 'മാലിന്യത്തിൽ നിന്ന് വൈദ്യുത പദ്ധതി' നിലച്ചു

# ഷോക്കേറ്റ വൈദ്യുത പദ്ധതി

▶ അനിൽകുമാർ

നേമം: നാട് മുഴുവൻ കണ്ണും നട്ട് കാത്തിരുന്നിട്ടും ഒരുതുള്ളി വെളിച്ചം പോലും വന്നില്ല. അവസാനം 'പവനായി ശവമായി' എന്നു പറഞ്ഞതു പോലായി കാര്യങ്ങൾ.

ശാന്തിവിള മാർക്കറ്റിൽ വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ച മാലിന്യ സംസ്കരണ പ്ലാന്റിനാണ് ഈ ദുർഗതി. 'മാലിന്യത്തിൽ നിന്ന് വൈദ്യുതി' ഉണ്ടാക്കുമെന്നായിരുന്നു പ്രഖ്യാപനം. പക്ഷേ, പ്രവർത്തനം തുടങ്ങി ഒരു വർഷത്തിനുള്ളിൽ പദ്ധതി അനക്കമറ്റു. കഴിഞ്ഞ 5 വർഷമായി വെറുതേ കിടക്കുന്ന പ്ലാന്റ് ഇപ്പോൾ തുരുമ്പെടുത്ത് നശിച്ച നിലയിലാണ്.

ശുചിത്വമിഷന്റെ മേൽനോട്ടത്തിൽ എൻ.ജി.ഒ സ്ഥാപനമാണ് പ്ലാന്റ് സ്ഥാപിച്ചത്. ഉദ്ഘാടനം കഴിഞ്ഞ് ഒരു വർഷം തികയും മുമ്പേ പ്ലാന്റ് പ്രവർത്തനരഹിതമായി.

പരിചയ സമ്പന്നരായ ഓപ്പറേറ്റർമാരെ ലഭിക്കാത്തതാണ് പ്ലാന്റിന്റെ പ്രവർത്തനം നിലയ്ക്കാൻ കാരണമെന്നാണ് അധികൃതർ പറയുന്നത്. ഇതോടെ നാടിന്റെ 'വെളിച്ചം' കെട്ടു. മാലിന്യനീക്കം നടക്കാതെ വന്നതോടെ പ്രദേശമാകെ മാലിന്യക്കൂനയായി. പഞ്ചായത്ത് കരാർ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണം നടത്താൻ ശ്രമിച്ചെങ്കിലും അതും പരാജയപ്പെട്ടു.

ശ്രീകാര്യത്ത് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സഹായത്തോടെ 110 ബൾബുകൾ പ്രവർത്തിപ്പിക്കുന്നുണ്ട്. 40 സെന്റ് സ്ഥലമുള്ള ശാന്തിവിള ചന്തയിൽ പുതിയ പദ്ധതികൾ നടപ്പാക്കിയാൽ ബാലരാമപുരത്തിനും, ചാലയ്ക്കുമിടയിലെ ഒരു പ്രധാന മാർക്കറ്റായി മാറ്റാൻ സാധിക്കുമെന്ന് പ്രദേശവാസികൾ ചൂണ്ടിക്കാണിക്കുന്നു.




*ശാന്തിവിള മാർക്കറ്റിൽ 6 വർഷം മുമ്പ് സ്ഥാപിച്ച വൈദ്യുതി ഉത്പാദിപ്പിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് കാട് പിടിച്ച നിലയിൽ*

**മാലിന്യ സംസ്കരണ പ്ലാന്റ്**

നിർമ്മാണ ചെലവ് **10** ലക്ഷം

കാലാവധി **15-20** വർഷം

സ്ഥാപിച്ചത് **2012** ഫെബ്രുവരി

ദിനം പ്രതി **250** കിലോ മാലിന്യം സംസ്കരിക്കുന്നതിലൂടെ

**5** കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാകും

പ്രതിദിനം **50** സി.എഫ്.എൽ വിളക്കുകൾ കത്തിക്കാം

> കല്ലിയൂർ ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന മാർക്കറ്റിലെ സംസ്കരണ പ്ലാന്റ് പുതുക്കി പ്രവർത്തിപ്പിക്കുന്നതിന് കമ്പനി 3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പഞ്ചായത്ത് അസി. എൻജിനിയർക്ക് സമർപ്പിച്ചിട്ടുണ്ട്.
>
> *- വല്ലഭദാസ്, ബയോടെക് ഇന്ത്യ പ്രൊജക്ട് മാനേജർ*

> ശുചിത്വ മിഷൻ അധികൃതർ സ്ഥലം സന്ദർശിച്ചെങ്കിലും ഫണ്ട് അനുവദിച്ച് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ഒരു നടപടിയുമെടുത്തിട്ടില്ല.
>
> *- എസ്. കുമാർ, പഞ്ചായത്ത് വൈസ് പ്രസിഡന്റ്.*

---

### ഭാര്യയുടെ കഴുത്തറുത്തു കൊന്ന കേസ്

# സിനിമാ തിയേറ്ററിൽ ഭാര്യ ആരെയോ നോക്കി ചിരിച്ചത് സംശയമായി

തിരുവനന്തപുരം: സിനിമാ തിയേറ്ററിൽ ഭാര്യ ആരെയോ കണ്ട് ചിരിച്ചുവെന്ന സംശയമാണ് തന്നെ അരുംകൊലയ്ക്ക് പ്രേരിപ്പിച്ചതെന്ന് മണക്കാട് മുക്കോലയ്ക്കൽ കൊലപാതകക്കേസിൽ അറസ്റ്റിലായ മാരിയപ്പൻ പൊലീസിന് മൊഴി നൽകി. മുക്കോലയ്ക്കൽ ക്ഷേത്രത്തിന് സമീപം മുക്കോലയ്ക്കൽ റസിഡന്റ്സ് അസോസിയേഷൻ നമ്പർ 22 വീട്ടിലെ മുകളിലത്തെ നിലയിൽ വാടകയ്ക്ക് താമസിച്ചിരുന്ന തമിഴ്നാട് തൂത്തുക്കുടി സ്വദേശിനി കന്നിയമ്മാളിനെ (45) ഭർത്താവ് മാരിയപ്പൻ കൊലപ്പെടുത്തിയെന്നാണ് കേസ്.

കൊലപാതകത്തിനുശേഷം തമിഴ്നാട്ടിൽ ഒളിവിൽ പോയ മാരിയപ്പനെ തിരുനെൽവേലിക്ക് സമീപത്തുനിന്നാണ് കഴിഞ്ഞ ദിവസം പൊലീസ് പിടികൂടിയത്. സാമി 2 എന്ന സിനിമ കാണാൻ ഇരുവരും പോയിരുന്നു. തിയേറ്ററിൽ വച്ച് കന്നിയമ്മാൾ പുരുഷൻമാരെ കണ്ട് ചിരിച്ചതിനെച്ചൊല്ലി ഇരുവരും തമ്മിൽ സംസാരമുണ്ടായി. സിനിമയിലും സമാന സ്വഭാവത്തിലുള്ള സീനും കൊലപാതകവും കാണാനിടയായ മാരിയപ്പന് ഭാര്യയോട് പകയായി. വീട്ടിലെത്തിയപ്പോൾ ഇതേച്ചൊല്ലി കലഹമായി. ഇതിനിടയിൽ മാരിയപ്പൻ ചുറ്റിക കൊണ്ട് കന്നിയമ്മാളിനെ തലയ്ക്കടിച്ച് വീഴ്ത്തി. അബോധാവസ്ഥയിൽ നിലത്തുവീണ കന്നിയമ്മാളിന്റെ കഴുത്തറുത്തു. തുടർന്ന് ഇയാൾ സ്കൂട്ടർ ഓടിച്ചുപോയി. പേരൂർക്കടയ്ക്ക് സമീപം മൊബൈൽഫോൺ വലിച്ചെറിഞ്ഞു. ഇത് പിന്നീട് ഒരു ആട്ടോ ഡ്രൈവർക്ക് കിട്ടി. കൊലപാതകക്കേസിൽ പൊലീസ് അന്വേഷിക്കുന്ന ആളുടേതാണ് മൊബൈലെന്ന് മനസിലാക്കി ആട്ടോഡ്രൈവർ ഇത് പൊലീസിന് കൈമാറി. സ്കൂട്ടർ വഴിയിലുപേക്ഷിച്ച് അതുവഴി വന്ന ബൈക്കിൽ ലിഫ്ട് ചോദിച്ച് പാലോട്ടും അവിടെ നിന്ന് ലോറിയിൽ ചെങ്കോട്ടയിലും തെങ്കാശിവഴി ബസിൽ തിരുനെൽവേലിയിലുമെത്തി.

കൈയിലുണ്ടായിരുന്ന പണം തീർന്ന് അവിടെ ചുറ്റിത്തിരിയുന്നതിനിടെ ആത്മഹത്യ ചെയ്താലോ എന്ന് ആലോചിച്ചു. ഉടുമുണ്ടിൽ തൂങ്ങിമരിക്കാമെന്ന് കരുതിയെങ്കിലും നടന്നില്ല. സംശയകരമായ സാഹചര്യത്തിൽ കറങ്ങിനടന്ന മാരിയപ്പനെ തിരുനെൽവേലി പൊലീസ് പിടികൂടി ചോദ്യം ചെയ്തപ്പോഴാണ് ഫോർട്ട് പൊലീസ് അന്വേഷിച്ചുവരുന്ന കൊലയാളിയാണെന്ന് തിരിച്ചറിഞ്ഞത്. ഫോർട്ട് പൊലീസെത്തി ഇയാളെ ഇന്നലെ കൊണ്ടുവന്നു.

കൊലപാതകം നടന്ന വീട്ടിലും സ്കൂട്ടർ ഉപേക്ഷിച്ച സ്ഥലത്തും ഒളിവിൽ കഴിഞ്ഞ പ്രദേശങ്ങളിലും മാരിയപ്പനെ തെളിവെടുപ്പിന് കൊണ്ടുപോകുമെന്ന് പൊലീസ് പറഞ്ഞു. ഫോർട്ട് അസി. കമ്മിഷണർ ദിനിലിന്റെ നേതൃത്വത്തിൽ സി.ഐ അജിചന്ദ്രനും സംഘവുമാണ് അന്വേഷണം നടത്തുന്നത്.

## മനുഷ്യസ്നേഹിയായ നേതാവായിരുന്നു സി.എച്ച്: മന്ത്രി ഇ.പി. ജയരാജൻ

■ ഡോ.ഡി. ബാബു പോൾ, യു.എ. ഖാദർ എന്നിവർക്ക് പുരസ്കാരം സമ്മാനിച്ചു

തിരുവനന്തപുരം: ഒരു ജീവിത കാലം മുഴുവൻ രാഷ്ട്രീയ-സാമൂഹ്യരംഗത്ത് നിറഞ്ഞുനിന്ന മനുഷ്യസ്നേഹിയായ നേതാവായിരുന്നു സി.എച്ച്. മുഹമ്മദ്കോയയെന്ന് മന്ത്രി ഇ.പി. ജയരാജൻ പറഞ്ഞു.

സി.എച്ച്. ഫൗണ്ടേഷൻ സംഘടിപ്പിച്ച അനുസ്മരണ സമ്മേളനവും അവാർഡ് ദാനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രഗല്ഭനായ ചിന്തകനും സാംസ്കാരിക നേതാവുമായിരുന്ന സി.എച്ചിന്റെ ഓർമകൾ പുതിയ തലമുറയ്ക്ക് വെളിച്ചം പകരാൻ ഉപകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

എഴുത്തുകാരനും മുൻ അഡിഷണൽ ചീഫ് സെക്രട്ടറിയുമായ ഡോ. ഡി. ബാബുപോൾ, പ്രമുഖ കഥാകൃത്ത് യു.എ. ഖാദർ എന്നിവർക്ക് മന്ത്രി പുരസ്കാരം സമ്മാനിച്ചു.

പത്രപ്രവർത്തന രംഗത്ത് അൻപതാണ്ട് പൂർത്തിയാക്കിയ മാദ്ധ്യമപ്രവർത്തകൻ കലാപ്രേമി ബഷീർ ബാബുവിനെ ചടങ്ങിൽ ആദരിച്ചു.

പ്രതിപക്ഷ ഉപനേതാവ് ഡോ. എം.കെ. മുനീർ അദ്ധ്യക്ഷത വഹിച്ചു. മന്ത്രി ഇ. ചന്ദ്രശേഖരൻ, മന്ത്രി കെ.ടി. ജലീൽ, കെ. മുരളീധരൻ എം.എൽ.എ, എം.എം. ഹസൻ, പന്ന്യൻ രവീന്ദ്രൻ, കമാൽ വരദൂർ, അബ്ദുറഹിമാൻ രണ്ടത്താണി, ജി. രാജ്മോഹൻ, ബീമാപള്ളി റഷീദ്, പ്രൊഫ. തോന്നയ്ക്കൽ ജമാൽ, ഇ.എം. നജീബ് തുടങ്ങിയവർ പങ്കെടുത്തു.

കൺവീനർ കരമന ബയാർ അവാർഡ് ജേതാക്കളെ പരിചയപ്പെടുത്തി. സി.എച്ച് ഫൗണ്ടേഷൻ ചെയർമാൻ പി.എ. ഹംസ സ്വാഗതവും കെ.എച്ച്.എം. അഷ്റഫ് നന്ദിയും പറഞ്ഞു.



*എം.എൽ. ഉഷാരാജ് രചിച്ച ഗുരുദേവാമൃതം എന്ന പുസ്തകം എസ്.എൻ ട്രസ്റ്റ് ബോർഡ് അംഗം പ്രീതി നടേശൻ എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക യൂണിയൻ പ്രസിഡന്റ് ഡി. പ്രേംരാജിന് നൽകി പ്രകാശനം ചെയ്യുന്നു. ഗ്രന്ഥകാരി എം.എൽ. ഉഷാരാജ്, എസ്. രഞ്ജിത്ത്, ആലുവിള അജിത്ത്, നെടുമങ്ങാട് രാജേഷ്, ഗീതാമധു, വനജ തുടങ്ങിയവർ സമീപം*



*മസ്കറ്റ് ഹോട്ടലിൽ നടന്ന സി.എച്ച്. മുഹമ്മദ് കോയ സാഹിബ് അനുസ്മരണ സമ്മേളനത്തിന്റെയും അവാർഡ് സമർപ്പണത്തിന്റെയും ഉദ്ഘാടനത്തിനെത്തിയ മന്ത്രി ഇ.പി. ജയരാജൻ അവാർഡ് ജേതാക്കളായ യു.എ. ഖാദറിനെയും ഡോ.ഡി. ബാബുപോളിനെയും അഭിവാദ്യം ചെയ്യുന്നു*

# ശുചിത്വ സന്ദേശവുമായി ഹക്കുവിന്റെ കാർട്ടൂൺ എക്സിബിഷൻ

▶ സ്വന്തം ലേഖകൻ

തിരുവനന്തപുരം: ശുചിത്വ ഭാരതം എന്ന ലക്ഷ്യവുമായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ' സ്വച്ഛതാ ഹി സേവാ' പരിപാടിയുടെ ഭാഗമായി തമ്പാനൂർ സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ കാർട്ടൂണിസ്റ്റ് ഹക്കുവിന്റെ മാലിന്യമുക്ത ബോധവത്കരണ കാർട്ടൂൺ പ്രദർശനം തുടങ്ങി.

ദക്ഷിണ റെയിൽവേ തിരുവനന്തപുരം യൂണിറ്റുമായി സഹകരിച്ച് സംഘടിപ്പിച്ചിട്ടുള്ള എക്സിബിഷനിലൂടെ ശുചിത്വബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഒന്നാം നമ്പർ പ്ലാറ്റ്ഫോമിലാണ് പ്രദർശനം.

വൃത്തിഹീനമായ റെയിൽവേ സ്റ്റേഷൻ പരിസരം, ഗ്ലാസുകളും കുപ്പികളും നിറഞ്ഞ തെരുവ്, വഴിയിൽ അലക്ഷ്യമായി തള്ളിയ മാലിന്യം, മാലിന്യക്കൂമ്പാരത്തിൽ വിഹരിക്കുന്ന തെരുവുനായ്ക്കളും എലികളും, കെട്ടിക്കിടക്കുന്ന മലിന ജലം, ഓടകളിലെ മാലിന്യം തുടങ്ങി പരിസര മലിനീകരണത്തിന്റെ നിരവധി മുഖങ്ങളാണ് ഹക്കു വരയിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്.

ശുചിത്വത്തിലേക്കുള്ള ബോധവത്കരണ സന്ദേശം നൽകുന്ന അറുപതിലേറെ കാർട്ടൂണുകളാണ് പ്രദർശനത്തിലുള്ളത്. സതേൺ റെയിൽവേയിലെ ഉന്നത ഉദ്യോഗസ്ഥരടക്കം നിരവധി പേർ എക്സിബിഷൻ കാണാനെത്തി. യാത്രക്കാരുടെ വലിയ പങ്കാളിത്തവും എക്സിബിഷനിലുണ്ട്.

ലഹരി, റോഡ് സുരക്ഷ, സ്ത്രീപീഡനം തുടങ്ങി സാമൂഹിക പ്രസക്തമായ ഒട്ടേറെ വിഷയങ്ങളിൽ കാർട്ടൂൺ എക്സിബിഷൻ സംഘടിപ്പിച്ച് ശ്രദ്ധ നേടിയിട്ടുള്ളയാളാണ് ഹക്കു.

എക്സിബിഷൻ ഞായറാഴ്ച സമാപിക്കും.



*ഹക്കുവിന്റെ എക്സിബിഷനിൽ നിന്ന്*



*മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ സുഗതകുമാരിയെ നന്ദാവനത്തെ വസതിയിലെത്തി സന്ദർശിക്കുന്നു*

**കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3, 5, 9, 10**

# വേളിയിൽ മിനിയേച്ചർ ട്രെയിൻ

തിരുവനന്തപുരം: ഇനി വേളിയിൽ പോയാൽ മിനിയേച്ചർ ട്രെയിനിൽ ചുറ്റിക്കറങ്ങാം. ലോക ടൂറിസം ദിനാചരണത്തോടനുബന്ധിച്ച് വേളി ടൂറിസ്റ്റ് വില്ലേജിന് മിനിയേച്ചർ റെയിൽവേ നൽകാൻ അനുമതിയായി. ആധുനിക സംവിധാനങ്ങളുള്ള മിനിയേച്ചർ റെയിൽവേ പദ്ധതി സംസ്ഥാന ടൂറിസം വകുപ്പാണ് നടപ്പാക്കുന്നത്.

ഒന്നര വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. പദ്ധതിയുടെ രൂപരേഖ തയ്യാറായിക്കഴിഞ്ഞു. ടൂർഫെഡാണ് പദ്ധതി കൊണ്ടുവന്നത്. വേളിയിൽ ടൂറിസം വികസനത്തിനായി 20 കോടിയോളം രൂപയുടെ പദ്ധതികൾക്കാണ് സംസ്ഥാന ടൂറിസം വകുപ്പ് നേരത്തെ അംഗീകാരം നൽകിയത്.

അത്യാധുനിക കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് 9.98 കോടി രൂപയുടെ പദ്ധതി നടപ്പാക്കും. ഒരു വർഷത്തിനുള്ളിൽ കൺവെൻഷൻ സെന്റർ നിർമ്മിക്കാനും തീരുമാനമായി.



**ദൂരം**
**2** കിലോമീറ്റർ

**ചാർജ്**
**30** രൂപ

**ഒരേ സമയം**
**45** പേർക്ക് സഞ്ചരിക്കാം

**പദ്ധതിയെക്കുറിച്ച്**

സോളാർ ബാറ്ററിയിൽ പ്രവർത്തിക്കുന്ന ട്രെയിൻ പരിസ്ഥിതിക്കും ദോഷമുണ്ടാക്കില്ല. മിനിയേച്ചർ റെയിൽവേ സ്റ്റേഷനടക്കമുള്ള സംവിധാനങ്ങളെല്ലാം സോളാറിലാണ് പ്രവർത്തിക്കുക. അധിക വൈദ്യുതി കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് നൽകും. ട്രെയിനിന്റെ മുകൾഭാഗത്തും സോളാർ പാനലുകൾ സ്ഥാപിക്കും. പഴയ ആവി എൻജിന്റെ മാതൃകയിലാണ് ട്രെയിൻ. പരമ്പരാഗത രീതിയിലുള്ള റെയിൽവേ സ്റ്റേഷനാണ് വേളിയിൽ സ്ഥാപിക്കുന്നത്. ടണലും റെയിൽവേ പാലവും അടക്കം ഇതിനായി സജ്ജീകരിക്കും.

**പദ്ധതിച്ചെലവ്**
**9** കോടി രൂപ

## ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ

നെയ്യാറ്റിൻകര: കേരളകൗമുദി - ബോധപൗർണമിയും ജനമൈത്രി പൊലീസും എക്സൈസ് വകുപ്പും നിംസ് ഹരിതകവും സംയുക്തമായി നടത്തുന്ന ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ ഇന്ന് രാവിലെ 10ന് നെയ്യാറ്റിൻകര വിദ്യാധിരാജാ വിദ്യാനിലയം എച്ച്.എസ്. എസിൽ കെ. ആൻസലൻ എം.എൽ.എ ഉദ്ഘാടനം ചെയ്യും.

കേരളകൗമുദി യൂണിറ്റ് ചീഫ് കെ. അജിത്കുമാർ അദ്ധ്യക്ഷനായിരിക്കും. നെയ്യാറ്റിൻകര എക്സൈസ് സി.ഐ വൈ. ഷിബു ക്ലാസെടുക്കും. സ്കൂൾ പ്രിൻസിപ്പൽ എം. ശ്രീകണ്ഠൻനായർ സ്വാഗതം പറയും.

കേരളകൗമുദി സർക്കുലേഷൻ മാനേജർ എസ്. വിക്രമൻ, ബോധപൗർണമി കോഓർഡിനേറ്റർ സനിൽ കുളത്തിങ്കൽ, അസി. സർക്കുലേഷൻ മാനേജർമാരായ എസ്. അനിൽകുമാർ, എസ്. ഡി. കല തുടങ്ങിയവർ പങ്കെടുക്കും. പി.ടി.എ പ്രസിഡന്റ് വി.എസ്. സജീവ്കുമാർ നന്ദി പറയും.

## കാവുകൾക്ക് ധനസഹായം: അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: ജില്ലയിലെ കാവുകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിന് വനം, വന്യജീവി വകുപ്പ് അപേക്ഷ ക്ഷണിച്ചു. വ്യക്തികൾ, ദേവസ്വം ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കാവുകൾക്കാണ് ധനസഹായം ലഭിക്കുക. താത്പര്യമുള്ളവർ കാവിന്റെ വിസ്തൃതി, ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, കാവിന്റെ സ്കെച്ച് എന്നിവ സഹിതം അസി. കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി വിഭാഗം, പി.ടി.പി നഗർ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. മുമ്പ് ധനസഹായം ലഭിച്ച കാവുടമകൾ അപേക്ഷിക്കേണ്ടതില്ല. അവസാന തീയതി സെപ്തംബർ 30.

## മാദ്ധ്യമ അവാർഡ് ജേതാക്കൾക്ക് ആദരം ഇന്ന്

തിരുവനന്തപുരം: ഈ വർഷത്തെ നിയമസഭാ മാദ്ധ്യമ അവാർഡ് ജേതാക്കളെ ശിഹാബ് തങ്ങൾ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് ആദരിക്കും. പ്രസ്ക്ലബ് ഹാളിൽ രാവിലെ 11ന് നടക്കുന്ന ചടങ്ങ് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. പി.കെ. കുഞ്ഞാലിക്കുട്ടി എം.പി ഉപഹാര സമർപ്പണം നടത്തും.

ശശി തരൂർ എം. പി, പന്ന്യൻ രവീന്ദ്രൻ, മേയർ വി.കെ. പ്രശാന്ത്, ദേവരാജൻ എന്നിവർ ആശംസ പറയും.

## 'ലിറ്റ്മസ് 18' ഒക്ടോബർ 2, 3 തീയതികളിൽ

തിരുവനന്തപുരം: എസൻസ് എന്ന സ്വതന്ത്ര ചിന്താ കൂട്ടായ്മുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് ഒക്ടോബർ 2, 3 തീയതികളിൽ തിരുവനന്തപുരത്ത് അന്തർദ്ദേശീയ ശാസ്ത്ര-സ്വതന്ത്രചിന്ത സെമിനാർ 'ലിറ്റ്മസ് 18' സംഘടിപ്പിക്കുന്നു.

ചടങ്ങിൽ ഈ വർഷത്തെ എസൻസ് പ്രൈസ് ഡോ. അഗസ്റ്റസ് മോറിസിനും, ഡോ. വൈശാഖൻ തമ്പിക്കും സമ്മാനിക്കും. എസൻസ് കസ്റ്റോഡിയൻ ഒഫ് ഹ്യൂമാനിറ്റി 2018 പുരസ്കാരം പ്രളയ സമയത്ത് നിരവധി പേരെ രക്ഷപ്പെടുത്തിയ ജോബിഷ് ജോസഫിന് നൽകും.

പ്രസ് ക്ലബിൽ നടന്ന പത്രസമ്മേളനത്തിൽ സംഘാടക സമിതി ചെയർമാൻ സജിവൻ അന്തിക്കാട്, ജനറൽ കൺവീനർ കമലാലയം രാജൻ, സംഘാടക സമിതി അംഗങ്ങളായ രതീഷ് വി. എസ്, റിജു കോഴിക്കോട് എന്നിവർ പങ്കെടുത്തു.

## ശ്രീചിത്തിര തിരുനാൾ കലോത്സവം

തിരുവനന്തപുരം: ശ്രീചിത്തിര തിരുനാൾ സംഗീത നാട്യ കലാകേന്ദ്രത്തിന്റെ അനന്തപുരി നൃത്ത സംഗീതോത്സവവും ചിത്തിര തിരുനാൾ ജയന്തി ആഘോഷവും ഒക്ടോബർ 26 മുതൽ നവംബർ 3 വരെ നടക്കും.

കലോത്സവത്തിൽ ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി, നാടോടിനൃത്തം, ശാസ്ത്രീയ സംഗീതം, ലളിതഗാനം, സംഘഗാനം, പദ്യപാരായണം (മലയാളം), സോപാനസംഗീതം, വീണ, വയലിൻ, മൃദംഗം, തബല, ഗിറ്റാർ, ചിത്രരചന എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടക്കും.

താത്പര്യമുള്ള വിദ്യാർത്ഥികൾ സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം ഒക്ടോബർ 4ന് മുമ്പ് ശ്രീ ചിത്തിര തിരുനാൾ സ്മാരക സംഗീത നാട്യ കലാകേന്ദ്രം, ഫോൺ: 0471 2461190, 9446451190 തിരുവനന്തപുരം-24 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# ഓൺലൈൻ തട്ടിപ്പ്: മെഡിക്കൽ കോളേജ് ഡോക്ടറുടെ 5 ലക്ഷം നഷ്ടമായി

ഉള്ളൂർ: ഓൺലൈൻ തട്ടിപ്പിലൂടെ മെഡിക്കൽ കോളേജ് ഡോക്ടറുടെ അഞ്ച് ലക്ഷം രൂപ നഷ്ടമായി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പ്രൊഫസർ പോങ്ങുംമൂട് ഐത്തടി നഗറിൽ താമസിക്കുന്ന ഡോ. വിമലയുടെ അക്കൗണ്ടിൽ നിന്നാണ് പണം തട്ടിയെടുത്തത്.

ഫോണിൽ ബന്ധപ്പെട്ട് ഒ.ടി.പി നമ്പർ മനസിലാക്കിയ ശേഷമാണ് പണം കവർന്നത്. മെഡിക്കൽ കോളേജ് വളപ്പിലെ എസ്.ബി.ഐ ശാഖയിലാണ് ഡോക്ടർക്ക് അക്കൗണ്ടുള്ളത്. ഇക്കഴിഞ്ഞ 21 ന് എസ്.ബി.ഐ സൗത്ത് സോൺ മാനേജരെന്ന വ്യാജേന ഡോക്ടറെ ഒരാൾ ഫോൺ വിളിച്ചിരുന്നു.

ഓൺലൈൻ സർവീസ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇടപാടുകാരുടെ വിവരങ്ങൾ പരിശോധിക്കാനെന്ന വ്യാജേനയാണ് ഒ.ടി.പി നമ്പർ ആവശ്യപ്പെട്ടത്. ജോലിത്തിരക്കിൽ കൂടുതൽ ശ്രദ്ധിക്കാതെ ഡോക്ടർ ഫോൺ പരിശോധിച്ച് നമ്പർ നൽകിയതോടെ അമ്പതിനായിരം രൂപ നഷ്ടമായി. ആദ്യ തവണ പണം നഷ്ടപ്പെട്ടതോടെ ഡോക്ടർ ബാങ്കിലെത്തി പരാതി നൽകുകയും അക്കൗണ്ട് ബ്ലോക്ക് ചെയ്യുകയുമായിരുന്നു. എന്നാൽ വീണ്ടും തുടർച്ചയായി ഓൺലൈൻ ഇടപാടിലൂടെ പണം നഷ്ടപ്പെടുകയായിരുന്നു.

ഇത്തരത്തിൽ നടത്തിയ 24 ഇടപാടുകളിലൂടെയാണ് അഞ്ച് ലക്ഷം രൂപ നഷ്ടമായത്. നാലര ലക്ഷം രൂപ തിരികെ നൽകാമെന്ന് ബാങ്ക് ഉറപ്പ് നൽകിയിട്ടുണ്ട്. എവിടെ നിന്നാണ് ഇടപാട് നടന്നത്, ഏതൊക്കെ അക്കൗണ്ടുകളിലാണ് പണം എത്തിയത് തുടങ്ങിയ വിവരങ്ങൾ പൊലീസ് ശേഖരിക്കുന്നുണ്ട്. മെഡിക്കൽ കോളേജ് പൊലീസും സൈബർ സെല്ലും സംയുക്തമായാണ് അന്വേഷണം നടത്തുന്നത്.

# വിദ്യാർത്ഥികൾക്ക് കഞ്ചാവ് വില്പന നടത്തിയ യുവാവ് പിടിയിൽ

ചിറയിൻകീഴ്: കഞ്ചാവ് പൊതി രൂപത്തിലാക്കി സ്കൂൾ വിദ്യാർത്ഥികൾക്ക് വില്പന നടത്തിയ യുവാവ് പിടിയിൽ. ചിറയിൻകീഴ് ശാർക്കര ആൽത്തറമൂട് കിഴക്കേപൊതിയിൽ വീട്ടിൽ അഭിരാം(18) ആണ് പിടിയിലായത്.

ചിറയിൻകീഴ് ബസ്സ്റ്റാൻഡിന് സമീപത്തുവച്ചാണ് ഇയാളെ പിടികൂടിയത്. സ്കൂൾ വിദ്യാർത്ഥികൾക്ക് കഞ്ചാവ് വില്പന നടത്തവെയാണ് വേഷം മാറിയെത്തിയ പൊലീസ് ഇയാളെ പിടികൂടിയത്. ചിറയിൻകീഴ് ബസ്സ്റ്റാൻഡിലും റെയിൽവേസ്റ്റേഷന് സമീപവും വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് കഞ്ചാവ് - ലഹരി മരുന്ന് വില്പന സജീവമാണെന്ന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു അന്വേഷണം.

കോളേജ് വിദ്യാർത്ഥികളായ ചിലർ കഞ്ചാവിന്റെ വാഹകരായി പ്രവർത്തിക്കുന്നതായി പൊലീസ് പറഞ്ഞു. കൊല്ലത്തു നിന്ന് തീവണ്ടി മാർഗം എത്തിക്കുന്ന കഞ്ചാവ് ചെറിയ പൊതികളിലാക്കി സ്കൂൾ വിദ്യാർത്ഥികൾക്ക് എത്തിച്ചു കൊടുക്കുന്ന സംഘം ചിറയിൻകീഴും പരിസര പ്രദേശത്തും സജീവമാണെന്നും കൂടുതൽ കണ്ണികൾക്കായി അന്വേഷണം വ്യാപകമാക്കിയതായും എസ്.ഐ. പറഞ്ഞു. ചിറയിൻകീഴ് എസ്.ഐ സജൻ, സി.പി.ഒ. അനിൽ, വിഷ്ണു, കിരൺ എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# മര്യാപുരത്ത് കോൺഗ്രസ് - ബി.ജെ.പി സംഘർഷം; അഞ്ച് പേർക്ക് പരിക്ക്

പാറശാല: ചെങ്കൽ പഞ്ചായത്തിലെ മര്യാപുരത്ത് കഴിഞ്ഞ ദിവസം രാത്രിയിലുണ്ടായ കോൺഗ്രസ് - ബി. ജെ. പി സംഘർഷത്തിൽ ഇരുവിഭാഗങ്ങളിലുമായി അഞ്ച് പേർക്ക് പരിക്കേറ്റു.

മര്യാപുരം അഭേദാശ്രമത്തിന് സമീപത്തെ ബി.ജെ.പിയുടെ ഫ്ലക്സ് നശിപ്പിച്ചതിനെ തുടർന്ന് കൊടികെട്ടുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങളാണ് സംഘർഷത്തിന് കാരണമായത്.

കോൺഗ്രസ് പ്രവർത്തകരായ രഞ്ജിത്ത്(38), അഭിഷേക്(24), വിപിൻ (24) എന്നിവർക്കും ബി.ജെ.പിയിലെ അർജ്ജുൻ (22), നന്ദു (25) എന്നിവർക്കും പരിക്കേറ്റു.

പരിക്കേറ്റ കോൺഗ്രസ് പ്രവർത്തകരെ പാറശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലും ബി.ജെ.പി പ്രവർത്തകരെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും പ്രവേശിപ്പിച്ചു.

സംഭവത്തിൽ പ്രതിഷേധിച്ച് കോൺഗ്രസ് പ്രവർത്തകർ ഇന്നലെ മര്യാപുരത്ത് പ്രതിഷേധ പ്രകടനം നടത്തി. സ്ഥലത്ത് ശക്തമായ പൊലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ട്.

# ഭജനമഠം പ്രശ്നം: ഇന്ന് മാർച്ച്

ആറ്റിങ്ങൽ: കൊട്ടിയോട് ഭജനമഠം നഗരസഭ പൊളിച്ചു മാറ്റിയതിൽ പ്രതിഷേധിച്ച് ഇന്ന് രാവിലെ 10ന് ആറ്റിങ്ങൽ നഗരസഭാ കാര്യാലയത്തിലേക്ക് അയ്യപ്പ വിശ്വാസികളുടെ ബഹുജന മാർച്ച് നടത്തുമെന്ന് ഹിന്ദു ഐക്യവേദി സംസ്ഥാന സെക്രട്ടറി കിളിമാനൂർ സുരേഷ് പറഞ്ഞു.


**രണ്ടാം ചരമവാർഷികം (27.9.2018)**



**കെ. തങ്കപ്പപണിക്കർ (85)**
കെ. ടി. പി. ഹൗസ്, കൊച്ചുപള്ളി, പുല്ലുവിള പി. ഒ.
പദ്മാവതി (ഭാര്യ) ചിത്രലേഖ, ഇന്ദുലേഖ (മക്കൾ) വിജയകുമാർ, ഹരി (മരുമക്കൾ)

ഓണക്കാല ഓഫർ
ഇനി 4 ദിനം കൂടി
യമഹ
₹1 സ്കൂട്ടറുകൾ അടച്ചു സ്വന്തമാക്കൂ
Conditions apply
ബൈക്കുകൾക്ക് ആദ്യഅടവ് 2000 രൂപാ മാത്രം
HILTON YAMAHA
ഉള്ളൂർ : 9744437100
ബാലരാമപുരം : 9387770063
വെമ്പായം : 8592947474
കുളത്തൂർ : 8547984446
പേയാട്: 8589043270








| ഓഹരി വിപണി | | |
|---|---|---|
| 109.79 ↓ | സെൻസെക്സ് | 36542.27 |
| 13.65 ↓ | നിഫ്റ്റി | 11053.80 |

| സ്വർണം | |
|---|---|
| പവൻ (8ഗ്രാം) | 22,960 |
| ഒരു ഗ്രാം | 2870 |

### പ്രവാസി ഭാരതീയ ദിവസ് സമ്മാൻ

# അവാർഡ് ജൂറിയിൽ എം.എ യൂസഫലി



ന്യൂഡൽഹി: വാരണാസിയിൽ നടക്കുന്ന പ്രവാസി ഭാരതീയ സമ്മാൻ അവാർഡ് ജൂറി കമ്മിറ്റിയിലേക്ക് പ്രമുഖ എൻ.ആർ.ഐ വ്യവസായിയും ലുലു ഗ്രൂപ്പ് ചെയർമാനുമായ എം.എ.യൂസഫലിയെ നാമനിർദ്ദേശം ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് അവാർഡ് ജൂറിയിലേക്ക് യൂസഫലിയുടെ പേര് നിർദ്ദേശിച്ചത്. ഇത് സംബന്ധിച്ച ഉത്തരവ് കേന്ദ്ര വിദേശ കാര്യമന്ത്രാലയത്തിൽ നിന്നും യൂസഫലിക്ക് ലഭിച്ചു.

ഉപരാഷ്ട്രപതി ചെയർമാനായ അവാർഡ് ജൂറിയിൽ പ്രധാനമന്ത്രി നാമനിർദ്ദേശം ചെയ്ത അഞ്ച് അംഗങ്ങളെ കൂടാതെ കേന്ദ്ര വിദേശകാര്യ മന്ത്രി, ആഭ്യന്തര സെക്രട്ടറി, വിദേശകാര്യ സെക്രട്ടറി, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരും കമ്മിറ്റി അംഗങ്ങളായുണ്ട്. ഒക്ടോബർ രണ്ടാംവാരം ഡൽഹിയിൽ ജൂറിയുടെ ആദ്യയോഗത്തിൽ ചേർന്ന് അവാർഡ് ജേതാക്കളെ കണ്ടെത്തുന്നതിനുള്ള നടപടികൾക്ക് തുടക്കമാകും.

### പ്രവാസികൾക്കായി ഒരവാർഡ്

വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചവരും രാജ്യത്തിന്റെ പേരും കീർത്തിയും വിദേശരാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നവരുമായ വിദേശ ഇന്ത്യാക്കാർക്ക് നൽകുന്ന ബഹുമതിയാണ് പ്രവാസി ഭാരതീയ സമ്മാൻ അവാർഡ്. 30 പ്രമുഖ വ്യക്തികൾക്കാണ് രണ്ട് വർഷത്തിലൊരിക്കൽ നടക്കുന്ന പി.ബി ഡി.യിൽ അവാർഡ് സമ്മാനിക്കുന്നത്. അടുത്ത വർഷം ജനവരിയിൽ 21 മുതൽ 23 വരെ ഉത്തർപ്രദേശിലെ വാരണാസിയിലാണ് ഇത്തവണ പി.ബി.ഡി നടക്കുക.

■ ഡോ. എം. ബീന പോർട്ട് ട്രസ്റ്റ് ചെയർപേഴ്സൺ

## കൊച്ചി പോർട്ട് ട്രസ്റ്റിന് വനിതാ സാരഥ്യം

കൊച്ചി: കൊച്ചി പോർട്ട് ട്രസ്റ്റ് മേധാവിയായി ഡോ. എം. ബീന എത്തുമ്പോൾ ഒരു വനിത ഈ പദവി കൈയാളുന്നത് ഇതാദ്യം.

നിലവിൽ കെ.എസ്.ഐ.ഡി.സി (കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ) മാനേജിംഗ് ഡയറക്ടറായ ഡോ. എം. ബീനയെ കൊച്ചി പോർട്ട് ട്രസ്റ്റ് ചെയർപേഴ്സണായി നിയമിച്ചു. അടുത്തയാഴ്ച്ച പുതിയ പദവി ഏറ്റെടുക്കുമെന്ന് ഡോ. ബീന അറിയിച്ചു. ഇപ്പോൾ വഹിക്കുന്ന ചുമതലകൾ ഒഴിഞ്ഞ ശേഷമായിരിക്കുമത്.



*ഡോ. എം. ബീന*

എറണാകുളം ജില്ലാ കളക്ടർ, വൈറ്റില മൊബിലിറ്റി ഹബ് എം.ഡി തുടങ്ങിയ പദവികൾ വഹിച്ചിട്ടുള്ള ഡോ. എം. ബീന 1999 ബാച്ചിലെ കേരള കേഡർ ഐ.എ. എസ് ഉദ്യോഗസ്ഥയാണ്. തിരുവനന്തപുരം സ്വദേശിയായ ബീന ഐ.ജി. പി. വിജയന്റെ ഭാര്യയാണ്.

2016ൽ പോൾ ആന്റണി ഒഴിഞ്ഞതിന് ശേഷം ഡെപ്യൂട്ടി ചെയർമാൻ എ.വി. രാമണ്ണയാണ് ചുമതല വഹിച്ചിരുന്നത്. ഡോ. എം. ബീന ചുമതല ഏറ്റെടുക്കുന്നതോടെ ട്രസ്റ്റിന് രണ്ടു വർഷങ്ങൾക്ക് ശേഷം സ്ഥിരം ചെയർപേഴ്സനുണ്ടാകുകയാണ്.



*മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കയർഫെഡിന്റെ സംഭാവനയിലെ ആദ്യഗഡുവായ 15 ലക്ഷം രൂപയുടെ ചെക്ക് ചെയർമാൻ അഡ്വ. എൻ.സായികുമാർ മന്ത്രി ജി.സുധാകരന് കൈമാറുന്നു*

## ഇരട്ട അവാർഡ് തിളക്കത്തിൽ സ്കൈലൈൻ

കൊച്ചി: കേരളത്തിലെ പ്രമുഖ ബിൽഡറായ സ്കൈലൈൻ ബിൽഡേഴ്സിന് വേൾഡ് കൺസൾട്ടിംഗ് ആൻഡ് റിസർച്ച് കോർപ്പറേഷന്റെ രണ്ട് അവാർഡുകൾ. 2018 ലെ വാർഷിക റിപ്പോർട്ടായ ഐഡിയാ ഫെസ്റ്റിലെ ബ്രാൻഡ് ഒഫ് ദി ഇയർ ആയി സ്കൈലൈൻ തിരഞ്ഞെടുക്കപ്പെട്ടു. മോസ്റ്റ് ട്രസ്റ്റഡ് സി.ഇ.ഒ അവാർഡിന് സ്കൈലൈൻ ബിൽഡേഴ്സ് സി. എം. ഡി കെ. വി. അബ്ദുൾ അസീസ് അർഹനായി. സ്കൈലൈൻബിൽഡേഴ്സിനൊപ്പം ബി. എം. ഡബ്ലിയു, മാരുതി സുസുക്കി, ജാഗ്വാർ, ഹിമാലയ, ടനിഷ്ക്, കൊട്ടക് മഹീന്ദ്ര ബാങ്ക് തുടങ്ങിയവയാണ് തിരഞ്ഞെടുക്കപ്പെട്ട ചില പ്രമുഖ ബ്രാൻഡുകൾ. ഇന്ത്യയിലെ തന്നെ ഐ, എസ്. ഒ 9001: 2015 സർട്ടിഫിക്കറ്റ് സ്വന്തമാക്കിയ ആദ്യ ബിൽഡർമാരിൽ ഒന്നാണ് സ്കൈലൈൻ.



*ഡബ്ലിയു. സി. ആർ. സിയിലെ ഐഡിയാ ഫെസ്റ്റിൽ ബ്രാൻഡ് ഒഫ് ദി ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ട സ്കൈലൈൻ ബിൽഡേഴ്സിനുള്ള അവാർഡ് സ്കൈലൈൻ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് ആർ. രാജ് മോഹൻ ഫിലിം ഡയറക്ടർ സുഭാഷ് ഘായ് മഹാരാഷ്ട്ര മന്ത്രി മഹാദേവ് ജാൻകർ എന്നിവരിൽ നിന്ന് ഏറ്റുവാങ്ങുന്നു.*



*മെഡിമിക്സ് ആൻഡ് മേളം ഉത്പന്നങ്ങളുടെ നിർമ്മാതാക്കളായ എ.വി. എ ഗ്രൂപ്പിന്റെ പ്രളയ ദുരിതാശ്വാസമായി 1, 25, 87, 637 രൂപയുടെ ചെക്ക്, എ.വി. എ ഗ്രൂപ്പ് ഒഫ് കമ്പനീസ് മാനേജിംഗ് ഡയറക്ടർ ഡോ. എ. വി. അനൂപ് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു*

## അനിമേഷൻ ചിത്രമായി ചാച്ചാചൗധരി വീണ്ടുമെത്തുന്നു

തിരുവനന്തപുരം: ഇന്ത്യയിലെ ടിൻടിൻ എന്നറിയപ്പെടുന്ന കാർട്ടൂൺ കഥാപാത്രം ചാച്ചാ ചൗധരി ഇനി അനിമേഷൻ താരമായി ടി.വി ചാനലുകളിൽ നിറയും. രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി ചാനലുകളിലേക്ക് ചാച്ചാ ചൗധരിയെ എത്തിക്കുന്നത് ടൂൺസ് മീഡിയ ഗ്രൂപ്പാണ്. തുടക്കത്തിൽ 22 മിനിറ്റ് ദൈർഘ്യമുള്ള 26 എപ്പിസോഡുകളായാണിത് ഇറക്കുകയെന്ന് ടൂൺസ് മീഡിയ ഗ്രൂപ്പ് സി.ഇ.ഒ പി. ജയകുമാർ പറഞ്ഞു

പ്രാൺ കുമാർ ശർമ്മയാണ് ചാച്ചാചൗധരിയെ ഒരുക്കിയത്. പിന്നീടിത് കോമിക് തരംഗമായി മാറി. ചാച്ചാചൗധരിയുടെ നിർമ്മാണവും വിതരണത്തിനുമുള്ള അവകാശമാണ് ടൂൺസ് നേടിയത്. പ്രാൺസ് ഫീച്ചേഴ്സുമായി ചേർന്നാണിത് നിർമ്മിക്കുക. ലൈസൻസും മൊത്തവിതരണ അവകാശവും സമോസ ബ്രാൻഡ്സിനായിരിക്കും.



*ടൂൺസ് മീഡിയ ഗ്രൂപ്പ് സി.ഇ.ഒ പി. ജയകുമാർ*

എല്ലാ പ്രതിസന്ധികളും തന്റെ ബുദ്ധിശക്തി കൊണ്ട് കീഴടക്കുന്ന അസാമാന്യ പ്രതിഭയുള്ള കഥാപാത്രമാണ് ചാച്ചാ ചൗധരി. സൗരയൂഥത്തിലെ ഗ്രഹമായ വ്യാഴത്തിൽ നിന്നും ഭൂമിയിലെത്തിയ 'സാബു' എന്ന കഥാപാത്രമാണ് ചാച്ചാ ചൗധരിയുടെ കൂട്ട്. കംപ്യൂട്ടറിനേക്കാൾ അതി വേഗത്തിൽ പ്രവർത്തിക്കുന്ന ബുദ്ധി ശക്തിയുള്ള ആളായി ചാച്ചാ ചൗധരിയും ദേഷ്യം വന്നാൽ എവിടെയെങ്കിലും അഗ്നിപർവതം പൊട്ടിത്തെറിക്കുന്ന പോലെ കോപിക്കുന്ന കഥാപാത്രമായി സാബും കോമിക്കിലെപ്പോലെ അനിമേഷൻ ചിത്രങ്ങളും അവതരിക്കും. ചാച്ചാ ചൗധരിയുടെ ഭാര്യയായ ബിനി, റോക്കറ്റ് എന്ന പേരിലുള്ള നായ, ഡാഗ്ഡാഗ് എന്ന ട്രക്ക് എന്നിവരും കൂടെയുണ്ടാകും.



### അനിമേഷന്റെ പുതിയ തലം

ചാച്ചാ ചൗധരി അനിമേഷൻ പുതിയ തലത്തിലേക്ക് ഉയർത്തിയിരിക്കുകയാണെന്ന് പ്രാൺ ഫീച്ചേഴ്സ് സി.ഇ.ഒ നിഖിൽ പ്രാൺ പറഞ്ഞു.

### വിനിമയനിരക്ക്



| കറൻസി | സെൽ | ബയിംഗ് |
|---|---|---|
| ഡോളർ | 72.66 | 72.57 |
| യൂറോ | 85.33 | 85.23 |
| പൗണ്ട് | 95.54 | 95.42 |
| സ്വിസ്ഫ്രാങ്ക് | 75.08 | 74.95 |
| സിംഗപ്പൂർ ഡോളർ | 53.22 | 53.15 |
| ആസ്ട്രേലിയ ഡോളർ | 52.70 | 52.67 |
| കനേഡിയൻ | 56.09 | 56.01 |
| ബഹ്റിൻ ദിനാർ | 192.56 | |
| കുവൈറ്റ് ദിനാർ | 239.85 | |
| ഒമാനി റിയാൽ | 188.45 | |
| സൗദി റിയാൽ | 19.36 | |
| യു.എ.ഇ ദിർഹം | 19.76 | |
| ഖത്തർ റിയാൽ | 19.93 | |

## കമ്പോളനിലവാരം

### കൊച്ചി

| | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 16,000 |
| വെളിച്ചെണ്ണ | 15,100 |
| കൊപ്ര | 10,075-10,200 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2200 |
| പിണ്ണാക്ക് റോട്ടറി | 2900 |
| കുരുമുളക് | |
| ചേറ്റാത്തത് | 38,200 |
| കുരുമുളക് പുതിയത് | 36,700 |
| കുരുമുളക് ചേറ്റിയത് | 40,200 |
| ചുക്ക് മീഡിയം | 17,000 |
| ചുക്ക് ബെസ്റ്റ് | 18,000 |
| മഞ്ഞൾ | 11,500 |
| സേലം-ഈറോഡ് | 8500-9000 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 18,000-19,000 |
| അടയ്ക്ക പഴയത് | ഇല്ല |
| പഞ്ചസാര | 3600 |
| വറ്റൽമുളക് | 10,500-14,800 |
| ഉഴുന്ന് | 6500-7100 |
| ചെറുപയർ | 6700-7200 |
| കടല | 4500-5200 |
| മുതിര | 4500 |
| എള്ള് | 11,000 |
| മല്ലി | 5,300-9,500 |
| പച്ചരി നമ്പർ-2 | 2900 |
| പുഴക്കലരി (ജയ) | 3200 |
| ജാതിക്കതൊണ്ടൻ | 175-200 |
| തൊണ്ടില്ലാത്തത് | 350-385 |
| ജാതിപത്രി | 460-650 |
| ഗ്രാമ്പൂ | 750 |
| പാംഓയിൽ | 7020 |
| **പൈനാപ്പിൾ** | |
| പച്ച | 30.00 |
| പച്ച (സ്പെഷ്യൽ) | 31.00 |
| പഴം | 38.00 |
| **റബർ** | |
| ആർഎസ്എസ്4 | 12,800 |
| ആർഎസ്എസ്-5 | 12,000-12,500 |
| ഒട്ടുപാൽ | 8600 |
| ലാറ്റക്സ് | 9900 |

### കോട്ടയം

കമ്പോളനിലവാരം
വ്യാപാരി വില

| | |
|---|---|
| ആർ.എസ്.എസ്4 | 125.00 |
| ആർ.എസ്.എസ്5 | 121.00 |
| തരംതിരിക്കാത്തത് | 108.00 |
| | 108.50 |
| ഒട്ടുപാൽ | 75.00 |
| **റബർ ബോർഡ്** | |
| ആർ.എസ്.എസ്4 | 12900 |
| ആർ.എസ്.എസ്5 | 12500 |
| തരംതിരിക്കാത്തത് | 11700 |
| ഒട്ടുപാൽ | 10145 |
| **ബാങ്കോക്ക്** | |
| ആർ.എസ്.എസ്1 | 10858 |
| ആർ.എസ്.എസ്2 | 10723 |
| ആർ.എസ്.എസ്3 | 10600 |
| ആർ.എസ്.എസ്4 | 10532 |
| ആർ.എസ്.എസ്5 | 10431 |
| **കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)** | |
| എസ്.എം.ആർ 20 | 9742 (133.90) |
| 60% ലാറ്റക്സ് | 7369 (101.30) |
| വെളിച്ചെണ്ണ | 192.00 |
| കൊപ്ര | 134.00 |
| ശർക്കര (മറയൂർ) | 70.00 |
| ശർക്കര (പാണ്ടി) | 55.00 |
| കാപ്പി | 127.00 |

### കണ്ണൂർ

| | |
|---|---|
| കൊപ്ര ക്വിന്റൽ | 9000 |
| വെളിച്ചെണ്ണ | |
| ടിൻ | 2700 |
| കിലോ | 183 |
| ലിറ്റർ | 169 |
| പിണ്ണാക്ക് ക്വിന്റൽ | 2100 |
| തേങ്ങ ക്വിന്റൽ | 2700 |

### ആലപ്പുഴ

മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 16,000 |
| വെളിച്ചെണ്ണ | 15,100 |
| കൊപ്ര | 10,100 |
| ,, | 10,150 |
| ,, | 10,200 |

### തൃശ്ശൂർ

മാർക്കറ്റ്

| | |
|---|---|
| വെളിച്ചെണ്ണ | 16100 |
| കൊപ്ര | 10110 |
| തേങ്ങപിണാക്ക് | 2100 |
| നല്ലെണ്ണ | 3000 |
| കടലെണ്ണ | 2350 |
| എള്ളിൻപിണാക്ക് | 3200 |
| **കാംകോ** | |
| പുതിയത് | 4000-4900 |
| പഴയത് | 3800-4500 |
| രണ്ടാംതരം | 1000-2000 |
| **അമല** | |
| പുതിയത് | 4900-5115 |
| പഴയത് | 4850-4950 |
| രണ്ടാംതരം | 3200-3750 |
| **അടയ്ക്ക പഴഞ്ഞി** | |
| പുതിയത് | 4800-5100 |
| പഴയത് | 3500-4000 |
| രണ്ടാംതരം | 3500-4000 |

### നെടുമങ്ങാട്

കമ്പോള നിലവാരം

| | |
|---|---|
| കുരുമുളക് | 300 (കിലോ) |
| കൊട്ടപ്പാക്ക് | 170 (,,) |
| റബ്ബർ | 110 (,,) |
| ഒട്ടുപാൽ | 75 (,,) |
| ജാതിക്ക | 120 (,,) |
| ജാതിപരിപ്പ് | 250 (,,) |
| ജാതിപത്രി | 500 (,,) |
| ഗ്രാമ്പൂ | 500 (,,) |
| കാപ്പിപരിപ്പ് | 95 (,,) |
| കൊക്കോ | 12 (,,) |
| തേങ്ങ | 38 (,,) |
| കശുവണ്ടി | 50 (,,) |
| **സ്വർണം** | |
| കൊച്ചി (8ഗ്രാം) | 22,960 |
| ഒരുഗ്രാം | 2870 |
| **വെള്ളി** | |
| തിരുവനന്തപുരം | 44,440 |
| കൊച്ചി | 44,440 |

| SCRIP | BSE | NSE |
|---|---|---|
| ABB | 1439.600 | 1436.000 |
| ACC | 1589.100 | 1582.150 |
| AMARAJA | 782.450 | 786.450 |
| ANDHARA BANK | 30.100 | 30.250 |
| APPOLOHOS | 1045.700 | 1043.300 |
| ARVINDMILL | 351.300 | 352.200 |
| ASHOKLEY | 120.700 | 120.650 |
| ASIANPNT | 1280.550 | 1282.000 |
| AXISBANK | 615.900 | 617.450 |
| BAJAJAUTO | 2775.700 | 2773.300 |
| BALAJITELE | 100.650 | 100.100 |
| BANKOFBARODA | 109.050 | 109.150 |
| BATAIND | 956.350 | 956.500 |
| BEML | 660.650 | 661.200 |
| BFLSOFT | 1181.100 | 1180.450 |
| BHARTI | 360.900 | 361.300 |
| BIOCON | 706.150 | 706.600 |
| BOI | 83.800 | 83.850 |
| BOMBDYE | 186.200 | 185.800 |
| BPCL | 369.250 | 368.650 |
| BRITANNIA | 5680.600 | 5681.900 |
| BSES | 321.000 | 321.150 |
| CANARABANK | 234.950 | 235.150 |
| CEAT | 1235.250 | 1235.900 |
| CENTURY TEXT | 876.050 | 876.800 |
| CHENNAIPETRO | 272.050 | 271.600 |
| CIPLA | 671.000 | 672.800 |
| COLGATE | 1099.800 | 1097.450 |
| CORPBNK | 25.800 | 25.800 |
| D-LINK | 101.500 | 101.650 |
| DABUR | 436.400 | 436.450 |
| DENABANK | 16.450 | 16.400 |
| DIVIS LAB | 1383.950 | 1385.350 |
| DRREDDY | 2600.250 | 2600.850 |
| DWARKESH SUGAR | 23.800 | 24.000 |
| EIHOTEL | 153.100 | 150.150 |
| ENGGINDIA | 122.150 | 122.100 |
| ESCORTS | 662.150 | 662.550 |
| FINLXCABLE | 530.300 | 534.450 |
| GAIL | 374.750 | 375.100 |
| GESHIPP | 280.200 | 279.400 |
| GLAXO | 1510.050 | 1518.550 |
| GLENMARK | 653.500 | 654.250 |
| Globus Spirits Ltd | 162.050 | 162.500 |
| GNFC | 360.900 | 361.050 |
| GODREJS | 771.950 | 772.400 |
| GRASIM | 1041.850 | 1044.900 |
| GUJAMBCEM | 226.000 | 226.100 |
| HDFC | 1766.200 | 1767.450 |
| HDFCBNK | 1967.350 | 1968.200 |
| HEROHONDA | 3104.500 | 3100.050 |
| HINDALCO | 247.450 | 247.950 |
| HINDLEVER | 1610.700 | 1610.750 |
| HINDUJAFUN | 550.000 | 546.550 |
| HPCL | 247.150 | 248.000 |
| I-FLEX | 3965.750 | 3960.650 |
| ICICIBANK | 312.500 | 313.100 |
| INDHOTEL | 126.200 | 126.200 |
| INDIACEM | 109.150 | 109.050 |
| INFOSYS | 717.800 | 717.850 |
| INFOTECH ENT | 725.050 | 726.650 |
| IOB | 14.050 | 13.950 |
| IOC | 154.450 | 154.450 |
| ITC | 293.000 | 293.150 |
| KALECONSULT | 1041.150 | 1040.400 |
| KARUR VYSYA BANK | 81.650 | 81.350 |
| KOTAKM | 1169.750 | 1169.400 |
| L&T | 1332.700 | 1332.650 |
| LICHSGFIN | 432.900 | 433.000 |
| LUPINCHEM | 889.500 | 891.750 |
| LYKALAB | 39.050 | 39.250 |
| M&M | 890.950 | 893.350 |
| Mahindra Holidays | 226.600 | 226.900 |
| MARUTI | 7844.400 | 7842.550 |
| MAXIND | 444.300 | 443.150 |
| MCDOWEL | 532.450 | 533.700 |
| MRF | 66331.200 | 66318.550 |
| MUKTAARTS | 40.350 | 40.600 |
| NAICHOLAS | 2538.450 | 2534.850 |
| NIIT | 78.750 | 78.650 |
| NTPC | 167.700 | 167.800 |
| Oil India Ltd (OIL) | 217.950 | 218.400 |
| ONGC | 180.500 | 180.600 |
| PANACEABIO | 184.400 | 185.400 |
| PETRONET | 225.200 | 224.950 |
| PFIZER | 2931.050 | 2944.250 |
| PRYACEM | 177.050 | 177.800 |
| RAMCOSYS | 322.800 | 324.750 |
| RELCAP | 318.750 | 317.950 |
| RELIANCE | 1251.750 | 1251.400 |
| SARIGAMA | 520.650 | 523.500 |
| SBI | 264.000 | 263.850 |
| SIEMENS | 945.000 | 945.700 |
| SKFBEAR | 1713.500 | 1708.450 |
| SMITHKLC | 7209.700 | 7200.900 |
| STROPTICAL | 329.900 | 330.500 |
| SUNPHARMA | 639.850 | 639.850 |
| SYNDIBANK | 33.250 | 33.350 |
| Tata Communications | 511.200 | 510.300 |
| TATACHEM | 699.050 | 699.000 |
| TATAELXSI | 1186.800 | 1186.850 |
| TATAPOWER | 70.300 | 70.250 |
| TATATEA | 234.500 | 234.250 |
| TCS | 2141.450 | 2142.150 |
| TELCO | 233.300 | 233.350 |
| THERMAX | 951.350 | 950.400 |
| THMCOOK | 240.000 | 239.550 |
| TISCO | 609.050 | 608.900 |
| TITANIND | 812.200 | 814.700 |
| UCOBANK | 17.900 | 17.950 |
| UNICHEMLAB | 207.200 | 206.700 |
| VESUVIUS | 1150.050 | 1150.450 |
| VOLTAS | 572.100 | 571.550 |
| WIPRO | 319.900 | 319.250 |
| ZEETELE | 447.700 | 448.700 |
| **KERALA BASED** | | |
| APOLLOTYRE | 228.300 | 228.300 |
| AVTNPL | 28.600 | 28.500 |
| Cochin minerals | 166.250 | 0.000 |
| COCHINSHIP | 399.800 | 400.050 |
| Dhan bank | 11.950 | 11.950 |
| Eastern Treads | 52.000 | 0.000 |
| Fact | 40.150 | 40.000 |
| FEDERALBNK | 71.400 | 71.500 |
| GEOJIT | 52.650 | 52.500 |
| Gtn textiles | 9.780 | 10.500 |
| HARMALA | 90.700 | 90.850 |
| INDITRADE | 56.050 | 0.000 |
| Kera ayu | 63.000 | 0.000 |
| Kitex | 114.300 | 112.900 |
| Kse ltd. | 2529.000 | 0.000 |
| Manapuram | 79.500 | 79.500 |
| Muthoot capital | 880.150 | 884.900 |
| Muthootfin | 432.200 | 432.700 |
| Nitta gelatin | 160.200 | 0.000 |
| Patspin india | 11.000 | 11.100 |
| RUBFILA INTL [BSE] | 48.850 | 0.000 |
| SIB | 14.550 | 14.550 |
| Sree sakthi paper | 7.280 | 0.000 |
| Vertex | 2.130 | 0.000 |
| Vguard | 181.150 | 181.350 |
| WONDERLA | 288.150 | 288.050 |

### ശാസ്ത്രകൗമുദി

## ഇവ കഴിക്കൂ, തടി കുറയ്ക്കാം...



തടി കുറയ്ക്കാൻ ആഗ്രഹിക്കുന്നവർ ധാരാളം പഴങ്ങൾ കഴിയ്ക്കണം എന്ന് എല്ലാവർക്കുമറിയാം. എന്നാൽ പഴങ്ങളിൽ തന്നെ തടി കുറയ്ക്കാൻ ഏറ്റവും മെച്ചപ്പെട്ടവ എന്ന നിലയിൽ ഇവ തിരഞ്ഞെടുക്കാം.


അമിനോ ആസിഡ് കൂടുതൽ അടങ്ങിയിട്ടുള്ളതിനാൽ തണ്ണിമത്തൻ ശരീരത്തിലെ കൊഴുപ്പ് ഇല്ലാതാക്കും..

നാരുകളാൽ സമ്പന്നമായ പേരയ്ക്ക വിശപ്പുമാറ്റാൻ ഉത്തമം. ഒപ്പം തൂക്കവും കുറയ്ക്കും. നെഗറ്റീവ് കലോറി ഫ്രൂട്ടായ ഓറഞ്ച് ശരീരത്തിൽ അനാവശ്യമായുള്ള കലോറി ഇല്ലാതാക്കും. പതിവായി കഴിച്ച് തൂക്കം കുറയ്ക്കാം. വിറ്റാമിൻ സിയും നാരുകളും ധാരാളമുള്ള സബർജല്ലി വിശപ്പകറ്റും ഒപ്പം കൊഴുപ്പ് ഇല്ലാതാക്കും. സ്ട്രോബറി ശരീരത്തിലെ കൊഴുപ്പ് ഉരുക്കിക്കളയുന്നതിന് ഉത്തമമാണ്.

ബ്ലൂബെറി ശരീരത്തിന്റെ ഉപാപചയപ്രവർത്തനങ്ങൾ വർദ്ധിപ്പിച്ച് കൊഴുപ്പ് ഇല്ലാതാക്കും. ആന്റി ഓക്സിഡന്റുകളുടെയും പോഷകങ്ങളുടെയും കലവറയാണ്. ഇൻസുലിൻ പ്രതിരോധം വർദ്ധിപ്പിക്കുന്ന ബ്ലൂബെറി രക്താതിസമ്മർദവും കൊളസ്ട്രോളും കുറയ്ക്കാനും ഉത്തമമാണ്. ഓർക്കുക, പഴങ്ങൾ കഴിയ്ക്കുന്നതിനൊപ്പം കൊഴുപ്പ്, മധുരം, കാർബോഹൈഡ്രേറ്റ് എന്നിവ ഒഴിവാക്കുകയും വേണം.

### കൗമുദി ടിവി

| | |
|---|---|
| 6.00 ഡിവോഷണൽ സോംഗ് | 12.35 ഒരുമയോടെ കേരളം |
| 6.26 am, pm ദൈവദശകം | 1.00 ശ്രീഅഷ്ടലക്ഷ്മിയന്ത്ര |
| 7.00 ജീസസ് ഈസ് എലൈവ് | 1.35 ഡ്രീഡ്രൈവ് |
| 7.30 പ്രണവം | 2.35 ലേഡീസ് അവർ |
| 8.00 സ്നേക്ക് മാസ്റ്റർ | 3.35 ഫിലിം ബോക്സ് |
| 8.30 ന്യൂസ് ട്രാക്ക് | 6.00 പ്രണവം |
| 9.00 ഹരിതം സുന്ദരം | 6.35 ദേവാമൃതം |
| 9.30 സോൾട്ട് ആൻഡ് പെപ്പർ | 7.00 ഹാസ്യരസം |
| 10.35 സ്വയംവരം | 8.00 ബിസിനസ് ന്യൂസ് |
| 11.35 നേർക്കണ്ണ് | 8.35 ഡേവിത്ത് എസ്റ്റാർ |




**ഡിഡി മലയാളം**

7.00 കൃഷിദർശൻ
8.00 മേഘരാഗം

**ഡിഡി കേരളം**

11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

**ഏഷ്യാനെറ്റ്**

6.15 മുക്തിസുധാകരം
6.45 പാഥേയം
7.00 ആയുഷ്മാൻ ഭവ
7.30 ഭാര്യ
8.00 നീലക്കുയിൽ
8.30 കസ്തൂരിമാൻ
12.00 ടേസ്റ്റ് ടൈം
12.30 ബിഗ് ബോസ്

**ന്യൂസ്**

8.00 വാർത്താ പ്രഭാതം
8.30 ചുറ്റുവട്ടം
12.30 നേർക്കുനേർ
2.30 ഡോ. ലൈവ്

**ഏഷ്യാനെറ്റ് പ്ലസ്**

7.30 ടെലിഷോപ്പിംഗ്
10.00 മൗനം സമ്മതം
10.30 പ്രിയമാനസം
11.30 കോമഡി സ്റ്റാർസ്

**ANIMAL PLANET**

07:00am Lords Of The Jungle
08:00 Deadly Bites
09:00 The Red List: Save The Wild
10:00 Animal Planet

Exclusives
11:00 Survival Games
12:00 Deadly Bites
2:00 The Red List: Save The Wild
3:00 Lords Of The Jungle
4:00 Tanzania's Best Kept Secret
6:00 Wildlife Icons
7:00 Animal Planet

Exclusives
8:00 Deadly Bites
9:00 The Red List: Save The Wild
10:00 Lords Of The Jungle

### സിനിമ

**ഏഷ്യാനെറ്റ് hd :** 9.00 വെറുതെ ഒരു ഭാര്യ

**ഏഷ്യാനെറ്റ് മൂവീസ് :** 7.00 മഹാരാജാ ടാക്കീസ് 10.00 അപ്പ 1.00 അറബിക്കഥ 4.00 ഈ ലോകം ഇവിടെ കുറെ മനുഷ്യർ 7.00 റൺ ബേബി റൺ

**ഏഷ്യാനെറ്റ് :** 9.00 വെറുതെ ഒരു ഭാര്യ

**ഏഷ്യാനെറ്റ് പ്ലസ് :** 12.00 റാണി പത്മിനി

**എസിവി :** 9.00 നീലഗിരി 2.00 ചെറിയ കള്ളനും വലിയ പൊലീസും 9.30 മിസ്റ്റർ ക്ലീൻ

**റോസ്ബൗൾ :** 6.00 മഹാസമുദ്രം

**ജൂക്ക്ബോക്സ് :** 6.30 വല്യേട്ടൻ

**കൈരളി:** 9.30 അമ്മ അമ്മായിഅമ്മ 1.30 തലൈവ

**വി:** 12.30 നൻപൻ 9.00 നീതാനെ എൻ പൊൻവസന്തം

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 സെപ്തംബർ 27 വ്യാഴം )

**മേടം :** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
കാര്യങ്ങൾ സുഗമമാകും. സ്വാർത്ഥതാത്പര്യം ഉപേക്ഷിക്കും. മറ്റുള്ളവർക്ക് വേണ്ടി പ്രവർത്തിക്കും.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
ഉപകാരങ്ങൾ വന്നുചേരും. ആരോഗ്യം സംരക്ഷിക്കും. പ്രവർത്തന പുരോഗതി.

**മിഥുനം :** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
നല്ല ആശയങ്ങൾ സ്വീകരിക്കും. സങ്കല്പങ്ങൾ യാഥാർത്ഥ്യമാകും. ആത്മാർത്ഥമായി പ്രവർത്തിക്കും.

**കർക്കടകം :** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
കാര്യനിർവഹണശക്തി. ക്രമാനുഗതമായ പുരോഗതി. സാമ്പത്തികസ്ഥിതി മെച്ചപ്പെടും.

**ചിങ്ങം :** *(മകം, പൂരം, ഉത്രം കാൽ ഭാഗം)*
സ്ഥാനമാറ്റം. ഉയർച്ചയിൽ സന്തോഷം. ആദരവ് ലഭിക്കും.

**കന്നി :** *(ഉത്രം അവസാന മുക്കാൽഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
ക്ഷമാശീലം വർദ്ധിക്കും. സാഹചര്യങ്ങളെ തരണം ചെയ്യും. ഫലപ്രദമായി പ്രവർത്തിക്കും.

**തുലാം :** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
മാതാപിതാക്കളെ പരിചരിക്കും. വിദ്യകൾ പ്രാവർത്തികമാക്കും. പരിശ്രമം ഒഴിവാക്കും.

**വൃശ്ചികം :** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
അനുചിത പ്രവൃത്തികൾ ഒഴിവാക്കും. ഉയർച്ചയിൽ അനുമോദനം. വിട്ടുവീഴ്ചാ മനോഭാവം.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
കുടുംബ സൗഖ്യമുണ്ടാകും. ചിന്തകൾക്കതീതമായി പ്രവർത്തിക്കും. അഹംഭാവം ഒഴിവാക്കും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
മക്കൾക്ക് ഉയർന്ന പദവി. കഴിവുകൾ പ്രകടിപ്പിക്കും. പുതിയ പാഠ്യപദ്ധതികൾ.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
നല്ല ആശയങ്ങൾ സ്വീകരിക്കും. ഏറ്റെടുത്ത ജോലികൾ പൂർത്തീകരിക്കും. പുതിയ പദ്ധതികൾ.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*
അനുഭവജ്ഞാനമുള്ളവരുടെ നിർദ്ദേശം സ്വീകരിക്കും. തൊഴിൽ ക്രമീകരിക്കും. വിട്ടുവീഴ്ച മനോഭാവം വർദ്ധിക്കും.

- ഗോപകുമാർ ശർമ്മ

### ജനതാദൾ (എസ്) കോവളം നിയോജക മണ്ഡലം കമ്മിറ്റി

കോവളം: പെട്രോൾ ഡീസൽ പാചകവാതക ഉത്പന്നങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം കോർപ്പറേറ്റ് കുത്തകകളിൽ നിന്നും കേന്ദ്രഗവൺമെന്റ് ഏറ്റെടുക്കണമെന്ന് ജനതാദൾ (എസ്) കോവളം നിയോജക മണ്ഡലം കമ്മിറ്റിയോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. 29 ന് വൈകിട്ട് 4 ന് ഉച്ചക്കട ജംഗ്ഷനിൽ നടത്തുന്ന സായാഹ്ന ധർണ ജനതാദൾ(എസ്) ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അഡ്വ: ജമീല പ്രകാശം ഉദ്ഘാടനംചെയ്യും. കോവളം നിയോജകമണ്ഡലം പ്രസിഡന്റ്തെന്നൂർക്കോണം ബാബു അദ്ധ്യക്ഷനായിരിക്കും.



# ജില്ലാ ശിശുക്ഷേമ സമിതി നിയമനം: സെലക്ഷൻ പട്ടിക റദ്ദാക്കൽ ശരിവച്ചു

കൊച്ചി : ജില്ലാ ശിശുക്ഷേമ സമിതികളുടെ ചെയർമാൻമാരെയും അംഗങ്ങളെയും തിരഞ്ഞെടുക്കാൻ തയ്യാറാക്കിയ സെലക്ഷൻ ലിസ്റ്റ് റദ്ദാക്കിയ സർക്കാർ നടപടി ഹൈക്കോടതി ശരിവച്ചു.

തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം ജില്ലാ സമിതികളിലേക്കുള്ള സെലക്ഷൻ ലിസ്റ്റിൽപ്പെട്ട എ. അബ്ദുൾറസാഖ്, യു. സുരേഷ് കുമാർ എന്നിവർ നൽകിയ ഹർജി തള്ളിയാണ് ഉത്തരവ്.

ശിശുക്ഷേമ സമിതികളിലേക്ക് പരിഗണിക്കാനുള്ള യോഗ്യതകൾ പരിഷ്കരിക്കാനും കൂടുതൽ പ്രവൃത്തിപരിചയം മാനദണ്ഡമാക്കാനും സർക്കാർ സ്വീകരിച്ച നടപടി തെറ്റാണെന്ന് വിലയിരുത്താനാവില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി.

2015 ജൂൺ 4ലെ വിജ്ഞാപന പ്രകാരം സെലക്ഷൻ പട്ടിക തയ്യാറാക്കിയെങ്കിലും ഇതു പ്രസിദ്ധീകരിക്കാനോ നിയമനം നടത്താനോ സർക്കാർ തയ്യാറായില്ല.

ഇതിനിടെ പട്ടികയിൽ പേരുണ്ടായിരുന്ന ഒരംഗത്തിന് എറണാകുളം ജില്ലാ ശിശുക്ഷേമ സമിതിയിലേക്ക് നിയമനം നൽകാൻ ഹൈക്കോടതി നിർദേശിച്ചു. പിന്നീട് 2017 ആഗസ്റ്റ് 21 ന് ലിസ്റ്റും വിജ്ഞാപനവും സർക്കാർ റദ്ദാക്കി.

ഇതിനെതിരെയായിരുന്നു ഹർജി. കാലഹരണപ്പെട്ട വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകണമെന്ന് പറയാനാവില്ലെന്നും ഹർജിക്കാരുടെ ആവശ്യം നിലനിൽക്കില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി.



*ബി.ഡി.ജെ.എസ് വട്ടിയൂർക്കാവ് മണ്ഡലം ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട കവടിയാർ അജിത്ത്. എസ്.എൻ.ഡി.പി യോഗം കവടിയാർ ശാഖാസെക്രട്ടറിയാണ്.*

## കുളത്തൂർ ശ്രീനാരായണ സ്മാരക ഗ്രന്ഥശാല

തിരുവനന്തപുരം : കുളത്തൂർ ശ്രീനാരായണ സ്മാരക ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ ശ്രീനാരായണഗുരുദേവന്റെ 91-ാമത് സമാധിദിനാചരണം നടത്തി. ആറ്റിപ്ര ജി. സദാനന്ദന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം ഡോ. എം.എ. സിദ്ദിഖ് ഉദ്ഘാടനം ചെയ്തു. ഡോ. എസ്.കെ. രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. നഗരസഭ കൗൺസിലർമാരായ മേടയിൽ വിക്രമൻ, എസ്. ശിവദത്ത്, പ്രതിഭാ ജയകുമാർ, സുനിചന്ദ്രൻ, ഗുരുവീക്ഷണം മാസികയുടെ ചീഫ് എഡിറ്റർ ശിവബാബു എന്നിവർ സംസാരിച്ചു. ഗ്രന്ഥശാലയിൽ ഏർപ്പെടുത്തിയിട്ടുള്ള വിവിധ എൻഡോവ്മെന്റുകളും ധനസഹായങ്ങളും വിതരണം ചെയ്തു. ഗ്രന്ഥശാലയുടെ വൈസ് പ്രസിഡന്റ് ജി. വിജയമ്മ ടീച്ചർ സ്വാഗതവും ജോയിന്റ് സെക്രട്ടറി വി. രാജീവ് നന്ദിയും പറഞ്ഞു.



*പട്ടികജാതി ക്ഷേമസമിതി ജില്ലാ പ്രതിനിധി സമ്മേളനം സംസ്ഥാന പ്രസിഡന്റ് കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു*

## എസ്.കെയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം : ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് എസ്.കെ ഹോസ്പിറ്റലിൽ വച്ച് സൗജന്യ ഹൃദയരോഗ ക്യാമ്പ് നടത്തുന്നു.

നാളെ രാവിലെ 6 മുതൽ നടത്തുന്ന ക്യാമ്പിൽ വിദഗ്ദ്ധ സ്പെഷ്യലിസ്റ്റുകളുടെ പരിശോധനയും ലാബ് ടെസ്റ്റുകളും ആദ്യം വരുന്ന 100 പേർക്ക് സൗജന്യമായിരിക്കും. ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രമേഹം ഹൃദയാരോഗ്യത്തെ എങ്ങനെ ബാധിക്കുന്നു എന്നുള്ളതിനെക്കുറിച്ച് ചർച്ചയും ബി.എൽ.എസ് ബെയ്സിക് ലൈഫ് സപ്പോർട്ട് ട്രെയിനിംഗും ക്വിസ് പ്രോഗ്രാമും ഡയറ്റീഷ്യന്റെ സേവനവും ഉണ്ടാകും. ഫോൺ: 9645703976.



*മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് തിരുവനന്തപുരം താലൂക്ക് ലൈബ്രറി കൗൺസിൽ അംഗ ഗ്രന്ഥശാലകളിൽ നിന്ന് സമാഹരിച്ച 2,65,000 രൂപയുടെ ചെക്ക് തിരുവനന്തപുരം താലൂക്ക് ലൈബ്രറി പ്രസിഡന്റ് കെ. ശ്രീകുമാർ ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി പി.കെ. രാജ് മോഹനന് കൈമാറുന്നു.*

## 'ബിയോണ്ട് ദ ലെൻസ്' സമാപിച്ചു

തിരുവനന്തപുരം: മനസുമായി ഏറ്റവും അടുത്ത് നിൽക്കുന്നതാണ് ഫോട്ടോഗ്രഫിയെന്നും, ഒരുപാട് പേജുകൾ എഴുതുന്നതിനെക്കാൾ അർത്ഥവത്താണ് ഒരു ഫോട്ടോയെന്നും എം. മുകേഷ് എം.എൽ.എ പറഞ്ഞു.

പ്രസ്ക്ലബ് ഫോട്ടോ ജേർണലിസം എട്ടാം ബാച്ച് വിദ്യാർത്ഥികൾ സംഘടിപ്പിച്ച ഫോട്ടോ പ്രദർശനം 'ബിയോണ്ട് ദ ലെൻസി'ന്റെ സമാപന ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രസ് ക്ലബ് പ്രസിഡന്റ് ജി. പ്രമോദ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ. രാധാകൃഷ്ണൻ സ്വാഗതം പറഞ്ഞു.



*ഡി.വൈ.എഫ്.ഐ യുവധാര മാസികയുടെ ആസ്ഥാനമന്ദിരത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരം കുന്നുകുഴി കലാവിഹാർ ലെയിനിൽ മന്ത്രി ഇ.പി. ജയരാജൻ നിർവഹിക്കുന്നു. ബിനീഷ് കോടിയേരി, പി. ബിജു, മുഹമ്മദ് റിയാസ്, ഐ. സാജു, എം. സ്വരാജ്, എ.എൻ. ഷംസീർ, ടി.വി. രാജേഷ്, ചിന്ത ജെറോം, എ.എ. റഹിം എന്നിവർ സമീപം*

## സാലറി ചലഞ്ചിനെതിരെ പ്രതിഷേധ കൂട്ടായ്മ

തിരുവനന്തപുരം: സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സ് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സാലറി ചലഞ്ചിനെതിരെ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ സായാഹ്ന പ്രതിഷേധ കൂട്ടായ്മ കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസൻ ഉദ്ഘാടനംചെയ്തു. ഫെഡറേഷൻ ചെയർമാൻ എൻ.കെ. ബെന്നി അദ്ധ്യക്ഷത വഹിച്ചു. വിവിധ സർവീസ് സംഘടനാ നേതാക്കളായ എൻ.എൽ. ശിവകുമാർ, എം. സലാഹുദ്ദീൻ, അജിത്കുമാർ, എസ്. അജയൻ, കെ. വിമലൻ, ടി. ശ്രീകുമാർ, കെ. ബാബു, എം. മുഹമ്മദ് ജാസിം, എസ്. സുരേഷ്ബാബു, എ.എം. ജാഫർഖാൻ, അരുമാനൂർമനോജ്, എ.രാജശേഖരൻനായർ, എ.പി. സുനിൽ, പ്രദീപ്, നാരായണൻ തുടങ്ങിയവർ സംസാരിച്ചു.



*ജനറൽ സെക്രട്ടറി പി. രാജേന്ദ്രദാസ്, പ്രസിഡന്റ് അഡ്വ. ആർ.എസ്. വിജയമോഹൻ*

## എയർപോർട്ട് കോൺട്രാക്ട് വർക്കേഴ്സ് യൂണിയൻ

തിരുവനന്തപുരം: ഇന്റർനാഷണൽ ആൻഡ് ഡൊമസ്റ്റിക് എയർ പോർട്ട് കോൺട്രാക്ട് വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു) ഭാരവാഹികളായി കല്ലറ മധു (രക്ഷാധികാരി), അഡ്വ.ആർ.എസ്. വിജയമോഹൻ (പ്രസിഡന്റ്), ഡി.പി. ബിനുമണിയൻ (വൈസ് പ്രസിഡന്റ്), പി. രാജേന്ദ്രദാസ് (ജനറൽസെക്രട്ടറി), ഇ. സലിം, മെൽവിൻ സേവ്യർ (സെക്രട്ടറിമാർ), എസ്. സമീർ (ട്രഷറർ) എന്നിവരെ യൂണിയന്റെ ജില്ലാ കൺവെൻഷൻ തിരഞ്ഞെടുത്തു. 21 അംഗ ജില്ലാ കമ്മിറ്റിയെയും തിരഞ്ഞെടുത്തു.

വിമാനത്താവളത്തിലെ കരാർ നിയമനങ്ങളിൽ പരിസരവാസികൾക്ക് മുൻഗണന നൽകണമെന്ന് കൺവെൻഷൻ പ്രമേയത്തിൽ ആവശ്യപ്പെട്ടു. സി.ഐ.ടി.യു ജില്ലാ സെക്രട്ടറി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

## പി.കെ.എസ് ജില്ലാപ്രതിനിധി സമ്മേളനത്തിന് തുടക്കമായി

ആറ്റിങ്ങൽ: പട്ടികജാതി ക്ഷേമസമിതി (പി.കെ.എസ്) ജില്ലാ പ്രതിനിധി സമ്മേളനത്തിന് ആറ്റിങ്ങൽ ടൗൺ ഹാളിൽ (മൺവിള സുദർശൻ നഗർ) തുടക്കമായി. ആർ. രാമു, അഡ്വ.ബി. സത്യൻ എം.എൽ.എ എന്നിവരുടെ നേതൃത്വത്തിൽ രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടന്നു. ജില്ലാ പ്രസിഡന്റ് കാഞ്ഞിരംപാറ രവി പതാക ഉയർത്തി. പ്രതിനിധി സമ്മേളനം സംസ്ഥാന പ്രസിഡന്റ് കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

## എയർപോർട്ട് ടാക്സി ഡ്രൈവേഴ്സ് ആൻഡ് ക്ലീനേഴ്സ് അസോസിയേഷൻ

തിരുവനന്തപുരം : എയർപോർട്ട് ടാക്സി ഡ്രൈവേഴ്സ് ആൻഡ് ക്ലീനേഴ്സ് അസോസിയേഷന്റെ വാർഷിക പൊതുയോഗത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് വി.എസ്. ശിവകുമാർ എം.എൽ.എ, വൈസ് പ്രസിഡന്റ് ബാദുഷ എഫ്, ജനറൽ സെക്രട്ടറി-സുദർശനൻ ടി, ജോയിന്റ് സെക്രട്ടറി ആന്റണി സേവ്യർ, ട്രഷറർ മുരളീധരൻ പി.കെ, ആറ് ഭരണസമിതി അംഗങ്ങളെയും തിരഞ്ഞെടുത്തു. ചടങ്ങിൽ യൂണിയന്റെ മെമ്പറായിരുന്ന പരേതനായ സൂസാമരിയന്റെ കുടുംബത്തിന് ഒരുലക്ഷം രൂപയുടെ ധനസഹായം വി.എസ്. ശിവകുമാർ എം.എൽ.എ കൈമാറി.



*ബ്യൂട്ടീഷ്യൻസ് ആൻഡ് കോസ്മെറ്റിക് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു. ജോയിന്റ് രജിസ്ട്രാർ ഹരികുമാർ, അസി. രജിസ്ട്രാർ ഷെരീഫ്, ബ്യൂട്ടീഷ്യൻസ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ആര്യനാട് മോഹനൻ, സെക്രട്ടറി സുമിത്ര എന്നിവർ സമീപം*

## ബ്യൂട്ടീഷ്യന്മാരുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

തിരുവനന്തപുരം: ബ്യൂട്ടീഷ്യന്മാരുടെ ക്ഷേമത്തിനായി ആരംഭിച്ച ബ്യൂട്ടീഷ്യൻസ് ആൻഡ് കോസ്മെറ്റിക് ഡെവലപ്മെന്റ് കോ - ഓപ്പറേറ്റീവ് സൊസൈറ്റി മന്ത്രി കടകംപള്ളി സുരേന്ദ്രൻ കൈമനത്ത് ഉദ്ഘാടനം ചെയ്തു. ജോയിന്റ് രജിസ്ട്രാർ ഹരികുമാർ, അസിസ്റ്റന്റ് രജിസ്ട്രാർ ഷെരീഫ്, ഇൻസ്പെക്ടർ ശങ്കർ തുടങ്ങിയവർ സംസാരിച്ചു. അസോസിയേഷൻ ഭാരവാഹികളായ ആര്യനാട് മോഹനൻ, അംബികാവിജയൻ, സുമിത്ര, സവിത, ബിന്ദു ആർ, ട്രീസ, ഷീജ, മഞ്ജു, പ്രവീണ തുടങ്ങിയവർ പങ്കെടുത്തു.



*എയർപോർട്ട് ടാക്സി ഡ്രൈവേഴ്സ് ആൻഡ് ക്ലീനേഴ്സ് അസോസിയേഷൻ മെമ്പറായിരുന്ന പരേതനായ സൂസാമരിയന്റെ കുടുംബത്തിനുള്ള ധനസഹായം വി.എസ്. ശിവകുമാർ എം.എൽ.എ കൈമാറുന്നു*


**BEFORE THE HONOURABLE 3rd ADDITIONAL MUNSIFF'S COURT THIRUVANANTHAPURAM**

**O.S.No.305/2015**

**Plaintiff**: Union Bank of India, Thiruvananthapuram Branch
**Defendants**: 1) Remya.V, residing at Arikathu Veedu, Valikunathu Road, Vattappara.P.O., Thiruvananthapuram-695031, 2) J.Mohanan, residing at Arikathu Veedu, Valikunathu Road, Vattappara. P.O.,Thiruvananthapuram-695031.
Whereas the above said Plaintiff has filed Suit for recovery of money from the defendants and their assets. The above said Case is posted on **16.10.2018**. If the above said defendants have any objection regarding the said Case, the defendants may appear either in person or through pleader, failing which the said Suit will be disposed of exparte.
(Sd/-) **B.ASHOK KUMAR**, Advocate

**കേരള വാട്ടർ അതോറിറ്റി**
**വാട്ടർ സപ്ലൈ ഡിവിഷൻ, നെയ്യാറ്റിൻകര**
**ദർഘാസ് പരസ്യം**

ദർഘാസ് നമ്പർ 120/2018-19 മുതൽ 121/2018-19 വരെ. ജോലിയുടെ പേര് ചുരുക്കത്തിൽ. നിലവിലുള്ള പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിയും. നിരതദ്രവ്യം 2500/- രൂപ മുതൽ 13,500/- രൂപ വരെ. ഫോറവില 560/-രൂപ മുതൽ 1200/-രൂപ വരെ. ദർഘാസ് ഫാറങ്ങൾ 27-09-2018 മുതൽ കേരള വാട്ടർ അതോറിറ്റിയുടെ വെബ് സൈറ്റിൽ ലഭ്യമാകുന്നതും 01-10-2018 ഉച്ചയ്ക്ക് 2.30 മണി വരെ ദർഘാസ് സമർപ്പിക്കാവുന്നതാണ്. തുറന്നു പരിശോധിക്കുന്ന സമയം 3-10-2018 വൈകുന്നേരം 3 മണി കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസുകൾക്കും ബാധകമാണ്.
വെബ്സൈറ്റ്- www.etender.kerala.gov.in
എക്സിക്യൂട്ടീവ് എൻജിനീയർ
വാട്ടർ സപ്ലൈ ഡിവിഷൻ
നെയ്യാറ്റിൻകര

**കേരളാ വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്**

ദർഘാസ് : 088 to 092/2018-19/EE/PH/PTA പത്തനംതിട്ട ഡിവിഷനു കീഴിലുള്ള വിവിധ സ്കീമുകളിലെ വിതരണക്കുഴലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ. നിരതദ്രവ്യം : Rs. 10,500/- to 7,54,317/- രൂപ. ഫോറവില : Rs. 1,008/- to 1,792/- രൂപ. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 08.10.2018, 2.00 p.m. ഫോൺ : 0468 - 2222687.
വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in
എക്സിക്യൂട്ടീവ് എൻജിനീയർ,
KWA - JB- GL-6-306-2018-19. PH ഡിവിഷൻ, പത്തനംതിട്ട.

भारत सरकार / GOVERNMENT OF INDIA, अंतरिक्ष विभाग / DEPARTMENT OF SPACE,
विक्रम साराभाई अंतरिक्ष केंद्र / VIKRAM SARABHAI SPACE CENTRE
निर्माण व अनुरक्षण ग्रुप / CONSTRUCTION AND MAINTENANCE GROUP
तिरुवनंतपुरम / THIRUVANANTHAPURAM - 695 022, (फोन नं/PH. NO. 0471-2564568 / 2564537)

ई-निविदा सूचना सं. वीएसएससी/सीएमजी/सीपीएच/06/2018-2019 दिनांक 26.09.2018 / E-Tender Notice No. VSSC/CMG/CPH/06/2018-19 Dt. 26.09.2018

ई-निविदा आमंत्रित करते हुए संक्षिप्त सूचना / **BRIEF NOTICE INVITING E-TENDER**

1) भारत के राष्ट्रपति की ओर से निम्नलिखित कार्य के लिए ई-टेंडरिंग द्वारा ऑनलाइन मद-दर निविदाएं आमंत्रित की जाती हैं। On behalf of the President of India, online item-rate tenders are invited through e-tendering for the following work.

| क्र.सं Sl.No | विवरण / Description | ब्यौरे / Details |
|---|---|---|
| 1 | कार्य का शीर्षक / Title of work : सीएमएसई, वट्टियूरकावु में प्रकाशीय संरचना सुविधा के लिए भवन का निर्माण एसएचरू पैनल कक्ष, पंप हाउस तथा शीतलन टावर सहित संप पिट का निर्माण (सिविल कार्य) / Construction of Building for Optical Structures Facility at CMSE, Vattiyoorkavu SH: Construction of Panel Room, Sump Pit with Pump House & Cooling Tower (Civil works) | |
| 2 | निविदा में दी गई अनुमानित लागत Estimate cost put to tender | रु. / Rs.65.90 लाख / Lakhs |
| 3 | कार्य पूरा होने की अवधि Period of completion | 05 (पांच / Five) महीने / Months |
| 4 | बयाना जमा राशि (ईएमडी) Earnest money deposit (EMD) | रु. / Rs.1,31,800/- |
| 5 | अवधि जिसके दौरान निविदा दस्तावेज को डाउनलोड किया जा सकता है / Period during which the tender document can be downloaded. | दिनांक 27.09.2018 से 10.00 बजे से 10.10.2018 को 23.00 बजे तक / from 10.00 Hrs on 27.09.2018 to 23.00 Hrs on 10.10.2018 |
| 6 | बोली स्पष्टीकरण / Bid clarifications | दिनांक 27.09.2018 से 10.00 बजे से 11.10.2018 को 16.00 बजे तक from 10.00 Hrs on 27.09.2018 to 16.00 Hrs on 11.10.2018 |
| 7 | निविदा पाने की अंतिम तिथि व समय / Last date and time for receipt of tenders | दिनांक 12.10.2018 को 14.30 बजे तक Upto 14.30 Hrs on 12.10.2018 |
| 8 | निविदा खोलने की अंतिम तिथि व समय / Due date and time of opening of tenders | दिनांक 15.10.2018 को 15.00 बजे तक 15.00 Hrs on 15.10.2018 |

2) योग्यता मानदंड तथा अन्य ब्यौरों को पाने के लिए इच्छुक निविदाकार ई-निविदा आमंत्रित करते हुए विस्तृत सूचना (ई-एनआइटी) का अवलोकन करें, जिसे www.tenderwizard.com/ISRO से डाउनलोड किया जा सकता है। Interested tenderers may please refer detailed Notice Inviting E-Tender (E-NIT) for eligibility criteria and other details, which can be downloaded from website www.tenderwizard.com/ISRO
Sd/-
प्रधान, सीएमडी(सीपीएच), वीएसएससी /HEAD, CMD (CPH), VSSC

**വിജ്ഞാപനം**
**കോഴിക്കോട് ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറത്തിലെ വനിതാ അംഗത്തിന്റെ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു**

കോഴിക്കോട് ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറത്തിന്റെ ഒഴിവുവരുന്ന മുഴുവൻ സമയ അംഗത്തിന്റെ (വനിത) തസ്തികയിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ അംഗീകൃത യൂണിവേഴ്സിറ്റി ബിരുദമുള്ളവരും 35 വയസോ അതിനുമുകളിലോ പ്രായമുള്ളവരും ധനതത്വം, നിയമം, കൊമേഴ്സ്, അക്കൗണ്ടൻസി, വ്യവസായം, പൊതുകാര്യങ്ങൾ, ഭരണനിർവഹണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്ത് 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും കഴിവും ആർജവവും ഉള്ളവരും ആയിരിക്കണം. നിയമന കാലാവധി 5 വർഷം വരെയോ, 65 വയസ് വരെയോ (ഏതാണോ ആദ്യം അതുവരെ) ആണ്. അപേക്ഷാഫാറത്തിന്റെ മാതൃക എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ജില്ലാ സപ്ലൈ ഓഫീസുകളിലും ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലും www.consumeraffairs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

അപേക്ഷകർ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം, നിശ്ചിത അപേക്ഷാ ഫാറത്തിൽ 25.10.2018 നുമുൻപ് ജില്ലാ കളക്ടർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ കളക്ടർമാരിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളിൽനിന്ന് സർക്കാർ നിയമിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുന്നത്. അഭിമുഖത്തിൽ പങ്കെടുക്കുന്നതിനായി അപേക്ഷകർക്ക് യാത്രാബത്തയോ മറ്റ് ചെലവുകളോ അനുവദിക്കുന്നതല്ല.
തിരുവനന്തപുരം,
17.09.2018. F4/208/2018 - I & PRD

**കേരള സംസ്ഥാന ഭാഗ്യക്കുറി**
ഫോൺ: ഡയറക്ടർ: 0471-2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

**അക്ഷയ AK 363 നറുക്കെടുപ്പ് ഫലം 26/09/2018**
സ്ഥലം : ഗോർക്കി ഭവൻ, ബേക്കറി ജംഗ്ഷന് സമീപം, തിരുവനന്തപുരം

**ഒന്നാം സമ്മാനം 60 ലക്ഷം രൂപ** AM 742058 (തൃശൂർ)

**സമാശ്വാസ സമ്മാനം 8000 രൂപ**
AA 742058 AB 742058 AC 742058 AD 742058
AE 742058 AF 742058 AG 742058 AH 742058
AJ 742058 AK 742058 AL 742058

**2-ാം സമ്മാനം 5 ലക്ഷം രൂപ**
AA 378476 (തിരുവനന്തപുരം)

**3-ാം സമ്മാനം 100000 രൂപ**
AA 643086 AB 895757 AC 354275 AD 650577
AE 611421 AF 643535 AG 805813 AH 444052
AJ 866492 AK 838126 AL 374116 AM 538604

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**4-ാം സമ്മാനം 5000 രൂപ**
1365 1369 2523 3784 5482 5776 6119 7809 7904 9420

**5-ാം സമ്മാനം 2000 രൂപ**
3266 4211 5327 6420 6587 8266 8279 8793

**6-ാം സമ്മാനം 1000 രൂപ**
0430 0573 1663 1701 2059 2606 3237 3312 3567 3897
4327 4863 4875 4922 5169 5954 6013 6071 6896 6976
7758 7803 8204 8516 8827 9306 9409 9644 9675 9789

**7-ാം സമ്മാനം 500 രൂപ**
0255 0340 0409 1058 1272 1276 1398 1416 1444 1620
1676 1708 1872 2111 2176 2284 2441 2581 2634 2812
3176 3951 4163 5026 5100 5211 5258 5627 5910 5940
6124 6171 6443 6483 7056 7454 7469 7628 7679 7876
7912 7929 8128 8185 8528 9065 9437 9459 9663 9801

**8-ാം സമ്മാനം 100 രൂപ**
0016 0037 0069 0135 0164 0220 0619 0657 0812 0993
1039 1040 1284 1391 1410 1835 1850 1897 2045 2181
2304 2648 2876 2925 2927 2952 3004 3028 3245 3311
3443 3493 3611 3616 3733 3757 3760 3817 3868 3950
4124 4172 4200 4204 4248 4297 4429 4433 4450 4486
4749 4862 4884 4977 5078 5176 5243 5277 5498 5520
5582 5678 5703 5738 5897 6034 6248 6323 6431 6452
6586 6632 6651 6722 6899 6900 6905 7115 7267 7388
7390 7416 7500 7544 7631 7793 7811 7985 8044 8063
8078 8107 8131 8151 8179 8240 8278 8360 8607 8747
9069 9152 9277 9371 9401 9406 9411 9413 9426 9460
9817 9927

ഒപ്പ്, നൗഷാദ് പി.എം., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക.
അടുത്ത അക്ഷയ AK 364 നറുക്കെടുപ്പ് 10/10/2018 ന്
ഗോർക്കി ഭവൻ, ബേക്കറി ജംഗ്ഷന് സമീപം, തിരുവനന്തപുരം

**കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് കാര്യാലയം**
**കാരക്കോണം പി.ഒ, തിരുവനന്തപുരം - 695 504.**
തീയതി : 26.09.2018.

കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മെറ്റീരിയൽ പ്രവൃത്തികൾക്കായുള്ള സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് ടെൻഡറുകൾ ക്ഷണിക്കുന്നു. ടെൻഡറുകൾ സംബന്ധിച്ചുള്ള വിവരം http://tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
ദർഘാസുകൾ ലഭിക്കുന്ന അവസാന തീയതി : 15.10.2018, 1.00 മണി വരെ
ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി : 15.10.2018, 3.00 മണി വരെ
ദർഘാസുകൾ തുറന്ന് പരിശോധിക്കുന്ന തീയതി : 15.10.2018, 4.00 മണി.
(ഒപ്പ്) സെക്രട്ടറി,
കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്.

**കേരളാ വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്**

ദർഘാസ് : 083/2018-19/EE/PH/PTA. ശബരിമല പമ്പ - ട്രാൻസ്ഫോർമറിന്റെയും അറ്റകുറ്റപ്പണിയും അനുബന്ധ പ്രവൃത്തിയും, സി.റ്റി.പി.റ്റി. യൂണിറ്റ് സ്ഥാപിക്കൽ മുതലായവ. നിരതദ്രവ്യം : Rs. 19,800/-. ഫോറവില : Rs. 1,780/-. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 06.10.2018, 2.00 p.m. ഫോൺ : 0468 - 2222687.
വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in
എക്സിക്യൂട്ടീവ് എൻജിനീയർ,
KWA - JB- GL-6-302-2018-19. PH ഡിവിഷൻ, പത്തനംതിട്ട.

**കല്ലയം പ്രിയദർശിനി റസിഡന്റ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ റ്റി. 1115**
**കല്ലയം പി.ഒ. ഫോൺ : 0471 - 2370315**

**പൊതുയോഗ വിജ്ഞാപനം**

മാന്യ സഹകാരികളേ,
റ്റി. 1115-ാം നമ്പർ കല്ലയം പ്രിയദർശിനി റസിഡന്റ്സ് വെൽഫെയർ സഹകരണസംഘ (ക്ലിപ്തം)ത്തിന്റെ വാർഷിക പൊതുയോഗം 2018 ഒക്ടോബർ 14-ാം തീയതി രാവിലെ 10.30 മണി മുതൽ സംഘം ഓഫീസിൽ വച്ച് സംഘം പ്രസിഡന്റ് ശ്രീ. ആർ. ഹരികുമാരൻ നായരുടെ അദ്ധ്യക്ഷതയിൽ കൂടാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ 'എ' ക്ലാസ്സ് അംഗങ്ങളും കൃത്യസമയത്ത് പൊതുയോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
ആജ്ഞാനുസരണം,
സ്ഥലം : കല്ലയം, സജി. വി.എസ്,
തീയതി : 20.08.2018. സെക്രട്ടറി (ഒപ്പ്)

**കാര്യപരിപാടികൾ**

1. ഈശ്വരപ്രാർത്ഥന
2. പൊതുയോഗ നോട്ടീസ് വായിച്ച് റിക്കാർഡ് ചെയ്യുക
3. 18.2.2018-ലെ പൊതുയോഗ മിനിട്ട്സ് വായിച്ച് രേഖപ്പെടുത്തുക
4. 2017-18 വർഷത്തെ പ്രവർത്തനറിപ്പോർട്ടും കണക്കും
5. 2017-18 വർഷത്തെ വരവുചെലവ് കണക്ക്
6. 2016-17 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്
7. 2017-18 വർഷത്തെ ബഡ്ജറ്റിൽ അധികരിച്ച് ചെലവാക്കിയ തുകയ്ക്ക് അംഗീകാരം
8. 2019-2020 വർഷത്തെ ബഡ്ജറ്റ്
9. ബൈലാ ഭേദഗതി
10. ചോദ്യങ്ങളും പ്രമേയങ്ങളും
11. പ്രസിഡന്റിന്റെ അനുമതിയോടെയുള്ള ഇതര വിഷയങ്ങൾ
12. കൃതജ്ഞത

N.B : 1. ചോദ്യങ്ങളും പ്രമേയങ്ങളും 11.10.2018-ാം തീയതി വൈകുന്നേരം 4.00 മണിക്കു മുൻപായി സംഘം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.
2. പ്രവർത്തന റിപ്പോർട്ടും കണക്കുകളും 4.10.2018 മുതൽ സംഘത്തിൽ നിന്ന് നേരിട്ട് വാങ്ങാവുന്നതാണ്.
3. പൊതുയോഗത്തിൽ ഹാജരാകുന്ന അംഗങ്ങൾ സംഘത്തിൽ നിന്ന് നല്കിയിട്ടുള്ള ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് കൊണ്ടുവരേണ്ടതാണ്.

**ബൈലാഭേദഗതി**

| ക്ലാസ്സ് | നിലവിലുള്ളത് | ക്ലാസ്സ് | ഭേദഗതി ചെയ്യേണ്ടത് | കാരണം |
|---|---|---|---|---|
| 3. | ഓഹരി ഒന്നിന് 100 രൂപാ വിലയുള്ള 42000 'എ' ക്ലാസ്സ് ഓഹരിയുടെ വിലയായ 42,00,000 രൂപയും 1000 രൂപാ വിലയുള്ള 800 'ബി' ക്ലാസ്സ് ഓഹരികളുടെ വിലയായ 8,00,000 രൂപയും, 10 രൂപ വിലയുള്ള 5000 'സി' ക്ലാസ്സ് ഓഹരികളുടെ വിലയായ 50,000 രൂപയും ചേർത്തുള്ള 50,50,000 രൂപയായിരിക്കും. (കേരള സഹകരണ വകുപ്പ് 11 പ്രകാരം) നിലവിലുള്ള അംഗങ്ങൾക്ക് മതിയായ അവസരം നല്കേണ്ടതാണ്). | 3. | ഓഹരി ഒന്നിന് 100 രൂപാ വിലയുള്ള 62000 'എ' ക്ലാസ്സ് ഓഹരിയുടെ വിലയായ 62,00,000 രൂപയും 1000 രൂപാ വിലയുള്ള 1000 'ബി' ക്ലാസ്സ് ഓഹരികളുടെ വിലയായ 10,00,000 രൂപയും, 10 രൂപ വിലയുള്ള 5000 'സി' ക്ലാസ്സ് ഓഹരികളുടെ വിലയായ 50,000 രൂപയും ചേർത്തുള്ള 72,50,000 രൂപയായിരിക്കും. (കേരള സഹകരണ വകുപ്പ് 11 പ്രകാരം) നിലവിലുള്ള അംഗങ്ങൾക്ക് മതിയായ അവസരം നല്കേണ്ടതാണ്). | ഓഹരിത്തുക വർദ്ധിച്ചു വരുന്നതു കൊണ്ട്. |
| 14. | സംഘത്തിന് വാങ്ങാവുന്ന വായ്പകളുടെ മൊത്തം തുക ആ സമയം അടച്ചു തീർത്തിട്ടുള്ള ഓഹരി മൂലധനത്തിന്റെയും കരുതൽധനത്തിന്റെയും തുകയുടെ നാല്പതിരട്ടിയിൽ കവിയാൻ പാടില്ലാത്തതാകുന്നു. | 14. | സംഘത്തിന് വാങ്ങാവുന്ന വായ്പകളുടെ മൊത്തം തുക ആ സമയം അടച്ചുതീർത്തിട്ടുള്ള ഓഹരി മൂലധനത്തിന്റെയും കരുതൽധനത്തിന്റെയും തുകയുടെ നൂറിരട്ടിയിൽ കവിയാൻ പാടില്ലാത്തതാകുന്നു. | സംഘത്തിന് കൂടുതൽ വായ്പ/ ഓവർഡ്രാഫ്റ്റ് ജില്ലാ സഹകരണ ബാങ്കിൽ നിന്നോ രജിസ്ട്രാറുടെ അംഗീകാരമുള്ള മറ്റ് ധനകാര്യ ബാങ്കുകളിൽ നിന്നോ വാങ്ങുന്നതിന് |

## ഗുരുമാർഗം



**ബ്ര**ഹ്മപ്രതീകമായി കോലത്തുകര ക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തിയായി വിളങ്ങുന്ന അല്ലയോ ഭഗവൻ, അതിരില്ലാത്ത അങ്ങയുടെ മഹിമ വിവരിക്കുവാൻ ആർക്കു കഴിയും?



ഒരു ജാതി ഒരു മതം ഒരു ദൈവം

അശ്വതി 50- 15
ദ്വിതീയ 06 - 59
1940 ആശ്വിനം 05
1439 മുഹറം 16
1194 കന്നി 11

# രാജ്യം കാത്തിരുന്ന വിധി

**ചീ**ഫ് ജസ്റ്റിസ് ദീപക് മിശ്ര ഒക്ടോബർ രണ്ടാംതീയതി വിരമിക്കുന്നതിന് മുന്നോടിയായി അദ്ദേഹംകൂടി ഉൾപ്പെട്ട ബെഞ്ചുകളിൽനിന്നുണ്ടായ രണ്ട് സുപ്രധാന വിധികൾ രാജ്യം ആകാംക്ഷയോടെ കാത്തിരുന്നവയാണ്. ഏറെ വിവാദങ്ങൾക്ക് വഴിവച്ച ആധാർ കേസിലെ വിധി കേന്ദ്ര സർക്കാരിന് വലിയ തോതിൽ ആശ്വാസം പകരുന്നതാണ്. ചില നിയന്ത്രണങ്ങൾക്ക് വിധേയമായി ആധാറിന്റെ ഭരണഘടനാ സാധുത സുപ്രീംകോടതി ശരിവച്ചിരിക്കുകയാണ്. ആധാറുമായി ബന്ധപ്പെട്ട ബയോമെട്രിക് വിവരങ്ങൾ ഒരു കാരണവശാലും പുറത്തുനൽകരുതെന്ന നിബന്ധന കോടതി മുന്നോട്ടു വച്ചിട്ടുണ്ട്. അതുപോലെ ആധാർ വിവരങ്ങൾ സ്വകാര്യ മേഖലാസ്ഥാപനങ്ങൾക്കും ലഭ്യമാക്കരുത്. സ്കൂൾ പ്രവേശനം, പ്രവേശന പരീക്ഷകൾ തുടങ്ങിയ കാര്യങ്ങൾക്ക് ആധാർ നിർബന്ധമാക്കരുതെന്നാണ് മറ്റൊരു നിബന്ധന. ഇതേതരത്തിൽ ചെയ്യാവുന്നതും ചെയ്യരുതാത്തതുമായ വേറെയും നിബന്ധനകൾ വിധിയിലുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഏറെ കോലാഹലങ്ങൾക്ക് നിമിത്തമായ ആധാറിന്റെ ഭരണഘടനാസാധുത പരമോന്നത കോടതി അംഗീകരിച്ചുവെന്നതാണ് സുപ്രധാന വസ്തുത.

രാജ്യത്ത് 130 കോടി ജനങ്ങളുള്ളതിൽ 116 കോടിപേരും ഇതിനകം ആധാർ കാർഡ് സ്വന്തമാക്കിക്കഴിഞ്ഞ സ്ഥിതിക്ക് അതിന്റെ നിയമ പ്രാബല്യത്തെക്കുറിച്ച് ഇനിയും ചർച്ചകളും വിവാദങ്ങളും തുടരുന്നത് അർത്ഥശൂന്യമാണ്. ഏകീകൃത തിരിച്ചറിയൽ രേഖ എന്ന നിലയ്ക്ക് രാജ്യമൊട്ടാകെ ആധാർ കാർഡിന്റെ സ്വീകാര്യത ഇതിനകം തന്നെ തെളിയിക്കപ്പെട്ടുകഴിഞ്ഞതാണ്. ആധാർ അടിസ്ഥാനരേഖയാക്കിയതോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് വിവിധ ക്ഷേമ പദ്ധതികൾ വഴി കോടിക്കണക്കിന് രൂപ ലാഭിക്കാനും കഴിയുന്നുണ്ട്. ആനുകൂല്യങ്ങൾ അർഹരായവരിൽത്തന്നെ എത്തുന്നതുകൊണ്ടാണിത്. വ്യാജ രേഖകൾ കാണിച്ച് സൗജന്യങ്ങൾ തട്ടിയെടുക്കുന്ന പ്രവണത ആധാർ നടപ്പിലായതോടെ പൂർണമായും അടഞ്ഞുവെന്നത് നിസാര കാര്യമല്ല. ആധാർ വിവരങ്ങൾ പരസ്യപ്പെടുത്താനുള്ള അധികാരം ജോയിന്റ് സെക്രട്ടറിക്ക് മുകളിലുള്ള ഉദ്യോഗസ്ഥർക്ക് മാത്രമായിരിക്കും.

ബാങ്ക് അക്കൗണ്ട്, മൊബൈൽ എന്നിവയുമായി ആധാർ ബന്ധിപ്പിക്കണമെന്ന നിർദ്ദേശം നിർബന്ധമാക്കേണ്ടതില്ലെന്നാണ് കോടതി വിധിച്ചത്. പാൻ കാർഡിന് പക്ഷേ ആധാർ നിർബന്ധമാണ്. പൗരന്റെ ആധാർ വിവരങ്ങൾ സുരക്ഷിതമല്ലെന്നായിരുന്നു ഹർജികളിൽ ഉന്നയിക്കപ്പെട്ട പ്രധാന വാദം. എന്നാൽ ഈ വക വാദങ്ങളെ അപ്രസക്തമാക്കുന്നതാണ് ആധാറിന്റെ ഭരണഘടനാസാധുത ശരിവച്ചുകൊണ്ടുള്ള അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റെ വിധി.

> **രാഷ്ട്രീയ രംഗം ശുദ്ധീകരിക്കാനുള്ള ശ്രമം ആദ്യം തുടങ്ങേണ്ടത് രാഷ്ട്രീയ നേതൃത്വങ്ങളിൽ നിന്നുതന്നെയാകണം. ഇത് സാദ്ധ്യമായാൽ നിയമവും പെരുമാറ്റച്ചട്ടവുമൊക്കെ എളുപ്പം നടപ്പാക്കാനാകും. പൂച്ചയ്ക്ക് ആര് മണികെട്ടും എന്ന ചോദ്യംപോലെ ഏത് കക്ഷി ആദ്യം ഇതിനായി മുന്നോട്ടുവരുമെന്നതാണ് കാതലായ പ്രശ്നം**

ചൊവ്വാഴ്ച ഭരണഘടനാ ബെഞ്ചിൽ നിന്നുണ്ടായ മറ്റൊരു വിധി സംശുദ്ധരാഷ്ട്രീയം രാജ്യത്ത് പുലരണമെന്ന് ആഗ്രഹിക്കുന്നവരെയെല്ലാം തെല്ല് നിരാശപ്പെടുത്തുന്നതാണ്. ക്രിമിനൽകേസിൽ പ്രതികളാകുന്നവരെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് വിലക്കണമെന്നാവശ്യപ്പെടുന്ന ഹർജികളിൽ ഇക്കാര്യം തീരുമാനിക്കേണ്ടത് പാർലമെന്റാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ടാണ് ചീഫ് ജസ്റ്റിസ് ദീപക് മിശ്ര ഉൾപ്പെട്ട ഭരണഘടനാബെഞ്ച് വിധി പറഞ്ഞത്. കോടതികൾക്ക് നിയമനിർമ്മാണ സഭകളുടെ അവകാശങ്ങളിൽ കൈകടത്താൻ പരിമിതികളുണ്ടെന്ന കാര്യം ഓർമ്മിപ്പിക്കുകയും ചെയ്തു. രാഷ്ട്രീയ രംഗം ക്രിമിനലുകൾ കൈയടക്കുന്ന പ്രവണത ഭയാനകമാംവിധം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കുറ്റവാളികൾ തിരഞ്ഞെടുപ്പുകളിൽ മത്സരിച്ച് നിയമനിർമ്മാണസഭകളിലെത്തി എല്ലാറ്റിന്റെയും അധിപന്മാരായി മാറുന്നത് അവസാനിപ്പിക്കേണ്ടതാണെങ്കിലും നിലവിൽ കോടതികൾക്ക് അതിനുള്ള അധികാരമില്ല. ജനങ്ങളുടെ പരമാധികാര സഭയായ പാർലമെന്റ് തന്നെയാണ് ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തേണ്ടത്. പാർലമെന്റിന് അതിനുള്ള ആർജ്ജവവും നീതിബോധവും ഉണ്ടോ എന്നതാണ് പ്രശ്നം.

എം.പിമാരിൽ ക്രിമിനൽ പശ്ചാത്തലമുള്ളവർ ഒട്ടും കുറവല്ലെന്നാണ് സ്ഥിതിവിവരങ്ങൾ. ലോക്‌സഭയിലെ 542 പേരിൽ 179 പേരും രാജ്യസഭയിലെ 228 പേരിൽ 51 പേരും ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ളവരാണെന്നാണ് വിവരം. ഇവരിൽ 134 പേർ കൊലപാതകം, തട്ടിക്കൊണ്ടുപോകൽ, മാനഭംഗം തുടങ്ങി ഗുരുതര സ്വഭാവമുള്ള ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുള്ളവരാണ്. ക്രിമിനൽകേസിലുൾപ്പെട്ടവർ സ്ഥാനാർത്ഥികളാകുന്നത് തടയാനുള്ള നിയമം കൊണ്ടുവന്നാൽ ഇവരിൽ എത്രപേർ അതിനെ പിന്താങ്ങുമെന്ന ചോദ്യം ഉയരുമ്പോഴാണ് രാഷ്ട്രീയ കക്ഷികളുടെ തനിനിറം പുറത്താവുക. ഒരു പാർട്ടിയും അതിന് തയ്യാറാവില്ലെന്നതാണ് യാഥാർത്ഥ്യം. സ്ഥാനാർത്ഥി നിർണയ വേളയിൽത്തന്നെ ക്രിമിനൽ പശ്ചാത്തലമുള്ളവരെ മാറ്റിനിറുത്താനുള്ള ഇച്ഛാശക്തി രാഷ്ട്രീയകക്ഷികളിൽ നിന്നുണ്ടായാൽ കോടതികളുടെയോ പാർലമെന്റിന്റെയോ ഇടപെടൽ കൂടാതെതന്നെ രാഷ്ട്രീയം ശുദ്ധമാക്കാനാകും. അതിന് പക്ഷേ ഒരു പാർട്ടിയും തയ്യാറല്ല എന്നതാണ് അനുഭവം.

ജനപ്രതിനിധി എന്ന നിലയിലുള്ള സ്വാധീനവും സമ്പത്തും ഉപയോഗിച്ച് സമൂഹത്തിനുമേൽ കൂടുതൽ അധികാരമുറപ്പിച്ചശേഷം അതിലൂടെ ഒരിക്കലും മാറ്റി നിറുത്തപ്പെടാനാവാത്ത വ്യക്തിയായി മാറുകയാണ് ഇക്കൂട്ടർ. ക്രിമിനൽ പ്രവർത്തനങ്ങളിലൂടെ നേടുന്ന സമ്പത്ത് തിരഞ്ഞെടുപ്പുകളിൽ അളവില്ലാത്ത തോതിൽ മണ്ഡലത്തിൽ വാരിയെറിഞ്ഞ് അനായാസ വിജയം ഉറപ്പിക്കാൻ ഇവർക്ക് അവസരം നൽകുന്നു. ഒരിക്കൽ സ്വാധീനമുറപ്പിച്ചുകഴിഞ്ഞാൽ പിന്നീട് വലിയ തോതിൽ എതിർപ്പ് ഉയരാനുമിടയില്ല. നാമനിർദ്ദേശ പത്രിക സമർപ്പിക്കുമ്പോൾ ക്രിമിനൽ പശ്ചാത്തലം ഉൾപ്പെടെ എല്ലാ വിവരങ്ങളും ഉൾപ്പെടുത്താൻ തിരഞ്ഞെടുപ്പ് കമ്മിഷൻ നിർബന്ധിക്കണമെന്ന നിർദ്ദേശം സുപ്രീംകോടതി മുന്നോട്ടുവച്ചിട്ടുണ്ട്. ഇത് ജനങ്ങൾക്ക് അറിയാൻ പാകത്തിൽ ദൃശ്യ-അച്ചടിമാദ്ധ്യമങ്ങൾവഴി പ്രസിദ്ധീകരിക്കണമെന്നും കോടതി വിധിയിലുണ്ട്. എന്നാൽ എന്തൊക്കെ പത്രികയിൽ എഴുതിവച്ചാലും ഗുണദോഷ വിചാരം നടത്തി വോട്ടർമാരിൽ എത്രപേർ ശരിയായ തീരുമാനമെടുക്കുമെന്നാണ് പ്രസക്തമായ ചോദ്യം. കക്ഷി ബന്ധവും പ്രചാരണരംഗത്തെ പകിട്ടും പ്രഭാവവുമൊക്കെത്തന്നെയാണ് എപ്പോഴും വിധിനിർണയിക്കാറുള്ളത്. തിരഞ്ഞെടുപ്പ് കമ്മിഷനും നിയമകമ്മിഷനുമൊക്കെ കാലാകാലം മുന്നോട്ടുവച്ച കാതലായ തിരഞ്ഞെടുപ്പ് പരിഷ്കാര നിർദ്ദേശങ്ങൾക്ക് രാഷ്ട്രീയ നേതൃത്വങ്ങളിൽനിന്ന് കാര്യമായ പരിഗണനയൊന്നും ലഭിച്ചിട്ടില്ല. ക്രിമിനലുകളുടെ ബലത്തിൽ മാത്രം നിലനിൽക്കുന്ന പാർട്ടികൾ പോലും രാജ്യത്തുണ്ടെന്നുള്ളത് മറന്നുകൂടാ.

രാഷ്ട്രീയ രംഗം ശുദ്ധീകരിക്കാനുള്ള ശ്രമം ആദ്യം തുടങ്ങേണ്ടത് രാഷ്ട്രീയ നേതൃത്വങ്ങളിൽ നിന്നുതന്നെയാകണം. ഇത് സാദ്ധ്യമായാൽ നിയമവും പെരുമാറ്റച്ചട്ടവുമൊക്കെ എളുപ്പം നടപ്പാക്കാനാകും. പൂച്ചയ്ക്ക് ആര് മണികെട്ടും എന്ന ചോദ്യംപോലെ ഏത് കക്ഷി ആദ്യം ഇതിനായി മുന്നോട്ടുവരുമെന്നതാണ് കാതലായ പ്രശ്നം.

# ഓം അമൃതേശ്വര്യൈ നമഃ



മാതാ അമൃതാനന്ദമയി

**ന**മ്മുടെ കൊച്ചുകേരളം ഇന്ന് കാലത്തിന്റെ ഒരു വഴിത്തിരിവിലാണ്. ഒരു വലിയ പ്രകൃതിദുരന്തം നമുക്കു സമ്മാനിച്ച കഷ്ടപ്പാടുകളും ദുരിതങ്ങളും നമ്മുടെ മനസ്സിൽ നിറഞ്ഞുനില്ക്കുന്നു. എന്നാൽ, അതോടൊപ്പം ആ പ്രകൃതിദുരന്തം നമുക്കു വിവേകത്തിന്റെ ഒരു സന്തോഷവും നല്കി. നമ്മുടെ തെറ്റുകൾ തിരുത്താനും സ്വയം മാറാനും കാലം നമ്മോട് ആവശ്യപ്പെടുന്നു. കാലത്തിന്റെ ആ വിവേകവാണിക്കു ചെവികൊടുത്താൽ തീർച്ചയായും ശോഭനമായ ഒരു ഭാവിതന്നെയാണു നമ്മുടെ നാടിനെ കാത്തിരിക്കുന്നത്.

ഒരു ഹൃദയാഘാതം സംഭവിക്കുന്നതിന് എത്രയോ മുൻപ് അതിന്റെ പല പല സൂചനകൾ നമ്മുടെ ശരീരം നമുക്കു നല്കാറുണ്ട്. അവയെല്ലാം അവഗണിച്ചു മുന്നോട്ടുപോകുമ്പോഴാണു ഒരുനാൾ ഹൃദയാഘാതം നമ്മളെ കീഴ്പ്പെടുത്തുന്നത്. അതുപോലെ ഓരോ പ്രകൃതിദുരന്തവും വരുന്നതിനു എത്രയോ മുൻപുതന്നെ പലപല സൂചനകൾ പ്രകൃതി നമുക്കു നല്കിയിട്ടുണ്ടാവണം. അവയെ ഒക്കെ നിസ്സാരമായി കണ്ടു തള്ളുമ്പോൾ നമ്മെ ഞെട്ടിക്കുന്ന ഒരു ദുരന്തം കടന്നുവരുന്നു. മാത്രമല്ല, ആ പ്രകൃതിദുരന്തംപോലും ഒരു മുന്നറിയിപ്പാണ്. ഇതിലും വലുതു ഭാവിയിൽ സംഭവിച്ചേക്കാം എന്നും അതിനെ തടയാൻവേണ്ട മുൻകരുതൽ എടുക്കണമെന്നുമുള്ള താക്കീതുംകൂടി അതിലുണ്ട്.

ഭൗതികസുഖസൗകര്യങ്ങൾക്കുപരി ആദർശനിഷ്ഠയിലും നിഷ്കളങ്കമായ പരസ്പരസ്നേഹത്തിലും അധിഷ്ഠിതമായ ഉറച്ച ജീവിതത്തിനു പ്രാധാന്യം നല്കിയ ഒരു പൂർവ്വകാലസംസ്കാരം നമുക്കുണ്ടായിരുന്നു. എന്നാൽ, ഇന്നു നാം ആ മൂല്യങ്ങളെ മറന്നു. അഥവാ നിസ്സാരമാക്കി. സ്വാർത്ഥമായ ഭൗതികസുഖങ്ങൾക്കു പിന്നാലെയുള്ള ഭ്രാന്തമായ കുതിപ്പിലാണു ഇന്നത്തെ കേരളസമൂഹം. പണ്ട് അറുന്നൂറും ആയിരവും സ്ക്വയർഫീറ്റുള്ള വീട്ടിൽ ഇരുപതും മുപ്പതും പേർ കൂട്ടുകുടുംബമായി താമസിച്ചിരുന്നു. എന്നാൽ, ഇന്നു രണ്ടുപേർക്കു താമസിക്കാൻ മൂവായിരം സ്ക്വയർഫീറ്റുള്ള വീടുവേണം എന്നായിരിക്കുന്നു. അതുമല്ല, അത്തരം എത്രയെത്ര വീടുകളാണ് ഇന്നു കേരളത്തിൽ താമസിക്കാൻ ആളില്ലാതെ ഒഴിഞ്ഞുകിടക്കുന്നത്. അവ നിർമ്മിക്കാൻ എത്ര വൃക്ഷങ്ങൾ വെട്ടണം,

> **മക്കൾ പരസ്പരം സ്നേഹിക്കുക, സഹകരിക്കുക. ആവശ്യമുള്ളതുമാത്രം എടുത്തു ബാക്കി ഇല്ലാത്തവർക്കു പങ്കുവയ്ക്കുക. അപ്പോൾ, ഹൃദയത്തിൽ ആനന്ദവും സംതൃപ്തിയും നിറയും. അതിലാണു ജീവിതത്തിന്റെ ധന്യത. ആ തിരിച്ചറിവിലേക്ക് ഉണരാനും നഷ്ടപ്പെട്ടുപോയ നമ്മുടെ മൂല്യങ്ങളെ വീണ്ടെടുക്കാനും നമുക്കു കഴിയട്ടെ.**



എത്ര നദികളിലെ മണൽ വാരണം. എത്ര പാറകൾ പൊട്ടിക്കണം. എത്ര മലകൾ ഇടിച്ചുനിരത്തണം. എല്ലാം നമ്മൾ ഒരു സങ്കോചവുമില്ലാതെ തുടരുകയാണ്. അവയെല്ലാം പ്രകൃതിയിലും പരിസ്ഥിതിയിലും സൃഷ്ടിക്കുന്ന പ്രത്യാഘാതം എന്താണ്? അതിനെക്കുറിച്ചൊന്നും നമ്മൾ ചിന്തിക്കുന്നില്ല. തെറ്റുതിരുത്തുവാൻ നമ്മൾ തയ്യാറാവുന്നില്ല.

ആവശ്യവും ആഡംബരവും തമ്മിൽ നമുക്കു തിരിച്ചറിയാൻ കഴിയാതെപോയതാണു നമുക്കു പറ്റിയ ഏറ്റവും വലിയ തെറ്റ്. ഒരു സാമൂഹ്യപ്രവർത്തകന്റെ കഥ ഓർക്കുകയാണ്. അദ്ദേഹം അതിരാവിലെ ഒരു പാത്രത്തിൽ വെള്ളമെടുത്തു നദീതീരത്തു പല്ലു തേച്ചുകൊണ്ടിരിക്കുകയായിരുന്നു. അതോടൊപ്പം ചുറ്റുംകൂടിയ സഹപ്രവർത്തകരോടു ചില അത്യാവശ്യകാര്യങ്ങൾ അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. വായ കഴുകാനായി പാത്രമെടുത്തപ്പോൾ അതിലെ വെള്ളം തീർന്നത് അദ്ദേഹം ശ്രദ്ധിച്ചു. "ദൈവമേ ഞാനെന്ത് അശ്രദ്ധയാണു കാണിച്ചത്. പല്ലുതേയ്പു കഴിയുന്നതിനു മുൻപുതന്നെ വെള്ളം തീർന്നു." ഇദ്ദേഹം ഇങ്ങനെ വിഷമിക്കുന്നതിന്റെ കാരണം മറ്റുള്ളവർക്കു മനസ്സിലായില്ല. അവർ ചോദിച്ചു, "അതിലെന്തു വിഷമിക്കാനാണ്. തൊട്ടുമുൻപിൽ കൈയെത്തുന്ന ദൂരത്തു നദി നിറഞ്ഞൊഴുകുന്നതു കാണുന്നില്ലേ?" അപ്പോൾ സാമൂഹ്യപ്രവർത്തകൻ പറഞ്ഞു, "നദിയിൽ ധാരാളം വെള്ളമുണ്ടായേക്കാം. പക്ഷേ, അതു് എല്ലാവർക്കും വേണ്ടിയുള്ളതാണ്. എനിക്ക് അർഹതയുള്ളതു ഞാൻ എടുത്തുകഴിഞ്ഞു. കൂടുതൽ എടുക്കാനുള്ള അവകാശം എനിക്കില്ല." ഈ ധർമ്മബോധം നമ്മുടെ ജനതയ്ക്കു വീണ്ടെടുക്കാൻ കഴിഞ്ഞാൽ പട്ടിണിമരണവും ദാരിദ്ര്യവുമെല്ലാം ഒരു ദുഃസ്വപ്നംപോലെ തുടച്ചുമാറ്റാൻ സാധിക്കുമെന്നതിൽ സംശയമില്ല.

ആവശ്യത്തിലധികമായി എന്തെടുത്താലും അത് അധർമ്മമാണ്. ആ സത്യം ഉൾക്കൊണ്ടു നമ്മൾ ജീവിക്കുകയാണെങ്കിൽ പ്രകൃതിയിൽനിന്ന് എല്ലാവർക്കും ആവശ്യമുള്ള ഭക്ഷണവും വെള്ളവും വസ്ത്രവും മറ്റു വസ്തുക്കളും കിട്ടും. ഭൂമിയെന്നും കാമധേനുവിനെപ്പോലെ വരദായിനിയായി നിൽക്കുകയും ചെയ്യും. മാത്രമല്ല, ഈയിടെ നമ്മൾ അനുഭവിച്ചതുപോലുള്ള പ്രകൃതിദുരന്തങ്ങളെ വലിയൊരളവോളം ഒഴിവാക്കാനും നമുക്കു കഴിയും.

ഭൗതികസുഖങ്ങൾക്കു നമ്മൾ നൽകുന്ന അതിരുകടന്ന പ്രാധാന്യം നമ്മുടെ മനുഷ്യബന്ധങ്ങളെയും വിപരീതമായി ബാധിച്ചിരിക്കുന്നു. ഇന്നു നമ്മുടെ കുടുംബബന്ധങ്ങൾ ശിഥിലമായി വരുകയാണ്. വിവാഹമോചനങ്ങൾ അനുദിനം വർദ്ധിക്കുന്നു. കുടുംബാംഗങ്ങൾ തമ്മിലും അയൽക്കാർ തമ്മിലും നാട്ടുകാർ തമ്മിലുമുള്ള സ്നേഹത്തിന്റെ പങ്കുവയ്ക്കലുകൾ കുറയുന്നു. ഇന്നു നമ്മുടെ ഹൃദയങ്ങളിൽ സ്വാർത്ഥതയുടെ മരവിപ്പാണ്. തലയിൽ അഹങ്കാരത്തിന്റെയും ദുർബുദ്ധിയുടെയും ചൂടാണ്. എന്നാൽ, മറിച്ചാണു വേണ്ടത്. ഹൃദയത്തിൽ ഊഷ്മളത വേണം. സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ ഊഷ്മളത. അതോടൊപ്പം തലയിൽ വിവേകപൂർവമായ ചിന്തയുടെ കുളിർമ വേണം.

ഇന്നു നമ്മുടെ സമൂഹത്തിൽ വിഭാഗീയചിന്തകൾ ശക്തിപ്രാപിക്കുകയാണ്. മതവും രാഷ്ട്രീയവും ഒക്കെ മനുഷ്യരെ തമ്മിൽ യോജിപ്പിക്കുന്ന പാലങ്ങളാവണം. അല്ലാതെ മനുഷ്യരുടെ ഇടയിൽ വേലിക്കെട്ടുകൾ സൃഷ്ടിക്കുന്നവയാകരുത്. എതിരാളികൾക്കു പറയാനുള്ളതുപോലും ശ്രദ്ധയോടെ കേൾക്കാനും തുറന്ന മനസ്സോടെ പരിശോധിക്കാനും ശരിയെങ്കിൽ ഉൾക്കൊള്ളാനുമുള്ള വിശാലതയാണ് ഇന്നു സമൂഹത്തിനാവശ്യം. അതുതന്നെയാണു സംസ്കാരത്തിന്റെ മുഖമുദ്ര.

കേരളം ഈയിടെ നേരിട്ട പ്രളയദുരന്തം വാസ്തവത്തിൽ മനുഷ്യനിൽ ഉറങ്ങിക്കിടന്ന നന്മയെ വിളിച്ചുണർത്തിയ ഒരവസരം കൂടിയായിരുന്നു. ദുരന്തത്തിൽ അകപ്പെട്ട ഹതഭാഗ്യരെ രക്ഷിക്കാൻ കേരളം ഒരൊറ്റ മനസ്സായി ഉയർന്നെണീറ്റു. ഇവിടുത്തെ കോളേജിലെ മക്കൾ നാലുദിവസം ഊണും ഉറക്കവും മറന്നു സഹജീവികളെ രക്ഷിക്കുക എന്ന ഒരൊറ്റ ലക്ഷ്യത്തിൽ മുഴുകിയിരുന്നു. ഇരുപത്തയ്യായിരം സഹായാഭ്യർത്ഥനകൾ സ്വീകരിച്ചു. ഒന്നുപോലും ഒഴിയാതെ എല്ലാം ഫലപ്രാപ്തിയിലെത്തിച്ചു. ആ അവസരങ്ങളിൽ അനുഭവിച്ചതിനു തുല്യം സംതൃപ്തിയും സന്തോഷവും അഭിമാനവും ജീവിതത്തിൽ ഇതിനുമുൻപ് ഒരിക്കലും അനുഭവിച്ചിട്ടില്ലെന്നു പല മക്കളും അമ്മയോടു വന്നു പറഞ്ഞു. ആ ഉൾക്കാഴ്ച ജീവിതത്തിൽ മുഴുവൻ നിറയ്ക്കുകയാണ് ഇനി വേണ്ടത്.

ഈ പ്രപഞ്ചം മുഴുവൻ ഈശ്വരചൈതന്യം നിറഞ്ഞുനിൽക്കുന്നു. ഒരേ പ്രേമനൂലിലെ മണികളാണു സർവ്വ ജീവജാലങ്ങളും. നാനാത്വമായ പ്രപഞ്ചത്തിലെങ്ങും നിറഞ്ഞുനില്ക്കുന്ന ഈശ്വരനാകുന്ന ഏകത്വത്തെ ദർശിച്ചാൽ നമ്മുടെ ജീവിതം അപസ്വരങ്ങളും താളപ്പിഴവുകളും ഒഴിഞ്ഞ ദിവ്യസംഗീതമായി നമുക്ക് അനുഭവപ്പെടും.

ഓണക്കാലത്തു നമ്മൾ പൂക്കളം ഇടാറുണ്ട്. എങ്ങനെയാണു നല്ലൊരു പൂക്കളമുണ്ടാകുന്നത്? കുറേപ്പേർ ഒത്തുചേരുന്നു. അവർ പരസ്പരം സഹകരിക്കുന്നു. അവരുടെ കലാബോധവും സൗന്ദര്യബോധവും പ്രേമവും പ്രയത്നവും എല്ലാം അവിടെ സമ്മേളിക്കുന്നു. അങ്ങനെ, മനോഹരമായ ഒരു പൂക്കളം വിരിയുകയാണ്. ലോകത്തിലെ എല്ലാ സുന്ദരസൃഷ്ടികളും ഇതുപോലെ സ്നേഹത്തിൽനിന്നും ഐക്യത്തിൽനിന്നും കൂട്ടായ പ്രയത്നത്തിൽനിന്നുമാണ് ഉണ്ടാകുന്നത്.

അതിനാൽ, മക്കൾ പരസ്പരം സ്നേഹിക്കുക, സഹകരിക്കുക. ആവശ്യമുള്ളതുമാത്രം എടുത്തു ബാക്കി ഇല്ലാത്തവർക്കു പങ്കുവയ്ക്കുക. അപ്പോൾ, ഹൃദയത്തിൽ ആനന്ദവും സംതൃപ്തിയും നിറയും. അതിലാണു ജീവിതത്തിന്റെ ധന്യത. ആ തിരിച്ചറിവിലേക്ക് ഉണരാനും നഷ്ടപ്പെട്ടുപോയ നമ്മുടെ മൂല്യങ്ങളെ വീണ്ടെടുക്കാനും നമുക്കു കഴിയട്ടെ. മക്കളെ കൃപ അനുഗ്രഹിക്കട്ടെ. ■

# ഞങ്ങൾ ദേശവിരുദ്ധരല്ല

ആർ. സുമേഷ്

**ജ**വഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ നടന്ന ഇത്തവണത്തെ തിരഞ്ഞെടുപ്പ് രാജ്യം ഉറ്റുനോക്കിയതാണ്. ഒരുപാട് ബൗദ്ധിക പ്രതിഭകളെ വാർത്തെടുത്തിട്ടുള്ള ജെ.എൻ.യുവിനെ തകർക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നുവെന്ന ആരോപണം നിലനിൽക്കെ എ.ബി.വി.പി സഖ്യത്തെ തുരത്തിഞ്ഞ് ഇടതുസഖ്യം ജയിച്ചുകയറി. ഇടത് സഖ്യത്തിലെ എ.ഐ.എസ്.എഫ് നേതാവും ജെ.എൻ.യുവിലെ ഗവേഷണ വിദ്യാർത്ഥിനിയുമായ അമൃത ജയദീപ് ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. രാഷ്ട്രീയം രക്തത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ള, ജെ.എൻ.യുവിൽ എ.ഐ.എസ്.എഫിന്റെ മുന്നണിപ്പോരാളികളിലൊരാളായ അമൃത സംസാരിക്കുന്നു.

*വീണ്ടും ജെ.എൻ.യു ചുവന്നു?*

സന്തോഷമുണ്ട്. കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു ഈ വിജയം. ജെ.എൻ.യുവിനെ തകർക്കാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാരിന് ശക്തമായൊരു സന്ദേശം നൽകുകയായിരുന്നു ഞങ്ങളുടെ ലക്ഷ്യം. ഈ വിജയത്തിലൂടെ അത് സാദ്ധ്യമായി.

*നാല് ഇടത് സംഘടനകൾ ഒരുമിച്ച് മത്സരിക്കാനുണ്ടായ സാഹചര്യം?*

നേരത്തെ പറഞ്ഞതു പോലെ കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ, വിദ്യാർത്ഥി ദ്രോഹ നടപടികൾക്കുള്ള താക്കീത് കൂടിയാണ് ഈ വിജയം.

*വിജയിക്കുമെന്ന ആത്മവിശ്വാസം ഉണ്ടായിരുന്നോ?*

ശക്തമായ ഒരു പോരാട്ടം ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. എന്നാലതുണ്ടായില്ലെന്നതാണ് വാസ്തവം.

*എ.ബി.വി.പിയുടേത് വലിയ തോൽവിയാണ്. തീവ്രദേശീയതയാണോ അവർ മുന്നോട്ട് വച്ചത്?*

തീവ്രദേശീയത എന്നതിനെക്കാൾ വിദ്യാർത്ഥികളുടെ സ്വതന്ത്ര ചിന്തകൾക്ക് വിലങ്ങിടാനാണ് എ.ബി.വി.പി ശ്രമിച്ചത്. ഡൽഹി യൂണിവേഴ്സിറ്റിയിൽ ഇതാണ് നടക്കുന്നത്. അതേരീതി ജെ.എൻ.യുവിലും നടപ്പിലാക്കാനാണ് അവർ ശ്രമിച്ചത്. വിദ്യാർത്ഥികളെ അരാഷ്ട്രീയവാദികളാക്കാനുള്ള ബോധപൂർവമായ ശ്രമമാണ്. ജെ.എൻ.യുവിൽ ദേശീയത എന്ന സംവാദത്തിന് പോലും അവർ ഒരിക്കലും തയ്യാറായിട്ടില്ല. തെറ്റായ നയങ്ങൾക്ക് അവർക്ക് ഉചിതമായ തിരിച്ചടി കിട്ടി എന്നതാണ് വസ്തുത.

*കോൺഗ്രസിന്റെ വിദ്യാർത്ഥി സംഘടനയായ എൻ.എസ്.യു ചിത്രത്തിലേ ഇല്ലായിരുന്നോ?*

എൻ.എസ്.യു കാമ്പസിൽ തീർത്തും നിർജീവമായ സംഘടനയാണ്. തിരഞ്ഞെടുപ്പ് വരുമ്പോൾ മാത്രം കാണപ്പെടുന്ന ഒരു പ്രതിഭാസമാണ് എൻ.എസ്.യു.

*നിങ്ങൾ മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയം എന്താണ്?*

ഹിന്ദുവെന്ന വേർതിരിവോ അല്ലെങ്കിൽ ഹിന്ദുത്വ നയങ്ങളോ നിലപാടുകളോ കാമ്പസിൽ നടക്കില്ല. ഇവിടെ ആർക്കും എന്തും സംസാരിക്കാനുള്ള അവകാശം വേണം, മാത്രമല്ല, പൊതു വിദ്യാഭ്യാസം പോലും നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ട്. എല്ലാവരുടേയും അവകാശമാണ് വിദ്യാഭ്യാസം. അത് ആർക്കും നിഷേധിക്കപ്പെടാൻ പാടില്ല. മാത്രമല്ല, ജെ.എൻ.എയുവിലെ വിദ്യാർത്ഥികൾക്ക് സമാധാനമായി പഠിക്കാനുള്ള അവസരവും ഉണ്ടാകണം. സംവാദങ്ങളുണ്ടാകണം, വിരുദ്ധാഭിപ്രായങ്ങൾ ചർച്ച ചെയ്യപ്പെടുകയും അംഗീകരിക്കേണ്ടവ അംഗീകരിക്കപ്പെടുകയും വേണം. എതിർപ്പുകൾ അക്രമത്തിലേക്ക് പോകാതെ പ്രകടിപ്പിക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള പരിശ്രമങ്ങളാണ് ഞങ്ങളിൽ നിന്നുണ്ടാകുക.

*വിദ്യാർത്ഥികളിൽ അരാഷ്ട്രീയത വളരുന്നുണ്ടോ?*

തീർച്ചയായും. എ.ബി.വി.പി പണാധിപത്യം കൊണ്ടും കായികബലം കൊണ്ടും വിദ്യാർത്ഥികളെ അരാഷ്ട്രീയവാദികളാക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിനായി ഭരണസംവിധാനത്തെ പോലും അവർ ഉപയോഗിച്ച് തുടങ്ങിയിരിക്കുന്നു. മുൻകാലങ്ങളിൽ ജെ.എൻ.യുവിൽ ചർച്ചകളും സംവാദങ്ങളും മറ്റും നടക്കുമായിരുന്നു. ഒരു വൈബ്രന്റ് കാമ്പസായിരുന്ന ജെ.എൻ.യു പഴയതുപോലെയാവണം.



അമൃത

*ജെ.എൻ.യു രാജ്യദ്രോഹികളുടെ കേന്ദ്രമാണെന്ന പ്രചാരണം ഉണ്ടായിരുന്നോ?*

ആരെയാണ് രാജ്യദ്രോഹികൾ എന്ന് വിളിക്കുന്നതെന്നാണ് യഥാർത്ഥത്തിൽ പരിശോധിക്കേണ്ടത്. ഭീമ കൊറേഗാവ് അക്രമത്തിൽ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് സാമൂഹ്യപ്രവർത്തകരെ അറസ്റ്റ് ചെയ്തില്ലേ. ഭരണഘടന വിഭാവനം ചെയ്യുന്ന അവകാശങ്ങൾക്ക് വേണ്ടി പോരാടുന്നവരെ രാജ്യദ്രോഹികൾ എന്ന് വിളിക്കുന്നത് തികച്ചും പരിതാപകരമായ അവസ്ഥയാണ്. വിദ്യാർത്ഥികൾ അവരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടുമ്പോൾ അവർ രാജ്യദ്രോഹികളായി മുദ്ര കുത്തപ്പെടുന്നു. ഇത്തരക്കാരുടെ കണ്ണിൽ ആരാണ് ദേശീയവാദികൾ. പശുവിന്റെ പേരിൽ ആൾക്കാരെ കൊല്ലുന്നവരോ? അതോ കുട്ടികളേയും സ്ത്രീകളേയും മാനഭംഗപ്പെടുത്തുന്നവരോ? ആ ദേശീയ വാദത്തെ ഞങ്ങൾ പൂർണമായും തിരസ്കരിക്കുകയാണ്.

*നജീബ് അഹമ്മദിന്റെ തിരോധാനത്തെ കുറിച്ച്?*

ഈ വർഷത്തെ ഞങ്ങളുടെ അജണ്ടയിലുള്ള ഏറ്റവും പ്രധാനപ്പെട്ട വിഷയമാണത്. നജീബിന് നീതി കിട്ടിയേ തീരൂ. കാണാതാകുന്നതിന് മുമ്പ് നജീബിനെ എ.ബി.വി.പിക്കാർ ആക്രമിച്ചിരുന്നു. നജീബിന്റെ തിരോധാനം കാമ്പസിലെ ന്യൂനപക്ഷ വിദ്യാർത്ഥികളെ ആശങ്കയിലും ഭയത്തിലുമാക്കിയിട്ടുണ്ട്. അങ്ങനെയുള്ള അവർക്ക് സുരക്ഷയും പ്രതീക്ഷയും നൽകേണ്ടത് ഞങ്ങളുടെ ഉത്തരവാദിത്തമാണ്. നജീബിനുണ്ടായത് ഇനി ഒരു വിദ്യാർത്ഥിക്കും ഉണ്ടാകരുത്.

*തീവ്ര ഹിന്ദുത്വ നിലപാടുള്ളയാളെ വി.സി ആക്കിയതിനെ എങ്ങനെ കാണുന്നു?*

ജെ.എൻ.യുവിനെ ബി.ജെ.പിയും കേന്ദ്ര സർക്കാരും ഭയക്കുന്നുണ്ട്. അതിനാൽ തന്നെ ഇത് നശിച്ചു കാണണമെന്ന് അവർ ആഗ്രഹിക്കുന്നു. അതിന് വേണ്ടിയാണ് തീവ്രഹിന്ദുത്വ നിലപാടുള്ളയാളെ വൈസ് ചാൻസലർ ആക്കിയത്. ആരും ഒരിക്കലും വിചാരിക്കാത്ത, കുഗ്രാമങ്ങളിൽ നിന്നുള്ളവർ, ഒ.ബി.സി വിഭാഗക്കാർ, ന്യൂനപക്ഷ സമുദായത്തിൽ നിന്നുള്ളവരൊക്കെ ജെ.എൻ.യുവിൽ പഠിക്കുന്നുണ്ട്. അപ്പോൾ അങ്ങനെയൊരു സാമൂഹ്യാവസ്ഥ കാമ്പസിൽ ഉണ്ടാകുന്നത് അവരെ ആശങ്കപ്പെടുത്തുന്നു. തങ്ങളുടെ വളർച്ചയ്ക്ക് അത് വലിയ ഭീഷണിയാണെന്ന് തിരിച്ചറിഞ്ഞ അവർ അതിനെ തകർക്കാൻ നോക്കുകയാണ്.

*രാഷ്ട്രീയം തുടരുമോ?*

രാഷ്ട്രീയം തുടരും എന്നത് ശരിയാണ്. ഓരോരുത്തരുടെ വ്യക്തിജീവിതത്തിൽ പോലും രാഷ്ട്രീയമുണ്ട്. ഏതെങ്കിലും പാർട്ടിയുടെ സമുന്നത പദവിയിലെത്തുന്നത് മാത്രമല്ല രാഷ്ട്രീയം. അല്ലാതെയും എനിക്ക് രാഷ്ട്രീയം തുടരാനാകും.

*ജോയിന്റ് സെക്രട്ടറി എന്ന നിലയിൽ പറയാനുള്ളത്?*

തിരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ എളുപ്പമുള്ള വിജയം പ്രതീക്ഷിച്ചിരുന്നില്ല. ഈ വിജയം ആത്മവിശ്വാസം തരുന്നുണ്ട്. പോരാട്ടം തുടരുക തന്നെ ചെയ്യും.

*(ലേഖകന്റെ ഫോൺ : 9745331011)*

### അമുത ജയദീപ്

**മു**തിർന്ന മാദ്ധ്യമപ്രവർത്തകൻ കെ.പി.ജയദീപിന്റെയും ഷീല സാറാ തോമസിന്റെയും മകളാണ് അമൃത. സഹോദരൻ അനുപം ജയദീപ് അബുദാബിയിൽ സ്വകാര്യ കമ്പനിയിൽ ജോലി നോക്കുന്നു. ഡൽഹിയിലാണ് അമൃത പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. എട്ടാം ക്ലാസ് വരെയുള്ള പഠനം ഡൽഹിയിലായിരുന്നു. പിന്നീട് പ്ലസ് ടു വരെ തിരുവനന്തപുരത്ത് പഠിച്ചു. കൊച്ചിയിലെ രാജഗിരി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ബി.എസ്.ഡബ്ല്യു നേടി. പിന്നീട് ജെ.എൻ.യുവിൽ നിന്ന് എം.എസ്.ഡബ്ല്യുവും എംഫിലും നേടി. ഇപ്പോൾ അവിടെ ഗവേഷണ വിദ്യാർത്ഥിയാണ്.

## വായനക്കാർ പറയുന്നു

www.keralakaumudi.com/letters

# സൈനികരോടുള്ള കടമ നിറവേറ്റിയ കേരളകൗമുദിക്ക് ബിഗ് സല്യൂട്ട്

**കേ**രളം കണ്ട മഹാപ്രളയത്തിൽ രക്ഷാപ്രവർത്തനം നടത്തിയവരെ ആദരിക്കാൻ കേരളകൗമുദി സംഘടിപ്പിച്ച ഹൃദയപൂർവം പരിപാടിക്ക് എല്ലാ വിധ അഭിനന്ദനങ്ങളും.

ചടങ്ങിന് മുന്നോടിയായി 22 ലെ സിറ്റി കൗമുദിയിൽ സൈനികർ നടത്തിയ രക്ഷാപ്രവർത്തനങ്ങളുടെയും ദുരിതാശ്വാസ പ്രവർത്തനങ്ങളുടെയും വിവരിച്ചുകൊണ്ട് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ച് ജനങ്ങളെ ബോധവത്കരിച്ച കേരളകൗമുദിക്ക് ആദരവും അഭിനന്ദനങ്ങളും അർപ്പിക്കുന്നു. കേരളത്തിലെയെന്നല്ല, ഇന്ത്യയിലെ ഒരു മാദ്ധ്യമവും ചെയ്യാത്ത സത്കർമ്മമാണിത്. കര-നാവിക-വ്യോമസേനകളും തീരദേശ സേനയും ചേർന്നുള്ള നമ്മുടെ പ്രതിരോധ സേനയുടെ ധീരോദാത്തമായ നിസ്തുല സേവനങ്ങൾ എന്തൊക്കെയായിരുന്നു എങ്ങനെയൊക്കെയായിരുന്നു എന്നറിയാൻ എന്നപ്പോലെയുള്ള വായനക്കാർ ആകാംക്ഷാഭരിതരായിരുന്നു. മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള വിവിധ വിഭാഗം രക്ഷാപ്രവർത്തകരെയും ദുരിതാശ്വാസ പ്രവർത്തകരെയും വിവിധ സന്നദ്ധ സംഘടനകൾ അഭിനന്ദിച്ച് ആദരിച്ചപ്പോൾ സൈനികർക്ക് അർഹമായ അംഗീകാരം ലഭിച്ചിരുന്നില്ലയെന്നത് ഒരു വസ്തുതയാണ്. ഈ സാഹചര്യത്തിൽ റിപ്പോർട്ടിംഗിലൂടെയും ഹൃദയപൂർവം ചടങ്ങിലൂടെയും കേരളകൗമുദി സൈനികരോടുള്ള കടമ നിറവേറ്റിയിരിക്കുന്നു. കേരളകൗമുദിക്ക് ഒരു ബിഗ് സല്യൂട്ട്.

*അഡ്വ. പി.കെ.ശങ്കരൻകുട്ടി*
*സാകല്യ - കഴക്കൂട്ടം*
*(മുൻ എംപ്ലോയ്മെന്റ് ഓഫീസർ സൈനിക ക്ഷേമവകുപ്പ്)*



## മാദ്ധ്യമ സ്വാതന്ത്ര്യം സർക്കാർ ഉറപ്പാക്കണം: ശശിതരൂർ

തിരുവനന്തപുരം: മാദ്ധ്യമ സ്വാതന്ത്ര്യം ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കടമയാണ്, നിലവിൽ അത് നടക്കുന്നില്ലെന്നും ശശിതരൂർ എം.പി പറഞ്ഞു. സ്വദേശാഭിമാനി നാടുകടത്തൽ വാർഷികത്തോടനുബന്ധിച്ച് കേസരി സ്മാരക ട്രസ്റ്റും, പത്രപ്രവർത്തക യൂണിയൻ ജില്ലാകമ്മിറ്റിയും ചേർന്ന് സംഘടിപ്പിച്ച അനുസ്മരണവും, ഫോട്ടോ അനാച്ഛാദനവും ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം. മാദ്ധ്യമപ്രവർത്തകർക്ക് വക്കം മൗലവിയെയും സ്വദേശാഭിമാനിയെയും പോലെ ധൈര്യവും സഹനശക്തിയും വേണം. മാദ്ധ്യമ സേവനം സാധാരണ ജനങ്ങൾക്ക് വേണ്ടിയായിരിക്കണം. വക്കം മൗലവിയുടെ ഛായാചിത്രം ശശി തരൂരും സ്വദേശാഭിമാനിയുടേത് വക്കം മൗലവിയുടെ ചെറുമകൻ എ.സുഹൈറും അനാച്ഛാദനം ചെയ്തു.



## പി.സി. ജോർജിനോട് എത്തിക്സ് കമ്മിറ്റി വിശദീകരണം തേടും

തിരുവനന്തപുരം: ബിഷപ്പ് പീഡിപ്പിച്ച കന്യാസ്ത്രീയെ അധിക്ഷേപിച്ച പി.സി. ജോർജിനോട് വിശദീകരണം തേടാൻ നിയമസഭയുടെ പ്രിവിലേജസ് ആൻഡ് എത്തിക്സ് കമ്മിറ്റി തീരുമാനിച്ചു. ജോർജ് കൂടി അംഗമായ നിയമസഭാ സമിതി ഇന്നലെ ജോർജിനെ മാറ്റിനിറുത്തിയാണ് വിഷയം ചർച്ച ചെയ്തതെന്നാണ് വിവരം. സംസ്ഥാന വനിതാ കമ്മിഷൻ സ്പീക്കർക്ക് നൽകിയ പരാതിയാണ് ഇന്നലെ എ. പ്രദീപ് കുമാർ അദ്ധ്യക്ഷനായ നിയമസഭാസമിതി ചർച്ചയ്ക്കെടുത്തത്. ഒറ്റ വരി പരാതിയായതിനാൽ കൂടുതൽ വിശദാംശങ്ങൾ സമർപ്പിക്കാൻ വനിതാ കമ്മിഷൻ അദ്ധ്യക്ഷയോടും സമിതി ആവശ്യപ്പെട്ടും. പുറമേ പി.സി. ജോർജ് നടത്തിയ അധിക്ഷേപ പരാമർശങ്ങൾ സംബന്ധിച്ച പത്രവാർത്തകളുടെ കട്ടിംഗുകളും ഓഡിയോ, വീഡിയോ ക്ലിപ്പിംഗുകളും സമിതി സ്വമേധയാ പരിശോധിക്കും. ഒക്ടോബർ നാലിന് വീണ്ടും സമിതി ചേരുന്നുണ്ട്. തുടർനടപടികൾ ആ യോഗത്തിലുണ്ടായേക്കും. മൂവാറ്റുപുഴ എം.എൽ.എ എൽദോ എബ്രഹാം മൂവാറ്റുപുഴ എസ്.ഐക്കെതിരെ നൽകിയ പരാതിയും സമിതിയുടെ മുന്നിലുണ്ട്.

## കെ.വി. തോമസ് നഗര വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ

ന്യൂഡൽഹി: കേന്ദ്ര നഗരവികസന സ്റ്റാൻഡിംഗ് കമ്മിറ്റിയിലേക്ക് പ്രൊഫ. കെ.വി.തോമസ് എ.പിയെ ലോക്സഭ സ്പീക്കർ നോമിനേറ്റ് ചെയ്തു. സ്മാർട്ട്സിറ്റി, മെട്രോ തുടങ്ങിയ വിവിധ വികസന പദ്ധതികൾ കൈകാര്യംചെയ്യുന്ന നഗരാസൂത്രണവുമായി ബന്ധപ്പെട്ട പ്രധാന പാർലമെന്ററി കമ്മിറ്റിയാണ്. 31 അംഗ സമിതിയുടെ ചെയർമാൻ പിനാക്കി മിശ്രയാണ്. കേരളത്തിൽ നിന്നുള്ള ഏക അംഗമാണ് കെ.വി. തോമസ്.

## ക്രമസമാധാനം: 17 അഡി.എസ്.പിമാരെ നിയമിക്കാൻ ശുപാർശ

തിരുവനന്തപുരം: ക്രമസമാധാന ചുമതല ഏകോപിപ്പിക്കാൻ ജില്ലകളിൽ പൊലീസ് മേധാവിക്കു താഴെ 17 അഡി.എസ്.പിമാരെ നിയമിക്കാൻ ആഭ്യന്തരവകുപ്പ് സർക്കാരിന് ശുപാർശ നൽകി. അടുത്തിടെ സ്റ്റേഷൻ ചുമതല സി.ഐമാർക്ക് കൈമാറിയിരുന്നു. സ്റ്റേഷൻ ചുമതലയുടെ ഏകോപനം വഹിക്കുകയും ജില്ലാ പൊലീസ് മേധാവിമാരുടെ ജോലിഭാരം കുറയ്ക്കുകയുമാണ് അഡി.എസ്.പിമാരുടെ ചുമതല. 17 സീനിയർ ഡിവൈ.എസ്.പിമാർക്കാകും സ്ഥാനക്കയറ്റം ലഭിക്കുക. ഇവരുടെ പട്ടിക ആഭ്യന്തരവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ പൊലീസ് മേധാവിമാർക്ക് കീഴിൽ രണ്ട് വീതം അഡി. എസ്.പിമാരെ നിയോഗിക്കണമെന്നായിരുന്നു ഡി.ജി.പി ലോക്നാഥ് ബെഹറയുടെ ശുപാർശ. ഇത് ആഭ്യന്തര വകുപ്പ് അംഗീകരിച്ചില്ല. അഡി.എസ്.പിമാരുടെ തസ്തിക സൃഷ്ടിക്കാൻ മന്ത്രിസഭായോഗം തീരുമാനമെടുക്കണം.

## സഖ്യ തീരുമാനം കേന്ദ്ര കമ്മിറ്റിക്ക്

ന്യൂഡൽഹി: ഉടൻ തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിലെ സഖ്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നത് കേന്ദ്ര കമ്മിറ്റിക്കു വിടാൻ ഇന്നലെ ഡൽഹിയിൽ ചേർന്ന സി.പി.എം പോളിറ്റ് ബ്യൂറോ യോഗം തീരുമാനിച്ചു. ഛത്തീസ്ഗഡ്, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിലെ പ്രാദേശിക സാഹചര്യങ്ങൾ കണക്കിലെടുത്തായിരിക്കും സഖ്യങ്ങളിൽ ഏർപ്പെടുക.

## മുഖ്യമന്ത്രി രാജ്നാഥ് സിംഗിനെ കണ്ടു

ന്യൂഡൽഹി: പ്രളയ പുനരധിവാസത്തിനായി ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് കൂടുതൽ തുക ലഭിക്കാൻ ആവശ്യമായ ഇളവുകൾ നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗിനെ കണ്ട് അഭ്യർത്ഥിച്ചു. ദുരിതാശ്വാസ നിധിയിൽ നിന്ന് 4,796 കോടി രൂപയുടെ അധിക സഹായം അനുവദിക്കാൻ ഇടപെടണമെന്ന് മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പ്രധാനമന്ത്രിയെ കണ്ട് അഭ്യർത്ഥിച്ചിരുന്നു.

## സൈബർ ആക്രമണം മാനഭംഗത്തേക്കാൾ ഭീകരം: വനിതാകമ്മിഷൻ

കോഴിക്കോട്: ബലാത്സംഘത്തേക്കാൾ ഭീകരമാണ് സ്ത്രീകൾക്കെതിരേയുള്ള സൈബർ ആക്രമണമെന്ന് വനിതാ കമ്മീഷൻ ചെയർപേഴ്സൺ എം.സി.ജോസഫൈൻ പറഞ്ഞു. സൈബർ ആക്രമണത്തിന് ഉപയോഗിക്കുന്ന ഭാഷാപ്രയോഗങ്ങൾ അസഹനീയമാണെന്ന് അവർ പറഞ്ഞു. സമൂഹമാദ്ധ്യമത്തിൽ അധിക്ഷേപിച്ചുകൊണ്ട് പോസ്റ്റിട്ടതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കു മറുപടി പറയുകയായിരുന്നു എം.സി ജോസഫൈൻ.

## കർശന നിയമം വേണം

# കാറിൽ കുഞ്ഞ് സീറ്റ് വാങ്ങണം

■ കുട്ടി സീറ്റ് വാങ്ങി ഘടിപ്പിക്കാം ■ മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥ വേണം

▸ കോവളം സതീഷ്കുമാർ

തിരുവനന്തപുരം: കാറുകളിൽ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനുള്ള നിയമത്തിന്റെ അഭാവവും നമ്മൾ ചില കാര്യങ്ങൾ ശ്രദ്ധിക്കാത്തതുമാണ് ഇവിടെ കാറപകടങ്ങളിൽ കുട്ടികൾക്ക് ദുരന്തം ഉണ്ടാകുന്നതിന് കാരണം. വിഖ്യാത വയലിനിസ്റ്റ് ബാലഭാസ്കറിന്റെ മകൾ തേജസ്വിനി ബാലയുടെ ദാരുണാന്ത്യവും വിരൽ ചൂണ്ടുന്നത് ഇതിലേക്കാണ്.

വിദേശരാജ്യങ്ങളിൽ കുട്ടികളെ കാറിന്റെ മുൻ സീറ്റിൽ ഇരുത്താൻ പാടില്ലെന്നും കുട്ടികൾക്ക് സുരക്ഷ നൽകുന്ന ചൈൽഡ് റീസ്ട്രെയിന്റ് സീറ്റ് വേണമെന്നും കർശന വ്യവസ്ഥയുണ്ട്. നമ്മുടെ മോട്ടോർ വാഹന നിയമത്തിൽ അങ്ങനൊരു വ്യവസ്ഥ ഇല്ല. ഇവിടെ മുൻ സീറ്റ് യാത്രക്കാർക്കു മാത്രമാണ് സീറ്റ് ബെൽറ്റ് തന്നെ നിർബന്ധമാക്കിയിട്ടുള്ളത്. ചിലർക്ക് അത് പോലും അഭിമാനക്കുറവാണ്!

കുവൈറ്റിൽ കുഞ്ഞുങ്ങളെ മടിയിരുത്തി വാഹനം ഓടിച്ചാൽ പിഴ അടയ്ക്കണം. 13 വയസു വരെയുള്ള കുട്ടികൾക്ക് മുൻ സീറ്റിൽ യാത്ര വിലക്കിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ ടാക്സികളിൽ ചൈൽഡ് സീറ്റ് നിർബന്ധമാണ്. ഇന്ത്യയിൽ ഒരു കാർ കമ്പനിയും ചൈൽഡ് സീറ്റ് സ്റ്റാൻഡേർഡായി ഉൾപ്പെടുത്തിയിട്ടില്ല. നിയമം ഇല്ലാത്തതാണ് കാരണം. ചൈൽഡ് റീസ്ട്രെയിന്റ് സീറ്റും അത് ഘടിപ്പിക്കാനുള്ള ഐസോഫിക്സ് മൗണ്ടും വാങ്ങാൻ കിട്ടും. കുഞ്ഞുങ്ങളുടെ സുരക്ഷയ്ക്ക് അത് ഘടിപ്പിക്കാവുന്നതാണ്.

■ **മുൻ സീറ്റിൽ ഇരുന്നാൽ**

കുഞ്ഞ് മുൻ സീറ്റിലിരുന്നാൽ അപകടിൽ മുന്നോട്ടു തെറിച്ച് ഗ്ലാസിലോ ഡാഷ് ബോർഡിലോ ഇടിക്കും. എയർബാഗ് തുറക്കുമ്പോൾ കുട്ടി ശ്വാസംമുട്ടി മരിക്കാം. പിന്നിൽ സീറ്റ്ബെൽറ്റിട്ട് ഇരുത്തിയാൽ ചരിയുമ്പോൾ കഴുത്തിൽ കുരുങ്ങാം.

■ **3000 മുതൽ 10000 വരെ**

ചൈൽഡ് സീറ്റിന് 3000 - 10,000 രൂപയാണ് വില. പിൻസീറ്റിൽ ചൈൽഡ് സീറ്റ് ഉറപ്പിക്കുന്നതാണ് സുരക്ഷിതം. കുട്ടികൾക്ക് സുഖമായിരുന്ന് ഉറങ്ങാം. കളിപ്പാട്ടം വച്ച് കളിക്കാം



കുട്ടി സീറ്റ്

### അമേരിക്കൻ നിയമം

■ ഒരു വയസിൽ താഴെ പ്രായവും 20 പൗണ്ട് വരെ ഭാരവും ഉള്ള കുട്ടികളെ പിൻ സീറ്റിൽ പിറകോട്ട് ഘടിപ്പിച്ച ചൈൽഡ് റിസ്ട്രെയിന്റ് സീറ്റിൽ ഇരുത്തണം

■ തുടർന്ന് എട്ട് വയസു വരെ, 80 പൗണ്ടിലേറെ ഭാരവും 4 അടി 9 ഇഞ്ചിലേറെ ഉയരവുമുള്ള കുട്ടികളെ ബൂസ്റ്റർ സീറ്റിൽ ഇരുത്തണം

## ചലച്ചിത്രമേള: മന്ത്രി ബാലൻ ഇന്ന് മുഖ്യമന്ത്രിയെ കാണും

തിരുവനന്തപുരം: അന്താരാഷ്ട്ര ചലച്ചിത്രമേള നടത്തുന്നതിന് സർക്കാർ സഹായം തേടി മന്ത്രി എ. കെ. ബാലൻ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയനെ കാണും. ഇപ്പോഴത്തെ സാമ്പത്തിക നിലയിൽ അക്കാഡമി സ്വന്തം നിലയ്ക്ക് മേള നടത്താനാണ് മുഖ്യമന്ത്രി അനുവാദം നൽകിയിട്ടുള്ളത്. അതേസമയം പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ ലഭ്യമായാലേ മേള നടത്താൻ കഴിയൂ എന്ന നിലപാടിലാണ് ബാലൻ.

ചർച്ചയിൽ ഉണ്ടാകുന്ന തീരുമാനത്തെ അടിസ്ഥാനമാക്കിയായിരിക്കും ഭാവി പരിപാടികൾ ചലച്ചിത്ര അക്കാഡമി ആസൂത്രണം ചെയ്യുക. ഇതിനായി വെള്ളിയാഴ്ച ഭരണസമിതി യോഗം ചേരും. മേള നടത്തണമെന്ന് നേരത്തെ സംവിധായകൻ അടൂർ ഗോപാലകൃഷ്ണനും മുഖ്യമന്ത്രിയെ കണ്ട് ആവശ്യപ്പെട്ടിരുന്നു.

## പ്രധാന കേസുകളുടെ അന്തിമവാദം സംപ്രേഷണം ചെയ്യും

# തത്സമയം സുപ്രീംകോടതി

▸ സ്വന്തം ലേഖകൻ



ന്യൂഡൽഹി: ദേശീയ, ഭരണഘടനാ പ്രധാന്യമുള്ള കേസുകളുടെ അന്തിമവാദം തത്സമയം സംപ്രേഷണം ചെയ്യാൻ സുപ്രീം കോടതി തീരുമാനിച്ചു. കോടതിയുടെ മുൻകൂർ അനുമതിയോടെയായിരിക്കും സംപ്രേഷണം ചെയ്യുക.

ആദ്യഘട്ടത്തിൽ ഇത് പൊതുജനങ്ങൾക്ക് ലഭ്യമാവില്ല. കോടതിയിലുള്ള അഭിഭാഷകർക്കും കക്ഷികൾക്കും മാദ്ധ്യമപ്രവർത്തകർക്കും ഉപാധികളോടെയാവും സംപ്രേഷണം. മീഡിയ റൂം, സുപ്രീംകോടതി ബാർ അസോസിയേഷൻ ലൗഞ്ച്, അഡ്വക്കേറ്റ് ഓൺ റെക്കാർഡ്സ് അസോസിയേഷൻ ലൗഞ്ച് എന്നിവിടങ്ങളിലും അറ്റോർണി ജനറൽ, സോളിസിറ്റർ ജനറൽ, അഡിഷണൽ സോളിസിറ്റർ ജനറൽ എന്നിവരുടെ ഓഫീസിലുമാണ് നടപടികൾ കാണാനുള്ള അവസരം. പത്തു മിനിട്ട് വൈകിയായിരിക്കും സംപ്രേഷണം കാണാനാവുക.

ചീഫ്ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ബെഞ്ചിന്റേതാണ് തീരുമാനം. കോടതി നടപടികളുടെ സുതാര്യത ഉറപ്പാക്കാനാണ് നടപടി.

സൂര്യപ്രകാശമാണ് ഏറ്റവും നല്ല അണുനാശിനിയെന്ന പ്രസ്താവനയോടെയാണ് കോടതി വിധി പറഞ്ഞത്. തത്സമയ സംപ്രേഷണം ആവശ്യപ്പെട്ട് പ്രമുഖ അഭിഭാഷക ഇന്ദിര ജയ്സിംഗും നിയമവിദ്യാർത്ഥി സ്വപ്നിൽ ത്രിപാഠിയും നൽകിയ ഹർജികൾ അനുവദിച്ചാണ് നടപടി. സംപ്രേഷണത്തിന് അറ്റോർണി ജനറൽ കെ.കെ വേണുഗോപാൽ മാർഗനിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു.

### വ്യവസ്ഥകൾ

■ കേസിലെ എല്ലാ കക്ഷികൾക്കുംയോജിപ്പുണ്ടെങ്കിലേ സംപ്രേഷണം പാടുള്ളൂ.

■ ഏതെങ്കിലും കക്ഷിക്ക് എതിർപ്പുണ്ടെങ്കിൽ കോടതി അവരെക്കൂടി കേട്ട ശേഷമേ അന്തിമ തീരുമാനമെടുക്കാവൂ.

■ ഏതെങ്കിലും ഭാഗം കാണിക്കേണ്ടെന്ന് കോടതിക്ക് തോന്നിയാൽ എഡിറ്റ് ചെയ്ത് നീക്കാം.

■ സംപ്രേഷണത്തിന് ദൂരദർശൻ പോലുള്ള സർക്കാർ ഏജൻസികളെ ഉപയോഗിക്കണം.

■ വിദഗ്ദ്ധരായ കാമറാമാൻമാരെ നിയമിക്കണം.

■ ജഡ്ജിമാരെയും വാദിക്കുന്ന അഭിഭാഷകരെയും മാത്രമേ കാണിക്കാവൂ.

■ വാദത്തിനിടെ ജഡ്ജിമാർ തമ്മിലുള്ള സംഭാഷണങ്ങൾ, അഭിഭാഷകരും കക്ഷികളും തമ്മിലുള്ള ആശയ വിനിമയം എന്നിവ കാണിക്കില്ല.

■ കോടതി നടപടിയുടെ ദൃശ്യങ്ങൾ പുനഃസംപ്രേഷണം ചെയ്യുന്നതും മറ്റു രൂപത്തിലുള്ള ഉപയോഗവും കോടതി വിലക്കിയിട്ടുണ്ട്.

■ അത്തരം നടപടികൾ പകർപ്പ് അവകാശ നിയമത്തിന്റെ ലംഘനവും കോടതിയലക്ഷ്യവുമായിരിക്കും

## സാലറി ചലഞ്ച് വിസമ്മതപത്രം വ്യവസ്ഥ പുനഃപരിശോധിക്കുമോ: ഹൈക്കോടതി

കൊച്ചി: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു മാസത്തെ ശമ്പളം നൽകാനാവാത്തവർ വിസമ്മതപത്രം നൽകണമെന്ന സാലറി ചലഞ്ച് ഉത്തരവിലെ വ്യവസ്ഥ ഉചിതമല്ലെന്നും സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുമോയെന്നും ഹൈക്കോടതി ആരാഞ്ഞു. സർക്കാരിന്റെ നിലപാട് തേടി ഇക്കാര്യം അറിയിക്കാമെന്ന് കോടതിയിൽ ഹാജരായ അഡ്വക്കേറ്റ് ജനറൽ വ്യക്തമാക്കി. ഇതു കണക്കിലെടുത്ത ഡിവിഷൻ ബെഞ്ച് ഒക്ടോബർ മൂന്നിന് ഹർജി വീണ്ടും പരിഗണിക്കാൻ മാറ്റി.

ഉത്തരവിനെതിരെ കേരള എൻ.ജി.ഒ സംഘ് നേരത്തെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചിരുന്നു. എന്നാൽ സ്റ്റേ ചെയ്യാൻ ട്രൈബ്യൂണൽ വിസമ്മതിച്ചു. തുടർന്നാണ് ഇവർ ഹൈക്കോടതിയെ സമീപിച്ചത്. വിസമ്മതപത്ര വ്യവസ്ഥ ഒരുതരത്തിലുള്ള നിർബന്ധിക്കലാണെന്ന് ഡിവിഷൻ ബെഞ്ച് വാക്കാൽ പറഞ്ഞു. പ്രളയ ദുരിതാശ്വാസത്തിനായി ഒരുമാസത്തെ ശമ്പളം സർക്കാർ ജീവനക്കാർ സംഭാവനയായി നൽകണമെന്നാണ് മുഖ്യമന്ത്രി അഭ്യർത്ഥിച്ചത്. ആരെയും നിർബന്ധിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. ആ ഉറപ്പിന് വിരുദ്ധമാണ് സർക്കാർ ഉത്തരവിലെ വിസമ്മത പത്രമെന്ന വ്യവസ്ഥ. മഹത്തായ ലക്ഷ്യത്തെ പരിമിതപ്പെടുത്താനേ ഇതുപകരിക്കൂ. സംഭാവന നൽകാൻ താത്പര്യമുള്ളവരുടെ സമ്മതപത്രമല്ലേ തേടേണ്ടിയിരുന്നതെന്നും ഡിവിഷൻ ബെഞ്ച് വാക്കാൽ ചോദിച്ചു.

ഉദ്യോഗസ്ഥരെ സംഭാവന നൽകാൻ നിർബന്ധിക്കുന്നില്ലെന്നും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നവർക്ക് പലതരം ഇളവുകൾ അനുവദിച്ചിട്ടുണ്ടെന്നും അഡ്വക്കേറ്റ് ജനറൽ വിശദീകരിച്ചു. അസാധാരണമായ സംഭവമാണ് കേരളത്തിലുണ്ടായത്. ഇതിനെ മറികടക്കാൻ അസാധാരണമായ നടപടിയാണ് വേണ്ടത്. നികുതി പിരിവിലുമൊക്കെ ഇത്തരം നടപടി സ്വീകരിക്കുന്നുണ്ടെന്നും എ.ജി വ്യക്തമാക്കി. പണം നൽകിയ ജീവനക്കാരുടെയോ പണം നൽകാത്ത ജീവനക്കാരുടെയോ പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്ന് ഡിവിഷൻ ബെഞ്ച് ചോദിച്ചെങ്കിലും ഇല്ലെന്നായിരുന്നു മറുപടി. തുടർന്നാണ് വിസമ്മതപത്രം നൽകണമെന്ന വ്യവസ്ഥ പുനഃപരിശോധിക്കുന്നുണ്ടോ എന്ന് ഹൈക്കോടതി ആരാഞ്ഞത്. സഹകരണ സംഘങ്ങളിലെ ജീവനക്കാർ ദുരിതാശ്വാസ നിധിയിലേക്ക് ശമ്പളം നൽകണമെന്ന സർക്കുലറിനെതിരെ കേരള കോ ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട് കോതമംഗലം താലൂക്ക് കമ്മിറ്റി പ്രസിഡന്റ് പി.എ യൂസഫ് ഉൾപ്പെടെ നൽകിയ ഹർജി മറ്റൊരു ഡിവിഷൻ ബെഞ്ച് ഇന്ന് വാദം തുടരാനായി മാറ്റി.

## ഫ്രാങ്കോ മുളയ്ക്കലിന്റെ കന്യാസ്ത്രീ പീഡനം

# കത്തോലിക്കാ സഭയിൽ കലഹം

കോട്ടയം: കന്യാസ്ത്രീയെ പീഡിപ്പിച്ച കേസിൽ ജയിലിലായ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെച്ചൊല്ലി കത്തോലിക്കാ സഭയിൽ കലഹം.

ബിഷപ്പിനെതിരെ മൊഴി നൽകാൻ കന്യാസ്ത്രീകളെ അന്വേഷണ സംഘം നിർബന്ധിക്കുന്നുവെന്നാരോപിച്ച് മിഷനറീസ് ഒഫ് ജീസസും കന്യാസ്ത്രീകളുടെ തെരുവ് സമരത്തെ വിമർശിച്ച കെ.സി.ബി.സിയെ തള്ളിപ്പറഞ്ഞ് സേവ് ഔവർ സിസ്റ്റേഴ്സ് ആക്ഷൻ കൗൺസിലും രംഗത്തെത്തി.

ജയിലിലായ ബിഷപ്പിനുവേണ്ടി മിഷനറീസ് ഒഫ് ജീസസ് ഇന്നലെ കൂട്ട പ്രാർത്ഥനയും നടത്തി.

മഠങ്ങളിൽ അസമയത്ത് തങ്ങുന്ന പൊലീസ്, ഭീഷണിപ്പെടുത്തി ബിഷപ്പിനെതിരെ കന്യാസ്ത്രീകളുടെ മൊഴി എഴുതി വാങ്ങിക്കുന്നു, മൊഴി നൽകാത്തവരെ കൂട്ടു പ്രതിയാക്കുമെന്ന് ഭീഷണിപ്പെടുത്തുന്നു തുടങ്ങിയവയാണ് മിഷനറീസ് ഒഫ് ജീസസ് കോൺഗ്രിഗേഷന്റെ ആരോപണം.

കുറവിലങ്ങാട് മഠത്തിൽ പല ദിവസങ്ങളിലും പുലർച്ചെ രണ്ടുമണി വരെ അന്വേഷണ ഉദ്യോഗസ്ഥർ തങ്ങുന്നുണ്ടെന്ന് അവർ പറയുന്നു. ബിഷപ്പിനെതിരെ തെളിവുകൾ ഉണ്ടാക്കാനുള്ള ഗൂഢനീക്കത്തിന്റെ ഭാഗമാണിത്. സത്യം പറയാൻ മുന്നോട്ടുവന്ന പല സഭാംഗങ്ങളും അന്വേഷണ ഉദ്യോഗസ്ഥരുടെ ഈ സമീപനം മൂലം മാനസികബുദ്ധിമുട്ടിലാണെന്നും പലരും ചികിത്സ തേടിയതായും മദർ ജനറൽ സിസ്റ്റർ എം.ജെ. റജീന പറഞ്ഞു.



### രണ്ട് കേസുകൾ ക്രൈംബ്രാഞ്ചിന്

അതേസമയം ഫ്രാങ്കോ മുളയ്ക്കൽ പ്രതിയായ ബലാത്സംഗ കേസിൽ കന്യാസ്ത്രീയെ സ്വാധീനിക്കാൻ ശ്രമിച്ച ഫാ.ജയിംസ് എർത്തയിൽ, ഇരയുടെ ചിത്രം പ്രചരിപ്പിച്ച മിഷനറീസ് ഒഫ് ജീസസ് പി.ആർ.ഒ സിസ്റ്റർ അമല എന്നിവർക്കെതിരായ കേസുകൾ ക്രൈംബ്രാഞ്ചിന് വിട്ടു. കേസ് പിൻവലിച്ചാൽ പത്തേക്കർ ഭൂമിയും മഠവും നൽകാമെന്നായിരുന്നു ഫാദർ എർത്തയിൽ കന്യാസ്ത്രീക്ക് നൽകിയ വാഗ്ദാനം. ബിഷപ്പിനെ ന്യായീകരിച്ച് മിഷനറീസ് ഒഫ് ജീസസ് ഇറക്കിയ വാർത്താകുറിപ്പിൽ കന്യാസ്ത്രീയുടെ ചിത്രം നൽകിയതിനാണ് സിസ്റ്റർ അമലയ്ക്കെതിരെ കേസ്. വൈക്കം ഡിവൈ. എസ്.പിക്ക് ബിഷപ്പിനെതിരായ കേസിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് അനുബന്ധ കേസുകൾ ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചതെന്നാണ് ജില്ലാ പൊലീസ് മേധാവിയുടെ വിശദീകരണം.

കന്യാസ്ത്രീകളുടെ സമരത്തെ എതിർത്ത കെ.സി.ബി.സിയെ സേവ് ഔവർ സിസ്റ്റേഴ്സ് ആക്ഷൻ കൗൺസിൽ വിമർശിച്ചു. നീതിക്കായി തെരുവിലിറങ്ങിയവരല്ല, അനീതി മറച്ചു പിടിക്കുന്നവരാണ് സഭയുടെ അന്തസിന് കളങ്കമുണ്ടാക്കിയത്. പിതാവിനു തുല്യം സ്നേഹിച്ച വ്യക്തിയിൽ നിന്ന് ദുരനുഭവമുണ്ടായ സ്ത്രീയുടെ മനസ്സു കാണാൻ സഭ ശ്രമിക്കുന്നില്ലെന്നും സേവ് ഔവർ സിസ്റ്റേഴ്സ് ആക്ഷൻ കൗൺസിൽ കുറ്റപ്പെടുത്തി.

### കന്യാസ്ത്രീകൾ മുഖ്യമന്ത്രിയെ കണ്ടു

ന്യൂഡൽഹി: കന്യസ്ത്രീയുടെ പരാതിയിൽ അറസ്റ്റു ചെയ്യപ്പെട്ട ഫ്രാങ്കോ മുളയ്ക്കലിനെ കള്ളക്കേസിൽ കുടുക്കിയതാണെന്ന് ചൂണ്ടിക്കാട്ടി ജലന്ധറിലെ മിഷണറീസ് ഓഫ് ജീസസ് കന്യാസ്ത്രീ സമൂഹത്തിലെ അംഗങ്ങൾ ഡൽഹിയിൽ മുഖ്യമന്ത്രി പിണറായി വിജയനെ കണ്ട് പരാതി നൽകി. 17 കന്യസ്ത്രീകളുടെ സംഘം മുഖ്യമന്ത്രിയെ കണ്ട ശേഷം കേരളത്തിലേക്ക് തിരിച്ചു. ഫ്രാങ്കോയെ ജയിലിൽ സന്ദർശിക്കുകയാണ് ലക്ഷ്യം.

പോളിറ്റ് ബ്യൂറോ യോഗത്തിൽ പങ്കെടുക്കാൻ ഡൽഹിയിലെത്തിയ മുഖ്യമന്ത്രിയെ കേരള ഹൗസിൽ കാണാൻ ജലന്ധറിൽ നിന്ന് അഞ്ചു വണ്ടികളിലായാണ് 17 കന്യാസ്ത്രീകൾ എത്തിയത്. നിരപരാധിയായ ഫ്രാങ്കോ മുളയ്ക്കലിനെതിരെ പൊലീസ് പക്ഷപാതപരമായി പെരുമാറുന്നുവെന്ന് അവർ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ ആരോപിക്കുന്നു.

### അപമാനിക്കുന്നത് സഭാനേതൃത്വം: എസ്.ഒ.എസ്

കൊച്ചി: കത്തോലിക്കാസഭ പൊതുസമൂഹത്തിൽ നേരിടേണ്ടിവന്ന ദുഃഖകരമായ അവസ്ഥയ്ക്ക് സഭാനേതൃത്വം തന്നെയാണ് ഉത്തരവാദികളെന്ന് സേവ് ഔവർ സിസ്റ്റേഴ്സ് (എസ്.ഒ.എസ്) ആക്ഷൻ കൗൺസിൽ കൺവീനർ ഫാ. അഗസ്റ്റിൻ വട്ടോളി പറഞ്ഞു. സമരം ചെയ്ത കന്യാസ്ത്രീകളും വൈദികരും സഭയെ തകർക്കാൻ ശ്രമിക്കുന്നവർക്ക് വഴിയൊരുക്കിയെന്ന കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസ്താവനയോട് യോജിപ്പില്ലെന്നും ഫാ. അഗസ്റ്റിൻ വട്ടോളി വാർത്താക്കുറിപ്പിൽ പറഞ്ഞു. കുറ്റവാളികളെ ന്യായീകരിച്ച് സഭയെയും വിശ്വാസികളെയും അപമാനിക്കാൻ സഭാനേതൃത്വം ശ്രമിക്കരുത്. അധികാരം കൊണ്ട് അനീതി മറയ്ക്കാൻ ശ്രമിക്കുന്നവരാണ് സഭയുടെ അന്തസിന് കോട്ടം വരുത്തുന്നത്. കന്യാസ്ത്രീകളെ സമരത്തിലേക്ക് നയിച്ച സാഹചര്യത്തെക്കുറിച്ച് സഭ മൗനം പാലിക്കുന്നത് അർത്ഥഗർഭമാണെന്നും വിശ്വാസപ്രമാണങ്ങളെയോ സഭയേയോ തരംതാഴ്ത്തുന്ന ഒന്നിനെയും എസ്.ഒ.എസ് അംഗീകരിക്കില്ലെന്നും അഗസ്റ്റിൻ വട്ടോളി പറഞ്ഞു.

## ട്രെയിനിലെ തിരക്ക് അറിയണോ ? സ്ത്രീകൾ സ്ക്വാഡിൽ പോയാൽ...

തിരുവനന്തപുരം: 'സാലറി ചലഞ്ച്' വിജയിപ്പിക്കാൻ ഭരണകക്ഷി യൂണിയനുകൾ സ്വയം തയ്യാറാക്കിയ സമ്മതപത്രത്തിൽ ജീവനക്കാരെ നിർബന്ധിച്ച് ഒപ്പിടുവിച്ച് വാങ്ങുന്നതായി പരാതി ഉയരുന്നു. സ്ത്രീ ജീവനക്കാരെ പോലും സ്ഥലം മാറ്റുമെന്നും ദുഷ്കരമായ ദൗത്യങ്ങൾ ഏൽപ്പിക്കുമെന്നും മറ്റുമുള്ള പരോക്ഷ ഭീഷണികൾ മുഴക്കിയാണത്രേ സമ്മത പത്രം വാങ്ങുന്നത്.

യൂണിയൻ നേതാക്കളുടെ അഭ്യർത്ഥന ചെവിക്കൊള്ളാത്തവരോട് പിന്നീട് ഭീഷണിയുടെ സ്വരത്തിലാണ് സംസാരമെന്നും പരാതി ഉണ്ട്. ഒരു ജീവനക്കാരിയോട് 'ട്രെയിനിലെ തിരക്ക് അനുഭവിച്ചിട്ടുണ്ടോ' എന്നായിരുന്നു ചോദ്യം. ദൂരെ സ്ഥലത്തേക്ക് സ്ഥലം മാറ്റുമെന്നായിരുന്ന ചോദ്യത്തിന്റെ അർത്ഥം. ചരക്കു സേവന നികുതി കമ്മിഷണറേറ്റിലെ ജീവനക്കാരിയോട് ചോദിച്ചത് 'സ്ത്രീകൾ സ്ക്വാഡിൽ പോയാലുള്ള ബുദ്ധിമുട്ട് അറിയാമല്ലോ' എന്നായിരുന്നു. അസ്ഥിരരായ ജീവനക്കാരെ പോലും സമ്മർദ്ദം ചെലുത്തി സമ്മതപത്രത്തിൽ വിരലടയാളം പതിപ്പിക്കുന്നുണ്ടത്രേ.

നേരത്തെ 'നോ' കൊടുത്തവരിൽ നിന്നും അല്ലാത്തവരിൽ നിന്നും നിർബന്ധിച്ച് സമ്മത പത്രം വാങ്ങി നേരിട്ട് ഡി.ഡി.ഒമാർക്ക് നൽകുകയാണ്. ഭരണകക്ഷി യൂണിയനുകൾ എല്ലാ ഓഫീസുകളിലും കയറിയിറങ്ങി നോ പറഞ്ഞവരുടെയും യെസ് പറഞ്ഞവരുടെയും വിവരങ്ങളും ശേഖരിക്കുന്നുണ്ട്. തങ്ങൾ തയ്യാറാക്കിയ അഞ്ച് പോയിന്റുകളുള്ള സമ്മതപത്രമാണ് യൂണിയനുകൾ ജീവനക്കാരിൽ നിന്ന് ശേഖരിച്ചത്. ഇതിൽ സർക്കാർ ഉത്തരവിന് ശേഷം വന്ന ശമ്പള പരിഷ്കരണ കുടിശികയിൽ നിന്ന് സാലറി ചലഞ്ചിന്റെ തുക എടുക്കാമെന്ന ഓപ്ഷനും ഉൾപ്പെടുത്തിയിട്ടുണ്ട്. പത്ത് മാസത്തെ ശമ്പള ഗഡുക്കൾ, ജി.പി.എഫ്, ലീവ് സറണ്ടർ എന്നിവയിൽ ഒന്ന് ജീവനക്കാരൻ നിർദ്ദേശിക്കുന്നതാണ് സമ്മതപത്രം.

## അഭിലാഷ് ടോമി സുഖം പ്രാപിക്കുന്നു; ആരോഗ്യം ഭദ്രം

▸ പ്രത്യേക ലേഖകൻ

കൊച്ചി: ലോകം ചുറ്റുന്ന മത്സരയാത്രയ്ക്കിടെ പായ്‌വഞ്ചി അപകടത്തിൽപ്പെട്ട് പരിക്കേറ്റ മലയാളി നാവികൻ കമാൻഡർ അഭിലാഷ് ടോമി സുഖം പ്രാപിക്കുന്നു. ആംസ്റ്റർഡാമിൽ ചികിത്സയിൽ കഴിയുന്ന അഭിലാഷിന്റെ ആരോഗ്യനില ഭദ്രമാണെന്ന് നാവികസേന അറിയിച്ചു.

ഇന്ത്യൻ മഹാസമുദ്രത്തിൽ മൂന്നു ദിവസം കുടുങ്ങിക്കിടന്ന അദ്ദേഹത്തെ ഫ്രഞ്ച് കപ്പലാണ് രക്ഷിച്ച് ആസ്ട്രേലിയയ്ക്ക് സമീപം ആംസ്റ്റർഡാമിലെത്തിച്ചത്. പ്രത്യേക മെഡിക്കൽ സംഘം വിശദമായി പരിശോധിച്ചു. എക്സ്റേ ഉൾപ്പെടെ പരിശോധനകളിൽ ഗുരുതരമായ പരിക്കുകളില്ലെന്ന് കണ്ടെത്തി. അദ്ദേഹം വേഗത്തിൽ സുഖം പ്രാപിക്കുകയാണെന്നും നാവികസേന അറിയിച്ചു. മെഡിക്കൽ സംഘത്തിന്റെ നിരീക്ഷണത്തിലുള്ള അഭിലാഷിനെ വിദഗ്ദ്ധ ചികിത്സയ്ക്ക് മാറ്റുന്നതിനെക്കുറിച്ച് തീരുമാനിച്ചിട്ടില്ല. നാവികസേനാ ഉപമേധാവി വൈസ് അഡ്മിറൽ അജിത്കുമാർ പി. അഭിലാഷുമായി ഫോണിൽ സംസാരിച്ചു. ആശങ്ക വേണ്ടെന്ന് അഭിലാഷ് അറിയിച്ചു.

ഒറ്റയ്ക്ക് ലോകം ചുറ്റുന്ന ഗോൾഡൻ ഗ്ലോബ് മത്സരത്തിനിടെയാണ് തുരിയ എന്ന സ്വന്തം വഞ്ചിയുടെ പായ്മരം ഒടിഞ്ഞു മുതുകിൽ വീണ് അഭിലാഷിന് പരിക്കേറ്റത്. തനിയെ എഴുന്നേൽക്കാൻ കഴിയാത്ത സ്ഥിതിയിലായിരുന്ന അദ്ദേഹം. തുരിയയിലെ സംവിധാനം വഴി നൽകിയ സന്ദേശത്തിലൂടെയാണ് ആസ്ട്രേലിയയിലെ പെർത്ത് തുറമുഖത്തു നിന്ന് 3,704 കിലോമീറ്റർ അകലെയുണ്ടായ അപകടവിവരം യാത്രയുടെ സംഘാടകർ അറിഞ്ഞത്. ഇന്ത്യൻ നാവികസേനയുടെ വിമാനമാണ് അപകടസ്ഥലം കണ്ടെത്തിയത്. തുടർന്ന് ഫ്രഞ്ച് കപ്പലെത്തി അദ്ദേഹത്തെ രക്ഷിച്ച് കരയ്ക്കെത്തിക്കുകയായിരുന്നു.

> **നന്ദി, എല്ലാവർക്കും...**
>
> "കടൽ അവിശ്വസനീയമായ ക്ഷോഭത്തിലായിരുന്നു. ഞാനും എന്റെ ബോട്ട് തുരിയയും പ്രകൃതിയുടെ ശക്തിക്കെതിരെയാണ് പോരാടിയത്. അനുഭവസമ്പത്തും സൈനിക വീര്യവും നാവികപരിശീലനം പകർന്ന് നൽകിയ പോരാടാനുള്ള കരുത്തുമാണ് രക്ഷപ്പെടാൻ കാരണമായത്. ഇന്ത്യൻ നാവികസേനയ്ക്കും എന്നെ രക്ഷിച്ച എല്ലാവർക്കും നന്ദി."
>
> *അഭിലാഷ് ടോമി*


ആംസ്റ്റർഡാമിൽ ചികിത്സയിൽ കഴിയുന്ന അഭിലാഷ് ടോമി

## ബാലഭാസ്കറിന്റെ നില ഗുരുതരമായി തുടരുന്നു

■ ഭാര്യ ലക്ഷ്മി ഗുരുതരാവസ്ഥ തരണം ചെയ്തു
■ കുഞ്ഞിന്റെ സംസ്കാരം പിന്നീട്

തിരുവനന്തപുരം: കാറപകടത്തിൽ പരിക്കേറ്റ വയലിനിസ്റ്റും സംഗീത സംവിധായകനുമായ ബാലഭാസ്കറിന്റെ നില ഗുരുതരമായി തുടരുന്നു. അപകടാവസ്ഥ തരണം ചെയ്ത ശേഷമേ തുടർശസ്ത്രക്രിയയും മറ്റും തീരുമാനിക്കൂ. ഇതിന് മൂന്നു ദിവസമെങ്കിലും വേണ്ടിവരും. അബോധാവസ്ഥയിൽ വെന്റിലേറ്ററിലാണ് ബാലഭാസ്കർ. തലച്ചോറിനും ശ്വാസകോശത്തിനും നട്ടെല്ലിനും സാരമായ ക്ഷതമുണ്ട്. കഴുത്തിലെ ശസ്ത്രക്രിയ വിജയകരമായിരുന്നു. കാലുകൾക്കും ശസ്ത്രക്രിയ വേണം. തലച്ചോറിലെ ക്ഷതം മരുന്നുകളിലൂടെ ഭേദമാക്കാമെന്ന ശുഭാപ്തി വിശ്വാസത്തിലാണ് മെഡിക്കൽ സംഘം.

ഭാര്യ ലക്ഷ്മി വെന്റിലേറ്ററിൽ തുടരുകയാണെങ്കിലും ഗുരുതരാവസ്ഥ തരണംചെയ്തു. ഇടയ്ക്കിടെ ബോധം തെളിയുന്നുണ്ട്. ബോധം സ്ഥിരമായി നിൽക്കുന്നില്ല. ലക്ഷ്മിയേയും അടിയന്തര ശസ്ത്രക്രിയക്ക് വിധേയയാക്കിയിരുന്നു. ഇവരുടെ തലച്ചോറിന് ചതവും എല്ലുകൾക്ക് പൊട്ടലുമുണ്ട്. ആന്തരിക രക്തസ്രാവമുണ്ടായെങ്കിലും നിയന്ത്രണവിധേയമായി. ഡ്രൈവർ അർജ്ജുന്റെ നിലയിലും പുരോഗതിയുണ്ട്. അർജ്ജുൻ ഐ. സി. യുവിലാണ്. ഇയാളുടെ കാലുകളുടെ എല്ലുകൾക്ക് ഗുരുതരമായ പൊട്ടലുണ്ട്. അനന്തപുരി ആശുപത്രിയിലാണ് മൂവരും.

ബാലഭാസ്കറിന്റെയും ലക്ഷ്മിയുടെയും ഏക മകൾ തേജസ്വിനിയുടെ മൃതദേഹം മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം എംബാം ചെയ്ത് അനന്തപുരിയിലെ മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. ബാലഭാസ്കറിനെയും ഭാര്യയേയും കുട്ടിയെ കാണിച്ച ശേഷം സംസ്കാരം നടത്താമെന്നാണ് തീരുമാനം.

## മൂല്യനിർണയത്തിൽ വീഴ്ച വരുത്തിയാൽ 25000 പിഴ: മന്ത്രി ജലീൽ



തിരുവനന്തപുരം: മൂല്യനിർണയത്തിൽ അനാസ്ഥ കാട്ടുന്ന അദ്ധ്യാപകരിൽ നിന്ന് 25000 രൂപ പിഴ ഈടാക്കുമെന്ന് സർവകലാശാല രജിസ്ട്രാർമാരുടെ യോഗത്തിൽ മന്ത്രി കെ.ടി. ജലീൽ പറഞ്ഞു. മൂല്യനിർണയത്തിലെ അപാകത കാരണം വിദ്യാർത്ഥികൾക്ക് അർഹമായ മാർക്ക് ലഭിക്കുന്നില്ലെന്ന പരാതി ഗൗരവമുള്ളതാണ്. ഓപ്പൺ സർവകലാശാല അടുത്തവർഷം ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

കേരള, എം.ജി, കുസാറ്റ്, സംസ്കൃതം, കലിക്കറ്റ്, നവാൽസ്, കണ്ണൂർ, സാങ്കേതിക സർവകലാശാല രജിസ്ട്രാർമാർ യോഗത്തിൽ പങ്കെടുത്തു. വൈസ്ചാൻസലർമാരുടെ യോഗം ഇന്ന് 11.30ന് നടക്കും.



## ബി.ജെ.പിയിലേക്ക് പോകുമെന്ന പ്രചാരണം തെറ്റ്: തേറമ്പിൽ

തൃശ്ശൂർ: മുൻ സ്പീക്കർ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ ബി.ജെ.പിയിൽ ചേരുന്നുവെന്ന പ്രചാരണം തെറ്റാണെന്ന് തേറമ്പിൽ രാമകൃഷ്ണൻ വ്യക്തമാക്കി. ആരാണ് ഇങ്ങനെയൊരു തമാശ ഉണ്ടാക്കിയതെന്ന് അറിയില്ലെന്നും ഇഷ്ടം കൊണ്ടാണോ വിദ്വേഷം കൊണ്ടാണോ ഈ കുരുക്ക് ഉണ്ടാക്കിയതെന്ന് അറിയില്ലെന്നും തേറമ്പിൽ 'കേരളകൗമുദി'യോട് പറഞ്ഞു. തേറമ്പിൽ രാമകൃഷ്ണൻ അടുത്ത ലോക്സഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി സ്ഥാനാർത്ഥിയാകുമെന്നാണ് ഓൺലൈൻ അടക്കമുള്ള മാദ്ധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും പ്രചരിച്ചത്. ബി.ജെ.പി ദേശീയ അദ്ധ്യക്ഷനായ അമിത്ഷായുമായി ഇക്കാര്യം ചർച്ച നടത്തിയെന്നും വാർത്ത വന്നിരുന്നു. കോൺഗ്രസിൽ തന്നെ അവഗണിക്കുന്നതിൽ തേറമ്പിൽ രാമകൃഷ്ണന് അതൃപ്തിയുണ്ടെന്നും പാർട്ടിയുടെ മണ്ഡലം, ബ്ലോക്ക് പുനഃസംഘടനകളിലൊന്നും പാർട്ടി അഭിപ്രായം ചോദിച്ചിരുന്നില്ലെന്നും റിപ്പോർട്ടുകളുണ്ടായിരുന്നു.

## ട്രെയിനുകളുടെ സമയനിഷ്ഠ: റെയിൽവേ നേരിട്ട് മേൽനോട്ടം വഹിക്കും



### ■റെയിൽവേ വിളിച്ച എം.പിമാരുടെ യോഗം ബഹളത്തിൽ കലാശിച്ചു

തിരുവനന്തപുരം: സംസ്ഥാനത്തെ റെയിൽവേ വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ ദക്ഷിണറെയിൽവേ ജനറൽമാനേജർ വിളിച്ച എം.പിമാരുടെ യോഗം ട്രെയിനുകളുടെ വൈകിയോട്ടത്തെ ചൊല്ലിയുള്ള ബഹളത്തിൽ കലാശിച്ചു. കഴിഞ്ഞ ആറുമാസത്തിലേറെയായി ട്രെയിനുകൾ സ്ഥിരമായി വൈകിയോടുന്നതിനാൽ ജീവനക്കാരുടെ ലീവുകൾ തുടർച്ചയായി നഷ്ടപ്പെടുന്ന സ്ഥിതിയാണെന്ന് എം.പി.മാർ ചൂണ്ടിക്കാട്ടി. എന്നാൽ സുരക്ഷയ്ക്ക് മുൻഗണന നൽകിയുള്ള സമഗ്രമായ പാളം നന്നാക്കൽ ജോലികൾ നിറുത്തിവയ്ക്കാനോ സാവകാശത്തിലാക്കാനോ കഴിയില്ലെന്നും ട്രെയിനുകൾ വൈകുന്നത് പരിഹരിക്കാൻ ശ്രമിക്കാമെന്നും ദക്ഷിണറെയിൽവേ ജനറൽ മാനേജർ ആർ. കെ. കുൽക്ഷേത്ര പറഞ്ഞു. എന്നാൽ വൈകിയോട്ടം എന്നവസാനിപ്പിക്കാൻ കഴിയുമെന്ന വ്യക്തമായ ഉത്തരം നൽകണമെന്ന് എം.പി.മാർ ആവശ്യപ്പെട്ടു. ഇതിന് കുൽക്ഷേത്ര വഴങ്ങിയില്ല. ഇതിൽ പ്രതിഷേധിച്ച് കൊടിക്കുന്നിൽ സുരേഷ് എം.പി. യോഗത്തിൽ നിന്ന് ഇറങ്ങിപ്പോയി.

പാളം നന്നാക്കലും സിഗ്നൽ നവീകരണവും രാജ്യത്തെല്ലായിടത്തും നടക്കുന്നുണ്ടെങ്കിലും സ്ഥിരമായി വൈകിയോടുന്നത് കേരളത്തിൽ മാത്രമാണെന്ന് കൊടിക്കുന്നിൽ സുരേഷ് എം.പി പറഞ്ഞു. ലോക്കോ പൈലറ്റുമാരുടെ ഒഴിവ് നികത്താത്തതുമൂലം പത്തിലേറെ പാസഞ്ചർ ട്രെയിനുകൾ സ്ഥിരമായി റദ്ദാക്കുകയാണ്. സർക്കാർ, സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ജോലിക്കെത്താനാകുന്നില്ല. പഞ്ചിംഗ് സംവിധാനം കർശനമാക്കിയതോടെ മൂന്ന് ദിവസം വൈകിയാൽ ലീവ് റദ്ദാകുന്ന സ്ഥിതിയാണ്- അദ്ദേഹം പറഞ്ഞു.

വികസനപദ്ധതികളുടെ വിലയിരുത്തലിനാണ് യോഗം വിളിച്ചതെങ്കിലും വൈകിയോട്ടം ചർച്ച ചെയ്യണമെന്ന് എം.പി.മാർ ശഠിച്ചത് യോഗം ബഹളമയമാക്കി.

### ■യോഗത്തിലെ പ്രധാന തീരുമാനങ്ങൾ

1. രാവിലെയും വൈകിട്ടുമുള്ള ട്രെയിനുകളുടെ സമയനിഷ്ഠ ഉറപ്പാക്കാൻ ദക്ഷിണറെയിൽവേയുടെ മേൽനോട്ടം നേരിട്ട്
2. രാമേശ്വരത്തുനിന്ന് പൊള്ളാച്ചി, പാലക്കാട് വഴി മംഗലാപുരത്തേക്ക് പുതിയ ട്രെയിൻ
3. കോഴിക്കോട്- എറണാകുളം, കോഴിക്കോട്- കോയമ്പത്തൂർ മെമു സർവീസുകളും, കോഴിക്കോട്-മംഗലാപുരം ഡെമു സർവീസും തുടങ്ങും
4. നേമം കോച്ചിംഗ് ടെർമിനൽ ഒന്നാം ഘട്ടനിർമ്മാണം ഈ വർഷം
5. കന്യാകുമാരി - നാഗർകോവിൽ, മംഗലാപുരം - പനമ്പൂർ, കുറുപ്പന്തറ - ഏറ്റുമാനൂർ പാതിയിരട്ടിപ്പുകൾ ഈ വർഷം പൂർത്തിയാക്കും.
6. പാളം നന്നാക്കൽ സുരക്ഷാ ജോലികൾ 99 കിലോമീറ്റർ പൂർത്തിയാക്കി. ഈവർഷം 150 കിലോമീറ്റർ നന്നാക്കും.

സംസ്ഥാനത്തെ 39 എം. പി. മാരിൽ 18 പേരാണ് യോഗത്തിൽ പങ്കെടുത്തത്. ജനറൽ മാനേജർക്ക് പുറമേ തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ ശിരിഷ് കുമാർ സിൻഹ, പാലക്കാട് ഡിവിഷണൽമാനേജർ പ്രതാപ്സിംഗ് ഷാമി, ദക്ഷിണറെയിൽവേയിലെ നിർമ്മാണം, ഓപറേഷൻ, കമേഴ്സ്യൽ, എൻജിനിയറിംഗ് വിഭാഗങ്ങളിലെ ജനറൽ മാനേജർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. സംസ്ഥാനത്തെ രണ്ട് ഡിവിഷനുകളിലെയും നടപ്പ് പദ്ധതികളുടെ പുരോഗതിയിൽ യോഗം സംതൃപ്തി പ്രകടിപ്പിച്ചു.

## ആഘോഷങ്ങളില്ലാതെ അമ്മയ്ക്ക് ഇന്ന് 65-ാം പിറന്നാൾ



കൊല്ലം: സേവനക്ഷേമപദ്ധതികളുടെ പ്രഖ്യാപനവും സഹായവിതരണവുമായി മാതാ അമൃതാനന്ദമയിക്ക് ഇന്ന് 65-ാം പിറന്നാൾ. പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങളും ആർഭാടവും ഒഴിവാക്കി.

അമ്മയുടെ ഭക്തരും സന്യാസ ശിഷ്യരുമടക്കമുള്ള പതിനായിരങ്ങൾ ജന്മദിനം സേവന മഹോത്സവമാക്കാൻ അമൃതപുരിയിലെത്തി. ഒരു ലക്ഷം പേർക്ക് ഇരിക്കാവുന്ന വലിയ പന്തലാണ് അമൃതപുരി കാമ്പസിൽ ഒരുക്കിയിരിക്കുന്നത്.

അമ്മയുടെ ദർശനം തേടിയെത്തുന്നവർക്കായി പ്രത്യേകം സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സമൂഹത്തിന്റെ നാനാതുറകളിലെ മഹത്‌വ്യക്തിത്വങ്ങൾ ചടങ്ങിൽ പങ്കെടുക്കും. പുലർച്ചേ മഹാഗണപതി ഹോമത്തോടെ ജന്മദിന ചടങ്ങുകൾ തുടങ്ങും. തുടർന്ന് സത്സംഗം. 9 മണിക്ക് സ്വാമി അമൃതസ്വരൂപാനന്ദപുരിയുടെ നേതൃത്വത്തിൽ സന്യാസിശിഷ്യർ അമ്മയുടെ പാദപൂജ നടത്തും. തുടർന്ന് അമ്മ ജന്മദിനസന്ദേശം നൽകും.

പ്രളയത്തിൽ രക്ഷാദൗത്യത്തിനിടെ ജീവത്യാഗം ചെയ്തവരുടെ ആശ്രിതർക്കുള്ള സഹായധനം ചടങ്ങിൽ വിതരണം ചെയ്യും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ അമൃതകീർത്തി പുരസ്കാര പ്രഖ്യാപനം മാറ്റിവച്ചു. മഠം നല്കുന്ന വിവിധ ക്ഷേമ പെൻഷനുകൾ, വിദ്യാമൃത സ്കോളർഷിപ്പ്, നിർദ്ധനരോഗികൾക്കുള്ള ചികിത്സാസഹായം എന്നിവയും വിതരണം ചെയ്യും. സമൂഹവിവാഹവും നടക്കും.

## കെ.എം.സി.ടി ആയുർവേദ മെഡിക്കൽ കോളേജിൽ 60 ബി.എ.എം.എസ് സീറ്റുകൾക്ക് മാത്രം അനുമതി

കൊച്ചി : കോഴിക്കോട് കെ.എം.സി.ടി ആയുർവേദ മെഡിക്കൽ കോളേജിലെ ബി.എ.എം.എസ് സീറ്റുകളുടെ എണ്ണം ഹൈക്കോടതി 100ൽ നിന്ന് 60 ആക്കി കുറച്ചു. ശേഷിക്കുന്ന സീറ്റുകളിലെ പ്രവേശനത്തിന് അനുമതി നൽകുന്ന കാര്യം പരിശോധിച്ചശേഷം തീരുമാനിക്കാമെന്ന് വ്യക്തമാക്കി സിംഗിൾബെഞ്ച് ഹർജി വെള്ളിയാഴ്ച പരിഗണിക്കാൻ മാറ്റി.

ഈ കോളേജിലെ സീറ്റുകളുടെ എണ്ണം നേരത്തെ 100 ആക്കി വർദ്ധിപ്പിച്ചിരുന്നു. ഇതനുസരിച്ച് അലോട്ട്മെന്റും നടത്തി. എന്നാൽ മതിയായ സൗകര്യമോ യോഗ്യരായ അദ്ധ്യാപകരോ ഇല്ലെന്ന് ചൂണ്ടിക്കാട്ടി ആരോഗ്യ സർവകലാശാല 40 സീറ്റുകൾക്ക് അംഗീകാരം നൽകിയില്ല. ഇതിനെതിരെ കോളേജ് മാനേജ്മെന്റ് നൽകിയ ഹർജിയാണ് സിംഗിൾബെഞ്ച് പരിഗണിക്കുന്നത്.

കോളേജിൽ വിദഗ്ദ്ധ പരിശോധന നടത്തിയ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 40 സീറ്റുകൾക്കുള്ള അംഗീകാരം നിഷേധിച്ചത്. 13 അദ്ധ്യാപകർക്ക് യോഗ്യതയില്ലെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. സർക്കാർ സർവീസിലുള്ള ഡോക്ടറുടെ പേര് അദ്ധ്യാപകരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ടിൽ വ്യക്തമാണ്.

ഇക്കാര്യങ്ങൾ കണക്കിലെടുത്താണ് ഹൈക്കോടതി 60 സീറ്റുകളിലേക്ക് പ്രവേശനം പരിമിതപ്പെടുത്തിയത്. പ്രവേശനം പൂർത്തിയാക്കാൻ ഒക്ടോബർ 31 വരെ സമയമുള്ള സാഹചര്യത്തിൽ കൂടുതൽ സീറ്റുകൾക്ക് അനുമതി നൽകുന്നകാര്യം പരിശോധിച്ച് തീരുമാനമെടുക്കാമെന്നും സിംഗിൾ ബെഞ്ചിന്റെ ഇടക്കാല വിധിയിൽ പറയുന്നു.

## മന്ത്രി ശൈലജ അബ്ദുൾകലാം പുരസ്കാരം ഏറ്റുവാങ്ങി

തിരുവനന്തപുരം: സെന്റർഫോർ ഓട്ടിസം ഇന്ത്യ ഏർപ്പെടുത്തിയ ഡോ. എ. പി. ജെ. അബ്ദുൾ കലാം പുരസ്കാരം മന്ത്രി കെ.കെ. ശൈലജ ഏറ്റുവാങ്ങി. കൊച്ചിയിൽ നടന്ന ചടങ്ങിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ പുരസ്കാരം നൽകി.

ഓട്ടിസം ഉൾപ്പെടെ സമൂഹത്തിൽ അവശതയനുഭവിക്കുന്നവരുടെ ഉന്നമനം, പുനരധിവാസം തുടങ്ങിയ മേഖലകളിലെ സമഗ്ര സംഭാവനയ്ക്കാണ് അംഗീകാരം. ഗായിക കെ.എസ്. ചിത്ര, ഡോക്യുമെന്ററി സംവിധായകൻ ബൈജുരാജ് ചേകവർ എന്നിവർക്കും പുരസ്കാരം ലഭിച്ചു. ചടങ്ങിൽ ഡോ. എ.പി.ജെ. അബ്ദുൾകലാമിന്റെ കുടുംബാംഗങ്ങളും പങ്കെടുത്തു.

## ചെലവു ചുരുക്കുമ്പോഴും സെക്രട്ടറിമാർക്ക് കൂടുതൽ ചെലവിടാം

തിരുവനന്തപുരം: പ്രളയത്തെ തുടർന്ന് സംസ്ഥാന സർക്കാർ ചെലവുചുരുക്കുമ്പോഴും സർക്കാർ സെക്രട്ടറിമാരുടെയും അതിലും ഉയർന്ന ഉദ്യോഗസ്ഥരുടെയും ഫോൺ ബില്ല് പരിധി വർദ്ധിപ്പിച്ച് ധനവകുപ്പ് ഉത്തരവായി.

നേരത്തെ കുറച്ചിരുന്ന ഫോൺ ബില്ലുകളാണ് വീണ്ടും വർദ്ധിപ്പിച്ചത്.

ലക്ഷങ്ങൾ ശമ്പളം വാങ്ങുന്ന സീനിയർ ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് പ്രളയക്കെടുതിയിലും ഫോൺ ബിൽ ഉയർത്തിയത് പ്രതിഷേധമുളവാക്കിയിട്ടുണ്ട്.

മൊബൈൽ ഡാറ്റയ്ക്ക് സർക്കാരിൽ നിന്ന് കാശ് എഴുതി വാങ്ങുന്ന ഒരുദ്യോഗസ്ഥൻ തന്റെ വാട്സാപ്പിൽ എബൗട്ട് ആൻഡ് ഫോൺനമ്പർ എന്ന കോളത്തിൽ എഴുതിയത് ഇതെന്റെ കുടുംബത്തിനുള്ളതാണെന്നും ആരും ബുദ്ധിമുട്ടിക്കരുതെന്നുമാണ്.

സാക്ഷരതാ മിഷൻ ഡയറക്ടർ ശ്രീകലയുടെ ഔദ്യോഗിക കാർ ലക്ഷങ്ങൾ ചെലവഴിച്ച് മോടിപിടിപ്പിക്കാൻ ടെൻഡർ ക്ഷണിച്ചത് വിവാദമായിരുന്നു.

■ ലാൻഡ് ഫോൺ, ബ്രോഡ് ബാൻഡ്, മൊബൈൽ ഫോൺ എന്നിവയ്ക്കായി വർഷം ചെലവഴിക്കാവുന്ന തുക:
നേരത്തെ 36,000 രൂപ
ഇപ്പോൾ: 90,000 രൂപ

■ പ്രതിമാസം 3,000 രൂപ ആയിരുന്നത് 7,500 ആയും മൂന്നു മാസത്തേക്ക് 9,000 രൂപ ആയിരുന്നത് 22,500 ആയും ഉയർത്തി

■ മൂന്നു മാസത്തേക്ക് 446 രൂപയ്ക്ക് കോളുകളും ഡാറ്റയും പരിധിയില്ലാതെ ഉപയോഗിക്കാവുന്ന സംവിധാനമുണ്ടായിട്ടും ബിൽ പോലും നൽകാതെ ഉദ്യോഗസ്ഥർക്ക് പണം അനുവദിക്കുന്നതിൽ ആക്ഷേപം

## നിഷിന്റെ വളർച്ചയ്ക്ക് പിന്തുണ നൽകും: മന്ത്രി

തിരുവനന്തപുരം: രാജ്യത്തിന് അഭിമാനമായി നിലകൊള്ളുന്ന നിഷിന്റെ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്) വളർച്ചയ്ക്കായി കൂടുതൽ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ആംഗ്യഭാഷയ്ക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ നിഷിൽ നടന്ന അന്താരാഷ്ട്ര ബധിര വാരാചരണത്തിന്റെ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സാമൂഹ്യ നീതി വകുപ്പ്, നഗരസഭ, പട്ടം ഗേൾസ് ഹൈസ്കൂൾ, മാർ ബസേലിയോസ് കോളേജ്, അലയൻസ് തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി സംഘടിപ്പിച്ച ഇന്ത്യൻ ആംഗ്യഭാഷാസാക്ഷരതാപരിപാടിയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

നിഷിന്റെ അഭിമുഖ്യത്തിൽ സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഓഫ് കാമ്പസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഒക്കുപ്പേഷണൽ തെറാപ്പി പോലുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചതായി ചടങ്ങിൽ അദ്ധ്യക്ഷനായ സാമൂഹ്യ നീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബിജു പ്രഭാകർ പറഞ്ഞു.

എച്ച്.ഐ ഡിഗ്രി പ്രോഗ്രാം കോഓർഡിനേറ്റർ രാജി ഗോപാൽ ബധിരവാര പ്രവർത്തനങ്ങളുടെ അവലോകനം നടത്തി.

# വിളംബരം

## കെ.ടി.സി.ടിയിൽ എം.എ ഇംഗ്ലീഷ് കോഴ്സ്

കല്ലമ്പലം : കെ.ടി.സി.ടി കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിൽ എം.എ ഇംഗ്ലീഷ് ലിറ്ററേച്ചർ കോഴ്സിന് കേരളയൂണിവേഴ്സിറ്റി അംഗീകാരം നൽകി. 20 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള അനുമതിയാണ് ലഭിച്ചിരിക്കുന്നത്. കോഴ്സിന് ചേരുവാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ കോളേജ് ഓഫീസിലോ 8547065807 എന്ന നമ്പരിലോ ബന്ധപ്പെടണം.

## വനമിത്ര അവാർഡ്: 30വരെ അപേക്ഷിക്കാം

തിരുവനന്തപുരം : ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ പ്രവർത്തനങ്ങൾക്ക് വനംവന്യജീവി വകുപ്പ് നൽകുന്ന വനമിത്ര അവാർഡിന് അപേക്ഷിക്കാം. കണ്ടൽക്കാടുകൾ, കാവുകൾ, ഔഷധ സസ്യങ്ങൾ, കൃഷി, ജൈവവൈവിധ്യം മുതലായവ പരിരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്കാണ് 25,000 രൂപയും ഫലകവുമടങ്ങുന്ന അവാർഡ്. വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ എന്നിവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ 30 ന് മുൻപ് അസി. കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി വിഭാഗം പി.ടി.പി. നഗർ, തിരുവനന്തപുരം വിലാസത്തിൽ സമർപ്പിക്കണം.

## ഭൂ വിനിയോഗ ബോർഡിൽ വാക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം : സംസ്ഥാന ഭൂവിനിയോഗ ബോർഡിൽ ജി.ഐ.എസ് ടെക്നിഷ്യൻ തസ്തികയിൽ കരാർ നിയമനത്തിന് ഒക്ടോബർ നാലിന് രാവിലെ 10ന് വാക്-ഇൻ-ഇന്റർവ്യൂ നടത്തും. ബിരുദവും, ജി.ഐ.എസിൽ ആറ് മാസത്തിൽ കുറയാത്ത പ്രവൃത്തി പരിചയവുമാണ് അടിസ്ഥാന യോഗ്യത. പ്രതിമാസം 19280 രൂപ വേതനം. വിദ്യാഭ്യാസ യോഗ്യത, മാർക്ക്, വയസ് എന്നിവ തെളിയിക്കുന്ന രേഖകളും പകർപ്പുകളുമായി പി.എം.ജി., വികാസ്ഭവൻ ഓഫീസ് സമുച്ചയത്തിലെ ഒന്നാം നിലയിലെ ഭൂവിനിയോഗ ബോർഡ് ഓഫീസിൽ എത്തണം.

## പഞ്ചവത്സര എൽ എൽ.ബി സ്പോട്ട് അലോട്ട്മെന്റ്

സംസ്ഥാനത്തെ സർക്കാർ, സ്വാശ്രയ ലാ കോളേജുകളിലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ എൽ. ബി പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ 27ന് തിരുവനന്തപുരം പാളയം എൽ.എം.എസ് കോമ്പൗണ്ടിലെ ടി.ജെ.എം ഹാളിൽ നടക്കും. പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ 29 ന് വൈകിട്ട് 5 ന് മുമ്പായി അതത് കോളേജുകളിൽ പ്രവേശനം നേടണം.

### ഫീസിളവ് പട്ടിക പ്രസിദ്ധീകരിച്ചു

പ്രവേശന പരീക്ഷാ കമ്മിഷണറുടെ അലോട്ട്മെന്റ് വഴി സർക്കാർ, സർക്കാർ നിയന്ത്രിത സ്വാശ്രയ, സ്വകാര്യ എൻജിനിയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ ഫീസിളവിന് അർഹരായവരുടെ പട്ടിക പ്രസിദ്ധീകരിച്ചു. ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ ട്യൂഷൻ ഫീസടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഇതിനകം ഫീസടച്ചവർക്ക് തുക തിരികെ നൽകും.

തിരുവനന്തപുരം

### ഹോമിയോ, ആയുർവേദ പി.ജി പ്രവേശനം

സർക്കാർ, സ്വാശ്രയ ഹോമിയോ, ആയുർവേദ പി.ജി കോഴ്സുകളിലേക്ക് പ്രവേശനത്തിന് ഓൺലൈനായി www.cee.kerala.gov.in ലൂടെ 28മുതൽ ഒക്ടോബർ 5ന് വൈകിട്ട് 5വരെ അപേക്ഷിക്കാം. വിശദമായ വിജ്ഞാപനം www.cee.kerala.gov.inൽ. പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളും അപേക്ഷയ്ക്കൊപ്പം അപ്‌ലോഡ് ചെയ്യണം. ഫോൺ- 0471-2339101, 2339102, 2339103, 2339104

### എൽ എൽ.ബി ഓൺലൈൻ ഓപ്ഷൻ

കേരളത്തിലെ നാല് ഗവൺമെന്റ് ലാ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ലാകോളേജുകളിലെയും ത്രിവൽസര എൽ എൽ. ബി കോഴ്സിലേക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു. 29 വരെ ഓപ്ഷനുകൾ സമർപ്പിക്കാം. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഒക്ടോബർ ഒന്നുമുതൽ മൂന്ന് വരെ കോളേജിൽ പ്രവേശനം നേടണം. ഫോൺ: 0471 2339101, 2339102, 2339103, 2339104, 2332123.

### കെ ഡിസ്കിൽ നിയമനം

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിലേക്ക് ആനിമേറ്റർ, പ്രോഗ്രാം എക്സിക്യൂട്ടീവ് നിയമനത്തിന് അപേക്ഷിക്കാം. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് നടത്തിയ വിജ്ഞാപനത്തിൽ ഉദ്യോഗാർത്ഥികളുടെ ഉയർന്ന പ്രായപരിധി 35 വയസായി പുനർനിശ്ചയിച്ചിട്ടുണ്ട്. അപേക്ഷ 30നകം www.kdisc.kerala.gov.in, www.cmdkerala.net എന്നിവയിൽ ഓൺലൈനായി സമർപ്പിക്കാം.

### വാക് ഇൻ ഇന്റർവ്യൂ

ഭാരതീയ ചികിത്സാ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ നഴ്സ് ഗ്രേഡ്-2 (ആയുർവേദം) തസ്തികയിൽ അവധി ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് ഗവ. അംഗീകൃത ആയുർവേദ നഴ്സസ് ട്രെയിനിംഗ് കോഴ്സ് (ആയുർവേദം) പാസായവരെ തിരഞ്ഞെടുക്കുന്നു. ഒക്ടോബർ അഞ്ചിന് രാവിലെ 10നും രണ്ടിനുമിടക്ക് തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിന് സമീപത്തെ ആരോഗ്യഭവൻ ബിൽഡിംഗിലെ ജില്ലാ മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സാ വകുപ്പ്) മുമ്പാകെ അസൽ സർട്ടിഫിക്കറ്റുകളുമായി എത്തണം. ഫോൺ: 0471 -2320988

### പി.എസ്.സി www.keralapsc.gov.in

■ **ഇന്റർവ്യൂ**

കാറ്റഗറി നമ്പർ 511/2015 മുനിസിപ്പൽകോമൺസർവീസിൽറോളർ ഡ്രൈവർഗ്രേഡ്‌രണ്ട് തസ്തികയ്ക്ക് 28 ന് പി.എസ്.സി എറണാകുളം മേഖലാ ഓഫീസിൽ വച്ചും, കാറ്റഗറി നമ്പർ 546/2014 സാങ്കേതിക വിദ്യാഭ്യാസ (എൻജിനിയറിംഗ് കോളേജുകൾ) വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (മെക്കാനിക്കൽ) തസ്തികയ്ക്ക് 27, 28 തീയതികളിലും, കാറ്റഗറി നമ്പർ 357 /2016 ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കൻഡറിസ്കൂൾടീച്ചർ എക്കണോമിക്സ് (പട്ടികജാതി/ പട്ടികവർഗക്കാരിൽ നിന്നുള്ള നിയമനം) തസ്തികയ്ക്ക് 27, 28 തീയതികളിലും, കാറ്റഗറി നമ്പർ 223/2016 ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡിൽ മെക്കാനിക്കൽ ഓപ്പറേറ്റർ തസ്തികയ്ക്ക് ഒക്ടോബർ 3, 4 തീയതികളിലും, കാറ്റഗറി നമ്പർ 187 /2016 സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എൻജിനിയറിംഗ് തസ്തികയ്ക്ക് ഒക്ടോബർ 3, 4, 5 തീയതികളിലും, കാറ്റഗറി നമ്പർ 254/2016 സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ (പോളിടെക്നിക്സ്) ഹെഡ് ഒഫ് സെക്ഷൻ കമ്പ്യൂട്ടർ എൻജിനിയറിംഗ് (എൻ.സി.എ. -എസ്.സി.) തസ്തികയ്ക്ക് ഒക്ടോബർ 10 നും, കാറ്റഗറി നമ്പർ 591/2012 കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ പൊളിറ്റിക്കൽ സയൻസ് തസ്തികയ്ക്ക് ഒക്ടോബർ 10 നും, കാറ്റഗറി നമ്പർ 245/2017 കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ബയോകെമിസ്ട്രി തസ്തികയ്ക്ക് ഒക്ടോബർ 10, 11, 12 നും ആസ്ഥാന ഓഫീസിൽ ഇന്റർവ്യൂ നടത്തും.

■ **മോക്ക്ടെസ്റ്റ്**

പി.എസ്.സി ഓൺലൈൻ പരീക്ഷകൾ സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിങ്ങ് കോളേജുകളിലേക്കു കൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മോക്ക് ടെസ്റ്റ് 29 ന് രാവിലെ 11 മണി മുതൽ 12 മണി വരെ തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഒഫ് എൻജിനിയറിംഗ് ചാവടിമുക്ക്, ഗവൺമെന്റ് എൻജിനിയറിംഗ് കോളേജ് ബാർട്ടൺ ഹിൽ, ആറ്റിങ്ങൽ കോളേജ് ഒഫ് എൻജിനിയറിംഗ് (ഐ.എച്ച്.ആർ.ഡി), പൂജപ്പുര എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിമൻ, മുട്ടത്തറ കോളേജ് ഒഫ് എൻജിനിയറിംഗ് (സി.എ.പി.ഇ), പാപ്പനംകോട് ശ്രീ ചിത്തിര തിരുനാൾ കോളേജ് ഒഫ് എൻജിനിയറിംഗ് എന്നിവിടങ്ങളിൽ നടത്തും.

■ **അർഹതാ നിർണയ പരീക്ഷ**

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയുടെ നിശ്ചിത ശതമാനം ഒഴിവുകളിലേക്ക് മീറ്റർ റീഡർ/സ്പോട്ട് ബില്ലർ തസ്തികയിലും താഴ്ന്ന ശമ്പള സ്കെയിൽ ഉള്ളതുമായ ജീവനക്കാരിൽ നിന്നും ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനുള്ള അർഹതാ നിർണയ പരീക്ഷ വിജ്ഞാപനം (കാറ്റഗറി നമ്പർ 122/2018) 18.09.2018 അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

■ **ഓൺലൈൻ പരീക്ഷ**

കാറ്റഗറി നമ്പർ 613/2017 വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഇലക്ട്രോണിക് മെക്കാനിക്) എൻ.സി.എ.-എസ്.ടി. തസ്തികയ്ക്ക് ഒക്ടോബർ 4 ന് കോഴിക്കോട് ജില്ലയിലെ പരീക്ഷാകേന്ദ്രത്തിൽ വച്ചും, കാറ്റഗറി നമ്പർ 10/2016 തുറമുഖ വകുപ്പിൽ നേവൽ ആർക്കിടെക്ട് തസ്തികയ്ക്ക് ഒക്ടോബർ 9 ന് എറണാകുളം ജില്ലയിലെ പരീക്ഷാകേന്ദ്രത്തിൽ വച്ചും രാവിലെ 10 മണി മുതൽ 12.15 വരെ ഓൺലൈൻ പരീക്ഷ നടത്തും.

## സർവകലാശാല വാർത്തകൾ

### കേരള www.keralauniversity.ac.in

■ **പിഎച്ച്.ഡി നൽകി**

സുഗിൻ ജി.എസ് (ഹിന്ദി), തോമസ് ഗ്രേസ്, റൂബിന സോണിയ എസ്.ആർ (എഡ്യൂക്കേഷൻ), അശ്വനി എസ്.പി, അനിൽ കുമാർ എം, മഹിതി ഷെയ്ക്കി (കൊമേഴ്സ്), നാഗലക്ഷ്മി എൻ.ബി, അശ്വതി ജെ.എസ്, രമ്യ ആർ, മിനി എസ് (മലയാളം), റാണി ജോർജ് (ലോ), ലേഖറാണി എം.എൽ, അനീഷ് വി.ഡി, അനിസിയ ജയപാലൻ (ഹിസ്റ്ററി), അമ്പിളി എസ് (ഫിലോസഫി), രേഖ ശ്രീ കെ.ആർ (സോഷ്യോളജി), ഷൈല എസ് (റഷ്യൻ), ഭാഗ്യ ഉത്തമൻ, ശരത് ചന്ദ്രൻ പി.പി (ഫിസിക്സ്), ആശ പി.എസ് (സ്റ്റാറ്റിസ്റ്റിക്സ്), ഗീതു ജി (സുവോളജി), ഷീജ വർഗ്ഗീസ്, അനുപ്രിയ എം.ജി (ബയോടെക്നോളജി)

■ **തീയതി നീട്ടി**

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം സംഘടിപ്പിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ (മോർണിംഗ്ബാച്ച്) കോഴ്സിന് ഒക്ടോബർ5വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/ പ്രീഡിഗ്രി, കോഴ്സ്കാലാവധി: 3 മാസം. അപേക്ഷാഫോമിനും വിശദവിവരങ്ങൾക്കും പി.എം.ജി ജംഗ്ഷനിലെ CACEE കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ: 0471 - 23021523.

■ **പരീക്ഷ**

രണ്ടാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾ ഒക്ടോബർ 15 മുതൽ ആരംഭിക്കും.

■ **പരീക്ഷാഫീസ്**

ഒന്നാം സെമസ്റ്റർ എം.ആർക്/ എം. പ്ലാനിംഗ് (2013 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പരീക്ഷയ്ക്ക് പിഴ കൂടാതെ ഒക്ടോബർ 4 വരെയും 50 രൂപ പിഴയോടെ 8 വരെയും 125 രൂപ പിഴയോടെ 10 വരെയും അപേക്ഷിക്കാം.

അഞ്ചാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (ഗവ.കോളേജ് ഫോർ വിമെൻ) പരീക്ഷയ്ക്ക് പിഴ കൂടാതെ ഒക്ടോബർ 3 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ 5 വരെയും 125 രൂപ പിഴയോടെ 8 വരെയും അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൽപ്ച്ചർ) പരീക്ഷയ്ക്ക് പിഴ കൂടാതെ ഒക്ടോബർ 3 വരെയും 50 രൂപ പിഴയോടെ 5 വരെയും 125 രൂപ പിഴയോടെ 8 വരെയും അപേക്ഷിക്കാം.

■ **പെൻഷൻകാർക്ക് സമ്മതപത്രം നൽകാം**

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാൻ താല്പര്യമുള്ള സർവകലാശാല പെൻഷൻകാർക്ക് തുക പരമാവധി പത്ത് ഗഡുക്കളായി പ്രതിമാസ പെൻഷനിൽ നിന്നും ഈടാക്കി ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈമാറുന്നതിനുള്ള സമ്മതപത്രം പെൻഷൻ സെക്ഷനിൽ നൽകാവുന്നതാണ്.

■ **പി.ജി പ്രവേശനം**

പി.ജി പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ അഡ്മിഷൻ ഫീസ് ഓൺലൈനായോ അല്ലെങ്കിൽ ചെലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിലോ അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 900 രൂപയും എസ്.സി/എസ്.ടി/ ഒ.ഇ.സി വിഭാഗത്തിന് 340 രൂപയും ആണ്. ഒന്ന്, രണ്ട് അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് അടയ്ക്കേണ്ടതില്ല. അഡ്മിഷൻ ഫീസ് ഒടുക്കിയ അപേക്ഷകർ ഫീസടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യണം. 27, 28 തീയതികളിലാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്തവരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെയാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. രണ്ടാം അലോട്ട്മെന്റിനുശേഷം കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന കോളേജിൽ നിന്നു ടി.സി വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ അഡ്മിഷൻ എടുക്കണം.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കണം. അഡ്മിഷൻ എടുത്തവർ ആ സീറ്റിൽ സംതൃപ്തരാണെങ്കിൽ ഒക്ടോബർ ഒന്നിനു രാവിലെ പത്ത് മണിക്ക് മുമ്പ് ഹയർ ഓപ്ഷനുകൾ നീക്കം ചെയ്യണം. നിലനിറുത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നു വരുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

■ **വിദൂര വിദ്യാഭ്യാസം യു.ജി/പി.ജി അഡ്മിഷൻ**

വിദൂര വിദ്യാഭ്യാസ വിഭാഗം യു.ജി/പി.ജി ഓൺലൈൻ അഡ്മിഷൻ ഒക്ടോബർ 1, 5 മണിവരെ മാത്രമായിരിക്കും. അനുബന്ധരേഖകൾ ഒക്ടോബർ 15 വരെ സ്വീകരിക്കും. സെപ്തംബർ 30 എസ്.ഡി.ഇ പ്രവൃത്തി ദിവസമായിരിക്കും.

■ **എം.ടെക് സ്പോട്ട് അഡ്മിഷൻ**

സർവകലാശാലയുടെ ഒപ്ടോ ഇലക്ട്രോണിക്സ് പഠന വകുപ്പിൽ നടത്തുന്ന AICTE അംഗീകാരമുള്ള എം.ടെക് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ (ഒപ്ടോ ഇലക്ട്രോണിക്സ് & ഒപ്ടിക്കൽ കമ്മ്യൂണിക്കേഷൻ) പ്രോഗ്രാമിന് പട്ടികജാതി/ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഒഴിവുള്ള മൂന്ന സീറ്റുകളിലേക്കും, സ്പോൺസേർഡ് വിദ്യാർത്ഥികളുടെ അഭാവത്തിൽ ജനറൽ വിഭാഗത്തിലേക്കും, മറ്റു സംവരണവിഭാഗങ്ങളിലേക്കും മാറ്റപ്പെട്ട അഞ്ചു സീറ്റുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്തും. വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി 28 ന് രാവിലെ 10 മണിക്ക് കാര്യവട്ടത്തുള്ള സർവകലാശാലയുടെ ഒപ്ടോ ഇലക്ട്രോണിക്സ് പഠന വകുപ്പിൽ ഹാജരാകണം. ഫോൺ: 0471 2308167.

### എം.ജി www.mgu.ac.in

■ **ബിരുദ കോഴ്സുകൾക്ക് രണ്ടു ദിവസം കൂടി ഫീസടയ്ക്കാം**

സെർവർ തകരാറുമൂലം ഫീസടയ്ക്കാൻ കഴിയാതെ വന്നതിനെത്തുടർന്ന് ബിരുദ കോഴ്സുകൾക്ക് ഫീസടയ്ക്കാനുള്ള തീയതി നീട്ടി. പിഴയില്ലാതെ 29 വരെയും 50 രൂപ പിഴയോടെ ഒക്ടോബർ ഒന്നു വരെയും 500 രൂപ സൂപ്പർഫൈനോടെ മൂന്നു വരെയും അടയ്ക്കാം.

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം 2017 അഡ്മിഷൻ), മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013 മുതൽ 2016 അഡ്മിഷൻ വരെ റീഅപ്പിയറൻസ്), അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2016 അഡ്മിഷൻ റഗുലർ/2013 മുതൽ 2015 അഡ്മിഷൻ വരെ റീഅപ്പിയറൻസ്) ഫീസടയ്ക്കാനുള്ള തീയതി ഒക്ടോബർ അഞ്ചുവരെ നീട്ടി. 50 രൂപ പിഴയോടെ ആറു വരെയും 500 രൂപ സൂപ്പർഫൈനോടെ എട്ടു വരെയും അടയ്ക്കാം.

■ **പരീക്ഷാഫലം**

നാലാം സെമസ്റ്റർ എം.എ സിനിമ ആൻഡ് ടെലിവിഷൻ, ഗ്രാഫിക് ഡിസൈൻ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 10 വരെ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം. എസ്‌സി എൻവയോൺമെന്റ് സയൻസ് ആൻഡ് മാനേജ്മെന്റ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 10 വരെ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എഡ് (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 10 വരെ അപേക്ഷിക്കാം.

## അക്കാഡമിക് കൗൺസിൽ

തിരുവനന്തപുരം: പ്രസ്ക്ലബിന്റെ ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനത്തിനായി പി.വി. മുരുകൻ കൺവീനറായി അക്കാഡമിക് കൗൺസിലിന് രൂപം നൽകി. മൂന്ന് വർഷമാണ് കൗൺസിലിന്റെ കാലാവധി. നീലൻ, എസ്. ബിജു, വി.വി. വേണുഗോപാൽ, പി.ജി. സുരേഷ്കുമാർ, സിബി കാട്ടാമ്പള്ളി, കെ.വി. സുധാകരൻ, എസ്. രാധാകൃഷ്ണൻ, ശ്രീദേവി പിള്ള, എബി തരകൻ എന്നിവരാണ് അംഗങ്ങൾ.

## പ്രതിഷേധ മാർച്ച്

തിരുവനന്തപുരം: ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ് കോളേജിൽ വിദ്യാർത്ഥികളെയും അദ്ധ്യാപകരെ ഭീഷണിപ്പെടുത്താൻ ശ്രമിച്ച ബി.ജെ.പി ജില്ലാ പ്രസിഡന്റിനും ആർ.എസ്.എസ് - ബി.ജെ.പി നേതാക്കൾക്കുമെതിരെ നടപടി ആവശ്യപ്പെട്ട് എസ്.എഫ്.ഐ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥിനികൾ മാർച്ച് നടത്തി. എസ്.എഫ്.ഐ സംസ്ഥാന കമ്മിറ്റി അംഗം പാർവതി ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടേറിയറ്റംഗം കാർത്തിക അദ്ധ്യക്ഷത വഹിച്ചു. അഭിരാമി, വർഷ എന്നിവർ സംസാരിച്ചു.

## വിരമിച്ച പൊലീസുകാരിൽ നിന്ന് നിർബന്ധപിരിവ് വേണ്ട

തിരുവനന്തപുരം: ദുരിതാശ്വാസ നിധിയിലേക്ക് വിരമിച്ച പൊലീസുകാരിൽ നിന്ന് നിർബന്ധപിരിവ് ഉപേക്ഷിക്കണമെന്ന് പൊലീസ് പെൻഷനേഴ്സ് വെൽഫേർ അസോസിയേഷൻ ജില്ലാ ജനറൽബോഡിയോഗം ആവശ്യപ്പെട്ടു. ജില്ലാകമ്മിറ്റി സ്വരൂപിച്ച ഒരു ലക്ഷം രൂപ സംസ്ഥാന പ്രസിഡന്റ് പി.കെ. ലംബോധരൻ നായരെ ഏൽപ്പിച്ചു. ഐ.പി.എസ് ലഭിച്ച ആർ.സുകേശൻ, ജെ.സുകുമാരപിള്ള, കെ.എസ്.വിമൽ എന്നിവരെ ആദരിച്ചു. ജില്ലാ പ്രസിഡന്റ് വിൽസൺ കെ. ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ മുൻ ഐ.ജി എസ്. ഗോപിനാഥ്, സംസ്ഥാന പ്രസിഡന്റ് പി.കെ. ലംബോധരൻനായർ, സംസ്ഥാന സെക്രട്ടറി മണികണ്ഠൻ നായർ, കെ.വിനോദ്കുമാർ, ഹരികുമാർ, മധു, ജെ.ശശിധരൻനായർ, ടി.വി.ശശികുമാർ എന്നിവർ സംസാരിച്ചു.

## സംവാദം

തിരുവനന്തപുരം: ബാങ്ക് എംപ്ലോയിസ് ആർട്സ് മൂവ്മെന്റിന്റെയും റിസർവ് ബാങ്ക് എംപ്ലോയീസ് അസോസിയേഷന്റെയും സംയുക്താഭിമുഖ്യത്തിൽ ' ആധാർ ആർക്കുവേണ്ടി ' എന്ന വിഷയത്തിൽ സംവാദം നടത്തി. വൈ.എം.സി.എ ഹാളിൽ ഭരണ പരിഷ്കാര കമ്മിഷൻ ചെയർമാൻ വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സോഷ്യൽ സയൻസസിലെ അദ്ധ്യാപകനുമായ ഡോ. ആർ.രാമകുമാർ മുഖ്യപ്രഭാഷണം നടത്തി. ബീം പ്രസിഡന്റ് എ. എസ്. അജിത്ത് അദ്ധ്യക്ഷത വഹിച്ചു. റിസർവ് ബാങ്ക് എംപ്ലോയീസ് അസോ. സെക്രട്ടറി പ്രശാന്ത് എസ്. ബി. എസ് സ്വാഗതവും ബീം സെക്രട്ടറി ഹരികേശൻ നായർ നന്ദിയും പറഞ്ഞു.

# യുവാവിനെ മർദ്ദിച്ച ശേഷം വിദേശത്തേക്ക് കടക്കാൻ ശ്രമിച്ച രണ്ട് പേർ പിടിയിൽ

കിളിമാനൂർ: യുവാവിനെ മർദ്ദിച്ച് അവശനാക്കിയ ശേഷം വിദേശത്തേക്ക് കടക്കാൻ ശ്രമിച്ച കേസിൽ രണ്ട് യുവാക്കൾ അറസ്റ്റിൽ. കിളിമാനൂർ ചാരുപാറ വലിയവിള വീട്ടിൽ അനീഷ് (34), വഞ്ചിയൂർ കടവിള സി.എ വിഹാറിൽ ആൽഫാ രതീശൻ (37) എന്നിവരെയാണ് കിളിമാനൂർ പൊലീസ് അറസ്റ്റ് ചെയ്തത്. ഇക്കഴിഞ്ഞ ശനിയാഴ്ച വൈകിട്ട് കിളിമാനൂർ മുക്ക്റോഡ് ജംഗ്ഷനിലായിരുന്നു സംഭവം.

അനീഷ് സുഹൃത്തും, ബന്ധുവുമായ ജീജീഷിനെ ടൗണിൽ വിളിച്ചുവരുത്തിയശേഷം ആൽഫാ രതീശുമായി ചേർന്ന് അസഭ്യം പറയുകയും തടിക്കഷ്ണം കൊണ്ട് ക്രൂരമായി മർദ്ദിക്കുകയുമായിരുന്നു. വിദേശത്ത് വച്ചുള്ള സാമ്പത്തിക പ്രശ്നമാണ് സംഘർഷത്തിന് കാരണമെന്ന് പൊലീസ് പറഞ്ഞു.


അറസ്റ്റിലായ പ്രതികൾ

ആക്രമണത്തിൽ ജിജീഷിന്റെ താടിയെല്ലുകൾ പൊട്ടി. സംഭവം കണ്ട് ഓടിക്കൂടിയ നാട്ടുകാർ ജിജീഷിനെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു.

പൊലീസ് അന്വേഷണത്തിൽ പ്രതികൾ വിദേശത്തേക്ക് കടക്കാൻ ശ്രമിച്ചെന്ന് അറിഞ്ഞതോടെ എയർപോർട്ടുകളിൽ വിവരം അറിയിക്കുകയായിരുന്നു. തുടർന്ന് അൽഫാ രതീശനെ നെടുമ്പാശേരി എയർപോർട്ടിൽ നിന്നും അനീഷിനെ തിരുവനന്തപുരം എയർപോർട്ടിൽ നിന്നും കിളിമാനൂർ പൊലീസ് അറസ്റ്റ് ചെയ്തു.

കിളിമാനൂർ സി.ഐ പി. അനിൽകുമാർ, എസ്.ഐ ബി.കെ അരുൺ, ഗ്രേഡ് എസ്.ഐ തുളസീധരൻ, എ.എസ്.ഐ ഷാജി, സി.പി.ഒമാരായ രജിത്ത്, സുജിത്ത് എന്നിവരാണ് പ്രതികളെ പിടികൂടിയത്.


വി.ടി.എം എൻ.എസ്.എസ് കോളേജിലെ അദ്ധ്യാപികമാർക്കും പ്രിൻസിപ്പലിനുമെതിരെ ബി.ജെ.പി ജില്ലാ പ്രസിഡന്റ് എസ്. സുരേഷിന്റെ മോശം പരാമർശത്തിൽ പ്രതിഷേധിച്ച് എസ്.എഫ്.ഐയുടെ നേതൃത്വത്തിൽ നടന്ന സെക്രട്ടേറിയറ്റ് മാർച്ച്

# തുണിക്കടയിൽ മോഷണം; യുവാവ് റിമാൻഡിൽ

വിതുര: പൊൻമുടി വിതുര റോഡിൽ വിതുര കലുങ്ക് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ആർ.കെ ടെക്സ്റ്റൈൽസിൽ കയറി പണവും തുണിത്തരങ്ങളും മോഷ്ടിച്ച കേസിലെ പ്രതി വിതുര കൊപ്പം കുണ്ടാളംകുഴി കിഴക്കുംകര പുത്തൻവീട്ടിൽ എസ്. ശ്രീരാഗിനെ (20) കോടതി റിമാൻഡ് ചെയ്തു. ഇന്നലെ രാവിലെ വിതുര എസ്.എ വി. നിജാമും സംഘവും ശ്രീരാഗിനെ മോഷണം നടന്ന തുണിക്കടയിലെത്തിച്ച് തെളിവെടുപ്പ് നടത്തി. രണ്ടാം നിലയിൽ കയറി ഷീറ്റ് ഇളക്കി ഗ്ലാസ് പൊട്ടിച്ച് അകത്ത് കടന്ന് മോഷണം നടത്തുകയായിരുന്നുവെന്ന് ശ്രീരാഗ് പൊലീസിനോട് സമ്മതിച്ചു. കടയിൽ നിന്നും എടുത്ത പണവും, തുണിത്തരങ്ങളും പൊലീസ് കണ്ടെത്തി.


ശ്രീരാഗിനെ മോഷണം നടന്ന തുണിക്കടയിൽ തെളിവെടുപ്പിനായി കൊണ്ടുവന്നപ്പോൾ

# അയലത്തെ പതിനേഴുകാരി പ്രസവിച്ചു, ഇരുപത്തിയൊന്നുകാരൻ അറസ്റ്റിൽ

കിളിമാനൂർ: അയൽവാസിയായ ഇരുപത്തിയൊന്നുകാരൻ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചതായി പറയുന്ന പതിനേഴുകാരി തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ പ്രസവിച്ചു.

ആശുപത്രി അധികൃതർ അറിയിച്ചതിനെ തുടർന്ന് അടയമൺ വട്ടലിൽ സ്വദേശി രഞ്ചി(21) നെ കിളിമാനൂർ പൊലീസ് അറസ്റ്റ് ചെയ്തു.

ടാപ്പിംഗ് തൊഴിലാളിയാണിയാൾ. അടയമൺ സ്വദേശിയായ പെൺകുട്ടിയാണ് കഴിഞ്ഞ ദിവസം എസ്.എ.ടിയിൽ കുഞ്ഞിനു ജന്മം നൽകിയത്. പെൺകുട്ടിയെ വിവാഹം ചെയ്യാൻ മുൻപ് ഇയാൾ പലകുറി താല്പര്യം പ്രകടിപ്പിച്ചിരുന്നെങ്കിലും വീട്ടുകാർ നിരസിക്കുകയായിരുന്നത്രെ.

പെൺകുട്ടിക്ക് പ്രായപൂർത്തിയാവാത്തതിനാലും അയൽപക്ക ബന്ധം വേണ്ടെന്നുവച്ചുമാണ് നിരസിച്ചത്. പെൺകുട്ടി ആശുപത്രിയിലെത്തിയപ്പോഴാണ് ഗർഭിണിയായിരുന്നുവെന്ന് വീട്ടുകാർ അറിയുന്നത്. രഞ്ചിത്തിനെ ആറ്റിങ്ങൽ കോടതി റിമാൻഡ് ചെയ്തു.

# കാൻസർ രോഗനിർണയ ക്യാമ്പ് സംഘടിപ്പിച്ചു

തിരുവനന്തപുരം: അദാനി ഫൗണ്ടേഷനും വിഴിഞ്ഞം ഇടവകയുടെ സാന്ത്വന പരിചരണ വിഭാഗമായ അഭയം ചാരിറ്റബിൾ സൊസൈറ്റിയും സംയുക്തമായി റീജിയണൽ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ കാൻസർ രോഗനിർണയ ക്യാമ്പ് സംഘടിപ്പിച്ചു.

വിഴിഞ്ഞം സിന്ധുയാത്രാ മാതാ ദേവാലയ പാരീഷ് ഹാളിൽ നടന്ന കാൻസർ രോഗനിർണയ ക്യാമ്പ് വിഴിഞ്ഞം ഇടവക സഹവികാരി ഫാ. പ്രശാന്ത് ഉദ്ഘാടനം ചെയ്തു. അദാനി സി.എസ്.ആർ ഹെഡ് ഡോ. അനിൽ ബാലകൃഷ്ണൻ, പ്രോജക്ട് ഓഫീസർ സെബാസ്റ്റ്യൻ ബ്രിട്ടോ, അഭയം ചാരിറ്റബിൾ സൊസൈറ്റി കോഓർഡിനേറ്റർ സി.ലൂസി എന്നിവർ സംസാരിച്ചു.

റീജിയണൽ കാൻസർ സെന്റർ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം അസി. പ്രൊഫസർ ഡോ. ജിജി തോമസ് രോഗനിർണയ രീതികളെക്കുറിച്ച് വിശദീകരിച്ചു.

രോഗപരിശോധനയ്ക്ക് ആർ.സി.സി കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം അസി. പ്രൊഫസർമാരായ ഡോ. ജിജി തോമസ്, ഡോ. ജയകൃഷ്ണൻ എന്നിവർ നേതൃത്വം നൽകി. അദാനി ഫൗണ്ടേഷൻ പ്രവർത്തകർ, അഭയം ചാരിറ്റബിൾ സൊസൈറ്റി പ്രവർത്തകർ, അദാനി ഫൗണ്ടേഷൻ കമ്മ്യൂണിറ്റി വോളന്റിയർമാർ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

# വാഹന പരിശോധനയ്ക്കിടെ എസ്.ഐയെ ഇടിച്ചിട്ട സംഭവം; ഒരാൾ പിടിയിൽ

## സംഘം വലിച്ചെറിഞ്ഞ ബാഗിൽ നിന്നു കഞ്ചാവ് കണ്ടെത്തി

പാലോട്: വാഹന പരിശോധനയ്ക്കിടെ പാലോട് എസ്.ഐ അഷ്റഫിനെ ഇടിച്ചിട്ട ശേഷം രക്ഷപ്പെടാൻ ശ്രമിച്ച സംഘത്തിലെ ഒരാളെ പിടികൂടി. ഇവർ വലിച്ചെറിഞ്ഞ ബാഗിൽ നിന്ന് 25 പൊതികളിലായി അരക്കിലോയോളം കഞ്ചാവും 3520 രൂപയും കണ്ടെത്തി.

ചൊവ്വാഴ്ച രാത്രി 9.30 ഓടെ തെങ്കാശി പാതയിൽ പ്ലാവറ പെട്രോൾ പമ്പിന് സമീപമാണ് സംഭവം. നമ്പർ പ്ലേറ്റില്ലാത്ത ബൈക്കിൽ വന്ന രണ്ട് യുവാക്കൾ എസ്.ഐയെ ഇടിച്ചിട്ട ശേഷം രക്ഷപ്പെടുകയായിരുന്നു. പിന്തുടർന്ന പൊലീസ് ബൈക്കിന് പിറകിലിരുന്ന ചുള്ളിമാനൂർ പുനവക്കുന്ന് ഷാനഭവനിൽ മുഹമ്മദ് എൻ ഷാനിനെ (25) പിടികൂടി.


മുഹമ്മദ് എൻ. ഷാൻ

രക്ഷപ്പെട്ട മണ്ണൂർക്കോണം സ്വദേശിയെക്കുറിച്ച് വിവരം ലഭിച്ചതായി പൊലീസ് പറഞ്ഞു. ബൈക്ക് തട്ടി വീണ് കാലിന് പരിക്കേറ്റ എസ്.ഐ ചികിത്സ തേടി. തിരുനെൽവേലിയിൽ നിന്നാണ് കഞ്ചാവ് എത്തിച്ചതെന്ന് സി.ഐ കെ.ബി. മനോജ്കുമാർ പറഞ്ഞു. പ്രതിയെ റിമാൻഡ് ചെയ്തു.

# കർഷകരുടെ ക്ഷേമപെൻഷൻ ഉയർത്തണം: വി.എസ്. ശിവകുമാർ എം.എൽ.എ

തിരുവനന്തപുരം: കർഷകരെ സഹായിക്കാൻ സർക്കാർ മുന്നോട്ട് വരണമെന്നും ഇപ്പോൾ നൽകുന്ന ക്ഷേമ പെൻഷൻ 1100 രൂപയിൽ നിന്ന് 1500 ആക്കി വർദ്ധിപ്പിക്കണമെന്നും വി.എസ്. ശിവകുമാർ എം.എൽ.എ ആവശ്യപ്പെട്ടു.

ദേശീയ കർഷകത്തൊഴിലാളി ഫെഡറേഷൻ (ഡി.കെ.ടി.എഫ്) തിരുവനന്തപുരം നിയോജക മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച പ്രവർത്തക കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് കെ.ജയരാമൻ അദ്ധ്യക്ഷത വഹിച്ചു. ഡി.കെ.ടി.എഫ് ജില്ലാ പ്രസിഡന്റ് പി. ഗോപിനാഥൻ ആശാരി മുഖ്യപ്രഭാഷണം നടത്തി.



ദേശീയ കർഷകത്തൊഴിലാളി ഫെഡറേഷൻ (ഡി.കെ.ടി.എഫ്) തിരുവനന്തപുരം നിയോജകമണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച പ്രവർത്തക കൺവെൻഷൻ വി.എസ്. ശിവകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. ഡി.കെ.ടി.എഫ് തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് പി. ഗോപിനാഥൻ ആശാരി, സ്റ്റേറ്റ് ജനറൽ സെക്രട്ടറി കാലടി സുരേഷ്, പ്രസിഡന്റ് കെ. ജയരാമൻ, ജില്ലാ ജനറൽ സെക്രട്ടറി രാജ്മോഹൻ(പാറ്റൂർ ഉണ്ണി), മാഹീൻഖാൻ പൂന്തുറ എന്നിവർ സമീപം.

സംസ്ഥാന ജനറൽ സെക്രട്ടറി കാലടി സുരേഷ്, കോൺഗ്രസ് വഞ്ചിയൂർ ബ്ലോക്ക് പ്രസിഡന്റ് പത്മകുമാർ, കെ. ഗോപകുമാർ, ഡി.കെ.ടി.എഫ് ജില്ലാ ജനറൽ സെക്രട്ടറി രാജ്മോഹൻ (പാറ്റൂർ ഉണ്ണി), തൊളിക്കോട് നസീർ, കരുമം ശശി, സിറാജുദ്ദീൻ പൂന്തുറ, ചന്ദ്രബാബു വേളി, ടി. മോഹനൻ, എസ്. ശിവശങ്കരൻ, എൻ.ജി. ശ്രീകുമാർ, ഷാഹുൽ പൂന്തുറ, അമീറുദ്ദീൻ വേളി, സാം നതാനിൽ പാളയം തുടങ്ങിയവർ സംസാരിച്ചു.

ജനറൽ സെക്രട്ടറി മാഹീൻ ഖാൻ സ്വാഗതവും രാജേന്ദ്രൻനായർ നന്ദിയും പറഞ്ഞു.



കേരള ഹിന്ദി പ്രചാര സഭയിൽ ഹിന്ദി ദിനാചരണം-2018 നോട് അനുബന്ധിച്ച് നടന്ന സമ്മാന വിതരണ സമ്മേളനം വി.മുരളീധരൻ എ.പി ഉദ്ഘാടനം ചെയ്യുന്നു. പി.രാജേന്ദ്രൻ, ഡോ. ആർ.ഐ. ശാന്തി, ഡോ. ടി.ശാന്തകുമാരി, ആർ.ജോസഫ് എന്നിവർ സമീപം.

KERALA KAUMUDI Classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

3 അംഗ കുടുംബത്തിലേയ്ക്ക് ഹോം നഴ്സിനേയും വീട്ടുജോലിയ്ക്ക് സ്ത്രീ/പെൺകുട്ടി ആവശ്യമുണ്ട്. Salary Rs 13000/-.
Ph: 9946790686

**ആവശ്യമുണ്ട്**
ഊന്നിൻമൂട് വിസ്മയ ടൈൽസിന്റെ ഗ്രാനൈറ്റ് ഷോപ്പിലേക്ക് ഫീൽഡ് സ്റ്റാഫിനെ ആവശ്യമുണ്ട്.
9895594933.

**Malayalam Teachers**
For Primary Classes, wanted for Sabarigiri International School, Trivandrum. Well - experienced, capable hands with modern outlook and with some English knowledge also can send resume to :
vkjk99@gmail.com
Phone : 9447702966.

**Tuition for Maths**
Upto +2 Experienced Tutors.
Details Contact :
8289963616.

**പണയ സ്വർണ്ണം**
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

**നഷ്ടപ്പെട്ടു**
KL M 1586 ബജാജ് ഡിസ്കവർ സ്കൂട്ടറിന്റെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആക്ഷേപമുള്ളവർ 15 ദിവസത്തിനകം ആറ്റിങ്ങൽ RTO-യെ രേഖാമൂലം അറിയിക്കേണ്ടതാണ്.
ഷീമ,
ഫിഷർമെൻ കോളനി, ചിലക്കൂർ,
വർക്കല.

**ചികിത്സ**
ത്വക്‌രോഗികൾ ശ്രദ്ധിക്കുക!
ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

**ബാങ്ക് സ്വർണ്ണം**
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
97 46 81 11 96
98 47 30 11 58
രാധികാ ജ്വല്ലറി

**Lost**
ബി. രാജേന്ദ്രകുമാർ പേർക്കുള്ള 1990 ലെ ഒന്നാം പുസ്തകം 527-ാം വാല്യം 175 മുതൽ 178 വരെ പേജുകളിൽ 1327-ാം വിലയാധാരത്തിന്റെ അസൽ ആധാരം നഷ്ടപ്പെട്ടു. ആയതിനാൽ അതിന്റെ ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ 7 ദിവസത്തിനകം നേമം വില്ലേജ് ഓഫീസിൽ അറിയിക്കേണ്ടതാണ്.
ബി. രാജേന്ദ്രൻ,
നേമം. 9447889526

**Lost**
My Transfer Certifcate serial No. 402/2006, dated 29.05.2006 with admission No. 6088 during the academic year 2005 - 2006 in Standard XII (Twelve) Nursing Vocational English Medium Group (HSC) is lost. I am applying for its duplicate copy. Those who have any complaint please inform to The Department of School Education, Tamil Nadu. Aswathy. V, D/o Thiru Ambi and W/o Ajimon. S, Chengazhiyathu Mele Puthen Veedu, Mampazhakara, Perumpazhuthoor P.O, Neyyattinkara. Phone : 8547924855.

**Change of Name**
I, Renuka Gopinathan, holder of Passport No. H0695182, do hereby change my name to Renuka Gopinath as provided in my Aadhar No. 553684193430 for all purposes in future.
(Sd/) Renuka Gopinathan.

**നഷ്ടപ്പെട്ടു**
എന്റെ പേരിലുള്ള H 0695217-ാം നമ്പർ പാസ്പോർട്ട് 10.09.2018-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിനും ഉള്ളൂരിനുമിടയിൽ നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ അടുത്തുള്ള പൊലീസ് സ്റ്റേഷനിലോ എന്റെ 9847064468 ഫോണിലോ വിളിച്ചറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ജി. ഗോപിനാഥൻ.

**നോട്ടീസ്**
മാർച്ച് 1994 വർഷത്തെ 387836 രജിസ്റ്റർ നമ്പരിലുള്ള എന്റെ SSLC ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിമുൻപാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഒഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
Sheeja. R,
Kavuvila Puthenveedu,
Kodunganoor P.O, TVM-13.

**വീട്ടുജോലി / ഹോം നഴ്സ്**
കേരളത്തിലും പുറത്തും വീട്ടുജോലി, ഹോം നഴ്സ്, ANM നഴ്സ്, ബ്യൂട്ടിഷ്യൻ, ലേഡീസ് ടൈലർ - ഉടൻ ബന്ധപ്പെടുക.
ബോസ് കൺസൾട്ടൻസി
T.B.റോഡ്, കോട്ടയം
9447806524
മാർക്കറ്റ് റോഡ്, എറണാകുളം
9400667375
Railway station Road, കോഴിക്കോട്
8089211241, 9961103963

**സത്യമായ പ്രവചനങ്ങളും ദുരിത ദുഃഖ പരിഹാരങ്ങളും**

നാളിതുവരെ അനുഭവിച്ച ദുരിതം, ദുഃഖം, രോഗം, തൊഴിൽ, വിദ്യാതടസ്സങ്ങൾക്കും മറ്റ് പ്രതിസന്ധികൾക്കും കാര്യകാരണ ശാന്തി പരിഹാരങ്ങൾ ജാതി – മതഭേദമന്യേ മിഥ്യാ – വാഗ്ദാന മുഖസ്തുതികളില്ലാതെ ഉറപ്പുനൽകുന്നു. അതീവ ചൈതന്യത്തോടു കൂടിയ ദേവീ – ദേവത – നവഗ്രഹങ്ങളും ചേർന്ന ക്ഷേത്രവും ഇല്ലപറമ്പിൽ സ്ഥിതിചെയ്യുന്നു. പൂർണ്ണ വിശ്വാസിയ്ക്ക് പൂർണ്ണഫലം
സന്ദർശനം മുൻകൂട്ടി അനുവാദം വാങ്ങിയശേഷം
ലോകപ്രശസ്ത ജ്യോതിഷ-മാന്ത്രിക-താന്ത്രിക-ഉപാസകൻ
ബ്രഹ്മശ്രീ ഡോ. പ്രണവം വിഷ്ണുനമ്പൂതിരി
ഉഴുത്രപ്പള്ളി ഇല്ലത്ത് പ്രണവം, വള്ളക്കടവ് പി.ഒ. രാജീവ് ഗാന്ധി Lane, കല്ലുംമൂട്, പനമൂട് ദേവീക്ഷേത്രത്തിന് സമീപം, തിരുവനന്തപുരം – 8 ഫോൺ : 9400642415, 9048458660

**ITI/KCGE അഡ്മിഷൻ**
P.S.C./NCVT/KSELB/KERALA ഗവ. അംഗീകൃത കോഴ്സുകൾ
ഓട്ടോമൊബൈൽ + Driv. Licence | ഇലക്ട്രിക്കൽ
സിവിൽ | എക്സ്റേ – വെൽഡിംഗ്
കോഴ്സുകഴിഞ്ഞാൽ ശമ്പളത്തോടുകൂടി ഉടൻ ട്രെയിനിംഗ്
Since 1978
UBDACE INSTITUTIONS
കേന്ദ്ര – സംസ്ഥാന ഗവൺമെന്റ് അംഗീകൃതം
വിദേശത്ത് പോകുവാൻ*
UEI ഡിപ്ലോമ സർട്ടിഫിക്കറ്റ്
സ്റ്റേഡിയം, കൊല്ലം
0474-2740503, 2764343
2794676, 9446787715
* Conditions apply

**7* മാസം കൊണ്ട് Degree/PG**
പഠനം മുടങ്ങിയവർക്കും തോറ്റവർക്കും
T&C APPLY
MBA IN 27 ELECTIVES
UG & PG MORE THAN 25 SUBJECTS
ഡിഗ്രി പഠനം രണ്ട് വർഷം പൂർത്തിയാക്കിയവർക്ക് (Pass/Fail) ഇപ്പോൾ എളുപ്പത്തിൽ ഡിഗ്രി എടുക്കുവാൻ അവസരം!
BA, B.Com, Bsc, BBA, BCA, MA, M.Com, Msc, MBA, MCA
• ഉപരിപഠനത്തിന് യോഗ്യത • എംബസ്സി അറ്റസ്റ്റേഷൻ ലഭിക്കുന്നതാണ്
KERALA PSC, UGC, DEC, AIU, AICTE Approved Courses
HELP LINE: 9946195020, 9349695151
AID EDUCATION
All India Distance Education
MALAPPURAM | CALICUT | PATTAMBI | THRISSUR
THALASSERY | COCHIN | KOTTAYAM | KANHANGAD
MANNARKKAD | PATHANAMTHITTA | PARAPPANANGADI

**തടിയും തൂക്കവും വർദ്ധിപ്പിക്കാം**
♦ മെലിഞ്ഞ ശരീരം ഉള്ളവർക്ക് തടിയും തൂക്കവും വർദ്ധിപ്പിക്കാൻ സ്റ്റാമിജൻ പൗഡർ അതീവ ഫലപ്രദം.
♦ ദഹനം കൃത്യമാകും, ഭക്ഷണം ശരീരത്ത് പിടിക്കും, പ്രസരിപ്പും ഉന്മേഷവും ഉണ്ടാകും.
♦ ചെറുപ്പക്കാർക്കും മുതിർന്നവർക്കും കുട്ടികൾക്കും ഉപയോഗിക്കാം.
♦ ശരീരപുഷ്ടി ഉണ്ടാകാൻ പലതും പരീക്ഷിച്ച് പരാജയപ്പെട്ടവരും സ്റ്റാമിജന്റെ ഫലപ്രാപ്തിയിൽ സംതൃപ്തർ.
♦ പാർശ്വഫലങ്ങളില്ലാത്ത സുരക്ഷിതമായ അംഗീകൃത ഉൽപന്നം
കൂടുതൽ വിവരങ്ങൾക്ക് : കസ്റ്റമർ കെയർ 90485 02449.
www.ayuralpha.com

**നീഗ്രോ പെന്നീസ് ലാവോ മസാജിംഗ് ഓയിൽ**
വിവാഹത്തിനു മുമ്പും വിവാഹത്തിനു ശേഷവും ഉണ്ടാകുന്ന സെക്സ് ബലഹീനതയ്ക്ക് 100% ആയുർവ്വേദ ചികിത്സ. ഇതിന്റെ ഉപയോഗത്താൽ ലിംഗത്തിന്റെ നീളം 6-8 ഇഞ്ചും, വണ്ണം 3-4½ ഇഞ്ചും വർദ്ധിക്കുന്നു. സമയം 30 മിനിട്ടും കിട്ടുന്നു. കൂടാതെ ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, നപുംസകത എന്നിവമാറി ബീജാണുക്കളുടെ അളവും വർദ്ധിപ്പിക്കുന്നു. സെക്സിന്റെ പരമാനന്ദസുഖം അനുഭവിച്ചറിയൂ.
സ്ത്രീ സൗഹൃദങ്ങൾക്ക് താല്പര്യപ്പെടുന്നവർക്ക് ഫോട്ടോയും നമ്പരും അടങ്ങിയ ഡയറി സൗജന്യം

ചികിത്സയ്ക്കായി ഫോൺ ചെയ്യുക
8750336928, 9540376105

Member SAP Student Academy Program
SAP EME
**ACCOUNTING LOGISTICS**
JOB ORIENTED TRAINING IN WORLD'S NO. 1 BUSINESS SOFTWARE WITH PLACEMENT SUPPORT
ELIGIBILITY : DEGREE (Course Completed)
1) SAP FICO/LOGISTICS-MM (Materials Mgmt.)/SD(Sales & Distribution) : 45 Days
2) SAP FICO + Tally ACE with GST/VAT + Corporate Accounting : 3 Months
3) SAP FICO + Tally PRO + Peachtree + QB + MS Office, Word, Exel + Softskill + Spoken English + Interview Sessions : 6 months
4) SAP FICO + Tally GURU + MS Office, Word, Exel + Softskill + Spoken English + Interview Sessions : 8 months
5) SAP MM/SD + Diploma in Logistics & International Trade : 4 months
ADMISSION OPEN
SAP & Tally AUTHORIZED CERTIFICATION
NO.1 SAP EDUCATION CENTRE IN KERALA
9645012140 | 9809412140
Ulloor | Trivandrum-11 cokonetacademy.com
COKONET

## അനുശോചന യോഗം

വർക്കല: വടശേരിക്കോണം എസ്.എൻ.ഡി.പി ശാഖ സെക്രട്ടറിയും പൊതുകാര്യ പ്രമുഖനുമായിരുന്ന യു. ഹരിദാസിന്റെ നിര്യാണത്തിൽ അനുശോചിച്ച് വടശേരിക്കോണം ജംഗ്ഷനിൽ യോഗം ചേർന്നു. എസ്.എൻ.ഡി.പി ശാഖാ പ്രസിഡന്റ് ബി. സാബുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അജി എസ്.ആർ.എം, കല്ലമ്പലം നകുലൻ, കമലാസനൻ, എം. ജഹാംഗീർ, ബൈജു, രാജീവ്നാരായണൻ, സുകുമാരൻ മേനാപ്പാറ, വേണു, എസ്. സുദർശനൻ, ഫാലലോചനൻ, രാജൻ, സുധർമ്മണി, ലാജി, ഡി.എസ്. പ്രദീപ് തുടങ്ങിയവർ സംസാരിച്ചു.



## ദക്ഷിണ മൂകാംബിക ഭഗവതി ക്ഷേത്രം

തിരുവനന്തപുരം: മച്ചേൽകുളങ്ങരക്കോണം ദക്ഷിണ മൂകാംബിക ഭഗവതി ക്ഷേത്രത്തിലെ നവരാത്രി ഉത്സവം ഒക്ടോബർ 10 മുതൽ 19 വരെ നടക്കും. 10ന് രാവിലെ മഹാചണ്ഡികാഹോമം, വൈകിട്ട് 4ന് നവരാത്രി സമ്മേളനം, രാത്രി 9ന് സംഗീത നൃത്തകലാപരിപാടികൾ. 12ന് വൈകിട്ട് അഞ്ചിന് മാലപ്പുറം പാട്ട്. 17ന് ആയുധപൂജ. 18ന് കുടജാദ്രി ദേവിക്ക് ഉച്ചക്കൊട, താലപ്പൊലി. 19ന് രാവിലെ ഭഗവതിയെ സരസ്വതി മണ്ഡപത്തിലേക്ക് എഴുന്നള്ളിക്കും. ക്ഷേത്രതന്ത്രി മേലമൺ മഠം സായിപ്രസാദ സരസ്വതിയുടെ നേതൃത്വത്തിൽ വിദ്യാരംഭം നടക്കും. ഉച്ചയ്ക്ക് സമൂഹസദ്യ. വൈകിട്ട് 6ന് ആയക്കോട്ട് ആറാട്ടെഴുന്നള്ളത്ത്.

## സൗജന്യ വയറിംഗ് കോഴ്സ്

കാട്ടാക്കട: നെയ്യാറ്റിൻകര പോളിടെക്നിക്ക് പൂഴനാട് ഭാവന ഗ്രന്ഥശാലയിൽ നടത്തുന്ന സൗജന്യ വയറിംഗ് കോഴ്സിന്റെ ഇന്റർവ്യൂ 27ന് രാവിലെ 10.30ന് ഭാവന ഗ്രന്ഥശാല ഓഫീസിൽ നടക്കും. ഇന്റർവ്യൂവിന് അറിയിപ്പ് ലഭിക്കാത്തവർക്കും അപേക്ഷ സമർപ്പിക്കാത്തവർക്കും അന്നേ ദിവസം ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ. 9497022280, 9847734561.

## മഹിളാകോൺഗ്രസ് സായാഹ്ന ധർണ

നെടുമങ്ങാട്: സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തണമെന്ന് ആവശ്യപ്പെട്ട് മഹിളകോൺഗ്രസ് ആനാട് മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച സായാഹ്ന ധർണ മഹിള കോൺഗ്രസ് ജില്ല പ്രസിഡന്റ് ലക്ഷ്മി ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് ഉഷാകുമാരിയുടെ അദ്ധ്യക്ഷതയിൽ ആനാട് ജയൻ, സജി വർഗീസ്, പുരുഷോത്തമൻ നായർ, ആർ. അജയകുമാർ, ആനാട് സുരേഷ്, പി. എൻ. ഷീല, ആർ.ജെ. മഞ്ജു, മുജീബ് ഗോപലകൃഷ്ണൻ, ഹുമയൂൺ കബീർ, ഷില, ഷീബാബീവി, സിന്ധു, പ്രഭ, രാധ എന്നിവർ പ്രസംഗിച്ചു.

## രാഷ്ട്രീയവിശദീകരണ യോഗം

മലയിൻകീഴ്: പേയാട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി പുളിയറക്കോണത്ത് സംഘടിപ്പിച്ച രാഷ്ട്രീയ വിശദീകരണ യോഗം കെ.എസ്. ശബരിനാഥ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. എൻ. ശക്തൻ, എ. ബാബുകുമാർ, വളപ്പിൽശാല ശശി, എസ്. ശോഭനകുമാരി, പൂവച്ചൽ ഇൗർഷാദ്, ജോർജ്ജ്കുട്ടി, എഡ്വിവിൻ ജോർജ്ജ്, ജി. പങ്കജായൻ, പൊറ്റയിൽ മോഹനൻ, ഗോപൻ, മൂലത്തോപ്പ് ജയകുമാർ, ജയകുമാർ, വിനോദ് രാജ്, മലവിള ബിജു എന്നിവർ സംസാരിച്ചു. എതിരില്ലാതെ തിരഞ്ഞെടുത്ത മൈലാടി ക്ഷീര സംഘം ഭരണ സമിതി അംഗങ്ങളെ മുൻ സ്പീക്കർ എൻ. ശക്തൻ ആദരിച്ചു.

## സായാഹ്ന ധർണ

ബാലരാമപുരം: പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ വിലനിർണ്ണയിക്കാനുള്ള അധികാരം കോർപ്പറേറ്റ് കുത്തകകളിൽ നിന്ന് സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ജനതാദൾ (എസ്) കോവളം നിയോജക മണ്ഡലം കമ്മിറ്റി 29ന് വൈകിട്ട് 4ന് ഉച്ചക്കട ജംഗ്ഷനിൽ സായാഹ്ന ധർണ നടത്തും. മുൻ എം.എൽ.എ അഡ്വ ജമീലാപ്രകാശം ഉദ്ഘാടനം ചെയ്യും. നിയോജക മണ്ഡലം പ്രസിഡന്റ് തെന്നൂർക്കോണം ബാബു അദ്ധ്യക്ഷത വഹിക്കും.

## സർപ്പബലി

വിതുര: വിതുര ചായം ശ്രീഭദ്രകാളി ക്ഷേത്രത്തിൽ ഒക്ടോബർ നാലിന് വൈകിട്ട് അഞ്ചിന് സർപ്പബലി നടത്തുമെന്ന് ക്ഷേത്ര കമ്മിറ്റി പ്രസിഡന്റ് കെ.ജെ. ജയചന്ദ്രൻ നായരും, സെക്രട്ടറി എസ്. സുകേഷ്കുമാറും അറിയിച്ചു. ക്ഷേത്രതന്ത്രി പെരിയമന ജി. കൃഷ്ണൻ പോറ്റി, മേൽശാന്തി എസ്. ശംഭുപോറ്റി എന്നിവർ സർപ്പബലിക്ക് കാർമ്മികത്വം വഹിക്കും.

# പുളിച്ചാമല - ഭദ്രംവച്ചപാറ റോഡിന് ശാപമോക്ഷമായി

■ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിന്നു തുക അനുവദിച്ചു

കെ. മണിലാൽ

വിതുര: തൊളിക്കോട് പഞ്ചായത്തിലെ പുളിച്ചാമല - ഭദ്രംവച്ചപാറ റോഡിന് ഒടുവിൽ ശാപമോക്ഷം ലഭിച്ചു. റോഡ് ടാറിംഗിനായി ജില്ലാപഞ്ചായത്ത് 20 ലക്ഷം രൂപ അനുവദിച്ചു. റോഡിന്റെ ശോചനീയാവസ്ഥ ചൂണ്ടിക്കാട്ടി കേരളകൗമുദി വാർത്തകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുളിച്ചാമലയിൽ നിന്ന ഭദ്രംവച്ചപാറയിലേക്കുള്ള റോഡ് തകർന്നിട്ട് വർഷങ്ങളായി.

KAUMUDI ALERT

ഇതുവഴിയുള്ള കാൽനടയാത്ര പോലും അസാദ്ധ്യമാണ്. ഇരുചക്ര വാഹനയാത്രികരുടെ നട്ടെവൊടിയുമെന്ന കാര്യം ഉറപ്പാണ്. റോഡിന്റെ ശോച്യാവസ്ഥക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് നാട്ടുകാർ നിരവധി നിവേദനങ്ങളും പ്രതിഷേധ പരിപാടികളും സംഘടിപ്പിച്ചെങ്കിലും അതൊന്നും ഫലം കണ്ടില്ല. നിരവധി അപകടങ്ങളും ഇവിടെ ആരങ്ങേറിയിട്ടും അധികൃതർ അനങ്ങാപ്പാറ നയമാണ് സ്വീകരിച്ചത്. റോഡിന്റെ ഈ അവസ്ഥ കാരണം ആട്ടോറിക്ഷകളും ഇതുവഴി സവാരി നടത്താറില്ല. റോഡിന്റെ അവസ്ഥ ശ്രദ്ധയിൽ പെട്ടതിനെ തുടർന്നാണ് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു ഈ റോഡിനായി തുക അനുവദിച്ചത്. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.



പുളിച്ചാമല - ഭദ്രംവച്ചപാറ റോഡ് തകർന്ന നിലയിൽ

> "റോഡ് ടാറിംഗ് നടത്തുന്നതിനുള്ള തുകയ്ക്ക് പുറമേ ഭദ്രംവച്ചപാറയിൽ പുതിയ പാലം നിർമ്മിക്കുന്നതിനായി പത്ത് ലക്ഷം രൂപ കൂടി അനുവദിച്ചു. നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും.
>
> വി.കെ. മധു (ജില്ലാപഞ്ചായത്ത് പ്രസിഡന്റ്).

**അഭിനന്ദിച്ചു**

പുളിച്ചാമല - ഭദ്രംവച്ചപാറ റോഡ് ടാറിംഗിനും പാലം നിർമ്മാണത്തിനുമായി തുക അനുവദിച്ച ജില്ലാപഞ്ചായത്ത് പ്രസിഡന്റിന് സി.പി.എം പുളിച്ചാമല ബ്രാഞ്ച് സെക്രട്ടറി നാഗര ബിനുകുമാറും ഡി.വൈ.എഫ്.എ നാഗര യൂണിറ്റ് കമ്മിറ്റിയും നന്ദി രേഖപ്പെടുത്തി.

റോഡിന്- 20 ലക്ഷം രൂപ

ഭദ്രംവച്ചപാറ പാലത്തിന്- 10 ലക്ഷം രൂപ



കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ മേൽ കടയ്ക്കാവൂർ ക്ഷീര വ്യവസായ സഹകരണ സംഘം സി.ഐ.ടി.യു യൂണിറ്റ് സമ്മേളനം സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റി അംഗം ആർ. രാമു ഉദ്ഘാടനം ചെയ്യുന്നു

## യൂണിയൻ യൂണിറ്റ് സമ്മേളനം

ചിറയിൻകീഴ്: കേരള കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ മേൽ കടയ്ക്കാവൂർ ക്ഷീര വ്യവസായ സഹകരണ സംഘം സി.ഐ.ടി.യു യൂണിറ്റ് സമ്മേളനം സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റി അംഗം ആർ. രാമു ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ആരോഗ്യ സുരക്ഷാ അവാർഡ് നേടിയ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷിനെ ക്ഷീര വ്യവസായ സംഘം പ്രസിഡന്റ് ആർ. സുരേഷും സെക്രട്ടറി ആർ. അനിൽകുമാറും ചേർന്ന് ആദരിച്ചു. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള അവാർഡ് വിതരണം ആർ. സുഭാഷ് നിർവഹിച്ചു. ഷീബ രക്തസാക്ഷി പ്രമേയവും സുനിത അനുശോചന പ്രമേയവും അവതരിപ്പിച്ചു. എം.വി. കനകദാസ്, വി. വിജയകുമാർ, ഷൈലജ ബീഗം, രാജശേഖരൻ, രവീന്ദ്രൻ നായർ, രാജീവ് തുടങ്ങിയവർ പങ്കെടുത്തു. ഷൈല സ്വാഗതവും ബി. സതീഷ് നന്ദിയും പറഞ്ഞു. ഭാരവാഹികളായി മനേഷ് (പ്രസിഡന്റ്), ഷൈല, രജിത്ത് (വൈസ് പ്രസിഡന്റുമാർ), ബി. സതീഷ് (സെക്രട്ടറി), ദീപ, ശ്രീരേഖ, (ജോയിന്റ് സെക്രട്ടറിമാർ), അജയൻ (ട്രഷറർ) എന്നിവരുൾപ്പെട്ട 13 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെ തിരഞ്ഞെടുത്തു.

# ഞെക്കാട് സ്കൂൾ സംസ്ഥാനത്തെ സ്കൂളുകൾക്ക് മാതൃക: ഡോ. എ. സമ്പത്ത് എം.പി

കല്ലമ്പലം: ഞെക്കാട് സ്കൂൾ മറ്റു സ്കൂളുകൾക്ക് മാതൃകയാണെന്നതിനുള്ള തെളിവാണ് സ്കൂളിലെ മികച്ച പ്രവർത്തനങ്ങൾ പരിഗണിച്ച് പ്രഥമാദ്ധ്യാപകൻ കെ.കെ. സജീവിന് ലഭിച്ച സംസ്ഥാന ഗവൺമെന്റിന്റെ അദ്ധ്യാപക അവാർഡ് എന്ന് ഡോ. എ. സമ്പത്ത് എം.പി പറഞ്ഞു. ഞെക്കാട് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ സംസ്ഥാന അദ്ധ്യാപക അവാർഡ് നേടിയ ഹെഡ്മാസ്റ്ററെ അനുമോദിക്കാൻ ചേർന്ന യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ-ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി. രഞ്ജിത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഡ്വ. വി. ജോയ് എം.എൽ.എ മുഖ്യ പ്രഭാഷണം നടത്തി. എസ്.എസ്.എ ഫണ്ടുപയോഗിച്ച് നിർമ്മിച്ച ക്ലാസ് മുറികളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു നിർവഹിച്ചു. വർക്കല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.കെ. യൂസഫ്, വൈസ് പ്രസിഡന്റ് സ്മിതാ സുന്ദരേശൻ, ഒറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ്, ഒറ്റൂർ ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ പ്രമീളാ ചന്ദ്രൻ, മെമ്പറും വിദ്യാലയ വികസന സമിതി ചെയർമാനുമായ എൻ. അജി, എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർ ബി. ശ്രീകുമാരൻ, ബ്ലോക്ക് പ്രോജക്ട് ഓഫീസർ പി. സജി, എസ്.എം.സി ചെയർമാർ എ. ജയപ്രകാശ്, വി.എച്ച്.എസ്.എസ് പ്രിൻസിപ്പൽ എം.ആർ. മധു, വികസന സമിതി വർക്കിംഗ് ചെയർമാൻ വി. സത്യരാജൻ, സ്റ്റാഫ് സെക്രട്ടറി മുഹമ്മദ് ഉല്ലാസ് തുടങ്ങിയവർ പങ്കെടുത്തു. പ്രിൻസിപ്പൽ ആർ. പി. ദിലീപ് സ്വാഗതവും പി.ടി.എ പ്രസിഡന്റ് കെ. ഷാജികുമാർ നന്ദിയും രേഖപ്പെടുത്തി.



ഞെക്കാട് ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ സംസ്ഥാന അധ്യാപക അവാർഡ് നേടിയ സ്കൂൾ ഹെഡ്മാസ്റ്ററെ അനുമോദിക്കാൻ ചേർന്ന യോഗം ഡോ. എ. സമ്പത്ത് എം. പി ഉദ്ഘാടനം ചെയ്യുന്നു

# യൂത്ത് കോൺഗ്രസ് പി.ഡബ്ലിയു.ഡി ഓഫീസ് മാർച്ചിൽ സംഘർഷം

ആറ്റിങ്ങൽ: ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പി.ഡബ്ലിയു.ഡി ഓഫീസ് മാർച്ചിൽ സംഘർഷം.

മാർച്ച് പൊലീസ് തടഞ്ഞതിനെ തുടർന്നായിരുന്നു സംഘർഷം. കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻഡിനു മുന്നിൽ നിന്നാരംഭിച്ച മാർച്ച് താലൂക്ക് ഓഫീസിനു മുന്നിൽ പൊലീസ് തടഞ്ഞു. പൊലീസ് സംയമനം പാലിച്ചതിനാൽ കൂടുതൽ പ്രശ്നങ്ങൾ ഒഴിവായി.

അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ലെന്നും പകുതിയോളം സ്ഥലങ്ങളിൽ മെറ്റൽ വിരിച്ചിട്ട് കാൽനടയാത്രയും വാഹനയാത്രയും ദുസഹമാക്കുന്നുവെന്നും ആരോപിച്ചായിരുന്നു സമരം.

മുൻപ് നില്പ് സമരം സംഘടിപ്പിച്ചിട്ടും നടപടികൾ ഉണ്ടാകാത്തതിനാലാണ് സമരം ശക്തമാക്കിയതെന്ന് നേതാക്കൾ പറഞ്ഞു. ചിറയിൻകീഴ്-പെരുങ്കുഴി-മുരുക്കുംപുഴ ജില്ലാ റോഡിന്റെയും ശാസ്തവട്ടം- മുട്ടപ്പലം അഴൂർ തീരദേശ റോഡിന്റെയും ഒൻപതു മാസമായി മുടങ്ങിക്കിടക്കുന്ന പണികൾ ഉടൻ പൂർത്തിയാക്കണമെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടു.

സമരം ഡി.സി.സി ജനറൽ സെക്രട്ടറി അഡ്വ. കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു.

യൂത്ത് കോൺഗ്രസ് ചിറയിൻകീഴ് മണ്ഡലം ജനറൽ സെക്രട്ടറി സജിത്ത് മുട്ടപ്പലം അദ്ധ്യക്ഷത വഹിച്ചു. കൊയ്ത്തൂർക്കോണം സുന്ദരൻ, മണ്ഡലം പ്രസിഡന്റ് സതീഷ്, നാസിം, വി.കെ. ശശിധരൻ, സിദ്ദിഖ്, കബീർ തടത്തിൽ, നേതാക്കളായ അലി ഷിയാസ്, ശ്രീകണ്ഠൻ, എം.എച്ച്. അഷ്റഫ്, ബിജുകുമാർ, മനുകൃഷ്ണൻ, പി.എസ്. കിരൺ കൊല്ലമ്പുഴ, ഷമീർ കിഴുവിലം, കടയ്ക്കാവൂർ കൃഷ്ണകുമാർ, അഴൂർ വിജയൻ, കെ. ഓമന എന്നിവർ നേതൃത്വം നൽകി.




ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ചിറയിൻകീഴ് യൂത്ത് കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പി.ഡബ്ലിയു.ഡി ഓഫീസിലേക്കു നടന്ന മാർച്ച് ഡി.സി.സി ജനറൽ സെക്രട്ടറി അഡ്വ. കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്യുന്നു

## മുരുക്കുംപുഴ ഹൈസ്കൂളിൽ എന്റെ കൗമുദി ഉദ്ഘാടനം ഇന്ന്

കടയ്ക്കാവൂർ: മുരുക്കുംപുഴ ഹൈസ്കൂളിൽ എന്റെ കൗമുദി പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ ഷനവാസ് നിർവഹിക്കും. റീജിയണൽ ചെയർപേഴ്സൺ ലയൺ അരവിന്ദാക്ഷൻ, റീജിയണൽ ചെയർപേഴ്സൺ ലയൺ അഡ്വ. വിജയമോഹൻ, ഡിസ്ട്രിക് ചെയർപേഴ്സൺ ലയൺ സജീവ്, ലയൺ സാജു, ലയൺ അബ്ദുൽറഷീദ്. സെക്രട്ടറി ലയൺ രാജേഷ്, ട്രഷറർ ലയൺ പത്മകുമാർ തുടങ്ങിയവർ പങ്കെടുക്കും.



മേവർക്കൽ എൻ.എസ്.എസ് കരയോഗ വാർഷിക സമ്മേളനം താലൂക്ക് യൂണിയൻ പ്രസിഡന്റ് അഡ്വ. ജി. മധുസൂദനൻപിള്ള ഉദ്ഘാടനം ചെയ്യുന്നു

## മേവർക്കൽ എൻ.എസ്.എസ് കരയോഗ വാർഷികം

ആറ്റിങ്ങൽ: ആലങ്കോട് മേവർക്കൽ എൻ. എസ്. എസ് കരയോഗ വാർഷിക സമ്മേളനം താലൂക്ക് യൂണിയൻ പ്രസിഡന്റ് അഡ്വ. ജി. മധുസൂദനൻ പിള്ള ഉദ്ഘാടനം ചെയ്തു. കരയോഗം പ്രസിഡന്റ് കെ.കെ. മോഹനൻ നായർ അദ്ധ്യക്ഷത വഹിച്ചു. വനിതാ യൂണിയൻ പ്രസിഡന്റ് വി.ടി. സുഷമാദേവി, യൂണിയൻ സെക്രട്ടറി ടി. അരവിന്ദാക്ഷൻ പിള്ള, ആർ. സുരേഷ്, ബി. ഭദ്രൻ പിള്ള, കെ. ജഗദീഷ് ചന്ദ്രൻ ഉണ്ണിത്താൻ, സി. രാധാകൃഷ്ണ കുറുപ്പ്, രാജു. ആർ.എസ് എന്നിവർ സംസാരിച്ചു.



അവനവഞ്ചേരി കൈപ്പറ്റിമുക്ക് വലിയവിള പൗരസമിതി സമാഹരിച്ച പ്രളയ ദുരിതാശ്വാസ ഫണ്ടായ 60,000 രൂപയുടെ ഡി.ഡി ഡെപ്യൂട്ടി സ്പീക്കർ വി.ശശിക്ക് പ്രസിഡന്റ് ആർ.ശശി, സെക്രട്ടറി ബി.കെ. മുരളീധരൻ നായർ എന്നിവർ കൈമാറുന്നു



ആറ്റിങ്ങൽ മുനിസിപ്പൽ ടൗൺ സർവീസ് സഹകരണ ബാങ്കിലെ ജീവനക്കാരുടെ ഒരുമാസത്തെ ശമ്പളമായ 9,46,470 രൂപയുടെ ചെക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ബാങ്ക് പ്രസിഡന്റ് എം. മുരളീധരൻ മന്ത്രി കടകംപള്ളി സുരേന്ദ്രന് കൈമാറുന്നു. സെക്രട്ടറി എസ്. സുദർശൻ, സ്റ്റാഫ് സെക്രട്ടറി വി.കെ. ബാബുരാജ് എന്നിവർ സമീപം

## സിനിമ

■ന്യൂ (2323244) :: ■SCREEN 1 - തീവണ്ടി (M - 11.30, 2.30, 6.30, 9.30)
■SCREEN 2 - വരത്തൻ (M- 11.15, 2.30, 6.30,9.30)
■SCREEN 3 - THE EQUALIZER (E- 11.30, 6.45) ഒരു കുട്ടനാടൻ ബ്ലോഗ് (M-2.30,9.30)
■ശ്രീകുമാർ (2331222) :: ചെക്ക ചിവന്ത വാനം (T- 11.15,2.30,6.15,9.30)
■ശ്രീവിശാഖ് (2331222) :: വരത്തൻ (M- 11.30,2.30,6.30,9.30)
■ശ്രീപത്മനാഭ (2473999) :: ചെക്ക ചിവന്ത വാനം (T- 11.00,2.30, 6.00,9.30)
■ദേവിപ്രിയ (2473999) :: സാമി-2 (T- 11.00, 2.30, 9.30) പടയോട്ടം (M- 6.00)
■അജന്ത (2472825) :: No Shows
■കൃപ :: THE EQUALIZER-2 (E- 11.00, 4.30pm) സാമി-2 (T - 12.15,3.30,6.40, 10.00) THE NUN (E- 1.45pm) സീമരാജ (M - 7.15pm)
■കലാഭവൻ :: പടയോട്ടം (M- 11.30,2.30, 6.15,9.30)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30,2.30,6.30,9.30)
■കൈരളി (2332747) :: മംഗല്യം തന്തുനാനേന (M- 11.15, 2.30, 6.15,9.30)
■ശ്രീ (2332747) :: വരത്തൻ (M - 11.30, 2.30, 6.30, 9.30)
■നിള (2332747) :: തീവണ്ടി (M- 11.30,2.30) ചെക്ക ചിവന്ത വാനം (T- 6.15,9.30)
■ധന്യ (2476773) :: സാമി -2 (T - 11.15,2.30, 6.15,9.30)
■രമ്യ (2476773) :: പടയോട്ടം (M- 11.15, 2.30,6.15,9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1 - സാമി-2 (T- 11.15,2.45,6.30,10.15)
■Audi 2 - തീവണ്ടി (M - 11.30,3.00,6.30, 10.00)
■Audi 3 - MANMARZIYAAN (H- 10.30am) BATTIGUL METER CHALU (H-1.45pm) THE NUN (E- 5.00pm,10.15pm) THE EQUALIZER (E-7.15pm),
■Audi 4 - പടയോട്ടം (M- 11.30am,3.00pm, 6.45pm,10.00pm)
■Audi 5 - THE NUN (E- 10.00am) വരത്തൻ (M-12.00pm,3.00pm,6.45pm,10.00pm) THE
■Audi 6 - ഇമൈക്ക നൊടികൾ (E- 11.15am) മംഗല്യം തന്തുനാനേന (M- 3.00pm, 6.45pm,10.15pm)
■കാർണിവൽ സിനിമാസ് (മാൾ ഒഫ് ട്രാവൻകൂർ)
മംഗല്യം തന്തുനാനേന (M- 10.30,1.00pm, 4.30pm,7.00pm,10.00pm
ഒരു കുട്ടനാടൻ ബ്ലോഗ് (M- 12.45pm, 3.30pm)
പടയോട്ടം (10.45am,1.00pm,4.40pm, 6.30pm,7.30pm,10.30pm)
സാമി -2 (T- 10.00am,1.10pm,4.15pm, 7.20pm,10.30pm)
THE EQUALIZER 2 (E- 3.45pm, 10.15pm)
തീവണ്ടി (M- 10.00am,1.30pm,4.00pm, 7.00pm,10.00pm)
വരത്തൻ (M- 9.45am,10.30am,12.30pm, 1.45pm,3.15pm,6.00pm,7.25pm,8.45pm, 10.00pm,11.15pm)
■കഴക്കൂട്ടം കൃഷ്ണ (2418144) :: പടയോട്ടം (M- 11.30,6.30,9.30) ഒരു കുട്ടനാടൻ ബ്ലോഗ് (M- 2.30pm) പടയോട്ടം (M- 11.15,2.30, 6.15,9.30)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: ചെക്ക ചിവന്ത വാനം (T- 11.15, 2.30, 9.30) വരത്തൻ (M- 6.15)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : തീവണ്ടി (M- 11.15,2.30,6.15,9.30) ■screen 2 : IMAIKKA NODIGAL (T- 11.15, 2.30,6.15,9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: സാമി -2 (T- 11.15) ഒരു കുട്ടനാടൻ ബ്ലോഗ് (M- 2.30) തീവണ്ടി (M- 6.15,9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: ഷോ ഇല്ല
■ആറ്റിങ്ങൽ യമുന (2629973) :: കിനാവള്ളി (M- 11.15,2.15,6.15,9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: JUNGA (T- 11.00, 2.30, 6.30, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: പടയോട്ടം (M- 11.15,2.30, 6.15,9.30)
■ആറ്റിങ്ങൽ തപസ്യ (3291113) :: സാമി-2 (T - 11.00,2.45, 6.30,9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: മംഗല്യം തന്തുനാനേന (M- 11.15,3.00, 6.30,9.45)
■വർക്കല എസ്.ആർ (04702602339) :: ഒരു കുട്ടനാടൻ ബ്ലോഗ് (M- 11.00) സാമി-2 (T- 2.30, 6.15, 9.30)
■വർക്കല വിമല (9895233785) :: ചെക്ക ചിവന്ത വാനം (T- 11.00, 3.00,6.30,9.45)
■വർക്കല സ്റ്റാർ സിനിമ (2602344) :: തീവണ്ടി (M- 11.15,2.30,6.15, 9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00,6.30,9.30)
■നെടുമങ്ങാട് സൂര്യ (2802223) :: തീവണ്ടി (M- 11.00,2.30,6.15,9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: മംഗല്യം തന്തുനാനേന (M- 11.00, 2.30,6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: ചെക്ക ചിവന്ത വാനം (T- 11.00,2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : സാമി -2 (T- 11.00,6.00, 2.15,9.15)
■screen 2 : തീവണ്ടി (M- 11.15) പടയോട്ടം (M- 2.30,6.15,9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: ലക്ഷ്മി (T- 2.30,6.30,9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073,0471-2200174) ::
■Audi 1 - ഗജനീകാന്ത് (M- 11.30,2.30,6.15, 9.30)
■Audi 2 - ഇബിലീസ് (M-11.00,2.30,6.15,9.30)
■Audi 3 - KARWAAN (H-11.00,2.30,6.15,9.30)
■Audi 4 - കൂടെ (M- 11.00,2.30,6.15,9.30)
■Audi 5 - JUNGA (T- 11.00,2.30) ഒരു പഴയ ബോംബ് കഥ (M- 6.15,9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലി മുരുകൻ (M-2.30, 6.15) അച്ചം എമ്പത് മടമയ്യെട (T-11.00,9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണതത്ത (M- 2.30,6.30,9.30)
■പോത്തൻകോട് MT CINEPLEX (2419515) ::
■Tela 1 - സാമി -2 (T- 11.15,2.30,6.15,9.30)
■Tela 2 - തീവണ്ടി (M- 11.00,2.15,6.30,9.45)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555,9447060600) :: വരത്തൻ (M - 11.15, 2.30, 9.30) പടയോട്ടം (M- 6.15)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: സാമി-2 (T- 11.30,2.30,6.30,9.30)
■കാട്ടാക്കട ജയവിനായക (2290867) :: ■ screen 1 - ആട് -2 (M-11.00,2.15,6.15,9.15) ■ screen 2 - വേലൈക്കാരൻ (T- 11.15,2.30, 6.30,9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30,9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Now show
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T-10.30, 2.30,6.15,9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: വരത്തൻ (M- 11.00, 2.00pm, 6.30pm, 10.30pm) തീവണ്ടി (M- 8.10pm)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30,6.30)
■പടന്തലുമൂട് IMP :: പടയോട്ടം (M- 11.00, 2.30,6.30,9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■ സ്വരം - വരത്തൻ (M - 11.00, 2.00,6.00, 8.30)
■ലയ - പടയോട്ടം (M- 11.15, 2.15, 6.15, 9.15)

## ഇന്ന്

**പ്ര**സ്ക്ലബ്: ശിഹാബ് തങ്ങൾ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ മാദ്ധ്യമപ്രവർത്തകരെ ആദരിക്കൽ: ഉദ്ഘാടനം രമേശ് ചെന്നിത്തല: ഉപഹാരസമർപ്പണം പി.കെ. കുഞ്ഞാലിക്കുട്ടി: - 11ന്

**ഇ**ന്ദിരാഭവൻ: കെ.പി.സി.സിയുടെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം, സമ്മേളനം എ.കെ. ആന്റണി, ഉമ്മൻ ചാണ്ടി, രമേശ് ചെന്നിത്തല-- 11.30ന്

**ഇ**ന്ദിരാഭവൻ- എം.എം. ഹസൻ രചിച്ച സത്യമേവജയതേ പുസ്തകപ്രകാശനം - -4.30ന്

**ഇ**ന്ദിരാഭവൻ- കെ.പി.സി.സി രാഷ്ട്രീയകാര്യ സമിതി യോഗം- വൈകിട്ട് 6ന്

**ച**ലച്ചിത്ര അക്കാഡമി, ഭാരത് ഭവൻ: പ്രേംനസീർ സുഹൃത്ത് സമിതിയുടെ ആഭിമുഖ്യത്തിൽ ക്യാപ്ടൻ രാജുവിന് സ്മരണാഞ്ജലി: ഉദ്ഘാടനം മേയർ വി.കെ. പ്രശാന്ത്-വൈകിട്ട് 6 ന്

**വ**ഴുതക്കാട് കേരള യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ഒഫ് മ്യൂസിക് ഹാൾ- അണ്ടർ ദി ഗ്രീൻവുഡ് ട്രീ ഇംഗ്ലീഷ് ക്ലബിന്റെ പ്രതിമാസ സെമിനാർ: അവതരിപ്പിക്കുന്നത് ഡോ. ആനന്ദ് കാവാലം- വൈകിട്ട് 5 ന്

**വി.**ജെ.ടി ഹാൾ: ജി. ദേവരാജൻ ശക്തിഗാഥ പുരസ്കാരം പൂവച്ചൽ ഖാദറിന് മന്ത്രി ഇ. ചന്ദ്രശേഖരൻ സമ്മാനിക്കുന്നു: വൈകിട്ട് 5.30 ന്

**തൈ**ക്കാട് ഗണേശം: സൂര്യ ഫെസ്റ്റിവൽ: സിനിമ-മാച്ചിർ ജോൽ (വൈകിട്ട് 4.30 ന്): കുഞ്ഞു ദൈവം (വൈകിട്ട് 6.45 ന്)

**അ**ഭേദാശ്രമം: നൊച്ചൂർ വെങ്കിട്ടരാമന്റെ ഭാഗവത പ്രഭാഷണം: വൈകിട്ട് 6.30



## ശബരിമല ഇടത്താവള സമുച്ചയ നിർമ്മാണത്തിന് കരാറായി

തിരുവനന്തപുരം: ശബരിമല ഇടത്താവള സമുച്ചയ നിർമ്മാണത്തിന് കിഫ്ബിയുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് 100 കോടി രൂപയുടെ കരാറിൽ ഒപ്പിട്ടു. ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ സാന്നിദ്ധ്യത്തിൽ കിഫ്ബി സി.ഇ.ഒ കെ.എം. എബ്രഹാമും ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ. ജ്യോതിലാലുമാണ് കരാറിൽ ഒപ്പുവച്ചത്. നിലയ്ക്കലിൽ 35 കോടി രൂപയുടെ ഇടത്താവള സമുച്ചയമാണ് നിർമ്മിക്കുക. അമ്പതിനായിരം ലിറ്റർ സംഭരണശേഷിയുള്ള വാട്ടർടാങ്ക്, ബയോ ഗ്യാസ് പ്ലാന്റ്, തടയണ, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവയടക്കമുള്ള ഇടത്താവള സമുച്ചയ നിർമ്മാണം രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് കടകംപള്ളി അറിയിച്ചു.

www.keralakaumudi.com www.facebook.com/keralakaumudi

## പിണറായി കൂട്ടക്കൊല: ക്രൈംബ്രാഞ്ച് പുനരന്വേഷിക്കും

തിരുവനന്തപുരം: പിണറായി കൂട്ടക്കൊലക്കേസിൽ പൊലീസ് കുറ്റപത്രം നൽകിയ മൂന്ന് കേസുകളും ക്രൈംബ്രാഞ്ച് വീണ്ടും അന്വേഷിക്കും. പ്രതി സൗമ്യ ജയിലിൽ ആത്മഹത്യ ചെയ്ത സംഭവവും അന്വേഷിക്കും. കൊലപാതകങ്ങൾക്ക് പിന്നിൽ മറ്റൊരാളാണെന്ന സൗമ്യ ആത്മഹത്യാക്കുറിപ്പിൽ ആരോപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് തുടരന്വേഷണം. ക്രൈംബ്രാഞ്ച് ഐ.ജി എസ്. ശ്രീജിത്താവും അന്വേഷിക്കുക.

കേസുകളുടെ അന്വേഷണം ക്രൈംബ്രാഞ്ചിനു കൈമാറി ഡി.ജി.പി ലോക്നാഥ് ബെഹ്റ ഉത്തരവിറക്കി. അന്വേഷണം ഏറ്റെടുത്ത് ക്രൈംബ്രാഞ്ച് എ.ഡി.ജി.പിയും ഉത്തരവിറക്കി. സൗമ്യയുടെ ഒമ്പതുകാരിയായ മകൾ ഐശ്വര്യ, പിതാവ് കുഞ്ഞിക്കണ്ണൻ, മാതാവ് കമല എന്നിവരാണ് ഏതാനും ആഴ്ചകളുടെ ഇടവേളകളിൽ മരിച്ചത്. ഛർദ്ദിയും വയറ്റിലെ അസ്വസ്ഥതകളും മൂലമുണ്ടായ മരണങ്ങൾ എന്നാണ് ആദ്യം കരുതിയതെങ്കിലും എലിവിഷം നൽകി സൗമ്യ കൊലപ്പെടുത്തിയതാണെന്ന് പിന്നീട് പൊലീസ് കണ്ടെത്തി. വഴിവിട്ട ജീവിതത്തിനു തടസമായതാണ് കൊലയ്ക്ക് കാരണമെന്നു കാണിച്ച് തലശേരി പൊലീസ് കുറ്റപത്രം നൽകിയിരുന്നു. ഇതിനിടെയാണ് കണ്ണൂർ വനിതാ ജയിലിലെ മരത്തിൽ തൂങ്ങിമരിച്ച നിലയിൽ സൗമ്യയെ കണ്ടത്. സൗമ്യ ആത്മഹത്യാക്കുറിപ്പിൽ കൊലക്കുറ്റം നിഷേധിച്ചു. ഇതോടെയാണ് കേസിൽ ക്രൈംബ്രാഞ്ച് അന്വേഷണം ആവശ്യപ്പെട്ട് സൗമ്യയുടെ കുടുംബം മുഖ്യമന്ത്രിക്ക് പരാതി നൽകിയത്.

## പ്രളയം ബാക്കിവച്ച സങ്കടക്കടലിൽ ഉള്ളെരിഞ്ഞ് ഈ അമ്മമാർ

▶ പ്രഭുവാര്യർ




രാജേശ്വരിയും സുബ്രഹ്മണ്യനും പുതിയ ഷെഡിലേക്ക് പാത്രങ്ങൾ എടുത്തു വയ്ക്കുന്നു



ഷീജയും ബാലനും താത്കാലികമായി പണിത ഷെഡിൽ

തൃശൂർ: ചെറിയ വീട് പ്രളയം വിഴുങ്ങി. ടാർപാളിൻ വളച്ചുകെട്ടിയ ഒരു ഷെഡാണ് വീടെന്ന് പറയാൻ ഇപ്പോഴുള്ളത്. അവിടെ എങ്ങനെ പ്രായപൂർത്തിയായ പെൺമക്കളുമായി ജീവിക്കും. ദുരിതാശ്വാസ ക്യാമ്പിൽ നിന്ന് വീടുകളിലേക്ക് തിരിച്ചുപോകേണ്ടി വരുമെന്ന മുന്നറിയിപ്പ് ലഭിച്ചതുമുതൽ തൃശൂർ അന്നമനട വെണ്ണൂർപ്പാടത്തെ രണ്ടു അമ്മ മനസുകൾ പിടയുകയാണ്; അയൽവാസികളായ രാജേശ്വരിക്കും ഷീജയ്ക്കും ഒരെത്തുംപിടിയും കിട്ടുന്നില്ല.

രാജേശ്വരിക്ക് പെൺമക്കൾ മൂന്നാണ്. ഷീജയ്ക്ക് രണ്ടും. വെള്ളം ഇരച്ചെത്തിയപ്പോൾ ഉടുവസ്ത്രവുമായി വീടുവിട്ടിറങ്ങിയവരാണ് ഇരുവരും. ക്യാമ്പുകളിൽ മാറിമാറി താമസിച്ചു. വെണ്ണൂർപ്പാടം കമ്മ്യൂണിറ്റി ഹാളിലാണ് ഇപ്പോൾ.

പ്രളയത്തിനു മുമ്പുണ്ടായ കാറ്റിലും മഴയിലും രാജേശ്വരിയുടെ വീട് തകർന്നു. നാട്ടുകാരുടെ സഹായത്തോടെ പണിത കൂര പ്രളയം വിഴുങ്ങി. ഒരാഴ്ച കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ സ്വന്തമെന്ന് പറയാൻ പാത്രങ്ങൾപോലുമില്ല. ദുരിതാശ്വാസമായി ലഭിച്ച 10,000 രൂപകൊണ്ട് പണിത അടച്ചുറപ്പില്ലാത്ത ഷെഡാണ് ഇപ്പോഴുള്ളത്. പഠിക്കാൻ മിടുക്കിയായ മകൾ ദിവ്യയെ തുടർന്നും പഠിപ്പിക്കണമെന്നായിരുന്നു രാജേശ്വരിയുടെ മോഹം. അസുഖം മൂലം ഭർത്താവ് സുബ്രഹ്മണ്യൻ ജോലി നിറുത്തിയതോടെ തുടർപഠനം വഴിമുട്ടി. രാജേശ്വരി വീട്ടുപണി ചെയ്തു കിട്ടുന്നതുമാണ് ഏക വരുമാനം. എട്ടാം ക്ലാസുകാരി ദിയ, അഞ്ചാം ക്ലാസുകാരി ദിദീയ എന്നിവരുടെ വിദ്യാഭ്യാസത്തിനും കുടുംബച്ചെലവിനും ഇതു തികയില്ല.

ഷീജയുടെ സ്ഥിതിയും മറിച്ചല്ല. രണ്ടരസെന്റിൽ 12 വർഷം മുമ്പ് ആരംഭിച്ച വീട്ടുപണി സാമ്പത്തിക പ്രശ്നം മൂലം ഇടയ്ക്ക് നിലച്ചു. ഒടുവിൽ ഷീറ്റ് മേഞ്ഞ് പുതിയ വീട്ടിൽ താമസിക്കാനുള്ള ഒരുക്കത്തിലായി. മേൽക്കൂരയ്ക്കുവേണ്ട ഷീറ്റിന്റെ അളവെടുത്ത് ജോലിക്കാർ പോയതിന് മൂന്നാംനാളാണ് പ്രളയമെത്തിയത്. പുതിയ വീടിന് സമീപമുള്ള കൂരയടക്കം വീട്ടുസാധനങ്ങളെല്ലാം ഒലിച്ചുപോയി. വെള്ളം കെട്ടിനിന്നതിനാൽ പുതിയ വീടിന്റെ തറയ്ക്കും ചുവരിനും ബലക്ഷയം. വാസയോഗ്യമല്ലാത്ത വീട് പൊളിച്ചുകളയാനാണ് വില്ലേജ് ഓഫീസറുടെ നിർദ്ദേശം. ഷീജയുടെ മൂത്ത മകൾ അഞ്ജന ഐ.ടി.ഐ പാസായെങ്കിലും ജോലിയായില്ല. രണ്ടാമത്തെ മകൾ അമൃത ബിരുദത്തിന് പഠിക്കുന്നു.

### ഒരു ആഗ്രഹം മാത്രം

**പ്രളയം തകർത്തെറിഞ്ഞ മോഹങ്ങൾക്കുമുന്നിൽ രാജേശ്വരിക്കും ഷീജയ്ക്കും ഇപ്പോൾ ഒരു ആഗ്രഹമേയുള്ളൂ. പെൺമക്കൾക്ക് സുരക്ഷിതമായി കഴിയാൻ ഉറപ്പുള്ളൊരു വീട് വേണം. ഈ സങ്കടം ആരോട് പറയും. സർക്കാർ ധനസഹായം എന്നു ലഭിക്കുമെന്ന് ആർക്കും ഉറപ്പുപറയാനാകുന്നില്ല.**

## കനകമലയിൽ രഹസ്യയോഗം: വിചാരണ നടപടികൾ തുടങ്ങി

കൊച്ചി: കേരളത്തിലും തമിഴ്നാട്ടിലുമായി തീവ്രവാദ ആക്രമണം നടത്താൻ കണ്ണൂർ കനകമലയിൽ രഹസ്യ യോഗം ചേർന്നതുമായി ബന്ധപ്പെട്ട കേസിൽ സാക്ഷി വിസ്താരം തുടങ്ങി. എറണാകുളത്തെ പ്രത്യേക എൻ.ഐ.എ കോടതിയിൽ ഇന്നലെ എൻ.ഐ.എ ഡിവൈ.എസ്.പി യശ്പാൽസിംഗ് ഠാക്കൂറിനെ വിസ്തരിച്ചു. അടുത്ത വർഷം ജനവരി 22 വരെ വിചാരണ നടപടി തുടരും. തലശേരി സ്വദേശി മൻസീദ് എന്ന ഒമർ അൽ ഹിന്ദി, ചേലാട് സ്വദേശി സ്വാലിഹ് മുഹമ്മദ്, കോയമ്പത്തൂർ സ്വദേശി റാഷിദ് അലി, കുറ്റ്യാടി സ്വദേശി റംഷാദ്, സഹോദരൻ എൻ.കെ. ജാസിം, സഫ്വാൻ, സുബഹാനി ഹാജമൊയ്തീൻ എന്നിവരാണ് വിചാരണ നേരിടുന്നത്.

2016 ഒക്ടോബറിലാണ് എൻ.ഐ.എ സംഘം കണ്ണൂർ കനകമലയിൽ റെയ്ഡ് നടത്തി പ്രതികളെ പിടികൂടിയത്. കോഴിക്കോട് ജില്ലയിൽ നിന്നുള്ള ചില രാഷ്ട്രീയ നേതാക്കൾ, ഹൈക്കോടതി ജഡ്ജിമാർ, കൊടൈക്കനാലിൽ താമസിക്കുന്ന ജൂത വിഭാഗക്കാർ, ചില പൊലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവരെ ലക്ഷ്യമാക്കി ആക്രമണം നടത്താനാണ് പ്രതികൾ ഗൂഢാലോചന നടത്തിയതെന്ന് കുറ്റപത്രത്തിൽ പറയുന്നുണ്ട്. അൻസാറുൾ ഖിലാഫ - കെ.എൽ എന്ന പേരിൽ പ്രത്യേക സംഘം രൂപീകരിച്ചാണ് പ്രതികൾ അക്രമത്തിന് പദ്ധതിയിട്ടതെന്നും കുറ്റപത്രത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

## പ്രമോദ് കുമാർ പൊലീസ് പി.ആർ.ഒ

തിരുവനന്തപുരം: സംസ്ഥാന പൊലീസിന്റെ പബ്ലിക് റിലേഷൻസ് ഓഫീസറായി വി. പി. പ്രമോദ് കുമാറിനെ നിയമിച്ചു. പി.ആർ.ഡി ഡെപ്യൂട്ടി ഡയറക്ടറും നിലവിൽ നോർക്ക പബ്ലിക് റിലേഷൻസ് ഓഫീസറുമാണ്. ജോയിന്റ് ഡയറക്ടറായിരുന്ന പി.എസ്. രാജശേഖരൻ നായരെ സ്ഥാനക്കയറ്റത്തോടെ അഡി. ഡയറക്ടർ (ജനറൽ) ആയി നിയമിച്ച ഒഴിവിലാണ് നിയമനം. ഡെപ്യൂട്ടി ഡയറക്ടർമാരായ ടി. എ. ഷൈനിനെ റവന്യൂ വകുപ്പിന്റെ പബ്ളിക് റിലേഷൻസ് ചുമതലയുള്ള അഡിഷണൽ ഡയറക്ടറായും എ. എസ്. സന്തോഷ് കുമാറിനെ വകുപ്പിലെ പത്രപ്രവർത്തക പെൻഷൻ വിഭാഗത്തിൽ ജോയിന്റ് ഡയറക്ടറായും നിയമിച്ചു. ഇൻഫർമേഷൻ ഓഫീസറായിരുന്ന കെ. എം. അയ്യപ്പനെ ഫീൽഡ് പബ്ളിസിറ്റി വിഭാഗത്തിൽ ഡെപ്യൂട്ടി ഡയറക്ടറായും ഇ.വി. സുഗതനെ കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറായും കെ.പി. അബ്ദുൾ ഖാദറിനെ കണ്ണൂർ മേഖലാ ഡെപ്യൂട്ടി ഡയറക്ടറായും നിയമിച്ചു. ഡെപ്യൂട്ടി ഡയറക്ടർ ആർ. അനിൽകുമാറിനെ നോർക്കയിൽ പബ്ളിക് റിലേഷൻസ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. വിഷ്വൽ കമ്മ്യൂണിക്കേഷൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറായി വി. സലിനെയും പരസ്യ വിഭാഗം ഡെപ്യൂട്ടി ഡയറക്ടറായി കെ. ജി. സന്തോഷിനെയും മാറ്റി നിയമിച്ചു.

## പ്രളയാനന്തരം സഹായ പ്രവാഹം; അടിതെറ്റി വീണ് വ്യാപാരികൾ

▶ പി. അഭിലാഷ്



ആലപ്പുഴ: 'ദിവസം പറ്റുകാരുടേതുൾപ്പെടെ കുറഞ്ഞത് രണ്ടായിരം രൂപയുടെയെങ്കിലും കച്ചവടം നടന്ന കടയായിരുന്നു. വെള്ളപ്പൊക്കത്തിൽ കാൽലക്ഷം രൂപയുടെ നഷ്ടമുണ്ടായി. എല്ലാം ശരിയാക്കിയെടുക്കാൻ അത്രത്തോളം തന്നെ ചെലവാകുകയും ചെയ്തു. പക്ഷേ, ഇപ്പോൾ കച്ചവടമില്ല. വെറുതേ നോക്കിയിരിപ്പാ... ഇന്നലെ അഞ്ഞൂറു രൂപയ്ക്കാ ആകെ വിറ്റത്...'- കുട്ടനാട് സ്വദേശിയായ പലചരക്ക് വ്യാപാരി രാജേന്ദ്രനാണ് 'പ്രളയാനന്തര വ്യാപാരം' വിവരിച്ചത്. ഇത്തരത്തിൽ പ്രളയശേഷം കച്ചവടം നടക്കാതെ പട്ടിണിയിലായ വ്യാപാരികൾ നിരവധിയാണ്.

സഹായ പ്രവാഹം അതിജീവനത്തിന് ഊർജം പകർന്നപ്പോൾ, വരുമാനമാർഗം അടഞ്ഞത് വ്യാപാര മേഖലയിലാണ്. വെള്ളപ്പൊക്കത്തിൽ സ്റ്റോക്ക് മൊത്തം നശിച്ചിരുന്നു. എല്ലാം കെട്ടടങ്ങിയ ശേഷം മൊത്തവ്യാപാര ശാലകളിൽ കടം പറഞ്ഞ് കൊണ്ടുവന്ന, അരി ഉൾപ്പെടെയുള്ള സാമഗ്രികളാണ് നിലവിൽ കടകളിലുള്ളത്. പക്ഷേ, വാങ്ങാനാളില്ല. പ്രളയത്തോടെ തൊഴിൽ നഷ്ടമുണ്ടായപ്പോൾ നാട്ടുകാരുടെ വരുമാനം ഇടിഞ്ഞത് ഒരു വശത്ത്, ദുരിതാശ്വാസമെന്നോണം വീടുകളിൽ കുമിഞ്ഞുകൂടിയ പലചരക്ക് സാധനങ്ങൾ മറുവശത്ത്! കച്ചവടക്കാരുടെ വയറ്റത്തടിക്കാൻ ഇതിനപ്പുറം ഒന്നും വേണ്ടാത്ത അവസ്ഥ.

'എന്റെ വീട്ടിൽ കുറഞ്ഞത് 75 കിലോ അരിയെങ്കിലും സ്റ്റോക്കുണ്ട്. പയറ്, കടല, ഉഴുന്ന്, ഉള്ളി, മുളക്പൊടി, മല്ലിപ്പൊടി ഉൾപ്പെടെയുള്ള പൊടിഐറ്റങ്ങൾ, അച്ചാർ... എന്തിനേറെ പറയുന്നു, പായ്ക്കറ്റിലുള്ള ഉമിക്കരി വരെ വീട്ടിലുണ്ട്. രണ്ടോ മൂന്നോ മാസത്തേക്ക് കടയിലെങ്ങും പോവേണ്ട. എല്ലാവരും ഞങ്ങളെ അതേ പോലെയാണ് സഹായിച്ചത്...'- കർഷകത്തൊഴിലാളിയും കുട്ടനാട്ടിലെ ആദ്യ പ്രളയകാലത്തുതന്നെ ക്യാമ്പിലേക്കു മാറേണ്ടിയും വന്ന കൈനകരി സ്വദേശി സദാശിവന്റെ വാക്കുകൾ ഇങ്ങനെ. പഴം, പച്ചക്കറി, പാൽ എന്നീ മൂന്നിനങ്ങൾ മാത്രമേ പ്രളയബാധിത മേഖലകളിലെ പലചരക്ക് വ്യാപാര സ്ഥാപനങ്ങളിൽ വിറ്റു പോവുന്നുള്ളൂ. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞ ശേഷം വീടുകളിൽ മടങ്ങിയെത്തിയവർക്ക് ഏറ്റവും കുറഞ്ഞത് 50 കിലോ അരിയെങ്കിലും സ്റ്റോക്കുണ്ട്. കുട്ടനാട്ടിൽ മാത്രം മുപ്പതോളം സർക്കാർ, സന്നദ്ധ വിഭാഗങ്ങൾ സഹായവുമായി സജീവമായിരുന്നു. കുറഞ്ഞത് അഞ്ചുകിലോ അരിയാണ് സന്നദ്ധ സംഘടനകൾ നൽകിയ കിറ്റിൽ ഉണ്ടായിരുന്നത്.

> പ്രളയ മേഖലയിലെ ചെറുകിട കച്ചവടക്കാർ ആത്മഹത്യയുടെ വക്കിലാണ്. കഴിഞ്ഞ ദിവസം ചെങ്ങന്നൂർ പാണ്ടനാട്ട് ജോയി എന്ന കച്ചവടക്കാരൻ ഹൃദയാഘാതം മൂലം മരിച്ചു. ആറു മാസം വരെയുള്ള സാധനങ്ങൾ വീടുകളിൽ സ്റ്റോക്കുണ്ട്. ചെറുകിട വ്യാപാരികൾക്ക് പുനരധിവാസ പാക്കേജ് നടപ്പാക്കിയില്ലെങ്കിൽ ഇനിയും ഈ മേഖലയിൽ മരണങ്ങളും ആത്മഹത്യകളും നടക്കും; ഉറപ്പ്
>
> *- രാജു അപ്സര, സംസ്ഥാന ജനറൽ സെക്രട്ടറി, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി*



മിസോറാം ഗവർണർ കുമ്മനം രാജശേഖരൻ കേരള ഗവർണർ പി. സദാശിവത്തെ സന്ദർശിച്ചപ്പോൾ

### ദേവസ്വം ബോർഡിന് 300 കോടി നൽകണം

## ജീവനക്കാരുടെ രാപ്പകൽ സമരവും സെക്രട്ടേറിയറ്റ് മാർച്ചും

തിരുവനന്തപുരം: തിരുവിതാംകൂർ ബോർഡിന്റെ ക്ഷേത്രങ്ങളെ പ്രളയത്തകർച്ചയിൽ നിന്ന് കരകയറ്റാൻ 300 കോടി രൂപയുടെ സഹായം സംസ്ഥാന സർക്കാർ നൽകണമെന്നാവശ്യപ്പെട്ട് ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് മാർച്ചും രാപ്പകൽ സമരവും ഇന്നും നാളെയുമായി നടത്തും.

സാമ്പത്തിക സുസ്ഥിരത പ്രാപിക്കും വരെ ദേവസ്വം ബോർഡിൽ പുതിയ നിയമനങ്ങൾക്കും വമ്പൻ മരാമത്തു പണികൾക്കും മോറട്ടോറിയം പ്രഖ്യാപിക്കണമെന്നും സംഘടനാഭാരവാഹികൾ ആവശ്യപ്പെട്ടു. മാർച്ച് കെ.പി.സി.സി ജനറൽ സെക്രട്ടറി ശരത്ചന്ദ്ര പ്രസാദ് ഉദ്ഘാടനം ചെയ്യും. സെക്രട്ടേറിയറ്റിനു മുന്നിൽ രാപ്പകൽ സമരം പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. 28ന് സമാപന സമ്മേളനം മുൻമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന പ്രസിഡന്റ് ജി. ബൈജു, ജനറൽ സെക്രട്ടറി ജി. ശശികുമാർ എന്നിവർ സമരത്തിന് നേതൃത്വം നൽകും.

## ശബരിമലയിൽ പൊലീസ് സുരക്ഷ കൂട്ടും

തിരുവനന്തപുരം: മണ്ഡല-മകരവിളക്ക് സീസണിൽ സുരക്ഷയൊരുക്കാനായി ശബരിമലയിൽ കൂടുതൽ പൊലീസിനെ നിയോഗിക്കും. വാഹനങ്ങൾ നിലയ്ക്കലിൽ യാത്ര അവസാനിക്കുന്നതിനാൽ അവിടെ എസ്.പിയുടെ നേതൃത്വത്തിൽ സുരക്ഷ ഏർപ്പെടുത്തും.

തിരുവിതാംകൂർ ദേവസ്വം ബോർഡും പൊലീസ് അധികാരികളുമായി ദേവസ്വം ആസ്ഥാനത്ത് നടത്തിയ ചർച്ചയിലാണ് ഈ തീരുമാനം.

ദേവസ്വം പ്രസിഡന്റ് എ. പത്മകുമാർ അദ്ധ്യക്ഷത വഹിച്ചു. എ. ഡി. ജി. പി അനന്തകൃഷ്ണൻ, ഐ. ജി മനോജ് എബ്രഹാം എന്നിവരാണ് പൊലീസ് സുരക്ഷയെയും ട്രാഫിക് സംവിധാനത്തെയും കുറിച്ച് സംസാരിച്ചത്. പമ്പയിലും സന്നിധാനത്തും നിലയ്ക്കലിലും പാർക്കിംഗ്, ട്രാഫിക് നിയന്ത്രണം എന്നിവയ്ക്കായി പരിചയസമ്പന്നരായ പൊലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തും. നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ പൊലീസിന്റെ ബാരിക്കേഡുകളും നിലയ്ക്കലിൽ സി.സി.ടി.വികളും സ്ഥാപിക്കും. ബോംബ് സ്ക്വാഡിന്റെ സേവനവും ഉണ്ടാകും. ശബരിമല സന്നിധാനം, പതിനെട്ടാംപടി, സോപാനം എന്നിവിടങ്ങളിലും പ്രത്യേക പരിശീലനം നൽകിയ പൊലീസ് ഉദ്യോഗസ്ഥരുടെ സ്പെഷ്യൽ ടീമിനെ നിയോഗിക്കും. പമ്പയിൽ ബാരിക്കേഡുകൾ സ്ഥാപിച്ച് ഭക്തരുടെ തിരക്ക് നിയന്ത്രണവിധേയമാക്കും. നിലയ്ക്കലിൽ കുടിവെള്ളം, ടോയ്‌ലറ്റ്, വിശ്രമ കേന്ദ്രങ്ങൾ തുടങ്ങി ഭക്തർക്ക് വേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ക്രമീകരിക്കും.

ബോർഡ് അംഗങ്ങളായ കെ. രാഘവൻ, കെ.പി. ശങ്കരദാസ്, ദേവസ്വം കമ്മിഷണർ എൻ. വാസു, ദേവസ്വം ബോർഡ് ചീഫ് എൻജിനീയർ ജനറൽ ശങ്കരൻപോറ്റി, ചീഫ് എൻജിനിയർ വിനയകുമാർ, എക്സിക്യൂട്ടീവ് എൻജിനീയർ അജിത്ത്കുമാർ തുടങ്ങിയവരും യോഗത്തിൽ സംബന്ധിച്ചു.

## സ്ഥലപരിശോധനയ്ക്ക് കൈക്കൂലി: അഗ്രി. ഫീൽഡ് ഓഫീസർ അറസ്റ്റിൽ

തൃക്കാക്കര: സ്ഥലപരിശോധന റിപ്പോർട്ടിന് കൈക്കൂലി ആവശ്യപ്പെട്ട മൂവാറ്റുപുഴ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ എൻ.ജി. ജോസഫിനെ വിജിലൻസ് അറസ്റ്റു ചെയ്തു. കളക്ടറേറ്റ് പരിസരത്തു വെച്ച് കൈക്കൂലി സ്വീകരിക്കുന്നതിനിടെയാണ് അറസ്റ്റ്.

ബാങ്ക് വായ്പയ്ക്ക് വേണ്ടി സ്ഥലപരിശോധന റിപ്പോർട്ടിന് അപേക്ഷിച്ച മൂവാറ്റുപുഴ സ്വദേശിയോട് ഒരു ലക്ഷം രൂപയാണ് ഇയാൾ ആവശ്യപ്പെട്ടത്. ആദ്യ ഗഡുവായി 50000 രൂപ ഇന്നലെ കളക്ടറേറ്റ് പരിസരത്തുവച്ച് കൈമാറാനായിരുന്നു ധാരണ. അത്രയും പണമില്ലാത്തതിനാൽ അഡ്വാൻസായി 10000 രൂപ നൽകാമെന്നു സമ്മതിച്ച സ്ഥലമുടമ വിവരം വിജിലൻസിൽ അറിയിച്ചു. വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ എസ്.പി. കെ. കാർത്തിക്കിന്റെ നേതൃത്വത്തിലുള്ള എറണാകുളം സെൻട്രൽ റേഞ്ച് സംഘമായിരുന്നു ജോസഫിനെ കുടുക്കിയത്. ഡിവൈ.എസ്.പി. ഡി. അശോക് കുമാർ, ഇൻസ്പെക്ടർ എം. സുരേന്ദ്രൻ തുടങ്ങിയവരും സംഘത്തിലുണ്ടായിരുന്നു. മെഡിക്കൽ പരിശോധനയ്ക്കു ശേഷം പ്രതിയെ മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കി.

## കെ.എസ്.ആർ.ടി.സിയിലെ അനിശ്ചിതകാല സമരം ഹൈക്കോടതി തടഞ്ഞു

കൊച്ചി: കെ.എസ്.ആർ.ടി.സി ജീവനക്കാർ ഒക്ടോബർ മൂന്ന് മുതൽ നടത്താനിരുന്ന അനിശ്ചിതകാല സമരം ഹൈക്കോടതി തടഞ്ഞു. സമരം പൊതുജനങ്ങളെ ബാധിക്കുമെന്ന് ചൂണ്ടിക്കാട്ടി പാലയിലെ സെന്റർ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ നൽകിയ ഹർജിയിൽ ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് ഇടക്കാല ഉത്തരവ് നൽകിയത്.

കെ. എസ്. ആർ. ടി. ഇ. എ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ (ഐ.എൻ.ടി.യു.സി), കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡ്രൈവേഴ്സ് യൂണിയൻ എന്നീ സംഘടനകളാണ് അനിശ്ചിതകാല സമരത്തിന് സെപ്തംബർ 13 ന് നോട്ടീസ് നൽകിയിരുന്നത്. ശമ്പള പരിഷ്കരണം നടപ്പാക്കുക, പിരിച്ചുവിട്ട കാഷ്വൽ മെക്കാനിക്കൽ സ്റ്റാഫുകളെ തിരിച്ചെടുക്കുക, ഷെഡ്യൂളുകളുടെ പുനഃപരിശോധന പിൻവലിക്കുക, ഡി.എ കുടിശിക അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

സാമ്പത്തിക പ്രതിസന്ധി മൂലം സമരക്കാരുടെ ആവശ്യങ്ങൾ കെ. എസ്. ആർ. ടി. സിക്ക് അനുവദിക്കാനാവില്ല. സെപ്തംബർ 13 ന് നോട്ടീസ് നൽകിയിട്ടും പ്രശ്ന പരിഹാരത്തിനായി ലേബർ കമ്മിഷണർ യൂണിയൻ നേതാക്കളെ ചർച്ചയ്ക്ക് വിളിച്ചിട്ടില്ലെന്നും അനിശ്ചിതകാല സമരം കെ.എസ്.ആർ.ടി.സിയെ തകർക്കുമെന്നും ഹർജിയിൽ പറയുന്നു.

സമരം ഒഴിവാക്കാനായി ഒത്തുതീർപ്പ് ചർച്ച തുടങ്ങിയെന്നാണ് മനസിലാക്കുന്നതെന്നും പ്രളയത്തെത്തുടർന്നുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്ന ഈ ഘട്ടത്തിൽ സമരം അനുവദിക്കാൻ കഴിയില്ലെന്നും ഹർജിയിൽ ഹൈക്കോടതി വ്യക്തമാക്കി. സമരം തടയണമെന്ന ഹർജിയിലെ ഇടക്കാല ആവശ്യം തുടർന്നാണ് അനുവദിച്ചത്. സമരക്കാർക്കെതിരെ കേരള അവശ്യ സർവീസ് നിയമം (കെസ്മ) പ്രയോഗിക്കണമെന്നും ചർച്ചയ്ക്കു വിളിക്കാൻ ലേബർ കമ്മിഷണർക്ക് നിർദേശം നൽകണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

### പണിമുടക്കിനെതിരായ വിധി സംഘടനകൾക്ക് തിരിച്ചടി

- സമരത്തിൽ നിന്നും പിന്മാറാതെ സമര സമതി
- ചർച്ചയ്ക്ക് തയ്യാറായി മാനേജ്മെന്റ്

തിരുവനന്തപുരം: കെ. എസ്. ആർ. ടി. സിയിലെ സംയുക്ത സമര സമിതി ഒക്ടോബർ 2 മുതൽ നടത്താനിരുന്ന അനിശ്ചിതകാല പണിമുടക്ക് ഹൈക്കോടതി വിലക്കിയത് തൊഴിലാളി സംഘടനകൾക്ക് തിരിച്ചടിയായി. സാധാരണ ബസ് യാത്രക്കാരെ സംബന്ധിച്ചിടത്തോളം വിധി ആശ്വാസകരവും. ഇപ്പോഴത്തെ സാമ്പത്തിക നിലയിൽ സമരം കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക നില തകർക്കുന്നതാകുമായിരുന്നു. കോടതിവിധിയെതുടർന്നുള്ള അനുകൂല സാഹചര്യം കണക്കിലെടുത്ത് തൊഴിലാളി സംഘടകളുമായി ചർച്ചയ്ക്ക് തയ്യാറാണെന്ന് മാനേജ്മെന്റ് അറിയിച്ചു. എന്നാൽ, സമരവുമായി മുന്നോട്ടു പോകാനാണ് സമര സമിതിയുടെ തീരുമാനം.

പിരിച്ചുവിട്ട താത്കാലിക ജീവനക്കാരെ തിരിച്ചെടുക്കുക, അശാസ്ത്രീയ ഡ്യൂട്ടി പരിഷ്കരണം പിൻവലിക്കുക, ശമ്പള പരിഷ്കരണം നടപ്പാക്കുക തുടങ്ങി ആവശ്യങ്ങളുന്നയിച്ചായിരുന്നു സംയുക്ത തൊഴിലാളി യൂണിയൻ പണിമുടക്കിന് ആഹ്വാനം ചെയ്തത്. ഇതു സംബന്ധിച്ച് ഇതുവരെ ഒത്തുതീർപ്പുകൾ ഉണ്ടായിട്ടുമില്ല. സർക്കാരിന്റേയും മാനേജ്മെന്റിന്റേയും തീരുമാനങ്ങളെ ശരിവയ്ക്കുന്നതാണ് ഹൈക്കോടതിവിധിയെന്ന് എം.ഡി ടോമിൻ ജെ. തച്ചങ്കരി വാർത്താകുറിപ്പിൽ അറിയിച്ചു. മാനേജ്മെന്റിനെതിരായ സമരത്തിന്റെ പേരിൽ ബസ് സർവീസുകൾ മുടക്കി ജനജീവിതത്തെ ദുസഹമാക്കുന്നത് ശരിയല്ല. ഈ വിധി ആരുടേയും വിജയമോ പരാജയമോ അല്ലെന്നും അദ്ദേഹം അറിയിച്ചു.

## ആധാർ: കോടതിവിധി കേന്ദ്രത്തിന് തിരിച്ചടിയെന്ന് വി.എസ്



തിരുവനന്തപുരം ബാങ്ക് എംപ്ലോയീസ് ആർട്സ് മൂവ്മെന്റ് വൈ.എം.സി.എ ഹാളിൽ സങ്കടിപ്പിച്ച 'ആധാർ ആർക്കുവേണ്ടി' സംവാദം വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

തിരുവനന്തപുരം: ജനങ്ങളുടെ ആശങ്കയ്ക്ക് ഭാഗികമായെങ്കിലും ആശ്വാസം നൽകുന്നതാണ് ആധാർ വിഷയത്തിലെ സുപ്രീംകോടതി വിധിയെന്ന് വി. എസ്. അച്യുതാനന്ദൻ. ബാങ്ക് എംപ്ലോയീസ് ആർട്സ് മൂവ്മെന്റ് നടത്തിയ ആധാർ സംവാദ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആധാർ വിവരങ്ങളുടെ സുരക്ഷ കുറ്റമറ്റതാണെന്ന് വാദിച്ച കേന്ദ്രസർക്കാരിനേറ്റ തിരിച്ചടിയാണ് ഈ വിധി. ജനങ്ങൾ ആധാർ എടുക്കാൻ നിർബന്ധിതരായതിന് ശേഷമാണ് ബാങ്ക്, മൊബൈൽ ഫോൺ തുടങ്ങിയ സേവനങ്ങൾക്ക് ആധാർ നിർബന്ധമല്ലെന്ന തരത്തിലുള്ള വിധി വരുന്നത്.

പി.എസ്.സി പരീക്ഷകൾക്കും സ്കൂൾ പ്രവേശനത്തിനും അഖിലേന്ത്യാ പ്രവേശന പരീക്ഷകൾക്കുമെല്ലാം ആധാർ നിർബന്ധമാക്കിയത് കുതിരയ്ക്കു മുന്നിൽ വണ്ടി കെട്ടുന്നത് പോലെ ജനവിരുദ്ധമായിരുന്നെന്ന് തെളിഞ്ഞു. സർക്കാർ സേവനങ്ങൾക്ക് ആധാർ നിർബന്ധമാക്കാനാവില്ലെന്നും സ്വകാര്യത പൗരന്റെ അവകാശമാണെന്നുമുള്ള വിധികളുടെ അന്തഃസത്ത ഉൾക്കൊണ്ട് സുപ്രീംകോടതിവിധി ലോകസഭയിൽ ചർച്ച ചെയ്യണമെന്നും വി. എസ്. ആവശ്യപ്പെട്ടു. വൈ.എം.സി.എ. ലൈബ്രറി ഹാളിൽ നടന്ന പരിപാടിയിൽ എ.എസ്. അജിത് അദ്ധ്യക്ഷത വഹിച്ചു. പ്ലാനിംഗ് ബോർഡ് അംഗം ഡോ. ആർ. രാമകുമാർ മുഖ്യപ്രഭാഷണം നടത്തി. റിസർവ്വ് ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി പ്രശാന്ത് സ്വാഗതവും ഹരികേശൻ നായർ നന്ദിയും പറഞ്ഞു.

## ബി.ജെ.പി സംസ്ഥാന കൗൺസിൽ ആരംഭിച്ചു: രാജ്നാഥ് സിംഗ് ഇന്ന് പങ്കെടുക്കും

കൊച്ചി: പാർലമെന്റ് തിരഞ്ഞെടുപ്പിൽ കേരളത്തിൽ അക്കൗണ്ട് തുറക്കുകയെന്ന ലക്ഷ്യം നേടുന്നതിന് തന്ത്രങ്ങൾക്ക് രൂപം നൽകാൻ ബി. ജെ. പി സംസ്ഥാന കൗൺസിൽ യോഗം കൊച്ചിയിൽ ആരംഭിച്ചു. കേരളത്തിൽ ഇരുമുന്നണികൾക്കും ബദലായി മാറാൻ ജനകീയ വിഷയങ്ങളും പ്രശ്നങ്ങളും ഏറ്റെടുക്കേണ്ടതും ബൂത്തുതലം മുതൽ പ്രവർത്തകരെ സജ്ജരാക്കേണ്ടതും യോഗം ചർച്ച ചെയ്തതായാണ് വിവരം. പാലാരിവട്ടത്തെ റിനൈ കൊച്ചിൻ ഹോട്ടലിൽ രാവിലെ 10ന് സംസ്ഥാന കോർ കമ്മിറ്റി യോഗമാണ് ആദ്യം നടന്നത്. ഇരു മുന്നണികൾക്കും ബദലായി എൻ.ഡി.എ ശക്തമായ പ്രവർത്തിക്കണമെന്ന് നിർദ്ദേശം ഉയർന്നു. ബൂത്തുതലം മുതൽ പാർട്ടി പ്രവർത്തനം കൂടുതൽ ശക്തമാക്കണമെന്ന് മുതിർന്ന നേതാക്കൾ നിർദ്ദേശിച്ചു. പ്രളയദുരിതബാധിതരോട് പക്ഷപാതപരമായി സംസ്ഥാന സർക്കാർ പെരുമാറുന്നത് ഉന്നയിച്ച് പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കും. വീടുകൾ കയറി പ്രളയബാധിതരെ നേരിട്ട് കണ്ട് വിവരങ്ങളും പരാതികളും ശേഖരിക്കും.

സംസ്ഥാന ഭാരവാഹികളുടെ യോഗത്തിൽ സഹസംഘടനാ സെക്രട്ടറി സന്തോഷ് ബി.എൽ ചർച്ചകൾക്ക് നേതൃത്വം നൽകി. ജില്ലാ പ്രസിഡന്റുമാരുടെ യോഗവും വൈകിട്ട് ചേർന്നു. നിയോജക മണ്ഡലം മുതലുള്ള ഭാരവാഹികളുടെ സമ്പൂർണയോഗം ഇന്ന് രാവിലെ 10 ന് എറണാകുളം ശിവക്ഷേത്ര മൈതാനത്ത് നടക്കും. കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗ് സമ്മേളനം ഉദ്ഘാടനം ചെയ്യും. അഖിലേന്ത്യാ ജനറൽ സെക്രട്ടറി പി. മുരളീധരറാവു, സംഘടനാ സെക്രട്ടറി രാംലാൽ, സംസ്ഥാന പ്രഭാരി എച്ച്. രാജ, നളിൻകുമാർ കട്ടീർ എന്നിവർ പ്രസംഗിക്കും.

### ആധാർ വിധി കേന്ദ്രത്തിന് അംഗീകാരം

കൊച്ചി: ആധാർ സംബന്ധിച്ച സുപ്രീംകോടതിവിധി കേന്ദ്രസർക്കാരിന് ലഭിച്ച അംഗീകാരമാണെന്ന് ബി. ജെ. പി സംസ്ഥാന പ്രസിഡന്റ് പി. എസ്. ശ്രീധരൻപിള്ള പറഞ്ഞു. വിധിയോടെ കള്ളപ്പണക്കാരെ നിയന്ത്രിക്കുന്നതിനും മുന്നേറ്റമുണ്ടാക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു.

## ഷുഹൈബ് വധക്കേസിലെ അഞ്ചാം പ്രതിക്ക് ജാമ്യം

കൊച്ചി: മട്ടന്നൂരിലെ യൂത്ത് കോൺഗ്രസ് നേതാവ് ഷുഹൈബിനെ കൊലപ്പെടുത്തിയ കേസിലെ അഞ്ചാം പ്രതി അഷ്കറിന് ഹൈക്കോടതി ജാമ്യം അനുവദിച്ചു. ഇതു മൂന്നാം തവണയാണ് അഷ്കർ ജാമ്യം തേടി ഹൈക്കോടതിയെ സമീപിക്കുന്നത്. ഫെബ്രുവരി 12 ന് രാത്രിയിൽ കൊലയാളി സംഘത്തെ സ്ഥലത്തെത്തിച്ചുവെന്നാണ് അഷ്കറിനെതിരെയുള്ള കുറ്റം. പൊലീസ് അന്യായമായി പ്രതി ചേർത്തതാണെന്നും ഒന്നു മുതൽ നാലുവരെയുള്ള പ്രതികളാണ് കൊല നടത്തിയതെന്ന് പൊലീസ് വ്യക്തമാക്കിയിട്ടുണ്ടെന്നും ഹർജിക്കാരൻ വാദിച്ചു. കുറ്റപത്രം നൽകിയ കേസിൽ കസ്റ്റഡിയിൽ തുടരേണ്ടതില്ലെന്നും വാദമുണ്ടായി.





സർക്കാരിന്റെ സാലറി ചലഞ്ചിനെതിരെ സെറ്റോയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ സായാഹ്ന പ്രതിഷേധ കൂട്ടായ്മയുടെ ഉദ്ഘാടനം എം.എം. ഹസൻ നിർവഹിക്കുന്നു

# എസ്.പത്മകുമാർ: പാമോയിൽ കേസ് നിറംകെടുത്തിയ മികച്ച ഭരണാധികാരി



തിരുവനന്തപുരം: മികച്ച സിവിൽ സർവീസ് ഉദ്യോഗസ്ഥനായി അറിയപ്പെടാൻ എല്ലാ യോഗ്യതയും ഉണ്ടായിരുന്നിട്ടും പത്മകുമാറിനെ ചരിത്രം രേഖപ്പെടുത്തിയത് പാമോയിൽ കേസുമായി ബന്ധപ്പെടുത്തിയാണെന്നത് വിധിയുടെ കളിയായി.

1992 ൽ വിരമിച്ചതിന് ശേഷം അദ്ദേഹത്തെ ഏറെക്കാലം ദുഃഖിപ്പിച്ചത് പാമോയിൽ കേസായിരുന്നു. പിന്നീട് അദ്ദേഹത്തെ കേസിൽ നിന്ന് ഒഴിവാക്കിയെങ്കിലും അതിന്റെ കറ പെട്ടെന്ന് മാഞ്ഞുപോയില്ല.

കേരള സർവകലാശാലയിൽ നിന്ന് ഒന്നാം റാങ്കോടെ ബിരുദം, ഡൽഹി സ്കൂൾ ഒഫ് ഇക്കണോമിക്സിൽ നിന്ന് ബിരുദാനന്തര ബിരുദം. തലസ്ഥാനത്തെ പ്രശസ്തമായ ചിറ്റല്ലൂർ തറവാട്ടിലെ അംഗം, പ്രമുഖ അഭിഭാഷകൻ സി. പി. ശങ്കരപിള്ളയുടെ മകൻ, മികച്ച ഐ.എ.എസ് ഓഫീസറും കേന്ദ്രമന്ത്രിയും ഒക്കെയായിരുന്ന കൃഷ്ണകുമാറിന്റെ സഹോദരൻ തുടങ്ങി വിവിധ നിലകളിൽ തിരുവനന്തപുരത്തെ പ്രമുഖനായിരുന്ന എസ്. പത്മകുമാർ. അദ്ദേഹത്തെ സഹപ്രവർത്തകർ ഓർമ്മിക്കുന്നത് മികച്ച ഭരണാധികാരിയായാണ്. തലക്കനമില്ലാത്ത പെരുമാറ്റം, പെട്ടെന്ന് തീരുമാനങ്ങളെടുക്കാനുള്ള കഴിവ്. ചുവപ്പുനാടകളിൽ കുരുങ്ങാതെ ഭരണചക്രം അതിവേഗത്തിൽ ചലിപ്പിക്കാനുള്ള കഴിവ്, അസാമാന്യമായ ഓർമ്മശക്തി, ജൂനിയർ ഉദ്യോഗസ്ഥരെ ആത്മവിശ്വാസത്തോടെ കൂടെ നിറുത്താനുള്ള കഴിവ് - ഇതെല്ലാമുള്ള ഉദ്യോഗസ്ഥനായിരുന്നു പത്മകുമാറെന്ന് മുൻ ചീഫ് സെക്രട്ടറി സി.പി.നായർ പറഞ്ഞു.

പത്മകുമാർ ചീഫ് സെക്രട്ടറിയായിരുന്നപ്പോൾ ആഭ്യന്തര സെക്രട്ടറിയായിരുന്നു സി.പി. നായർ. 'ഏത് വിഷയവും പഠിച്ച് പെട്ടെന്ന് തീരുമാനമെടുക്കും. ഇഴഞ്ഞ് പോകുന്നത് ഇഷ്ടമല്ല. ഈ ഗുണമായിരിക്കാം പത്മകുമാറിനെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരന് പ്രിയപ്പെട്ട ഓഫീസറാക്കിയത് -' സി. പി. നായർ പറഞ്ഞു.

അച്ചടക്കമുള്ള ഭരണ സംവിധാനവും വ്യവസായ വളർച്ചയ്ക്ക് കളമൊരുക്കിയതുമാണ് അദ്ദേഹത്തിന്റെ പ്രധാന സംഭാവന. നാല് വർഷം വ്യവസായ സെക്രട്ടറിയായിരുന്ന പത്മകുമാർ ആഗോള നിക്ഷേപം കൊണ്ടുവരാൻ വേദിയൊരുക്കി. കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്ന പ്രതിച്ഛായയുണ്ടാക്കാനും അദ്ദേഹം ശ്രമിച്ചു.

സിംഗപ്പൂരിലെ മലേഷ്യൻ കമ്പനിയായ പവർ ആൻഡ് ഇലക്ട്രിക്കൽ ലിമിറ്റഡ് മുഖേന 15,000 ടൺ പാമോയിൽ ഇറക്കുമതി ചെയ്തതിൽ 2.32 കോടി രൂപ നഷ്ടമുണ്ടാക്കിയെന്നായിരുന്നു കേസ്.

കരാർ ഒപ്പുവച്ച ഭക്ഷ്യ സെക്രട്ടറിയായിരുന്ന പി.ജെ.തോമസും അഡിഷണൽ ചീഫ് സെക്രട്ടറിയായിരുന്ന സഖറിയയും ഭക്ഷ്യമന്ത്രി മുസ്തഫയും സിവിൽ സപ്ലൈസ് എം.ഡിയായിരുന്ന ജിജി തോംസണും കേസിൽ പെട്ടു.

ക്രമക്കേട് തടഞ്ഞില്ലെന്നായിരുന്നു പത്മകുമാറിനെതിരായ ആരോപണം. 1996 ൽ ഇടതുസർക്കാർ കേസെടുത്തെങ്കിലും പിന്നീട് പത്മകുമാറിനെ ഒഴിവാക്കി. 2010 ൽ കരുണാകരന്റെ മരണത്തോടെ കേസ് അവസാനിച്ചെങ്കിലും അതിന്റെ പുകപടലങ്ങൾ പത്മകുമാറിന്റെ സൽപേരിന് മങ്ങലേൽപ്പിച്ചു.

## സെൻസസ് വിനയായി

# ആയുഷ്മാൻ ഇൻഷ്വറൻസ് ഭൂരിപക്ഷംപേർക്കും കിട്ടില്ല



തിരുവനന്തപുരം: സാമൂഹിക, സാമ്പത്തിക, ജാതി സെൻസസിന്റെ അടിസ്ഥാനത്തിൽ വളരെ പാവപ്പെട്ടവരെ മാത്രം ആയുഷ്മാൻ ഭാരതിൽ ഉൾപ്പെടുത്തിയതോടെ കേരളത്തിലെ ബഹുഭൂരിപക്ഷത്തിനും കിട്ടിക്കൊണ്ടിരിക്കുന്ന ഇൻഷ്വറൻസ് ആനുകൂല്യം കിട്ടാതാകുമെന്ന് മന്ത്രി കെ.കെ.ശൈലജ വ്യക്തമാക്കി.

കേരളത്തിൽ നിന്നും 18.5 ലക്ഷം കുടുംബങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. മറ്റ് സംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തി കേരളത്തിൽ തീരെ പാവങ്ങളെ നിശ്ചയിച്ചാൽ നിലവിലെ ആനുകൂല്യം കിട്ടുന്നവരിൽ ബഹുഭൂരിപക്ഷവും പുറത്താകും. ഇക്കാര്യത്തിലെ ആശങ്ക മാറ്റാൻ കേന്ദ്ര ആരോഗ്യ മന്ത്രാലയവുമായി ചർച്ച തുടരുകയാണ്.

കേന്ദ്രത്തിന്റെ കണക്ക് പ്രകാരം ഇന്ത്യയിൽ 40 ശതമാനത്തിന് മാത്രമേ ആയുഷ്മാൻ ഭാരതിൽ പ്രയോജനം ലഭിക്കുകയുള്ളൂ. ജീവിത നിലവാരം ഉയർന്ന കേരളത്തിലേക്ക് വരുമ്പോൾ അത് 25 ശതമാനത്തിൽ താഴെയാവും. ആർ. എസ്. ബി. വൈ, ചിസ്, ചിസ് പ്ലസ് പദ്ധതികളിൽ 1785 രോഗ ചികിത്സാ പാക്കേജുകൾ ഉൾപ്പെടുമ്പോൾ ആയുഷ്മാൻ പദ്ധതിയിൽ 1350 പാക്കേജുകൾ മാത്രമാണുള്ളത്.

പുതിയ ഇൻഷ്വറൻസ് പദ്ധതിയിൽ കേന്ദ്രം കൂടുതൽ വ്യക്തത വരുത്തേണ്ടതാണെന്നും മന്ത്രി പറഞ്ഞു.

ആർ. എസ്. ബി. വൈ. യിൽ ഉൾപ്പെട്ടിട്ടുള്ള 21.5 ലക്ഷവും ചിസ് പദ്ധതിയിലെ 19.5 ലക്ഷവും ഉൾപ്പെടെ 41 ലക്ഷം കുടുംബങ്ങൾക്കാണ് കേരളത്തിൽ ഇപ്പോൾ ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നത്. ഈ പദ്ധതികൾക്ക് 2019 മാർച്ച് 31 വരെ കേന്ദ്രാനുമതിയുള്ളതും പ്രീമിയം അടച്ചതുമാണെന്ന് മന്ത്രി പറഞ്ഞു.

# അപകടമരണങ്ങൾ : ദേശീയപാത അതോറിട്ടി ചെയർമാനടക്കം 8 പേർക്കെതിരെ നരഹത്യയ്ക്ക് കേസ്

തൃശൂർ: ദേശീയപാതയിൽ മണ്ണുത്തി-വടക്കഞ്ചേരി ഭാഗത്ത് റോഡ് തകർന്ന് അപകടമരണങ്ങളുണ്ടായ സംഭവത്തിൽ ദേശീയപാത അതോറിട്ടി ചെയർമാനും കരാർ കമ്പനി ഉദ്യോഗസ്ഥരും ഉൾപ്പെടെ എട്ട് പേർക്കെതിരെ പീച്ചി പൊലീസ് മനഃപൂർവമല്ലാത്ത നരഹത്യക്ക് കേസെടുത്തു. ചെയർമാൻ യദ്‌വീർ സിംഗ് മാലിക്, പ്രൊജക്ട് എൻജിനിയർ എ. ബി. അജിത്കുമാർ, തൃശൂർ എക്സ്പ്രസ് വേ ഡയറക്ടർമാരായ പൃഥ്വികുമാർ, മേഘാപതി റെഡ്ഡി, വിക്രം റെഡ്ഡി, ശ്രീരാമുള്ള നാഗേഷ് റെഡ്ഡി, രമേഷ് അട്ടൂരി, രാജേഷ് ശ്രീനിവാസ്, പ്രൊജക്ട് ഡയറക്ടർ സുരേഷ് തുടങ്ങിയവർക്കെതിരെയാണ് കേസെടുത്തത്.

കഴിഞ്ഞ ഒരു വർഷത്തിനിടെ ഇവിടെയുണ്ടായ വാഹനാപകടങ്ങളിൽ പതിനെട്ട് പേർ മരിച്ചത് ചൂണ്ടിക്കാട്ടി ഡി.സി.സി ജനറൽ സെക്രട്ടറി അഡ്വ. ഷാജി ജെ. കോടങ്കണ്ടത്ത് സമർപ്പിച്ച ഹർജിയിലാണ് തൃശൂർ മജിസ്ട്രേട്ട് കോടതിയുടെ നിർദ്ദേശപ്രകാരം കേസെടുത്തത്. അശാസ്ത്രീയമായാണ് റോഡ് നിർമ്മിച്ചതെന്ന് ചൂണ്ടിക്കാട്ടിയാണ് ഉദ്യോഗസ്ഥരെ പ്രതിയാക്കി കേസെടുക്കാൻ കോടതി നിർദ്ദേശിച്ചത്. നരഹത്യ, ജീവനും സ്വത്തിനും അപകടം ഉണ്ടാക്കുന്ന പ്രവൃത്തി, പൊതുവഴിയിൽ അപകടവും തടസമുണ്ടാക്കുക, അന്തരീക്ഷ മലിനീകരണം എന്നിവയാണ് ഉദ്യോഗസ്ഥർക്കെതിരെ ചുമത്തിയ കുറ്റങ്ങൾ.

കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 54 പേർ മരിച്ചെന്നാണ് പൊലീസിന്റെ കണക്ക്. നിരവധി പേർക്ക് പരിക്കേറ്റിട്ടുമുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ പാലക്കാട്, തൃശൂർ പൊലീസ് മേധാവികളോട് ഹൈക്കോടതി നേരത്തേ നിർദ്ദേശിച്ചിരുന്നു.



കുട്ട് ചാരിറ്റബിൾ ട്രസ്റ്റ് വിതരണം ചെയ്ത ബാഗും പഠനോപകരണങ്ങളുമായി വിദ്യാർത്ഥികൾ

## ഒന്നര കോടിയുടെ കുഴൽപ്പണം പിടിച്ചു

സുൽത്താൻ ബത്തേരി: വാഹന പരിശോധനയ്ക്കിടെ മുത്തങ്ങ എക്സൈസ് ചെക്ക് പോസ്റ്റിൽ ഒന്നരകോടി രൂപയുടെ കുഴൽപ്പണം പിടികൂടി. അടിവാരം സ്വദേശികളായ പുതുപ്പാടി കാരകുന്നുമ്മൽ മുജീബ് (37) കാരകുന്നുമ്മൽ അബ്ദുൾഖാദർ (30) എന്നിവരെ അറസ്റ്റ് ചെയ്തു. മതിയായ രേഖകളില്ലാത്ത 1,54,95,000 രൂപയും നോട്ട് കടത്തിക്കൊണ്ടുവന്ന വാഹനവും കസ്റ്റഡിയിലെടുത്തു.

ചെക്ക് പോസ്റ്റിൽ നടന്ന വാഹന പരിശോധനയ്ക്കിടെയാണ് ബാംഗ്ലൂരിൽ നിന്ന് മീൻ ഇറക്കി തിരികെ അടിവാരത്തേക്ക് പോകുകയായിരുന്ന ലൈലാന്റ് ദോസ്ത് മീൻവണ്ടിയുടെ രഹസ്യ അറയിൽ നിന്ന് പണം പിടികൂടിയത്. രണ്ടായിരത്തിന്റെയും അഞ്ഞൂറിന്റെയും കെട്ടുകളാക്കിയാണ് പണം സൂക്ഷിച്ചിരുന്നത്. കൊടുവള്ളിയിലേക്കാണ് പണം കൊണ്ടുപോകുന്നതെന്ന് പിടിയിലായവർ ചോദ്യം ചെയ്യലിൽ പറഞ്ഞു. കഴിഞ്ഞ ആഴ്ചയിലും പെൻകുഴിയിൽ വച്ച് വാഹന പരിശോധനയ്ക്കിടെ ഒന്നരകോടി രൂപയുടെ കുഴൽപ്പണം എക്സൈസ് അധികൃതർ പിടികൂടിയിരുന്നു. എക്സൈസ് ഇൻസ്പെക്ടർ ബെന്നി ജോർജ്, പി. ഇ.ഒ മാരായ പി.ഡി.സുരേഷ്, ജി. അനിൽകുമാർ, സി.ഇ.ഒ മാരായ കെ.സന്തോഷ്, എ.ടി.കെ. രാമചന്ദ്രൻ എന്നിവരാണ് പരിശോധനയ്ക്ക് നേതൃത്വം നൽകിയത്.

## പഠനോപകരണങ്ങൾ വിതരണം ചെയ്തു

ആലപ്പുഴ: പ്രളയബാധിത മേഖലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിലെ ഗവ. ആർ. വി. എൽ.പി.എസ് ഇ.എ.ആർ.എ സ്കൂളിലെ കുട്ടികൾക്ക് 'കൂട്ട്' ചാരിറ്റബിൾ ട്രസ്റ്റ് ബാഗും പഠനോപകരണങ്ങളും കളിപ്പാട്ടങ്ങളും നൽകി. കാഴ്ചപരിമിതരും ഭിന്നശേഷിക്കാരുമായ കോളേജ് വിദ്യാർത്ഥികൾക്കായി പ്രവർത്തിക്കുന്ന സംഘടനയാണ് 'കൂട്ട്' ചാരിറ്റബിൾ ട്രസ്റ്റ്. പഞ്ചായത്ത് പ്രസിഡന്റ് രജനിബാബു ഉദ്ഘാടനം ചെയ്ത ചടങ്ങിൽ സ്കൂൾ ഹെഡ്മിസ്ട്രസ് മിനി സ്വാഗതം പറഞ്ഞു. കൂട്ടിന്റെ മാനേജിംഗ് ട്രസ്റ്റി ഫെബിനി എം.ജോസഫ് സംസാരിച്ചു. അദ്ധ്യാപകർ, പി.ടി.എ അംഗങ്ങൾ, സാമൂഹ്യപ്രവർത്തകർ എന്നിവർ സംബന്ധിച്ചു.

## തൊഴിൽ

# ഒ.എം.ആർ ഷീറ്റിന്റെ പകർപ്പും മാർക്ക് റീ ചെക്കിംഗും



പി.എസ്.സി കടമ്പ കടക്കാൻ
അഡ്വ. മരുതംകുഴി സതീഷ് കുമാർ
(പി.എസ്.സി മുൻ പരീക്ഷാ കൺട്രോളർ)





**പി**.എസ്.സി റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങൾക്ക് ലഭിച്ച മാർക്ക് അറിയുന്നതിനും ലഭിച്ച മാർക്ക് ശരിയാണോ എന്ന് പരിശോധിച്ചറിയാനും മാർഗമുണ്ട്. ഒരു തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ 45 ദിവസത്തിനകം ഉദ്യോഗാർത്ഥി അപേക്ഷ നൽകിയാൽ അവർ എഴുതിയ ഒ. എം. ആർ ഷീറ്റിന്റെ പകർപ്പ് ലഭിക്കും. ഒരു പരീക്ഷയുടെ ഉത്തരക്കടലാസ് ഒരു തവണ മാത്രം ഉദ്യോഗാർത്ഥിക്ക് നൽകൂ.

### ■അപേക്ഷ അയയ്ക്കുന്ന വിധം

പി. എസ്. സിയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന നിർദ്ദിഷ്ട ഫോറത്തിലായിരിക്കണം ഒ.എം.ആർ ഷീറ്റിന്റെ (പാർട്ട്-എ, പാർട്ട്-ബി) പകർപ്പിനായി അപേക്ഷ നൽകേണ്ടത്.

### ■ഫീസ്

ഇതിലേക്കായി 300 രൂപ 0051-psc-800 state psc 99-other receipts എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ കേരളത്തിലെ ഏതെങ്കിലും ട്രഷറിയിൽ അടച്ചതിന്റെ ഒറിജിനൽ രസീതും അപേക്ഷയോടൊപ്പം ഹാജരാക്കണം.

### ■അപേക്ഷ സമർപ്പിക്കേണ്ടത് ആർക്ക്

സംസ്ഥാനത്തിലോ ജില്ലാ തലത്തിലോ നടത്തുന്ന പരീക്ഷകളുടെ ഉത്തരക്കടലാസിന്റെ പകർപ്പ് ലഭിക്കാനായി തിരുവനന്തപുരം ആസ്ഥാന ഓഫീസിലെ പരീക്ഷാ വിഭാഗം ഡെപ്യൂട്ടി സെക്രട്ടറിക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഏതെങ്കിലും തകരാറുകളുടെ അടിസ്ഥാനത്തിൽ അസാധുവാക്കപ്പെട്ട ഉത്തരക്കടലാസുകളുടെ പകർപ്പുകൾ ഇപ്രകാരം അപേക്ഷ സമർപ്പിച്ചാലും ഉദ്യോഗാർത്ഥികൾക്ക് നൽകാറില്ല. തന്റേതല്ലാത്ത ഉത്തരക്കടലാസുകൾക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്കും ഒ.എം.ആർ ഷീറ്റിന്റെ പകർപ്പ് നൽകാറില്ല. തെറ്റായ രേഖകൾ നൽകി മറ്റ് ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസിന്റെ പകർപ്പ് നേടുന്നവർക്കെതിരെ പി.എസ്.സിക്ക് വേണമെങ്കിൽ നിയമനടപടികൾ സ്വീകരിക്കാം. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി പി.എസ്.സി നടത്തുന്ന ഒ.എം.ആർ പരീക്ഷ കഴിഞ്ഞ് വളരെ നാൾ കഴിഞ്ഞായിരിക്കും പലപ്പോഴും റാങ്ക് ലിസ്റ്റുകൾ തയാറാക്കി പ്രസിദ്ധീകരിക്കുന്നത്. ഇതിനിടയിൽ മറ്റ് പരീക്ഷകളായ പ്രാക്ടിക്കൽ ടെസ്റ്റ്, കായികക്ഷമതാ പരീക്ഷ, ഇന്റർവ്യൂ തുടങ്ങി പല കടമ്പകളും ഉദ്യോഗാർത്ഥി കടന്നിരിക്കും. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും തങ്ങൾക്ക് ശരിക്കും ലഭിക്കേണ്ടിയിരുന്ന മാർക്ക് ഒ.എം.ആർ പരീക്ഷയിൽ ലഭിച്ചിരിക്കില്ല എന്ന ചിന്ത ഉദ്യോഗാർത്ഥികളിൽ സർവസാധാരണയാണ്. ഇത്തരം ആശങ്കകൾ ദൂരീകരിക്കുന്നതിനും തങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന മാർക്ക് ലഭിച്ചു എന്ന് ഉറപ്പുവരുത്താനും ഒ.എം.ആർ ഷീറ്റിന്റെ പകർപ്പ് വാങ്ങി പരിശോധിക്കുന്നതന്നായിരിക്കും. അതത് തസ്തികയുടെ തിരഞ്ഞെടുപ്പിനായി പ്രസിദ്ധീകരിച്ച ഫൈനൽ ഉത്തരസൂചികയുമായി ഒത്തുനോക്കി ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്ക് വിലയിരുത്താം. തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അധികാര സ്ഥാനത്ത് അപേക്ഷ നൽകി പരിഹരിക്കുന്നതിനും സംഭവിച്ച തെറ്റുകൾ മനസിലാക്കി ഭാവിയിൽ തെറ്റുകൾ ആവർത്തിക്കാതിരിക്കാനും ഈ നടപടി സഹായകരമാണ്.

### ■പുനർമൂല്യനിർണയം

പി.എസ്.സി പരീക്ഷകളുടെ ഉത്തരക്കടലാസുകൾ ഒ.എം.ആർ ഷീറ്റുകൾ പുനർമൂല്യനിർണയം നടത്താറുണ്ടോ എന്ന് പലരും അന്വേഷിക്കാറുണ്ട്. അക്കാഡമിക് പരീക്ഷകളിൽ അനുവർത്തിക്കുന്ന പ്രകാരം പി.എസ്.സി പരീക്ഷകൾക്ക് പുനർമൂല്യനിർണയം നടത്താൻ അവസരമില്ല. ഒരിക്കൽ മൂല്യ നിർണയം നടത്തിയ ഉത്തരക്കടലാസുകൾ വീണ്ടും മൂല്യനിർണയം നടത്താറില്ല. ഒ. എം. ആർ പരീക്ഷകളായതിനാൽ എത്ര തവണ ഒ. എം. ആർ സ്കാനറിലൂടെ മൂല്യ നിർണയം നടത്തിയാലും ഒരേ ഫലമായിരിക്കും ലഭിക്കുക. ഉത്തരക്കടലാസിന് കാലപ്പഴക്കം വരുന്ന അവസരത്തിൽ ഉത്തരക്കടലാസിൽ രേഖപ്പെടുത്തലുകൾ നടത്തിയവ മങ്ങിപ്പോകുന്ന സാഹചര്യമുണ്ടായാൽ മാത്രം പുനർമൂല്യനിർണയം നടത്തിയാൽ വ്യത്യസ്തമായ ഫലം ലഭിച്ചേക്കാം.

### ■റീ ചെക്കിംഗ്

ഒ.എം.ആർ ഉത്തരക്കടലാസുകൾ റീ ചെക്കിംഗ് നടത്താൻ അപേക്ഷ നൽകാനായി ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകാറുണ്ട്. ഇക്കാര്യത്തിനും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 45 ദിവസത്തിനകം അപേക്ഷ നൽകണം. ഒരു തവണ മാത്രമേ ഉദ്യോഗാർത്ഥികൾക്ക് ഒരു തസ്തികയുടെ ഉത്തരക്കടലാസ് റീ ചെക്കിംഗ് നടത്താൻ അവസരം ലഭിക്കൂ.

### ■റീ ചെക്കിംഗ് - അപേക്ഷാഫാറം

പി.എസ്.സിയുടെ എൻക്വയറി ഓഫീസുകളിൽ നിന്നും ഇതിലേക്ക് ലഭിക്കുന്ന അപേക്ഷാഫാറമോ ആയതിന്റെ ഫോട്ടോക്കോപ്പിയോ പി. എസ്. സിയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന നിശ്ചിത ഫാറത്തിലുള്ള അപേക്ഷയിലോ ആയതിന്റെ ഫോട്ടോകോപ്പിയോ ഇതിലേക്കായി ഉപയോഗിക്കാം. അപേക്ഷാ ഫാറത്തിന് പ്രത്യേക ഫീസ് ഇല്ല. നിശ്ചിത ഫാറം ഉപയോഗിച്ചല്ലാതെ സമർപ്പിക്കാവുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

### ■ഫീസ്

കേരളത്തിലെ ഏതെങ്കിലും ട്രഷറിയിൽ 0051-psc-105-state psc 99-examination fee എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച 75 രൂപയുടെ ചെല്ലാൻ സഹിതം നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ഹെഡ് ഓഫീസിലെ പരീക്ഷാവിഭാഗം ഡെപ്യൂട്ടി സെക്രട്ടറിക്ക് നിശ്ചിത ദിവസത്തിനകം സമർപ്പിക്കണം. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കില്ല. ഒരിക്കൽ ട്രഷറിയിൽ ഇതിലേക്കായി അടച്ച പണം തിരികെ നൽകാറുമില്ല.

(തുടരും......)

ഇ-മെയിൽ : advmaruthamkuzhiisatheesh@gmail.com
മൊബൈൽ : 9447451229

# ഐ.ടി മേഖലയിൽ തൊഴിലവസരങ്ങളേറെ



ഡോ. ടി.പി. സേതുമാധവൻ



ഐ.ടി. മേഖല വീണ്ടും കരുത്താർജ്ജിക്കുന്നതായി TCS ന്റെ പഠനങ്ങൾ വ്യക്തമാക്കുന്നു. കഴിഞ്ഞ ക്വാർട്ടറിൽ 24% വളർച്ച ഈ മേഖലയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാങ്കിംഗ്, ഫിനാൻസ്, ഇൻഷ്വറൻസിനെ അപേക്ഷിച്ച് ലൈഫ് സയൻസ്, യൂട്ടിലിറ്റീസ്,

നിർമ്മാണം എന്നിവയിലാണ് വളർച്ചയേറെയും. ഓട്ടമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിലും വൻ വളർച്ചാനിരക്ക് ദൃശ്യമാണ്. 2025 ഓടെ ഈ മേഖലയിൽ 25-30 ലക്ഷം തൊഴിലവസരങ്ങളാണ് പ്രതീക്ഷിക്കുന്നത്. രാജ്യത്ത് പ്രതിവർഷം 14 ലക്ഷത്തോളം എൻജിനിയർമാരാണ് പഠിച്ച് പുറത്തിറങ്ങുന്നത്. ഇതിൽ 3 ലക്ഷത്തിലധികം പേർ കമ്പ്യൂട്ടർ സയൻസ്, ഐ.ടി. ബിരുദധാരികളാണ്. ഐ.ടി. രംഗത്ത് മികച്ച തൊഴിൽ നൈപുണ്യമുള്ളവർക്കേ മികവുറ്റ തൊഴിൽ ലഭിക്കൂ. ഇതിനിണങ്ങിയ രീതിയിലുള്ള തൊഴിൽ നൈപുണ്യ കോഴ്സുകളാണാവശ്യം.

ലോകത്തെ മികച്ച പ്രൊഫഷണൽ നെറ്റ്‌വർക്കായ Linkedin ന് 562 ദശലക്ഷം അംഗങ്ങളാണുള്ളത്. ഇന്ത്യയിൽ Linkedin ന് 50 ദശലക്ഷം അംഗങ്ങളാണുള്ളത്. വ്യവസായം, ഐ.ടി, സാമ്പത്തികം, വിദ്യാഭ്യാസം, ഓട്ടോമൊബൈൽ, ടെലികമ്മ്യൂണിക്കേഷൻ രംഗത്തുള്ളവരാണ്. Linkedin ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം മികച്ച Job portal കൂടിയാണ്. Flip cart, Amazon, Google, Directi, OneG7 communication എന്നിവ Linkedin ആയി ചേർന്ന് പ്രവർത്തിക്കുന്നു.

Linkedin ലൂടെ സി.വി ഷെയർ ചെയ്യാനുള്ള അവസരം ഉദ്യോഗാർത്ഥികൾക്ക് ലഭിക്കും. ഭാവിയിൽ ഏറെ തൊഴിൽ സാദ്ധ്യതയുള്ള കോഴ്സാണ് ഡാറ്റാ സയൻസ്. ഡാറ്റ സയൻസിൽ മാത്തമാറ്റിക്സ്, കംപ്യൂട്ടർ സയൻസ് എന്നിവ ഉൾപ്പെടുന്നു.

ഡാറ്റ മാനേജ്മെന്റ്, മെഷീൻ ലേണിംഗ്, ബിഗ് ഡാറ്റ അനലിറ്റിക്സ് മുതലായവ ഇതിൽ ഉൾപ്പെടുന്നു. ഡാറ്റ മാനേജ്മെന്റിൽ റെഗുലർ, ഓൺലൈൻ കോഴ്സുകളുണ്ട്. ബിരുദാനന്തരതലത്തിലാണ് കോഴ്സുകളേറെയും. ഡാറ്റ സയൻസിൽ ബിരുദം പൂർത്തിയാക്കിയവർക്ക് ബിരുദാനന്തര പ്രോഗ്രാമിന് അപേക്ഷിക്കാം.

ഡാറ്റ മാനേജ്മെന്റിൽ ഉന്നത ബിരുദം പൂർത്തിയാക്കിയവർക്ക് ഡാറ്റ സയന്റിസ്റ്റായി പ്രവർത്തിക്കാം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐ.ടി. പാർക്കുകൾ, ഡാറ്റ സയൻസ് ഇൻഡസ്ട്രി തുടങ്ങി വിവിധ മേഖലകളിൽ അവർക്ക് പ്രവർത്തിക്കാം. ബി. ടെക്ക്, ബി. സി. എ, ബി. എസ്.സി, എം.എസ് സി പൂർത്തിയാക്കിയവർക്കും ഡാറ്റ മാനേജ്മെന്റിൽ ഉന്നത പഠനത്തിന് ശ്രമിക്കാം. കോമേഴ്സ്, മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, ഐ.ടി, കംപ്യൂട്ടർ സയൻസ് ബിരുദധാരികൾക്കും അപേക്ഷിക്കാം. ബിരുദതലത്തിൽ 50 ശതമാനം മാർക്ക് നേടിയിരിക്കണം.

സ്റ്റാറ്റിസ്റ്റിക്കൽ ടെക്നിക്ക് ഇൻ ഡാറ്റ സയൻസ്, എക്സ്പ്ലൊറേറ്ററി ഡാറ്റ അനാലിസിസ്, ഡാറ്റ വിഷ്വലൈസേഷൻ, ബിഗ് ഡാറ്റ ടെക്നോളജി, ബിസിനസ്സ് കമ്മ്യൂണിക്കേഷൻ, മെഷീൻ ലേണിംഗ്, HR അനലിറ്റിക്സ്, ബാങ്കിംഗ് അനലിറ്റിക്സ്, വെബ് അനലിറ്റിക്സ്, ഗൂഗിൾ അനലിറ്റിക്സ് എന്നിവ കോഴ്സിൽ ഉൾപ്പെടുന്നു.

മാസ്റ്റർ ഓഫ് കംപ്യൂട്ടർ സയൻസ് ഇൻ ഡാറ്റ സയൻസ് പ്രോഗ്രാം, അമേരിക്കയിലെ ഇല്ലിനോയിസ് സർവകലാശാലയിലുണ്ട്. ഡ്യൂക്ക്, ജോൺഹോപ്കിൻസ്,

മിഷിഗൺ, കാലിഫോർണിയ സർവകലാശാലകളിൽ മികച്ച ഡാറ്റ സയൻസ് പ്രോഗ്രാമുകളുണ്ട്. മെഷീൻ ലേണിംഗ്, ബിഗ് ഡാറ്റ, ഡീപ് ലേണിംഗ്, R പ്രോഗ്രാമിംഗ് എന്നിവയിലും മികച്ച കോഴ്സുകൾ അമേരിക്കൻ, കനേഡിയൻ സർവകലാശാലകളിലുണ്ട്.

Edx, Coursera പ്ലാറ്റ്ഫോമിൽ നിരവധി കോഴ്സുകളുമുണ്ട്. മണിപ്പാൽ അക്കാഡമി ഒഫ് ഹയർ എഡ്യുക്കേഷൻ, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിലും മികച്ച പ്രോഗ്രാമുകളുണ്ട്.

ബിരുദധാരികൾക്കും ജോലി ചെയ്യുന്നവർക്കും ചെയ്യാവുന്ന കോഴ്സുകളാണിവ. കൂടുതൽ വിവരങ്ങൾക്ക് www.coursera.org, www.edx.org, www.manipal.edu, www.datajobs.com, www.datascience.com സന്ദർശിക്കുക.

# ഇലക്ട്രോണിക് കോർപറേഷൻ ഒഫ് ഇന്ത്യയിൽ അവസരങ്ങൾ

ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇലക്ട്രോണിക് കോർപ്പറേഷൻ ഒഫ് ഇന്ത്യ വിവിധ തസ്തികകളിലായി 506 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ജൂനിയർ ടെക്നിക്കൽ ഓഫീസർ-100, ജൂനിയർ കൺസൾട്ടന്റ് ഫീൽഡ് ഓപ്പറേഷൻ (ഗ്രേഡ് 1) 300, ജൂനിയർ കൺസൾട്ടന്റ് ഫീൽഡ് ഓപ്പറേഷൻ (ഗ്രേഡ് II) 106 എന്നിങ്ങനെയാണ് ഒഴിവുകൾ. കരാർ നിയമനമാണ്. അവസാന തീയതി: സെപ്തംബർ 29. വെബ്സൈറ്റ് http://careers.ecil.co.in

## നേവയിൽ ഓഫീസറാകാം

**ഏ**ഴിമല ഇന്ത്യൻ നേവൽ അക്കാഡമിയിലെ ലോജിസ്റ്റിക്സ്, ലോ, ഐ. ടി കേഡറുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. 37 ഒഴിവുകളുണ്ട്. വിവിധ വിഷയങ്ങളിൽ 60 ശതമാനം മാർക്കോടെ പി.ജി./ബി.ഇ/ബി.ടെക്. പാസായവർക്ക് അപേക്ഷിക്കാം. ഐ. ടി ബ്രാഞ്ചിലേക്ക് അവിവാഹിതരായ ആൺകുട്ടികൾക്കുമാത്രമേ അപേക്ഷിക്കാനാവൂ. ലോജിസ്റ്റിക്സ്, ലോ വിഭാഗങ്ങളിലേക്ക് അവിവാഹിതരായ സ്ത്രീകൾക്കും അപേക്ഷിക്കാം. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സബ് ലെഫ്ടനന്റ് പദവിയിലാണ് നിയമനം ലഭിക്കുക. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഓഫീസർ തസ്തികയിൽ ഷോർട്ട് സർവീസ്/ പെർമനന്റ് സർവീസ് കമ്മിഷൻ ലഭിക്കും. എൻ.സി.സി. സി സർട്ടിഫിക്കറ്റുള്ളവർക്ക് മുൻഗണനയുണ്ട്. അവസാന തീയതി: ഒക്ടോബർ 5. വെബ്സൈറ്റ് www.joinindiannavy.gov.in

## ചണ്ഡിഗഢ് ഗവ. മെഡിക്കൽ കോളേജിൽ 178 സ്റ്റാഫ് നഴ്സ്

**ച**ണ്ഡിഗഢ് ഗവ. മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സ് തസ്തികയിലെ 178 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ഒക്ടോബർ 25. വെബ്സൈറ്റ് www.gmch.gov.in

## വെസ്റ്റേൺ കോൾ ഫീൽഡ്സിൽ അവസരം

**പൊ**തുമേഖലാ കമ്പനിയായ കോൾ ഇന്ത്യ ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ വെസ്റ്റേൺ കോൾ ഫീൽഡ്സ് ടെക്നിക്കൽ ആൻഡ് സൂപ്പർ വൈസർ ഗ്രേഡിൽ പെടുന്ന മൈനിംഗ് സിർദാർ/ ഷോട്ട് ഫയറർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു.

333 ഒഴിവുകളുണ്ട്. അവസാന തീയതി: സെപ്തംബർ 27. വെബ്സൈറ്റ് http://westencoalnic.in

## ഐ.ടി.ബി.പിയിൽ ഹെഡ് കോൺസ്റ്റബിൾ

**അ**ർദ്ധസൈനിക സേനാവിഭാഗമായ ഇന്തോ ടിബറ്റൻ ബോർഡർ പൊലീസ് ഫോഴ്സിലേക്ക് ഹെഡ് കോൺസ്റ്റബിൾ (എഡ്യൂക്കേഷൻ ആൻഡ് സ്ട്രെസ് കൗൺസിലർ) തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. 73 ഒഴിവുകളുണ്ട്. യോഗ്യത: സൈക്കോളജിയിൽ ബിരുദം. അല്ലെങ്കിൽ തത്തുല്യയോഗ്യത. അല്ലെങ്കിൽ ബിരുദവും ബി.എഡ്/ബി.ടി യോഗ്യതയും.

അവസാന തീയതി: ഒക്ടോബർ 23. വെബ്സൈറ്റ് http://recruitment.itbpolice.nic.in

## ഹിമാചലിൽ കനത്തമഴ: 1500ഓളം പേരെ രക്ഷപ്പെടുത്തി

ഷിംല: ഹിമാചലിൽ കനത്ത മഴയിലും പ്രളയത്തിലും മണ്ണിടിച്ചിലിലും കുടുങ്ങിയ 1500ഓളം വിനോദസഞ്ചാരികളെ രക്ഷപ്പെടുത്തി. ഇക്കഴിഞ്ഞ ശനിയാഴ്ചമുതൽ ആരംഭിച്ച കനത്ത മഴയിലും മഞ്ഞുവീഴ്ചയിലും നിരവധിപേർ മരണപ്പെട്ടിരുന്നു. വിനോദസഞ്ചാരികളടക്കം നിരവധിപേർ ഇപ്പോഴും കുടുങ്ങിക്കിടക്കുന്നതായാണ് വിവരം. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. കുളു, ലഹോൾ തുടങ്ങിയ പ്രദേശങ്ങളിലാണ് പ്രളയദുരന്തം ഏറ്റവുമധികം ബാധിച്ചിരിക്കുന്നത്. അതേസമയം, മണാലിയിൽ കുടുങ്ങിയ മലയാളികൾ ഉൾപ്പെടെയുള്ള വിനോദയാത്രാസംഘം സുരക്ഷിതമായി കൊച്ചിയിലെത്തി.

www.keralakaumudi.com www.facebook.com/keralakaumudi



# ടെലികോം പോളിസിക്ക് കാബിനറ്റ് അംഗീകാരം

▶ സ്വന്തം ലേഖകൻ

ന്യൂഡൽഹി: ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ 2022ൽ രാജ്യത്തെ കമ്മ്യൂണിക്കേഷൻ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ലക്ഷ്യമിടുന്ന ദേശീയ ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ പോളിസി -2018ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ധ്യക്ഷനായ കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. അഞ്ചാം തലമുറ മൊബൈൽ ഫോൺ സേവനങ്ങൾ, ഇന്റർനെറ്റ്, മൊബൈൽ ടു മൊബൈൽ എന്നിവ അടിസ്ഥാനമാക്കി ടെലികോം മേഖലയെ പരിഷ്കരിക്കുന്നതാണ് പുതിയ നയം.

ഉപഭോക്താവിനെ കേന്ദ്രീകരിച്ചും ആപ്ലിക്കേഷനുകളാൽ നടപ്പാക്കുന്നതുമായ നയമെന്നാണ് കേന്ദ്രസർക്കാർ അവകാശപ്പെടുന്നത്.

### എല്ലാവർക്കും ബ്രോഡ്ബാൻഡ്

■ എല്ലാവർക്കും ബ്രോഡ്ബാൻഡ് എന്ന ലക്ഷ്യത്തോടെയാണ് പുതിയ നയം നടപ്പാക്കുക. 40ലക്ഷം അധിക തൊഴിലുകൾ സൃഷ്ടിക്കപ്പെടും. മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ എട്ട് ശതമാനം(നിലവിൽ 6%) ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ മേഖലയുടെ സംഭാവനയാകും. അന്താരാഷ്ട്ര ടെലികോം യൂണിയന്റെ ഇൻഡക്സിൽ 134ൽ നിന്ന് 50-ാം റാങ്കിലേക്ക് ഇന്ത്യയ്ക്ക് കുതിക്കാൻ കഴിയുമെന്നും കേന്ദ്രസർക്കാർ അവകാശപ്പെടുന്നു.

### ദേശീയ ഡിജിറ്റൽ ഗ്രിഡ്

■ നയം നടപ്പാക്കാൻ ദേശീയ ഫൈബർ അതോറിട്ടി രൂപീകരിച്ച് ദേശീയ ഡിജിറ്റൽ ഗ്രിഡ് തയ്യാറാക്കും. എല്ലാ നഗങ്ങളിലും ഹൈവേകളിൽ ടെലികോം ഉപകരണങ്ങളും കേബിളുകളും സ്ഥാപിക്കാൻ പൊതു സർവീസ് ചാലുകളും യൂട്ടിലിറ്റി കോറിഡോറുകളും നിർമ്മിക്കും.

■ സേവനങ്ങളുടെ നിരക്ക്, സമയ ബന്ധിതമാക്കൽ എന്നിവ സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ധാരണ.

■ അനുമതികൾക്കുള്ള തടസങ്ങൾ ഒഴിവാക്കൽ, നെക്സ്റ്റ് ജനറേഷൻ നെറ്റ്‌വർക്ക് സംവിധാനത്തിലൂടെ തുറന്ന സമീപനം.

### ലക്ഷ്യം

■ എല്ലാ പൗരൻമാർക്കും 50 എം.ബി.പി.എസ് വേഗതയുള്ള ബ്രോഡ്ബാൻഡ് കണക്ടിവിറ്റി

■ 2020ൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു ജി.ബി.പി.എസ് വേഗതയുള്ള കണക്ടിവിറ്റി. 2022ൽ 10 ജി.ബി.പി.എസ് വേഗത.

■ കണക്ടിവിറ്റി ഇല്ലാത്ത പ്രദേശങ്ങളിൽ ഫോൺ സേവനം.

■ ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ മേഖലയിൽ 10000 കോടി യു.എസ് ഡോളർ നിക്ഷേപം

■ 10 ലക്ഷം ആളുകൾക്ക് നൈപുണ്യ പരിശീലനം

■ 500 കോടി ഉപകരണങ്ങളിലൂടെ ഇന്റർനെറ്റ് ലോകം വിപുലപ്പെടുത്തൽ

■ ഡാറ്റാ സുരക്ഷ, സ്വകാര്യത, തിരഞ്ഞെടുക്കാനുള്ള വ്യക്തികളുടെ സ്വാതന്ത്ര്യം എന്നിവ ഉറപ്പാക്കൽ.

## ആധാർ ഭരണഘടനാ വിരുദ്ധം: ജസ്റ്റിസ് ചന്ദ്രചൂഡ്

ന്യൂഡൽഹി: ആധാർ നിയമം മണിബില്ലായി കൊണ്ടുവന്നത് ഭരണഘടനാവിരുദ്ധമാണെന്ന് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ് പറഞ്ഞു. ആധാർ നിയമം മണിബില്ലായി കൊണ്ടുവന്നത് ഭരണഘടനയുടെ മേലുള്ള തട്ടിപ്പാണ്. നിയമങ്ങൾ പാസാക്കുന്നതിൽ രാജ്യസഭയ്ക്കും പ്രധാന്യമുണ്ട്. ഒരു ബില്ല് മണിബില്ലായി അംഗീകരിക്കാനുള്ള സ്പീക്കറുടെ തീരുമാനം കോടതിയുടെ പരിശോധനയ്ക്ക് വിധേയമാണ്. ആധാർ സ്വകാര്യത ലംഘിക്കുന്നു. പാൻകാർഡും ആധാറുമായി ബന്ധിപ്പിക്കാനുള്ള ഇൻകംടാക്സ് നിയമത്തിലെ 139 എ എ വകുപ്പുകൾ റദ്ദാക്കണം. മൊബൈൽ, ബാങ്ക് അക്കൗണ്ടുകൾ നിർബന്ധപൂർവം ആധാറുമായി ബന്ധിപ്പിക്കരുത്. മൊബൈൽ കമ്പനികളുടെ കൈയിലുള്ള ആധാർ വിവരങ്ങൾ ഡിലീറ്റ് ചെയ്യണം. ആധാർ പ്രോജക്ട് തന്നെ ഭരണഘടനാവിരുദ്ധമാണെന്നും മുഴുവൻ ആധാർ വിവരങ്ങളും ഇല്ലാതാക്കണമെന്നും ചന്ദ്രചൂഡ് വിധിന്യായത്തിൽ പറഞ്ഞു.

## ഇന്ത്യ പാവങ്ങളെ പണക്കാരാക്കി: ട്രംപ്

ന്യൂയോർക്ക്: ദശലക്ഷക്കണക്കിന് പൗരന്മാരെ ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിച്ച് മധ്യവർഗക്കാരാക്കി മാറ്റുന്നതിൽ ഇന്ത്യ വിജയിച്ചുവെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.

ഐക്യരാഷ്ട്ര സഭ ജനറൽ അസംബ്ലിയിൽ നടന്ന പൊതു ചർച്ചയിൽ സംസാരിക്കുകയായിരുന്നു ട്രംപ്. അതേസമയം, അശാന്തിയും മരണവും നാശവും വിതയ്ക്കുന്നവരാണ് ഇറാൻ നേതാക്കളെന്നും പ്രസംഗത്തിനിടെ ട്രംപ് പറഞ്ഞു.

ഇറാനിൽ നിന്നുള്ള എണ്ണ ഇറക്കുമതി അവസാനിപ്പിക്കാൻ ഇന്ത്യക്കു മേൽ അമേരിക്കയുടെ ശക്തമായ സമ്മർദമുണ്ടായിരുന്നു. ഇറാനെതിരെ ഏർപ്പെടുത്തിയിരിക്കുന്ന വാണിജ്യ ഉപരോധം ഇന്ത്യയിലെയും ചൈനയിലെയും കമ്പനികൾക്ക് ബാധകമാണെന്നും അവർക്ക് മാത്രമായി പ്രത്യേക ഇളവില്ലെന്നുമുള്ള നിലപാടാണ് അമേരിക്കയുടേത്. നവംബറിൽ ഇറാനിൽ നിന്നും ഇന്ത്യ അസംസ്കൃത എണ്ണ വാങ്ങാനിടയില്ലെന്ന റിപ്പോർട്ടുകളും പുറത്തുവരുന്നുണ്ട്.

## യു.എസിൽ ഇന്ത്യൻ വംശജ രാജിവച്ചു

വാഷിംഗ്ടൺ: അമേരിക്കയിൽ ഇന്ത്യൻ വംശജയായ മുതിർന്ന നയതന്ത്ര ഉദ്യോഗസ്ഥ സേയ രാജിവച്ചു. ട്രംപ് ഭരണകൂടത്തിന്റെ വംശീയ വിവേചനവും സ്ത്രീകളോടുള്ള അവഗണനയും ചൂണ്ടിക്കാട്ടിയാണ് രാജി. വെളുത്ത വർഗക്കാർക്കും അതിൽത്തന്നെ പുരുഷന്മാർക്കും മുൻഗണന കൊടുക്കുന്നതായാണ് സേയയുടെ പരാതി. അർഹതയുണ്ടായിട്ടും തനിക്കും കറുത്ത വർഗക്കാരായ ഉദ്യോഗസ്ഥർക്കും അംബാസഡർ പദവി ഉൾപ്പെടെയുള്ള സുപ്രധാന തസ്തികകൾ നിഷേധിച്ചതായും അവർ പറഞ്ഞു.

27 വർഷം യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിൽ സേവനമനുഷ്ഠിച്ച ശേഷമാണ രാജി. ഇതേസമയം, സേയയുടെ വാദങ്ങൾ തെറ്റാണെന്നും വംശീയ വൈവിദ്ധ്യം ഉറപ്പു വരുത്തുന്നുണ്ടെന്നും യു.എസ് സ്റ്റേറ്റ് സെക്രട്ടറി മൈക്ക് പോംപിയോ പ്രതികരിച്ചു.

## വിധി ചരിത്രപരം: ജെയ്റ്റ്ലി



ന്യൂഡൽഹി: ആധാറിന് നിയമസാധുത നൽകുന്ന സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ വിധിയെ കേന്ദ്ര ധനമന്ത്രി അരുൺ ജെയ്റ്റ്ലി സ്വാഗതം ചെയ്തു. സുപ്രീംകോടതി വിധി ചരിത്രപരമെന്ന് വിശേഷിപ്പിച്ച അദ്ദേഹം ആധാർ നടപ്പാക്കിയതുമൂലം സർക്കാരിന് 90,000 കോടി ലാഭിക്കാൻ സാധിക്കുമെന്ന് ചൂണ്ടിക്കാട്ടി. ഇതൊരു ചരിത്രവിധിയാണ്. ഏകീകൃത തിരിച്ചറിയൽ നമ്പർ എന്ന ആശയത്തെ കോടതി അംഗീകരിച്ചിരിക്കുന്നു. വാർത്താ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. അതേസമയം, കഴിഞ്ഞ യു.പി.എ സർക്കാരിന് ആധാർ എന്ന ആശയത്തെ എങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്നുപോലും അറിയില്ലായിരുന്നുവെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ആധാർ

## അടിച്ചമർത്തലിനുള്ള ആയുധം: രാഹുൽ




ന്യൂഡൽഹി: ആധാറിന്റെ നിയമസാധുത സംബന്ധിച്ച വിധിയിൽ സുപ്രീം കോടതിക്ക് നന്ദി അറിയിച്ച് കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി. കോൺഗ്രസിന്റെ ആധാർ ജനങ്ങളുടെ ശാക്തീകരണത്തിനുവേണ്ടി ആയിരുന്നെങ്കിൽ ബി.ജെ.പിക്ക് അത് നിരീക്ഷണത്തിനും അടിച്ചമർത്തലിനുമുള്ള ആയുധമായിരുന്നുവെന്ന് അദ്ദേഹം ആരോപിച്ചു. ആധാർ സംബന്ധിച്ച കോൺഗ്രസ് കാഴ്ചപ്പാടിനെ പിന്തുണച്ചതിനും രാജ്യത്തെ സംരക്ഷിച്ചതിനും സുപ്രീംകോടതിക്ക് നന്ദി പറയുന്നുവെന്നും രാഹുൽ ട്വീറ്റ് ചെയ്തു.

# 2030ൽ ഇന്ത്യ മൂന്നാമനാകും

ന്യൂഡൽഹി: 2030 ആകുമ്പോൾ ലോകസാമ്പത്തികശക്തികളിൽ ഇന്ത്യ മൂന്നാംസ്ഥാനത്ത് എത്തുമെന്ന് ബ്രിട്ടീഷ് മർട്ടിനാഷണൽ ബാങ്കിംഗ് കമ്പനിയായ എച്ച്. എസ്. ബി.സിയുടെ റിപ്പോർട്ട്. നിലവിൽ ആറാംസ്ഥാനത്താണ് ഇന്ത്യയുള്ളത്. ജപ്പാനെയും ജർമ്മനിയെയും മറികടന്നാണ് ഇന്ത്യ 2030ൽ മുന്നിലെത്തുക.

2030ൽ 26 ട്രില്ല്യൺ ഡോളറിന്റെ സാമ്പത്തികഭദ്രതയോടു കൂടി ചൈന ഒന്നാംസ്ഥാനത്തും 25 ട്രില്ല്യൺ ഡോളറോടുകൂടി അമേരിക്ക രണ്ടാംസ്ഥാനത്തും 5.9 ട്രില്ല്യൺ ഡോളറോടുകൂടി ഇന്ത്യ മൂന്നാംസ്ഥാനത്തുമെത്തുമാണ് റിപ്പോർട്ടിൽ പറയുന്നത്.




## ഹൈദരാബാദിൽ നടുറോഡിൽ യുവാവിനെ വെട്ടിക്കൊലപ്പെടുത്തി

ഹൈദരാബാദ്: നഗരത്തിലെ തിരക്കേറിയ റോഡിൽ ആൾക്കൂട്ടത്തിനിടയിൽ വച്ച് യുവാവിനെ അക്രമികൾ കോടാലികൊണ്ട് വെട്ടിക്കൊലപ്പെടുത്തി. ഗജേന്ദ്രനഗറിലാണ് സംഭവം. രമേഷ് എന്നയാളാണ് കൊല്ലപ്പെട്ടത്.



കൊലപാതകത്തിന്റെ ദൃശ്യങ്ങൾ സാമൂഹ്യമാദ്ധ്യമങ്ങളിൽ പ്രചരിക്കുകയാണ്. യുവാവിനെ രണ്ടു പേർ പിന്തുടർന്ന് അക്രമിക്കുന്നതും വെട്ടേറ്റയാൾ റോഡിൽ വീഴുന്നതും ദൃശ്യങ്ങളിൽ വ്യക്തമാണ്. വെട്ടേറ്റു വീണയാൾ രക്തം വാർന്ന് അനക്കമില്ലാതാവുന്നതോടെ അക്രമികൾ ആഹ്ലാദം പ്രകടിപ്പിച്ച് ആയുധം ഉയർത്തിക്കാട്ടി പിൻവാങ്ങുന്നതും പൊലീസുകാർ ഇത് നോക്കി നിൽക്കുന്നതും ദൃശ്യങ്ങളിൽ കാണാം. അതേസമയം, കഴിഞ്ഞവർഷം നടന്ന കൊലപാതകത്തിന്റെ പ്രതികാരമായാണ് അക്രമം നടന്നതെന്നാണ് പൊലീസ് റിപ്പോർട്ട്. പ്രതികളെ പൊലീസ് പിന്നീട് പിടികൂടി. കഴിഞ്ഞ ഡിസംബറിൽ മുകേഷ്ഗൗഡ് എന്നയാളെ കൊലപ്പെടുത്തിയ ശേഷം തീകൊളുത്തിയ കേസിലെ മുഖ്യ പ്രതിയാണ് ഇപ്പോൾ കൊല്ലപ്പെട്ട രമേഷ്.

## അന്ന് ഞാൻ അധികാരത്തിൽ ഇല്ലായിരുന്നു: റാഫേലിൽ മാക്രോൺ

ന്യൂയോർക്ക്: റഫാൽ ഇടപാടുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുമ്പോൾ താൻ അധികാരത്തിലുണ്ടായിരുന്നില്ലെന്നും അത് രണ്ട് സർക്കാരുകൾ തമ്മിലുള്ള ചർച്ചയായിരുന്നെന്നും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ പറഞ്ഞു. ഐക്യരാഷ്ട്ര സഭ പൊതുസമ്മേളനത്തിന്റെ ഭാഗമായി മാദ്ധ്യമങ്ങളോട് സംസാരിക്കവെയാണ് റഫാൽ ഇടപാടുമായി ബന്ധപ്പെട്ട ചോദ്യത്തിന് ഉത്തരമായി മാക്രോൺ ഇങ്ങനെ പറഞ്ഞത്.

അനിൽ അംബാനിയുടെ റിലയൻസ് ഡിഫൻസിനെ ഇടപാടിൽ ഉൾപ്പെടുത്തുന്നതിന് ഇന്ത്യൻ സർക്കാർ ഫ്രഞ്ച് സർക്കാരിനോടോ വിമാനക്കമ്പനിയായ ഡെസോൾട്ടിനോടോ ആവശ്യപ്പെട്ടിരുന്നോ എന്നായിരുന്നു മാദ്ധ്യമപ്രവർത്തകരുടെ ചോദ്യം.

ഇത്തരം കാര്യങ്ങളിൽ ഫ്രാൻസിന് കൃത്യമായ നിയമങ്ങളുണ്ട്. ഇന്ത്യയും ഫ്രാൻസും തമ്മിൽ സൈനിക-പ്രതിരോധ മേഖലകളിലുള്ള ബൃഹത്തായ പദ്ധതികളുടെ ഭാഗമായിരുന്നു കരാർ. മാക്രോൺ പറഞ്ഞു.

## ഫൗസിയ ഹസൻ പറയുന്നു

# "എനിക്ക് നഷ്ടപരിഹാരം വേണം"



മാലി: "ഞാൻ നിയമയുദ്ധത്തിനിറങ്ങുന്നതിന് വേണ്ടി കാത്തു നിൽക്കാതെ ഇന്ത്യൻ സർക്കാരും കേരളവും എനിക്ക് നഷ്ടപരിഹാരം തരണം." പറയുന്നത് മാലിദ്വീപ് സ്വദേശി ഫൗസിയ ഹസനാണ്. കെട്ടിച്ചമച്ച ഐ.എസ്.ആർ.ഒ ചാരക്കേസിൽ കേരളത്തിൽ മൂന്നുവർഷം തടവിൽക്കഴിഞ്ഞ അതേ ഫൗസിയ ഹസൻ. മാലദ്വീപിൽനിന്ന് ഫൗസിയ ഒരു ദേശീയമാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് തനിക്ക് നഷ്ടപ്പെട്ട വിലമതിക്കാനാകാത്ത ആകാലത്തെക്കുറിച്ച് സംസാരിച്ചത്.

അനധികൃതമായി തടവിൽവച്ചതിന്, പീഡിപ്പിച്ചതിന് കേരളസർക്കാരും ഇന്ത്യാസർക്കാരും എനിക്ക് നഷ്ടപരിഹാരം തരണം. ഞാൻ കേസിന് പോകുന്നതുവരെ അവർ കാത്തിരിക്കരുത്. നിയമയുദ്ധത്തിനായി അഭിഭാഷകനെ വയ്ക്കാൻ വളരെ ദാരിദ്ര്യത്തിൽ കഴിയുന്ന എനിക്ക് കഴിയില്ല. ഇന്ത്യയിൽ പഠിച്ചുകൊണ്ടിരുന്ന എന്റെ മകൾ ജിലാഹമ്ദിയുടെ വിദ്യാഭ്യാസവും ഭാവിയും അവർ നശിപ്പിച്ചു. പൊലീസ് അവളെ സ്കൂളിലും വഴിയിലുമൊക്കെ നിരന്തരമായി പിന്തുടർന്ന് പീഡിപ്പിച്ചതോടെ അവൾക്ക് പഠനം നിറുത്തേണ്ടിവരികയായിരുന്നു. പൊലീസും ഇന്റലിജൻസും ഇപ്പോഴും വേട്ടയാടുമോ എന്ന പേടിയാണെനിക്ക്. വീണ്ടും ഇന്ത്യയിലേക്ക് വരാൻ മക്കൾ സമ്മതിക്കില്ല. എന്നെയും മറിയം റഷീദയേയും മനപൂർവം കെണിയിൽ പെടുത്തുകയായിരുന്നു. ചാരക്കേസ് കെട്ടിച്ചമച്ചതാണെന്നും പ്രതിചേർക്കപ്പെട്ടിരുന്ന നമ്പി നാരായണന് 50 ലക്ഷം നഷ്ടപരിഹാരം നൽകണമെന്നുമുള്ള കോടതിവിധി അറിഞ്ഞപ്പോൾ സന്തോഷമായി. ഫൗസിയ പറഞ്ഞു.

76കാരിയായ ഫൗസിയ മക്കൾക്കും ചെറുമക്കൾക്കുമൊപ്പം ശ്രീലങ്കയിലാണ് ജീവിക്കുന്നത്. മാലദ്വീപിൽ കഴിഞ്ഞ ദിവസം നടന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനാണ് അവർ വീണ്ടും മാലിയിലേക്ക് തിരിച്ചുവന്നത്.

# ഡൽഹിയിൽ കെട്ടിടം തകർന്നുവീണ് 5 മരണം

■ തകർന്നത് 20 വർഷത്തിലേറെ പഴക്കമുള്ള കെട്ടിടം

ന്യൂഡൽഹി: വടക്കുപടിഞ്ഞാറൻ ഡൽഹിയിലെ അശോക് വിഹാറിൽ മൂന്നുനില കെട്ടിടം തകർന്നു വീണ് ഒരു സ്ത്രീയും നാല് കുട്ടികളും മരിച്ചു. ഏഴോളം പേർക്ക് പരിക്കേറ്റു.

പരിക്കേറ്റവരെ ദീപ് ചന്ദ് ബന്ധു ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. മരിച്ച സ്ത്രീയുടെ പേര് മുന്നി എന്നാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

10 വയസോളമുള്ള സഹോദരന്മാരായ രണ്ട് ആൺകുട്ടികൾ, അഞ്ച് വയസു തോന്നിക്കുന്ന ഒരു ആൺകുട്ടിയും പെൺകുട്ടിയും എന്നിവരാണ് മരിച്ച മറ്റ് നാലുപേർ. നിരവധിപേർ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നതായാണ് വിവരം. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. തകർന്ന കെട്ടിടത്തിന് 20 വർഷത്തിലേറെ പഴക്കമുണ്ടായിരുന്നതായി വടക്കൻ ഡെൽഹിയിലെ മുനിസിപ്പൽ കോർപ്പറേഷൻ ഉദ്യോഗസ്ഥൻ അറിയിച്ചു.



അശോക് വിഹാറിൽ അഞ്ചുപേരുടെ മരണത്തിനിടയാക്കി തകർന്നുവീണ കെട്ടിടം

## വിവിധം

# സ്വദേശാഭിമാനിയെ നാടുകടത്തിയവർ പുതിയ രൂപത്തിലെന്ന്

തിരുവനന്തപുരം: സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയവരുടെ പുതിയ രൂപമാണ് കേന്ദ്ര, സംസ്ഥാന ഭരണാധികാരികളെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. സ്മാരക സമിതിയുടെ ആഭിമുഖ്യത്തിൽ സ്വദേശാഭിമാനിയെ നാടുകടത്തിയതിന്റെ 108-ാം വാർഷികാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അഭിപ്രായപ്രകടനം നടത്തുന്നവരെ തുറുങ്കിലടയ്ക്കുകയും ഇല്ലായ്മ ചെയ്യുകയുമാണ്. വിമർശകർക്കെതിരെ നരേന്ദ്ര മോദിയുടെ അതേ പാതയിലാണ് പിണറായി വിജയനും. മുഖ്യമന്ത്രിക്കെതിരെ സോഷ്യൽ മീഡിയയിലൂടെ അഭിപ്രായം രേഖപ്പെടുത്തവർക്കെതിരെ കേസെടുക്കുന്നു. മുഖ്യമന്ത്രിയുടെ നിലപാടിനെതിരെ അഭിപ്രായം രേഖപ്പെടുത്തിയ 70ഓളം സർക്കാർ ജീവനക്കാരെ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തെന്നും ചെന്നിത്തല പറഞ്ഞു. സ്മാരക സമിതി ജനറൽ സെക്രട്ടറി തമ്പാനൂർ രവി അദ്ധ്യക്ഷത വഹിച്ചു. സോളമൻ അലക്സ്, വി.എസ്. ശിവകുമാർ എം.എൽ.എ, ശാസ്തമംഗലം മോഹനൻ, പി.എസ്. പ്രശാന്ത്, പി.കെ. വേണുഗോപാൽ, ഉള്ളൂർ മുരളി, കോളിയൂർ ദിവാകരൻ നായർ, ശ്യാംകുമാർ, കമ്പറ നാരായണൻ, കോട്ടാത്തല മോഹനൻ തുടങ്ങിയവർ പങ്കെടുത്തു.



*സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയതിന്റെ 108-മത് വാർഷികദിനാചരണത്തിന്റെ ഭാഗമായി സ്വദേശാഭിമാനി സ്മാരകസമിതിയുടെ ആഭിമുഖ്യത്തിൽ പാളയം സ്വദേശാഭിമാനി സ്മാരകത്തിൽ നടന്ന ചടങ്ങിൽ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പുഷ്പാർച്ചന നടത്തുന്നു. വി. എസ്. ശിവകുമാർ എം.എൽ.എ, കെ.പി.സി.സി ജനറൽ സെക്രട്ടറി തമ്പാനൂർ രവി എന്നിവർ സമീപം*

## ക്വട്ടേഷൻ സംഘത്തെ പിടികൂടി

നിലമേൽ: ആലപ്പുഴ സ്വദേശികളായ ആറംഗ ക്വട്ടേഷൻ സംഘത്തെ രാത്രി പട്രോളിംഗിനിടെ ചടയമംഗലം പൊലീസ് പിടികൂടി. ചുണ്ടയിൽ ഒരാളെ വധിക്കാൻ ക്വട്ടേഷൻ ഏറ്റെടുത്ത സംഘം സഞ്ചരിച്ച വാഹനം ആയൂർ പാലത്തിന് സമീപം ഒതുക്കിയിട്ടത് ശ്രദ്ധയിൽ പെട്ട പൊലീസ് നടത്തിയ പരിശോധനയിലാണ് ജോബി(28), ബാബുമോൻ(40), ഇരട്ട്ബാബു, മുനീർ, നിധിൻ, അർജുനൻ എന്നിവർ പിടിയിലായത്.

ചുണ്ട സ്വദേശികളായ കുടുംബാംഗങ്ങൾ തമ്മിൽ ഗൾഫിൽ വച്ചുണ്ടായ തർക്കത്തെ തുടർന്ന് നവാസ്, നഹാസ് എന്നിവരെ വധിക്കാൻ ക്വട്ടേഷൻ ഏറ്റെടുത്ത് വന്നതാണെന്ന് ഇവർ വെളിപ്പെടുത്തി. ആറ്റിങ്ങൽ സ്വദേശിയായ ഫിറോസ് ആണ് ക്വട്ടേഷൻ ഏറ്റെടുത്തതത്രെ. ഇയാൾ സുഹൃത്തായ സൻജു വഴി ആലപ്പുഴ സ്വദേശികളെ ക്വട്ടേഷൻ ഏൽപ്പിക്കുകയായിരുന്നു.

പൊലീസ് ചോദ്യം ചെയ്യുന്നതിനിടെ ഒരാൾ വണ്ടിയിൽ നിന്ന് ഇറങ്ങിയോടി. തുടർന്ന് പൊലീസ് കൂടുതൽ പരിശോധന നടത്തിയപ്പോഴാണ് മാരകായുധങ്ങളും മറ്റും കണ്ടെടുത്തത്. പട്രോളിംഗ് സംഘത്തിൽ എസ്.എ രെഘുനാഥക്കുറുപ്പ്, എ.എസ്.എ സെലിം, സി.പി.ഒ അസർ എന്നിവരാണുണ്ടായിരുന്നത്. പ്രതികളെ കൂടുതൽ ചോദ്യം ചെയ്തശേഷം കോടതിയിൽ ഹാജരാക്കുമെന്ന് പൊലീസ് പറഞ്ഞു.

# ബ്രുവറികളും ഡിസ്റ്റിലറിയും അനുവദിച്ചതിൽ കോടികളുടെ അഴിമതി: ചെന്നിത്തല

തിരുവനന്തപുരം: മൂന്ന് ബ്രുവറികളും ഒരു ഡിസ്റ്റിലറിയും സംസ്ഥാനത്ത് അനുവദിച്ചതിന് പിന്നിൽ കോടികളുടെ അഴിമതിയുണ്ടെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല വാർത്താസമ്മേളനത്തിൽ ആരോപിച്ചു. നയപ്രഖ്യാപനത്തിലോ ബഡ്ജറ്റിലോ ഇക്കാര്യം പറഞ്ഞിട്ടില്ല.

മന്ത്രിസഭയിൽ ചർച്ച ചെയ്തിട്ടുമില്ല. കേരളത്തിലിപ്പോൾ നടക്കുന്നത് സാലറി ചലഞ്ചല്ല ബ്രുവറി ചലഞ്ചാണെന്നും അഴിമതിയെക്കുറിച്ച് സമഗ്രാന്വേഷണം നടത്തണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു.

ബിയറും വിദേശമദ്യവും ഉത്പാദിപ്പിക്കുന്നതിന് ബ്രുവറികളും ഡിസ്റ്റിലറികളും ആരംഭിക്കാൻ 1996ലെ നായനാർ സർക്കാർ അപേക്ഷ ക്ഷണിച്ചതനുസരിച്ച് കിട്ടിയ 125 അപേക്ഷകൾ വിവാദമായപ്പോൾ നികുതിസെക്രട്ടറിയായിരുന്ന വിനോദ് റായ് അനുവദിക്കേണ്ടെന്ന് 99ൽ ഉത്തരവിറക്കി. അതിന്റെ അടിസ്ഥാനത്തിൽ 17 വർഷമായി മാറിമാറിവന്ന സർക്കാരുകൾ ബ്രുവറികൾക്കും ഡിസ്റ്റിലറികൾക്കും അനുമതി നിഷേധിച്ചു. അത് മറികടന്നാണിപ്പോൾ രഹസ്യമായി അനുവദിച്ചത്.

കണ്ണൂർ വാരത്ത് ശ്രീധരൻ ബ്രുവറി പ്രൈവറ്റ് ലിമിറ്റഡിന് മാസം 5 ലക്ഷം കെയ്സ് ബിയറുത്പാദിപ്പിക്കാനും പാലക്കാട് എലപ്പുള്ളിയിൽ അപ്പോളോ ഡിസ്റ്റിലറീസ് ആൻഡ് ബ്രുവറീസിന് വർഷം 5 ലക്ഷം ഹെക്ടാ ലിറ്റർ ബിയറുല്പാദിപ്പിക്കാനും എറണാകുളം കിൻഫ്ര പാർക്കിൽ പവർ ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡിനുമാണ് ബ്രുവറികളനുവദിച്ചത്. കിൻഫ്ര പാർക്കിൽ പത്തേക്കർ സർക്കാർഭൂമിയും വിട്ടുകൊടുക്കും.

തൃശൂരിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യം നിർമ്മിക്കാൻ കോമ്പൗണ്ടിംഗ്, ബെൻഡിംഗ്, ബോട്ടിലിംഗ് യൂണിറ്റിനായി പെരുമ്പാവൂരിലെ ശ്രീചക്ര ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡിനും അനുമതി നൽകി. പുതിയ ബ്രുവറികളും ഡിസ്റ്റിലറിയും അനുവദിച്ചതിനു പുറമേ രണ്ടെണ്ണത്തിന് ഉല്പാദനശേഷി കൂട്ടിക്കൊടുത്തു.

ഇടതുമുന്നണി സർക്കാരിന്റെ പ്രഖ്യാപിത മദ്യനയത്തിൽ മാറ്റം വരുത്താതെയാണ് പിൻവാതിൽ ഉത്തരവുകൾ. ഇവ അനുവദിക്കാനുള്ള അടിയന്തരസാഹചര്യമെന്തെന്ന് വ്യക്തമാക്കണം. 99 മുതലുള്ള നയം മാറ്റിയത് പരമരഹസ്യമാക്കിയതെന്തിന്? ബ്രുവറികളും ഡിസ്റ്റിലറികളും അനുവദിക്കുമ്പോൾ പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച് സുതാര്യമായി ചെയ്യാത്തതെന്തുകൊണ്ട്? അനുവദിക്കുന്ന കാര്യം ലൈസൻസ് കിട്ടിയ നാല് പേർ മാത്രം അറിഞ്ഞതെങ്ങനെ?

ഈ സർക്കാർ മദ്യക്കച്ചവടത്തിൽ കള്ളക്കളി നടത്തുകയാണ്. തിരഞ്ഞെടുപ്പുകാലത്ത് ഇടതുമുന്നണി ബാറുടമകളുമായുണ്ടാക്കിയ അവിശുദ്ധ കരാറാണ് ഇതിനെല്ലാം പിന്നിലെന്നും ചെന്നിത്തല ആരോപിച്ചു.

### പട്ടിക വിഭാഗങ്ങൾക്ക് പ്രൊമോഷൻ

## ക്രീമിലെയർ എല്ലാം സ്വന്തമാക്കിയാൽ ബാക്കിയുള്ളവർ എന്നും പിന്നാക്കമാകും

ന്യൂഡൽഹി: ക്രീമിലെയർ വിഭാഗം എല്ലാ പദവികളും സ്വന്തമാക്കിയാൽ ബാക്കിയുള്ളവർ എന്നും പിന്നാക്കക്കാരായി തുടരുമെന്ന് സുപ്രീം കോടതി ഭരണഘടനാ ബെഞ്ച് നിരീക്ഷിച്ചു. പട്ടികവിഭാഗങ്ങൾക്ക് പ്രൊമോഷന് സംവരണം നൽകുന്നത് സംബന്ധിച്ച വിധിയിലാണ് ഈ നിരീക്ഷണം.

തുല്യത, നീതി, മികവ് എന്നിവ വ്യത്യസ്ത ഘടകങ്ങളാണ്. അവ തിരിച്ചറിയാനും അളക്കാനും കൃത്യമായ അളവുകോൽ ഇല്ല. ഒരു വിഭാഗം സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കമാണെന്ന് പറയാൻ അവരിലെ ക്രീമിലെയറിനെ ഒഴിവാക്കണം. ക്രീമിലെയറിനെ പിന്നാക്കമായി തുടർന്നും പരിഗണിക്കണമോ എന്ന് പാർലമെന്റിന് തീരുമാനിക്കാം. പിന്നാക്ക വിഭാഗക്കാർക്ക് എൽ.ഡി ക്ലാർക്ക് സ്ഥാനക്കയറ്റ പരീക്ഷയിൽ ഇളവ് നൽകുന്നതുമായി ബന്ധപ്പെട്ട കേരളത്തിലെ എൻ.എം. തോമസ്(1976) കേസ് പരാമർശിച്ച് ക്രീമിലെയർ വിഭാഗം എല്ലാ പദവികളും സ്വന്തമാക്കിയാൽ ബാക്കിയുള്ളവർ എന്നും പിന്നാക്കക്കാരായി തുടരുമെന്നും വിധിയിൽ പറയുന്നു. ക്രീമിലെയർ സംവിധാനം തുല്യത ഉറപ്പാക്കാനുള്ളതല്ലെന്നും തിരിച്ചറിവിന് വേണ്ടിയാണെന്നുമുള്ള മുൻ ചീഫ് ജസ്റ്റിസ് കെ.ജി. ബാലകൃഷ്ണന്റെ (അശോക് കുമാർ ഠാക്കൂർ കേസ്) അഭിപ്രായത്തോട് ബെഞ്ച് വിയോജിച്ചു.



## ഓയ്സിലിനെ കാണാൻ ലോയ്‌വിനെ അനുവദിച്ചില്ല

ലണ്ടൻ : വംശീയ ആക്ഷേപ വിവാദമുയർത്തി ജർമ്മൻ ദേശീയ ടീമിൽ നിന്ന് അപ്രതീക്ഷിതമായി വിരമിച്ച മെസ്യൂട്ട് ഓയ്സിലുമായി കൂടിക്കാഴ്ച നടത്താനുള്ള ജർമ്മൻ പരിശീലകൻ യൊവാക്വിം ലോയ്‌വിന്റെയും ടീം ഡയറക്ടർ ഒളിവർ ബിയറോഫിന്റെയും ശ്രമം ഇംഗ്ലീഷ് ക്ലബ് ആഴ്സനൽ തടഞ്ഞു. കഴിഞ്ഞയാഴ്ച ആഴ്സനലിന്റെ പരിശീലന ഗ്രൗണ്ടിലെത്തി ഓയ്സിലിനെ കാണാനായിരുന്നു ശ്രമം. ഓയ്സിലിന് താത്പര്യമില്ലാത്തതിനാലാണ് കൂടിക്കാഴ്ച വിലക്കിയതെന്ന് അറിയുന്നു.

www.keralakaumudi.com www.facebook.com/keralakaumudi



സഹായ ഹസ്തം : *അഫ്ഗാനിസ്ഥാൻ താരം നജീബുള്ളയുടെ കണ്ണിൽ ബാറ്റിംഗിനിടെ വീണ പൊടി എടുക്കാൻ സഹായിക്കുന്ന ധോണി.*

# ഇനിയുള്ള ക്രിക്കറ്റ് കാലം അഫ്ഗാന്റേതു കൂടിയാണ്

- ഏഷ്യാ കപ്പിൽ ആരാധക മനസ് കവർന്ന് അഫ്ഗാനിസ്ഥാൻ മടങ്ങുന്നു

ദുബായ്: ഏഷ്യാകപ്പിന്റെ സൂപ്പർ ഫോറിൽ ഒരു കളി പോലും ജയിക്കാൻ അഫ്ഗാനിസ്ഥാന് കഴിഞ്ഞിട്ടില്ലായിരിക്കാം. പക്ഷേ അവർ മടങ്ങുന്നത് തല ഉയർത്തിപ്പിടിച്ച തന്നെയാണ്. പ്രാഥമിക റൗണ്ടിലെ രണ്ട് വിജയങ്ങളും സൂപ്പർഫോർ അവസാന മത്സരത്തിൽ ഇന്ത്യയെ സമനിലയിലാക്കിയ പ്രകടനവുമൊക്കെ വരുംകാലം ക്രിക്കറ്റ് മൈതാനങ്ങൾ അഫ്ഗാനിസ്ഥാന് കൂടിയുള്ളതാണെന്ന് തെളിയിക്കുന്നു. പരിചയക്കുറവ് മാറ്റിവച്ചാൽ ലോകോത്തര താരങ്ങളോട് കിടപിടിക്കുന്ന ടീമാണ് അഫ്ഗാനെന്ന് വിദഗ്ധരും വിലയിരുത്തുന്നു.

ഗ്രൂപ്പ് റൗണ്ടിൽ ശ്രീലങ്കയെ 91 റൺസിന് തോൽപ്പിച്ചുകൊണ്ടായിരുന്നു അഫ്ഗാനിസ്ഥാന്റെ തുടക്കം. രണ്ടാം മത്സരത്തിൽ ബംഗ്ലാദേശിനെ കീഴടക്കിയത് 136 റൺസിന്. സൂപ്പർ ഫോറിൽ പക്ഷേ ആ വിജയക്കുതിപ്പ് നിലനിറുത്താനായില്ല. പാകിസ്ഥാനെതിരെയും ബംഗ്ലാദേശിനെതിരെയും അവസാന നിമിഷം വരെ പൊരുതി നിന്ന ശേഷം തോൽവി. 257 റൺസ് ചേസ്ചെയ്യാനിറങ്ങിയ പാകിസ്ഥാൻ മൂന്ന് പന്ത് ശേഷിക്കെയാണ് ജയിച്ചത്. ബംഗ്ലാദേശിനെതിരെ 249 റൺസ് ചേസ് ചെയ്യാനിറങ്ങി മൂന്ന് റൺസിന് തോറ്റു. ഈ രണ്ട് തോൽവികൾക്കും പ്രധാന കാരണം പരിചയക്കുറവ് തന്നെയായിരുന്നു.

ഇന്ത്യയ്ക്കെതിരായ ടൈ അഫ്ഗാനിസ്ഥാനെ സംബന്ധിച്ചിടത്തോളം വിജയത്തിന് തുല്യമാണ്. 252 റൺസ് ചേസ് ചെയ്യാനിറങ്ങിയ ഇന്ത്യ ആദ്യ വിക്കറ്റിൽ 100 കടന്നപ്പോൾ ഈസി വാക്കോവറാണ് പ്രതീക്ഷിച്ചത്. അവിടെ നിന്ന് ടൈ വരെ കാര്യങ്ങൾ എത്തിക്കുന്നതിൽ അഫ്ഗാൻ ബൗളർമാർ കാഴ്ചവച്ച ധീരത - അതിന് അമ്പയർമാരുടെ പിഴവുകൾ തുണയായെങ്കിലും - അഭിനന്ദനീയം തന്നെയാണ്. ഫോമിലുള്ള താരങ്ങൾ പലരുമില്ലായിരുന്നവെങ്കിലും ഇന്ത്യയുടെ ബെഞ്ച് സ്ട്രെംഗ്ത് അഫ്ഗാൻകാരെക്കാൾ കേമമായിരുന്നു. എന്നാൽ അവസാന നിമിഷം വരെ പ്രതീക്ഷ കൈവിടാതെ കളിച്ചതാണ് അവർക്ക് തുണയായത്.

ലോക ക്രിക്കറ്റിന്റെ താളുകളിലേക്ക് എഴുതിച്ചേർക്കേണ്ട നിരവധി താരങ്ങളാണ് അഫ്ഗാൻ ടീമിലുള്ളത്. ഏകദിന ക്രിക്കറ്റിൽ അതിവേഗത്തിൽ 100 വിക്കറ്റുകൾ തികച്ച ലെഗ് സ്പിന്നർ റാഷിദ്ഖാനാണ് സൂപ്പർ സ്റ്റാർ. ഐ.പി.എല്ലിലെമികച്ച പ്രകടനത്തോടെ റാഷിദിനെ ലോകം വാഴ്ത്താൻ തുടങ്ങിയിരുന്നു. മുജീബ് ഉർ റഹ്മാൻ, അഫ്താബ് ആലം, ഗുൽബാദിൻ നയ്ബ്, മുഹമ്മദ് നബി, മുഹമ്മദ് ഷെഹ്സാദ് എന്നിവരൊക്കെ ഈ ടീമിനെ ഇനിയും ഉയരങ്ങളിലേക്ക് നയിക്കാൻ ശേഷിയുള്ളവരാണ്.

ഈ ഏഷ്യാ കപ്പിൽ ആര് കിരീടം നേടിയാലും ശ്രദ്ധാ കേന്ദ്രമാകുക അഫ്ഗാനാണ്. യുദ്ധവും ആഭ്യന്തര കലാപങ്ങളും തകർത്ത രാജ്യത്തുനിന്ന് പരിശീലനത്തിനുപോലും മൈതാനങ്ങളില്ലാതെ ഇന്ത്യയിലേക്ക് വന്നവരാണ് അഫ്ഗാൻ ടീം. ഇന്ത്യയിലാണ് രണ്ടു വർഷത്തിലേറെയായി അഫ്ഗാന്റെ പരിശീലനം. അസോസിയേറ്റ് രാജ്യങ്ങൾക്കിടയിൽ ലഭിക്കുന്ന അവസരങ്ങളിൽ മികവ് കാട്ടി പല ലോകകപ്പുകളിൽ പങ്കെടുത്ത അഫ്ഗാന് കഴിഞ്ഞ ജൂണിൽ ടെസ്റ്റ് പദവിയും ലഭിച്ചു. ഇന്ത്യയാണ് ടെസ്റ്റിൽ ആദ്യ എതിരാളികളായത്. ഇന്ത്യയ്ക്ക് അതൊരു പരിശീലനമായിരുന്നെങ്കിൽ അഫ്ഗാന് അഭിമാന നിമിഷമായിരുന്നു.

### അമ്പയർ ചതിച്ചാശാനേ...

ഇന്ത്യയും അഫ്ഗാനിസ്ഥാനും തമ്മിലുള്ള മത്സരം സമനിലയിൽ കലാശിച്ചപ്പോൾ ഏറെ ചർച്ചയായത് അമ്പയർമാരായ ഗ്രിഗറി ബ്രാത്ത്‌വെയ്റ്റിന്റെയും അനീസ് ഉർ റഹ്മാന്റെയും പിഴവുകളാണ്. ചേസിംഗിനിറങ്ങിയ ഇന്ത്യയ്ക്ക് ധോണിയുടെയും ദിനേഷ് കാർത്തിക്കിന്റെയും വിക്കറ്റുകൾ നഷ്ടമായത് അമ്പയറുടെ തെറ്റായ എൽ.ബി തീരുമാനം വഴിയായിരുന്നു. എന്നാൽ മത്സരത്തിലെ ഏക റിവ്യൂവിനുള്ള അവസരം ലോകേഷ് രാഹുൽ താൻ എൽ.ബിയിൽ കുരുങ്ങിയപ്പോൾ നിഷ്ഫലമായി ഉപയോഗിക്കുകയും ചെയ്തിരുന്നു.

- *ടീം സ്കോർ 142/2ൽ നിൽക്കെ ജാവേദ് അഹ്മദിയുടെ പന്തിൽ ധോണിയെ ബംഗ്ലാദേശി അമ്പയർ അനീസ് ഉർ റഹ്മാൻ എൽ.ബി വിളിച്ചു.*
- *എന്നാൽ പന്ത് സ്റ്റംപിന് മുകളിലേക്കാണ് പോകുമായിരുന്നതെന്ന് ടിവി റിപ്ലേയിൽ വ്യക്തമായി.*
- *40-ാം ഓവറിൽ ദിനേഷ് കാർത്തിക്കിനെ മുഹമ്മദ് നബിയുടെ പന്തിൽ എൽ.ബി വിളിച്ചത് ഗ്രിഗറി ബ്രാത്ത്‌വെയ്റ്റായിരുന്നു.*
- *ലെഗ് സ്റ്റംപിൽ നിന്ന് രണ്ടടിയോളം പുറത്തേക്കായിരുന്നു പന്തിന്റെ ദിശയെന്ന് റീപ്ലേയിൽ വ്യക്തമായിരുന്നു.*

*അമ്പയർമാരുടെ പിഴവുകളെക്കുറിച്ച് എന്തെങ്കിലും പറഞ്ഞ് പിഴ ശിക്ഷ ഏറ്റുവാങ്ങാൻ ഞാനില്ല.*
- ധോണി




## ഇന്ത്യ Vs ബംഗ്ലാദേശ് ഫൈനൽ നാളെ

അബുദാബി: ഏഷ്യാകപ്പിലെ നിർണായക സൂപ്പർ ഫോർ മത്സരത്തിൽ പാകിസ്ഥാനെ 37 റൺസിന് തോൽപ്പിച്ച് ബംഗ്ലാദേശ് ഫൈനലിൽ കടന്നു. ഇന്നലെ ടോസ് നേടി ബാറ്റിംഗിനിറങ്ങിയ ബംഗ്ലാദേശ് 48.5 ഓവറിൽ 239 റൺസെടുത്ത് ആൾഔട്ടായി. എന്നാൽ മറുപടിക്കിറങ്ങിയ പാകിസ്ഥാന് 50 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 202 റൺസെടുക്കാനെ കഴിഞ്ഞുള്ളൂ. നാളെ നടക്കുന്ന ഫൈനലിൽ ബംഗ്ലാദേശ് ഇന്ത്യയെ നേരിടും.

ആദ്യ അഞ്ചോവറിനുള്ളിൽ 12/3 എന്ന നിലയിൽ പതറിയ ബംഗ്ലാദേശിനെ മാന്യമായ സ്കോറിലേക്ക് നയിച്ചത് മുഷ്ഫിഖ്ഉർ റഹിമിന്റെയും (99), മുഹമ്മദ് മിഥുന്റെയും (60) അർദ്ധ സെഞ്ച്വറികളാണ്. മൂന്നാം ഓവറിൽ ഓപ്പണർ സൗമ്യ സർക്കാരിനെ ഭഖർ സമാന്റെ കൈയിലെത്തിച്ച് ജുനൈദ് ഖാനാണ് പാകിസ്ഥാന് ആദ്യ ബ്രേക്ക് നൽകിയത്. അടുത്ത ഓവറിൽ മോമിനുൽ ഹഖിനെ (5) ഷഹീൻഷാ അഫ്രീദി ക്ലീൻ ബൗൾഡാക്കി. അഞ്ചാം ഓവറിൽ ജുനൈദ്ഖാൻ ലിട്ടൺ ദാസിന്റെയും (6) കുറ്റിതെറുപ്പിച്ചു. ഇതോടെയാണ് ബംഗ്ലാദേശ് 12/3 എന്ന നിലയിലായത്.

തുടർന്ന് ക്രീസിലൊരുമിച്ച മുഷ്ഫിഖുറും മിഥുനും ചേർന്ന് 29 ഓവറോളം ക്രീസിൽ നിന്നത് കളിയുടെ ഗതി മാറ്റിക്കുറിച്ചു. ആദ്യഘട്ടത്തിലെ കടിഞ്ഞാൺ കൈവിട്ട പാക് ബൗളർമാർ പിന്നീട് റൺ വഴങ്ങാൻ തുടങ്ങി. 15-ാം ഓവറിൽ 50 കടന്നിരുന്ന ബംഗ്ലാദേശ് 25-ാം ഓവറിൽ 100ലെത്തി. 34-ാം ഓവറിൽ ടീം സ്കോർ 156ൽ നിൽക്കവെയാണ് 144 റൺസ് കൂട്ടിച്ചേർത്ത സഖ്യം പിരിയുന്നത്. 84 പന്തുകളിൽ നാല് ബൗണ്ടറികളടക്കം 60 റൺസടിച്ച മുഹമ്മദ് മിഥുനെ ഹസൻ അലി സ്വന്തം ബൗളിംഗിൽ പിടികൂടുകയായിരുന്നു. തുടർന്ന് ഇംറുൽ കൈസ് (9) ഷദാബ്ഖാന്റെ പന്തിൽ വിക്കറ്റിനുമുന്നിൽ കുരുങ്ങി മടങ്ങി.

42-ാം ഓവറിലാണ് സെഞ്ച്വറിക്ക് ഒരു റൺസ് മാത്രമകലെ മുഷ്ഫിഖുറിന് നിർഭാഗ്യവാനായി മടങ്ങേണ്ടി വന്നത്. ഷഹീൻ ഷായുടെ പന്തിൽ സർഫ്രാസ് ക്യാച്ചെടുത്ത് മുഷ്ഫിഖുറിനെ പുറത്താക്കുകയായിരുന്നു. 116 പന്തുകൾ നേരിട്ട ബംഗ്ലാ വിക്കറ്റ് കീപ്പർ ബാറ്റ്സ്മാൻ ഒൻപത് ബൗണ്ടറികൾ പറത്തിയിരുന്നു. തുടർന്ന് ബാറ്റിംഗിനിറങ്ങിയ പാകിസ്ഥാനെ നാല് വിക്കറ്റ് വീഴ്ത്തിയ ബംഗ്ലാ പേസർ മുസ്തഫിസുർ റഹ്മാനാണ് പ്രതിസന്ധിയിൽ ആക്കിയത്. മെഹന്ദി ഹസൻ രണ്ട് വിക്കറ്റ് വീഴ്ത്തി. 83 റൺസെടുത്ത ഇമാം ഉൾ ഹഖിന് മാത്രമാണ് പാക് ബാറ്റിംഗ് നിരയിൽ പിടിച്ചുനിൽക്കാനായത്.

# യോഗയുടെ തലസ്ഥാനം

- ഏഷ്യൻ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം
- കേരളം ഏഷ്യൻ യോഗയ്ക്ക് വേദിയാകുന്നത് ഇതാദ്യം
- 12 രാജ്യങ്ങളിൽ നിന്നായി 150 ഓളം താരങ്ങൾ
- ഇന്ത്യയെ പ്രതിനിധീകരിച്ച് 111 അംഗ ടീം





തിരുവനന്തപുരം : ഇനിയുള്ള നാലു ദിനങ്ങൾ തലസ്ഥാന നഗരി യോഗാകേന്ദ്രമായി മാറും. സംസ്ഥാനത്തേക്ക് ആദ്യമായി വിരുന്നിനെത്തുന്ന ഏഷ്യൻ യോഗ ചാമ്പ്യൻഷിപ്പിന് ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ന് തുടക്കമാവുകയാണ്. ഉച്ചയ്ക്ക് 12 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്യും.

ഇന്ത്യ ഉൾപ്പെടെ 12 രാജ്യങ്ങളിൽനിന്നായി 150 ഓളം മത്സരാർത്ഥികൾ പങ്കെടുക്കും. ഉദ്ഘാടനച്ചടങ്ങിൽ കായികമന്ത്രി ഇ.പി.ജയരാജൻ അദ്ധ്യക്ഷനാകും. സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ മുഖ്യാതിഥിയാകും. 30ന് സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനവും സമ്മാനദാനവും ഗവർണർ ജസ്റ്റിസ് പി. സദാശിവം നിർവഹിക്കും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷനാകും. മന്ത്രി എ സി മൊയ്തീൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല തുടങ്ങിയവർ പങ്കെടുക്കും.

യോഗ ഫെഡറേഷൻ ഓഫ് ഇന്ത്യ, യോഗ അസോസിയേഷൻ ഓഫ് കേരള എന്നിവയുമായി സഹകരിച്ചാണ് ചാമ്പ്യൻഷിപ്പ് നടത്തുന്നത്. ഇന്ത്യ രണ്ടാംതവണയാണ് ചാമ്പ്യൻഷിപ്പിന് വേദിയാകുന്നത്. ഹൈദരാബാദായിരുന്നു ആദ്യവേദി. ചൈന, ദക്ഷിണ കൊറിയ, സിംഗപ്പൂർ, ദുബായ്, സൗദി അറേബ്യ, തായലാന്റ്, മലേഷ്യ, ശ്രീലങ്ക, വിയതാം, ഇറാൻ, ഹോങ്കോംഗ്, തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള മത്സരാർത്ഥികളാണ് പങ്കെടുക്കുന്നത്.

111 പേർ അടങ്ങുന്ന ഇന്ത്യൻ ടീം പരിശീലനം ആരംഭിച്ചുകഴിഞ്ഞു. ഒമ്പതുപേർ അടങ്ങുന്ന ഇറാൻ സംഘമാണ് ആദ്യമെത്തിയ വിദേശ ടീം. ഹോങ്കോങ്, വിയതാം എന്നീ ടീമുകളും ചൊവ്വാഴ്ച എത്തി.

സബ് ജൂനിയർ, ജൂനിയർ, ജൂനിയർ ഗ്രൂപ്പ്, സീനിയർ ഗ്രൂപ്പ് (എ), സീനിയർ ഗ്രൂപ്പ് (ബി), സീനിയർ ഗ്രൂപ്പ് (സി), സീനിയർ ഗ്രൂപ്പ് (ഡി) എന്നീ വിഭാഗങ്ങളിലാണ് മത്സരം.



*ഏഷ്യൻ യോഗ ചാമ്പ്യൻഷിപ്പിന് മുന്നോടിയായി പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന താരങ്ങൾ*
ഫോട്ടോ: മനു മംഗലശ്ശേരി




*കേരള ബ്ലാസ്റ്റേഴ്സിന്റെ ജഴ്സി പ്രകാശനം എറണാകുളം ബൊൾഗാട്ടി ഗ്രാൻഡ് ഹയാത്തിൽ നടന്ന ചടങ്ങിൽ ക്ലബിന്റെ ഗുഡ്‌വിൽ അംബാസഡറായ നടൻ മോഹൻലാൽ ബ്ലാസ്റ്റേഴ്സ് കോച്ച് ഡേവിഡ് ജെയിംസിന് നൽകി നിർവഹിക്കുന്നു* ഫോട്ടോ: എൻ.ആർ.സുധർമ്മദാസ്



## ശ്രീജേഷിന് പകരം മൻപ്രീത് ഇന്ത്യൻ ക്യാപ്ടൻ

ന്യൂഡൽഹി : അടുത്തമാസം മസ്കറ്റിൽ നടക്കുന്ന ഏഷ്യൻ ചാമ്പ്യൻസ് ട്രോഫിക്കുള്ള ഇന്ത്യൻ ഹോക്കി ടീമിനെ മിഡ്ഫീൽഡർ മൻപ്രീത്സിംഗ് നയിക്കും. മലയാളി ഗോൾ കീപ്പർ വി.ആർ. ശ്രീജേഷിൽ നിന്നാണ് മൻപ്രീതിലേക്ക് ക്യാപ്ടൻസി എത്തുന്നത്. ശ്രീജേഷിനെ ടീമിൽ നിലനിറുത്തിയിട്ടുണ്ട്. യുവ ഗോൾ കീപ്പർ കൃഷ്ണൻ ബഹാദൂർ പഥകിനെയും ടീമിലെടുത്തിട്ടുണ്ട്. മിഡ്ഫീൽഡർ ചിംഗ്ലെൻ സനസിംഗാണ് വൈസ് ക്യാപ്ടൻ ഡിഫൻഡർ ഹാർദിക് സിംഗാണ് ടീമിലെ പുതുമുഖം.

## മോഹൻലാൽ ഗുഡ്‌വിൽ അംബാസഡർ

കൊച്ചി: ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെൻഡുൽക്കർ കേരള ബ്ലാസ്റ്റേഴ്സിൽ നിന്ന് പിൻവാങ്ങിയെങ്കിലും ആരാധകർക്ക് ആവേശമായി നടൻ മോഹൻലാൽ ക്ലബിന്റെ ഗുഡ്‌വിൽ അംബാസഡർ ആകും. ഇന്നലെ കൊച്ചിയിൽ നടന്ന ടീമിന്റെ പുതിയ ജഴ്സി പ്രകാശന ചടങ്ങിലാണ് ഇതുസംബന്ധിച്ച പ്രഖ്യാപനം ഉണ്ടായത്.

## ചെസ് ഒളിമ്പ്യാഡ് : ഇന്ത്യയ്ക്ക് ജയം

ബാതുമി : ജോർജിയയിൽ നടക്കുന്ന ചെസ് ഒളിമ്പ്യാഡിൽ ഇന്ത്യൻ പുരുഷ ടീമിന് രണ്ടാം മത്സരത്തിലും വിജയം. ഇന്നലെ ആസ്ട്രിയയെ 3.5-0.5 നാണ് ഇന്ത്യ കീഴടക്കിയത്. ഇന്ത്യയ്ക്കുവേണ്ടി 12 വർഷത്തിനുശേഷം വിശ്വനാഥൻ ആനന്ദ് ചെസ് ഒളിമ്പ്യാഡിൽ കളിക്കാനിറങ്ങി വിജയം നേടി.

## സൈന പ്രീക്വാർട്ടറിൽ

സോൾ : ഇന്ത്യയിൽ തന്റെ വിവാഹ വാർത്തകൾ പുറത്തുവന്നതിനിടെ കൊറിയയിൽ വിജയം നേടി സൈന നെഹ്‌വാൾ. കൊറിയൻ ഓപ്പണിൽ ഇന്നലെ നടന്ന മത്സരത്തിൽ കിംഹ്യോമിന്നിനെ 21-12, 21-11 ന് കീഴടക്കി പ്രീക്വാർട്ടറിലെത്തുകയായിരുന്നു സൈന. പ്രീക്വാർട്ടറിൽ കിം ഗായുനാണ് സൈനയുടെ എതിരാളി.

## ബഥനി അക്കാഡമിക്ക് കിരീടം

തിരുവനന്തപുരം : 14-ാമത് എ.എസ്.ഐ ഐ.എസ്.ഇ കേരള റീജിയണൽ ബാസ്കറ്റ് ബാൾ ചാമ്പ്യൻഷിപ്പിൽ സീനിയർ വിഭാഗത്തിൽ വെണ്ണിക്കുളം ബഥനി അക്കാഡമിയും ജൂനിയർ വിഭാഗത്തിൽ കുറിയന്നൂർ ഗുഡ്ഷെഫേർഡും ചാമ്പ്യന്മാരായി.



### ■ നാഷണൽ ഓപ്പൺ അത്‌ലറ്റിക്സ്

# ചിത്രത്തിളക്കത്തിൽ റെയിൽവേ കുതിപ്പ്

ഭുവനേശ്വർ : കലിംഗ സ്റ്റേഡിയത്തിൽ ദേശീയ ഓപ്പൺ അത്‌ലറ്റിക്സ് ചാമ്പ്യൻ ഷിപ്പിന്റെ രണ്ടാം ദിനം വനിതകളുടെ 1500 മീറ്ററിൽ സ്വർണം നേടി മലയാളി താരം പി.യു. ചിത്ര. റെയിൽവേസിനുവേണ്ടി മത്സരിക്കാനിറങ്ങിയ ചിത്ര 4 മിനിട്ട് 24.35 സെക്കൻഡിലാണ് ഒന്നാമതായി ഫിനിഷ് ചെയ്തത്.

കഴിഞ്ഞ വർഷം ഇതേ വേദിയിൽ നടന്ന ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ സ്വർണം നേടിയിരുന്നതും ചിത്രയാണ്. ജക്കാർത്തയിൽ കഴിഞ്ഞമാസം നടന്ന ഏഷ്യൻ ഗെയിംസിൽ ചിത്ര വെങ്കലം നേടിയിരുന്നു.

ഇന്നലെ റെയിൽവേസിന്റെ ശില്പ് സർക്കാരും ബിഹാറിന്റെ സുഗന്ധകുമാരിയും ചിത്രയ്ക്ക് പിന്നിൽ രണ്ടും മൂന്നും സ്ഥാനങ്ങളിൽ ഫിനിഷ് ചെയ്തപ്പോൾ കേരളത്തിന്റെ സി. ബബിത നാലാമതായി.

പുരുഷന്മാരുടെ 1500 മീറ്ററിൽ റെയിൽവേസ് മൂന്ന് മെഡലുകളും സ്വന്തമാക്കി. 3 മിനിട്ട് 46.49 സെക്കൻഡിൽ ഫിനിഷ് ചെയ്ത് അജയ് കുമാർ സരോജ് സ്വർണം നേടിയപ്പോൾ വിശ്വംബർ കോലേക്കർ വെള്ളിയും മലയാളിയായ സജീഷ് ജോസഫ് വെങ്കലവും നേടി.

വനിതകളുടെ 100 മീറ്ററിൽ 11.47 സെക്കൻഡിൽ ഫിനിഷ് ചെയ്ത് തമിഴ്നാടിന്റെ സി. ചന്ദ്രലേഖ മീറ്റിലെ വേഗതയേറിയ താരമായി. തമിഴ്നാടിന്റെ അർച്ചന വെള്ളിയും കർണാടകയുടെ മലയാളി താരം റീനാ ജോർജ് വെങ്കലവും നേടി. പുരുഷ 100 മീറ്ററിൽ സർവീസസിന്റെ സഞ്ജീവ് കുമാറിനാണ് സ്വർണം. സമയം 10.39 സെക്കൻഡ്. വനിതകളുടെ 400 മീറ്ററിൽ അഞ്ജലി ദേവി മീറ്റ് റെക്കാഡോടെ സ്വർണം നേടി. 51.79 സെക്കൻഡിൽ ഫിനിഷ് ചെയ്ത ഹരിയാന താരം 2002 ൽ ബീനമോൾ കുറിച്ച 51.90 സെക്കൻഡിന്റെ റെക്കാഡാണ് തകർത്തത്.

വനിതകളുടെ 100 മീറ്റർ ഹർഡിൽസിൽ തമിഴ്നാടിന്റെ കനിമൊഴി സ്വർണം നേടിയപ്പോൾ ഒപ്പം മത്സരിക്കാൻ അവസരം നൽകിയ ജാപ്പനീസ് താരം ഹിതോമി ഷിമുറ വെള്ളി നേടി.

വനിതകളുടെ ലോംഗ് ജമ്പിൽ ഏഷ്യൻ ഗെയിംസിലെ വെള്ളി മെഡൽ ജേതാവ് വി.വി. നീന സ്വർണം നേടി. 6.37 മീറ്ററാണ് റെയിൽവേസിനായി മത്സരിച്ച നീന ചാടിയത്.

മീറ്റ് രണ്ട് ദിനം പിന്നിട്ടപ്പോൾ 135 പോയിന്റുമായി റെയിൽവേയ്സാണ് മുന്നിൽ. 81 പോയിന്റുള്ള സർവീസസാണ് രണ്ടാം സ്ഥാനത്ത്.



**രാമചന്ദ്രപ്പണിക്കർ**

നെട്ടയം: ആശ്രാമം റോഡ് സന്ധ്യയിൽ എൻ.രാമചന്ദ്ര പ്പണിക്കർ (79-റിട്ട. അഡിഷണൽ സെക്രട്ടറി) നിര്യാതനായി. ഭാര്യ: പരേതയായ സൗധാദേവി. മക്കൾ: ആർ.എസ്. സിന്ധു (സെന്റ് ഷാന്താൾസ്‌കൂൾ), ആർ.എസ്.സുധീർ, ഡോ. ആർ. എസ്. സന്ധ്യ (പ്രൊഫസർ, എം. ജി. യൂണിവേഴ്സിറ്റി). മരുമക്കൾ: ബി. അനിൽകുമാർ (സീനിയർ മാനേജർ ഫെഡറൽ ബാങ്ക്, നെയ്യാറ്റിൻകര), കെ.എസ്. ആശ, ബി. വിനോദ്ചന്ദ്ര (സൂപ്രണ്ട്, മുൻസിപ്പൽ ഓഫീസ് പുനലൂർ). സഞ്ചയനം 30ന് രാവിലെ 8.30ന്.



**വിശാലാക്ഷിയമ്മ**

വെങ്ങാനൂർ: വയൽക്കോണത്ത് മേലേവീട്ടിൽ പരേതനായ ശിവശങ്കരൻനായരുടെ ഭാര്യ വിശാലാക്ഷിയമ്മ (85) നിര്യാതയായി. മക്കൾ: പത്മജകുമാരി, ഗീത, കുമാരൻനായർ. മരുമക്കൾ: കെ ശശികുമാരൻനായർ, കെ ശശികുമാർ, ശ്രീകല. മരണാനന്തരചടങ്ങ് ഞായറാഴ്ച രാവിലെ എട്ടിന്. 9349083889



**രാധമ്മ**

നേമം: ശാന്തിവിള, കുളക്കടിയൂർക്കോണം തങ്കമംഗലത്ത് വീട്ടിൽ. രാധമ്മ (59) നിര്യാതയായി. ഭർത്താവ്: കമലാസന കുറുപ്പ്. മക്കൾ: സന്തോഷ് കുമാർ, സംഗീത. മരുമക്കൾ: നീതുകൃഷ്ണ, അരുൺകുമാർ. സഞ്ചയനം 30 ന് രാവിലെ 8.30ന്.



**ബി. ബായി**

വിഴിഞ്ഞം: കരയടിവിളയിൽ ബി. ബായി (82) നിര്യാതയായി. ഭർത്താവ് പരേതനായ മനോഹരൻ. മക്കൾ: ശ്യാമള, ഉഷ, ഗീത, ലത, രാജൻ, കല. മരുമക്കൾ: സുധാകരൻ, ശശി, സുധീശൻ, മാലിനി, വേണു.



**സരോജിനിഅമ്മ**

ഓയൂർ: പകൽക്കുറി ആനകുന്നം കുറിച്ചിയിൽ ശങ്കരമംഗലം വീട്ടിൽ പരേതനായ സോമൻപിള്ളയുടെ ഭാര്യ സരോജിനി അമ്മ (70) നിര്യാതയായി. മക്കൾ; ലത (അദ്ധ്യാപിക, പകൽക്കുറി എച്ച്.എസ്.എസ്), ഉഷ (പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്, ഞാറക്കൽ, എറണാകുളം), സഞ്ജീവ് (ആർ. ടി.ഒ ഓഫീസ് പി.ആർ.ഒ, ചങ്ങനാശ്ശേരി), മരുമക്കൾ: പരേതനായ പി.ജെ. രാധാകൃഷ്ണൻ, ശ്രീകുമാർ (പൊലീസ് തിരുവനന്തപുരം).



**തങ്കമ്മ**

ചാന്നാങ്കര: കണ്ടവിള ഇടയ്ക്കാട്ടിൽ വീട്ടിൽ പരേതനായ തങ്കപ്പന്റെ ഭാര്യ തങ്കമ്മ (75) നിര്യാതയായി. മക്കൾ: സുജാത, തങ്കമണി, ബാബു, പരേതനായ തുളസി. മരുമക്കൾ: രാജു, രാജേന്ദ്രൻ, മഞ്ജു. സഞ്ചയനം തിങ്കളാഴ്ച രാവിലെ 9ന്.



**എം. സുമാദേവി**

ശ്രീകാര്യം: പാലാ വലവൂർ നരമംഗലം ഇല്ലത്ത് പരേതനായ ഡോ. കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യ (തിരുവല്ല തുകലശ്ശേരി മുളവന ഇല്ലം) എം. സുമാദേവി (69) നിര്യാതയായി. മക്കൾ: അനിത നാരായണൻ, അഞ്ജു നമ്പൂതിരി. സംസ്കാരം വ്യാഴാഴ്ച രാവിലെ 9 ന് കരമന ബ്രാഹ്മണ സമാജം ശ്മശാനത്തിൽ.



**കോമളാകുമാർ**

ശ്രീകാര്യം: ചെറുവയ്ക്കൽ ചെറുവട്ടിക്കോണം ദേവീ ദർശനിൽ പരേതനായ വി.എച്ച്. കുമാറിന്റെ ഭാര്യ കോമളാകുമാർ (75) നിര്യാതയായി. മക്കൾ: സുനിൽ, സുജിത്ത്. മരുമക്കൾ: സ്മിത, ധന്യ. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്



**സി.പദ്മകുമാരി**

ആറ്റിങ്ങൽ: അവനവഞ്ചേരി ഗ്രാമത്തുംമുക്ക് അർച്ചനഅഭിനിവാസിൽ പരേതനായ മോഹനന്റെ ഭാര്യ സി.പദ്മകുമാരി (65) നിര്യാതയായി.



**വാസന്തി**

നെയ്യാറ്റിൻകര: പാലക്കടവ് സാബുനിവാസിൽ പരേതനായ പി. റോബി (റിട്ട. അണ്ടർ സെക്രട്ടറി) ന്റെ ഭാര്യ ജി. വാസന്തി (റിട്ട. ഹെഡ്മിസ്ട്രസ് എം.ടി.എച്ച്.എസ് ഊരൂട്ടുകാല) നിര്യാതയായി. മക്കൾ: സനൽകുമാർ (ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ്), സാബുകുമാർ (മരിയ എൻജിനിറിംഗ് കോളേജ്), മിനി. മരുമക്കൾ: ഡോ. ഷീജ, രാജ് (തെങ്ങ് ഗവേഷണ കേന്ദ്രം), പോൾ വർണൻ. സഞ്ചയനം: ഞായറാഴ്ച രാവിലെ 9.30ന്.



**മോഹനൻനായർ**

മാറനല്ലൂർ: ഊരൂട്ടമ്പലം പിരിയാകോട് ഇന്ദിരഭവനിൽ ബി. മോഹനൻനായർ (58) നിര്യാതനായി. ഭാര്യ ഇന്ദിരാദേവി. മക്കൾ: ഗീതുമോഹൻ, നീതുമോഹൻ. സഞ്ചയനം തിങ്കളാഴ്ച രാവിലെ 9ന്.



**സരോജിനി അമ്മ**

വട്ടപ്പാറ: പ്രശാന്ത് നഗർ കൈക്കത്താംപൊയ്ക വീട്ടിൽ പരേതനായ രാഘവൻപിള്ളയുടെ ഭാര്യ സരോജിനിഅമ്മ (88) നിര്യാതയായി. മക്കൾ: പരേതനായ ശശിധരൻപിള്ള, രവീന്ദ്രൻപിള്ള, പരേതയായ തങ്കകുമാരി, വിജയകുമാർ, രമാവതി. മരുമക്കൾ: പ്രസന്നകുമാരി, കനകമ്മ, അയ്യപ്പൻ, ഉഷാകുമാരി, ചന്ദ്രബാബു. സഞ്ചയനം: ഞായറാഴ്ച രാവിലെ 8.30ന്.

**നാരായണപിള്ള**

ആലപ്പുഴ: പറവൂർ ചാച്ചിവീട്ടുവെളിയിൽ നാരായണപിള്ള (65) നിര്യാതനായി. സംസ്കാരം നടത്തി. ഭാര്യ: കൃഷ്ണകുമാരി, മക്കൾ: നന്ദകുമാർ, നീതു.



**ബി.സത്യഭാമ**

ബാലരാമപുരം: തലയൽ വേലിക്കോട്ടുകോണം ചിറത്തലവിള വീട്ടിൽ പരേതനായ രാമചന്ദ്രൻ നായരുടെ ഭാര്യ ബി. സത്യഭാമ (70) നിര്യാതയായി. മക്കൾ: ആർ.എസ്. രാജേഷ് (ആയിരവല്ലി ജ്വലേഴ്സ്) ആർ.എസ്. സതീഷ് (ബഹറിൻ). മരുമക്കൾ: എൽ. സുചിത്രാദേവി, എസ്. ബിന്ദു. സഞ്ചയനം: ഞായറാഴ്ച രാവിലെ 8 ന്. ഫോൺ: 9847506203.



**സുലേഖദേവി**

പാച്ചല്ലൂർ: വല്യവിളാകത്തു വീട്ടിൽ കെ. രവീന്ദ്രന്റെ ഭാര്യ സുലേഖ ദേവി.റ്റി (65) നിര്യാതയായി. മകൻ അഭിലാഷ് ആർ. എസ്. മരുമകൾ ആര്യാ അഭിലാഷ്. സഞ്ചയനം ഞായറാഴ്ച രാവിലെ 8 മണിക്ക്.



**ആനന്ദവല്ലി അമ്മ**

ആറ്റിങ്ങൽ: കവലയൂർ കുളമുട്ടം ആനന്ദവിലാസത്തു വീട്ടിൽ വാസുദേവൻ പിള്ളയുടെ ഭാര്യ ആനന്ദവല്ലി അമ്മ (95) നിര്യാതയായി. മക്കൾ: വിമലാദേവി അമ്മ, ശ്രീകണ്ഠൻ നായർ, ശ്രീനിവാസൻ പിള്ള, സുധാമണി അമ്മ, മോഹനൻ നായർ (ദ്വാരക ആഡിറ്റോറിയം), കുമാർ.എസ്. പിള്ള, പരേതയായ ലതാഭായി അമ്മ. മരുമക്കൾ: കുട്ടപ്പൻ നായർ, സുമംഗലാദേവി, രമാദേവി, ഭാസ്കര പിള്ള, ശ്രീനിവാസൻ നായർ, ഷീലാ മോഹൻ, ശൈലശ്രീ പിള്ള. സംസ്കാരം വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.30ന്.



**103-ാം വയസിൽ**

നെടുമങ്ങാട്: ആനാട് എസ്.കെ.വി നിവാസിൽ പരേതനായ ആണ്ടിപിള്ളയുടെ ഭാര്യ വേലമ്മ (103) നിര്യാതയായി. മക്കൾ: കൃഷ്ണകുമാരി, സ്വാമിനാഥപിള്ള (റിട്ട. വാട്ടർ അതോറിട്ടി), വിജയകുമാരി, വിമലകുമാരി. മരുമക്കൾ: ഇന്ദിര, കൃഷ്ണപിള്ള, പരേതരായ സുബയ്യാപിള്ള, കോലപ്പപിള്ള.



**സാറാ ബീവി**

തിരുവനന്തപുരം: മണക്കാട് എം.കെ. വിളാകത്ത് പരേതനായ പി. മുഹമ്മദ് സാലിയുടെ (കുലക്കട) മകളും നെന്മാറ പേഴുംപാറ മൗലവി മൻസിൽ കെ. അബ്ദുൾ ഗഫൂറിന്റെ (റിട്ട: അറബിക് ടീച്ചർ) ഭാര്യയുമായ സാറാ ബീവി (64) നിര്യാതയായി, മക്കൾ: സുഫൈറ, സവാദ്, ഷിബില, സെബു. മരുമക്കൾ: പരേതനായ താഹ, മുഹമ്മദ് റാഫി, റഫീഖ്, സാറാഉമ്മ.

**വാസുദേവൻ**

ഹരിപ്പാട്: എരിക്കാവ് വാലേൽ കടവ് മൂലയിൽ കിഴക്കതിൽ വാസുദേവൻ (74) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 10.30ന്. ഭാര്യ: ചെല്ലമ്മ. മക്കൾ: വിജയൻ, വിനോദ്. മരുമക്കൾ: സുമ, രജനി. സഞ്ചയനം ഒക്ടോബർ 1ന് രാവിലെ 9ന്.



**സുകുമാരൻ നായർ**

വട്ടിയൂർക്കാവ്: കരിമൺകുളം ഗുരുജി നഗറിൽ ജി.ആർ.എ സി 287 ൽ പേയ് വിളാകത്ത് അശ്വതി ഭവനിൽ കെ. സുകുമാരൻ നായർ (90) നിര്യാതനായി. ഭാര്യ: പരേതയായ രാധമ്മ. മക്കൾ: തുളസീധരൻ നായർ, ശാന്തകുമാരി, ലതികാകുമാരി, ഗീതാകുമാരി. മരുമക്കൾ: ഓമന, പരേതനായ രവീന്ദ്രൻനായർ, സുരേന്ദ്രൻ നായർ, ശ്രീകുമാരൻ നായർ. സഞ്ചയനം: 30ന് രാവിലെ 8.30ന്.



**അനിൽകുമാർ**

നെടുമങ്ങാട്: മണിമംഗലം, ഇരിയനാട്, പനവൂർ ആർ. അനിൽകുമാർ (48) നിര്യാതനായി. ഭാര്യ: ഷീജ. അച്ഛൻ: രാജപ്പൻപിള്ള. അമ്മ: തുളസി. മക്കൾ: അജിത്ത് കൃഷ്ണ, അജയ് കൃഷ്ണ. മരണാനന്തര ചടങ്ങ് 7ന് രാവിലെ 10ന്. ഫോൺ: 9895266540.



**സതീഷ് ചന്ദ്രൻ**

തിരുവനന്തപുരം: മരുതുംകുഴി ഫോറസ്റ്റ് ലെയ്ൻ ശ്രീയിൽ റിട്ട. വ്യവസായ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സതീഷ് ചന്ദ്രൻ (59) നിര്യാതനായി. ഭാര്യ: ശ്രീലത. മക്കൾ: അൻജു, അർജ്ജുൻ. മരുമക്കൾ: മനോജ്, കാർത്തിക. ഫോൺ: 9847330303.



**ആറുമുഖംപിള്ള**

ചാല: മരക്കട റോഡിൽ ബി.എൻ.ആർ.എ -3 കൃഷ്ണവിലാസത്തിൽ എം. ആറുമുഖംപിള്ള (71) നിര്യാതനായി. ഭാര്യ അഴകമ്മ. മകൻ ആനന്ദ്. ഫോൺ: 9387598136.



**ശ്രീകുമാരൻ**

വട്ടിയൂർക്കാവ്: കാവല്ലൂർ വഴതോട്ടുകോണം കൊല്ലംവിളാകത്ത് വീട്ടിൽ ശ്രീകുമാരൻ (52) നിര്യാതനായി. ഭാര്യ: സുധാകുമാരി. മക്കൾ: ശ്രീജിത്ത്, ശ്രീലക്ഷ്മി. സഞ്ചയനം: തിങ്കളാഴ്ച രാവിലെ 9ന്. ഫോൺ: 9656908747.

**കമലമ്മ**

കരുനാഗപ്പള്ളി: പട. വടക്ക് കമലാലയത്തിൽ പരേതനായ രാമകൃഷ്ണപിള്ളയുടെ ഭാര്യ കമലമ്മ (85) നിര്യാതയായി. മക്കൾ: ലീലമ്മ, രാധ, ശാന്ത, മുരളീധരൻപിള്ള, രവീന്ദ്രൻപിള്ള. മരുമക്കൾ: ഗോപാലകൃഷ്ണപിള്ള, സുരേഷ്കുമാർ, അനിതകുമാരി.



**അപ്പുരാജ്**

മുട്ടട: കാട്ടിൽ വീട്ടിൽ അപ്പുരാജ് (80) നിര്യാതനായി. ഭാര്യ വൈഷ്ണകുമാരി. മക്കൾ: സാജുരാജ്, ബിജുരാജ്, ബൈജുരാജ്. മരുമക്കൾ: ധന്യ, ജയപ്രഭ, സംഗീത. സംസ്കാരം ബുധനാഴ്ച രാവിലെ 9.30 ന് മുട്ടത്തറ ശ്മശാനത്തിൽ.



**വി.രാമചന്ദ്രൻ**

നെടുമങ്ങാട്: വേങ്കവിള ശ്രീനാദത്തിൽ നെടുമങ്ങാട് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് റിട്ട. ഹെഡ്ക്ലർക്ക് വി.രാമചന്ദ്രൻ (68) നിര്യാതനായി. ഭാര്യ: വിശ്വേശ്വരി (ചന്ദ്രിക). മക്കൾ: രാകേഷ്, രഞ്ജിത്. മരുമക്കൾ: എ. കാർത്തിക, യു. എം. ശ്രുതി. മരണാനന്തരചടങ്ങ് ഒക്ടോബർ 7ന് രാവിലെ 10ന്.



**ഗോപാലകൃഷ്ണപിള്ള**

കല്ലറ: കാട്ടുംപുറം നെല്ലിടപാറ ബംഗ്ലാവ് പുത്തൻവീട്ടിൽ എൻ. ഗോപാലകൃഷ്ണപിള്ള (76) നിര്യാതനായി. ഭാര്യ: ചന്ദ്രികഅമ്മ. മക്കൾ: മനോജ്, ബിനോജ്. മരുമകൾ: ആശാ മനോജ്. സഞ്ചയനം: ഞായറാഴ്ച രാവിലെ 9 ന്. ഫോൺ: 9847146471.



**ചന്ദ്രശേഖരൻ**

വട്ടപ്പാറ: അമ്പലനഗർ ജി.സി ഭവനിൽ ജി. ചന്ദ്രശേഖരൻ (78) നിര്യാതനായി. ഭാര്യ സരസ്വതി. മക്കൾ: സിജി, പരേതനായ സന്തോഷ്കുമാർ. മരുമകൻ: സജി. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ 9ന്.



**അബ്ദുൽ റഹിം**

താളിക്കുഴി: നെടുംകുഴി കിഴക്കതിൽ പുത്തൻവീട്ടിൽ അബ്ദുൽറഹിം (89) നിര്യാതനായി. ഭാര്യ: ബീവി ഫാത്തിമ. മക്കൾ: ജമീല ബീവി, റഷീദാബീവി, അബ്ദുൽ ഹക്കീം (കൊച്ചിൻ പോർട്ട്), ബഷീറ. മരുമക്കൾ: ബഷീർ, മുഹമ്മദ് യൂസുഫ്, നസിയ, നജ്മ.

**രാമചന്ദ്രൻ**

അമ്പലത്തുംഭാഗം: അമ്പലത്തുംഭാഗം തെക്ക് മീനത്തേതിൽ രാമചന്ദ്രൻ (66, ജോർജ്) നിര്യാതനായി. ഭാര്യ: പരേതയായ തങ്കമണി. മക്കൾ: ബെൻസി, ബിനു, ബിജു. മരുമക്കൾ: ഗണേഷ്, സൗമ്യ. സഞ്ചയനം 30ന് രാവിലെ 8ന്.

## സൗദി അറേബ്യയിൽ വാഹനാപകടത്തിൽ മരിച്ചു

മാവേലിക്കര: ചെട്ടികുളങ്ങര കരിപ്പുഴ കടവൂർ കലവൂർ വീട്ടിൽ രവീന്ദ്രൻ- വത്സല ദമ്പതികളുടെ മകൻ കെ.ആർ.രതീഷ് (35) സൗദി അറേബ്യയിൽ വാഹനാപകടത്തിൽ മരിച്ചു. സംസ്കാരം ഇന്ന് രാവിലെ വീട്ടുവളപ്പിൽ നടക്കും. കഴിഞ്ഞ ഏഴിനായിരുന്നു അപകടം. ഭാര്യ: ശാരിക. മകൻ: രുദ്രാക്ഷ് (4വയസ്).



*കെ.ആർ.രതീഷ്*



**പരമേശ്വരൻ പിള്ള**

കുളത്തൂർ: ആറ്റിൻകുഴി 'നാരായണ' യിൽ റിട്ടയേർഡ് എസ്ബിഐ മാനേജർ (ജനറൽ ബാങ്കിംഗ്, സോണൽ ഓഫീസ്) വി. പരമേശ്വരൻ പിള്ള (80) നിര്യാതനായി. ഭാര്യ: ഡോ. കെ. ശ്യാമളാദേവി (റിട്ടയേർഡ് പ്രൊഫസർ എസ്. എൻ. കോളേജ് ചെമ്പഴന്തി). മക്കൾ: സന്തോഷ് (എൻജിനിയർ), ഡോ. ലക്ഷ്മി മനോജ്. മരുമക്കൾ: പി. അനിത, മനോജ് മോഹൻ. സഞ്ചയനം ഞായറാഴ്ച രാവിലെ 8 30 ന്. 77 36 77 36 20.



**ബഷീറുദ്ദിൻ**

കല്ലമ്പലം: കാട്ടുചന്ത പേരൂർ കുന്നുവിള വീട്ടിൽ പരേതനായ ജമാൽ മുഹമ്മദിന്റെ മകൻ ബഷീറുദ്ദിൻ (63) നിര്യാതനായി. മക്കൾ: സുധീർ, സബീന ബീവി, സജീർ, സമീറ ബീവി.



**മണിയൻ ആശാരി**

പോത്തൻകോട്: മഞ്ഞമല രജനിഭവനിൽ മണിയൻ ആശാരി (66) നിര്യാതനായി. ഭാര്യ: രാധ. മക്കൾ: രാജേഷ്, രജനി. മരുമക്കൾ: അനു, ബാഹുലേയൻ. മരണാനന്തര ചടങ്ങ് വെള്ളിയാഴ്ച രാവിലെ 9ന്.



**വിക്രമൻനായർ**

പരുത്തിപ്പാറ: മാടൻകോവിൽ ലെയ്ൻ (പി. എം. ആർ.എ 113) വൈഷ്ണവിയിൽ കെ. വിക്രമൻനായർ (68, റിട്ട. എംപ്ലോയ്മെന്റ് ഓഫീസർ) നിര്യാതനായി. ഭാര്യ: ലതാകൃഷ്ണൻ (ഹിന്ദുസ്ഥാൻ ലാറ്റക്സ്). മക്കൾ: അഭിലാഷ് (സിമെറ്റ് കോളേജ് ഓഫ് നഴ്സിംഗ്), ആനന്ദ് (പി.ആർ.എസ്. ഹോസ്പിറ്റൽ). മരുമകൾ: അനുപമ. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.



**പാസ്റ്റർ പി.ജെ. ജോസഫ്**

തിരുവനന്തപുരം: പെന്തെക്കോസ്ത മിഷൻ പൊഴിയൂർ സുവിശേഷ പ്രവർത്തകൻ പാസ്റ്റർ പി.ജെ. ജോസഫ് (ജോയി, 66) നിര്യാതനായി. കോഴിക്കോട്, തിരുവനന്തപുരം സെന്ററുകളിൽ 40 വർഷം സേവനം അനുഷ്ഠിച്ചു. റാന്നി വെച്ചൂച്ചിറ പരേതനായ പി.എം. ജോണിന്റെ മകനാണ്.



**ഗോപാലകൃഷ്ണൻ**

കൊല്ലം: കോർപ്പറേഷൻ നഗരാസൂത്രണ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി.എസ്. പ്രിയദർശന്റെ സഹോദരീ ഭർത്താവ് തട്ടാമല വെള്ളാംതോടത്ത് വീട്ടിൽ ഗോപാലകൃഷ്ണൻ (63) നിര്യാതനായി. ഭാര്യ വി.എസ്. ലൈസ.



**സദാനന്ദൻ**

ആറ്റിങ്ങൽ: കുഴിയിൽമുക്ക് വിളയിൽ വീട്ടിൽ സദാനന്ദൻ (84) നിര്യാതനായി. ഭാര്യ: പരേതയായ സരോജനി. മക്കൾ: അജി (റോയൽ), സംഗീത, പരേതനായ ഹരികുമാർ.



**തങ്കപ്പകുറുപ്പ്**

ആറ്റിങ്ങൽ: മേലാറ്റിങ്ങൽ ശ്രീനിലയത്തിൽ തങ്കപ്പകുറുപ്പ് (77) നിര്യാതനായി. ഭാര്യ ശാന്തമ്മ. മക്കൾ: സുനിത, സുനിൽകുമാർ. മരുമക്കൾ: വേണുഗോപാലൻ നായർ, ദീപ.



**ജയചന്ദ്രൻ**

പാളയംകുന്ന്: കോവൂർ ചിറ്റാറ്റ് വീട്ടിൽ ജയചന്ദ്രൻ (54) നിര്യാതനായി. ഭാര്യ: ചന്ദ്രിക. മക്കൾ: ജഗദ്ജിത്ത്, ശ്രീജിത്ത്, ഗോപിക. സഞ്ചയനം ഞായറാഴ്ച 8ന്.



**ഭുവനചന്ദ്രനാഥ്**

വട്ടപ്പാറ: കല്ലുവരമ്പ് അനീഷ്ഭവനിൽ ഭുവനചന്ദ്രനാഥ് (73) നിര്യാതനായി. ഭാര്യ: ഗീത. മക്കൾ: അനുജ, പരേതനായ അനീഷ്. മരുമകൻ: അനീഷ്.



**പി.കെ. അഹമ്മദ്മൂസ**

കോഴിക്കോട്: മുതിർന്ന അഭിഭാഷകനും മുൻ പബ്ലിക്ക് പ്രോസിക്യൂട്ടറും ഗവൺമെന്റ്പ്ലീഡറുമായ പി.കെ.അഹമ്മദ് മൂസ (80) പുഷ്പ ജംഗ്ഷന് സമീപം ചാലപ്പുറം റോഡിലെ വസതിയിൽ നിര്യാതനായി. തൃശ്ശൂർ വലപ്പാട് പാണ്ടികശാല ഹബീബുള്ള ആയിശക്കുട്ടി ദമ്പതിമാരുടെ മൂത്ത മകനാണ്. ദീർഘകാലം കോഴിക്കോട് ജില്ലയുടേയും ലക്ഷദ്വീപിന്റെയും പബ്ലിക്ക് പ്രോസിക്യൂട്ടറും ഗവൺമെന്റ് പ്ലീഡറുമായിരുന്നു. ഭാര്യ: മാറഞ്ചേരി പയ്യപ്പുള്ളി ആസിയ. മക്കൾ: മുഹമ്മദ് ബാബു (ബഹറൈൻ), ഫിറോസ് (മസ്ക്കറ്റ്), സജീദ്, സബിത. മരുമക്കൾ: പി.വി.അബ്ദുള്ളക്കുട്ടി (പൊന്നാനി), അജ്ജ ഹാഷിം, ശബ്ന, ലിസ്ബ.

**എൻ. ബാബു**

പുനലൂർ: വാളക്കോട് റബ്ബറവിള വീട്ടിൽ പരേതനായ എം.എസ്. നാണപ്പന്റെ (മുൻ മുനിസിപ്പൽ കൗൺസിലർ) മകൻ എൻ. ബാബു (53) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 11ന് വീട്ടുവളപ്പിൽ. ഭാര്യ: ഉഷ. മകൻ: വിഷ്ണു.



**ശ്രീധരൻ**

ചിറയിൻകീഴ്: ആനത്തലവട്ടം മൂപ്പക്കുടി വീട്ടിൽ ശ്രീധരൻ (85) നിര്യാതനായി. ഭാര്യ ഓമന. മക്കൾ: വത്സലകുമാരി, സതീശൻ, കുമാർ, സുനിൽ കുമാർ, അജി, സജിത, സന്ധ്യ. മരുമക്കൾ: സുഗുണൻ, ഷൈല, ശ്രീജ ശ്രീധർ, ലളിത, ലിജി, ഓമനക്കുട്ടൻ, നൗഷാദ്. സഞ്ചയനം വ്യാഴാഴ്ച 9 മണിക്ക്

**ചിത്രാംഗദൻ**

കോവളം: മണലുവിള പറമ്പിൽ വീട്ടിൽ ചിത്രാംഗദൻ (73) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 11.30 ന്. സഞ്ചയനം ഞായറാഴ്ച രാവിലെ 9 ന്. ഫോൺ: 9349625651.

**യൂസുഫ് റാവുത്തർ**

ഇടയിരിക്കപ്പുഴ: മണിയംകുളത്തിൽ യൂസുഫ് റാവുത്തർ (92) നിര്യാതനായി. ഭാര്യ: ഖദീജാ ബീവി. മക്കൾ: ജമീല, ഇസ്മായിൽ. മരുമക്കൾ: കുഞ്ഞുമോൻ, ജസീല.

**വി.വി. വിഷ്ണു**

ആറയൂർ: പേരകത്ത് വിഷ്ണു ഭവനിൽ വി.വി. വിഷ്ണു (27) നിര്യാതനായി. അച്ഛൻ: വിജയൻ (കെ.എസ്.ആർ.ടി.സി, ആർ.ടി.സി). അമ്മ രാഗിണി. സഹോദരി വിദ്യ. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 9ന്.

## കാർ പാഞ്ഞുകയറി, സ്കൂട്ടർയാത്രികന് അന്ത്യം

*ബിജു*

പോത്തൻകോട്: ഫാർമേഴ്സ് ബാങ്കിനടുത്ത് കാർ സ്കൂട്ടറിലും പാർക്ക് ചെയ്തിരുന്ന വാഹനങ്ങളിലും ഇടിച്ചു കയറി ഒരാൾ മരിച്ചു. മൂന്നു പേർക്ക് പരിക്കേറ്റു. സ്കൂട്ടർ യാത്രക്കാരനായ കരൂർ ഇടഗ്രാമം വൈക്കവിള വീട്ടിൽ ശശിയുടെയും വിജയകുമാരിയുടെയും മകൻ ബിജു (34) ആണ് മരിച്ചത്. പാലായിൽ ക്ഷേത്രദർശനം കഴിഞ്ഞു മടങ്ങിയ തിരുവനന്തപുരം സ്വദേശികളായ കുടുംബം സഞ്ചരിച്ച ഹോണ്ട കാറാണ് അപകടമുണ്ടാക്കിയത്. ഇടിയുടെ ആഘാതത്തിൽ ഉയർന്നു പൊങ്ങിയ ബിജു, കാറിന്റെ ബോണറ്റിൽ വീണ് തെറിച്ച് സമീപത്തെ ഓടയിൽ വീഴുകയായിരുന്നു. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ ബിജുവിനെ ഉടൻ തന്നെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സഹോദരങ്ങൾ: ബിന്ദു, വിനുകുമാർ.

## വാർദ്ധക്യ പെൻഷൻ ദുരിതാശ്വാസത്തിന്, ഖദീജാബീവി യാത്രയായി...

*ഖദീജാബീവി*

മുടപുരം: പ്രളയ ദുരിതാശ്വാസത്തിലേക്ക് തന്നാലാവുന്നത് ചെയ്യണം. അതായിരുന്നു ആ വൃദ്ധമാതാവിന്റെ ചിന്ത. അവസാനം കിട്ടിയ വാർദ്ധക്യ പെൻഷൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി മംഗലപുരം തലക്കോണം പുതുവൽ പുത്തൻ വീട്ടിൽ ഖദീജാ ബീവി (72) യാത്രയായി. പരേതനായ അബ്ദുൽഖാദറിന്റെ ഭാര്യയാണ്.

മംഗലാപുരം ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തിയാണ് ഈ മാസം ആദ്യവാരം കിട്ടിയ പെൻഷൻ തുകയായ 1100 രൂപ ഏല്പിച്ചത്. ഖദീജ ബീവിയുടെ ഒരു മകൻ ഭിന്നശേഷിക്കാരനാണ്. മറ്റൊരു മകൻ മകൻ കാൻസർ ബാധിച്ച് ആർ. സി. സിയിൽ ചികിത്സയിലാണ്. മുൻപ് പഞ്ചായത്ത് നൽകിയ സാമ്പത്തിക സഹായം കൊണ്ട് നിർമ്മിച്ച വീട്ടിലാണ് കുടുംബം താമസിക്കുന്നത്. പണിപൂർത്തിയായിരുന്നില്ല. കാലപ്പഴക്കം കൊണ്ട് അറ്റകുറ്റപ്പണി നടത്തേണ്ട അവസ്ഥയിലുമാണ്. മക്കൾ: നാസർ, നിസാം, ഷാഫി, ഷാജി.

## എ.സി റോഡ് അപകടം: എബി ജോസും മരിച്ചു

*എബി ജോസ്*

രാമങ്കരി: എ.സി റോഡിൽ ബൈക്കും സ്കൂട്ടറും കൂട്ടിയിടിച്ച അപകടത്തിൽ മരണം രണ്ടായി. പുളിങ്കുന്ന് പുന്നക്കുന്നം കുമ്പളംചിറ വീട്ടിൽ ജോസ് കെ. തോമസിന്റെ മകൻ എബി ജോസ് (21) ആണ് ഇന്നലെ മരിച്ചത്. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ് പരുമലയിലെ സ്വകാര്യ ആശുപത്രിയിൽ കഴിയവേയാണ് മരണം. പോരുക്കര ബി.എഡ്. കോളേജിലെ ബി.കോം രണ്ടാം വർഷ വിദ്യാർത്ഥി കിടങ്ങറ പുളിവേലിൽ ആദിത് (19) നേരത്തെ മരണമടഞ്ഞിരുന്നു. ആദിത് സഞ്ചരിച്ചിരുന്ന ബൈക്കും എബി ഓടിച്ചിരുന്ന സ്കൂട്ടറും നേർക്കുനേർ കൂട്ടിയിടിക്കുകയായിരുന്നു. ചൊവാഴ്ച രാവിലെ രാമങ്കരി എസ്.ബി.ഐക്ക് മുന്നിലായിരുന്നു അപകടം. ചെങ്ങന്നൂർ ഐ.എച്ച്.ആർ.ഡി എൻജിനിയറിംഗ് കോളേജിലെ അവസാന വർഷ വിദ്യാർത്ഥിയായിരുന്നു എബി. മറിയാമ്മയാണ് മാതാവ്. സഹോദരി ഡോണ ജോസ്.


**ബാഷ്പാഞ്ജലി**

**അഞ്ചാം ചരമദിനം**

**എം. സത്യബാബു**
(എം.എസ്. ബാബു)

രാധാസ്, സ്റ്റാർ ലെയ്ൻ, ചെറുകുന്നം, വർക്കല.

ശ്രീനാരായണ സോഷ്യൽ സെന്റർ ട്രസ്റ്റിന്റെ ആദരാഞ്ജലി.

**18-ാം ചരമവാർഷികം (27.09.2018)**

**വി. സദാശിവൻ**
(റിട്ട. അസി. കൺസർവേറ്റർ ഒഫ് ഫോറസ്റ്റ്)
റ്റി.സി. 15/124 (1), ആൽത്തറ നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ദുഃഖിതയായ ഭാര്യ: എ. ഗിരിജാമണി.
മക്കൾ: എസ്. സന്തോഷ് (എൻ.സി.സി. ഡയറക്ടറേറ്റ്), ഡോ. ജി.എസ്. സന്ധ്യ. (അസി. പ്രൊഫസർ, യൂണി. കോളേജ്),
മരുമക്കൾ: ഒ.എസ്. ദീജ, (ശ്രീവിദ്യാധിരാജ സ്കൂൾ, വെള്ളയമ്പലം) ഡോ. എസ്. സുബ്രഹ്മണ്യൻ. (അസി. പ്രൊഫസർ, യൂണി. കോളേജ്)
ചെറുമക്കൾ: സിദ്ധാർത്ഥ്, സ്നേഹ, സാന്ദ്ര സന്തോഷ്
അനന്തരവൻ: പ്രവീൺ എസ്. ബാബു (അസി. പ്രൊഫസർ, എൻജി. കോളേജ്, തിരുവനന്തപുരം).

**എട്ടാം ചരമവാർഷികം (27.09.2018)**

**ഡി. സൗദമ്മ**
(റിട്ട. L.D.C., പഞ്ചായത്ത്)
ബി.എസ്. ഭവൻ, കുഴിവിള, കുളത്തൂർ.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ദുഃഖിതനായ ഭർത്താവും മക്കളും മരുമക്കളും ചെറുമക്കളും.

**കണ്ണുനീരിന്റെ 12-ാം വർഷം (27.09.2018)**

**T.S. ലാലു**
ലേഖാലയം, വാലിക്കോണം.
- ദുഃഖിതരായ കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ.

**21-ാം ചരമവാർഷികം (27.09.2018)**

**പി. ഹിരൺമയീദേവി**
(റിട്ട. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, ഡെവലപ്മെന്റ് വകുപ്പ്)
ആഞ്ഞിലിമൂട്ടിൽ, കാരംവേലി.
- സന്തപ്തകുടുംബാംഗങ്ങൾ.

**15-ാം ചരമവാർഷികം (27.09.2018)**

**കെ. സദാശിവൻ**
തുമ്പോട്ടുവിളാകം, കുളത്തൂർ പി.ഒ., തിരുവനന്തപുരം.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ദുഃഖിതരായ മക്കളും മരുമക്കളും ചെറുമക്കളും.

**ഏഴാം ചരമവാർഷികം (27.09.2018)**

**ജെ. ചന്ദ്രമതി**
(സുമംഗല)
സി.വി. ഭവൻ, നിലമേൽ, നെയ്യാറ്റിൻകര.
ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ദുഃഖസ്മരണകളോടെ,
ഭർത്താവ്: എം. വേലായുധൻ,
മകൾ: ആർ. ഗീത (Rtd. എച്ച്.എസ്.എ., വി.പി.എം. എച്ച്.എസ്.എസ്, വെള്ളറട),
മരുമകൻ: പരേതനായ റ്റി.ആർ. ലളിത്മോഹൻ.

# ചൈതന്യസ്വാമിയും ഭൈരവൻശാന്തിയും ത്യാഗവും കർമ്മവും പുലർത്തിയവർ

## സ്മൃതി സമ്മേളനത്തിൽ സ്വാമി സാന്ദ്രാനന്ദ



*ശിവഗിരിയിൽ ആചാര്യസ്മൃതി സമ്മേളനത്തിൽ ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ പ്രഭാഷണം നടത്തുന്നു*

ശിവഗിരി: കർമ്മത്തിൽ തീവ്രനിഷ്ഠ പുലർത്തിയിരുന്ന ചൈതന്യസ്വാമി വൈദിക വിജ്ഞാനിയും ശില്പശാസ്ത്ര പാരംഗതനും യോഗവിദ്യാവീക്ഷണനുമായിരുന്നുവെന്ന് ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ പറഞ്ഞു. ശ്രീനാരായണഗുരുദേവന്റെ മഹാസമാധി നവതി ആചരണത്തിന്റെ ഭാഗമായി ശിവഗിരിയിൽ ആചാര്യ സ്മൃതി സമ്മേളനത്തിൽ ചൈതന്യസ്വാമി, ഭൈരവൻശാന്തി ദിനത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഗുരുദേവന്റെ ആദ്യകാലത്തെ പ്രധാനശിഷ്യന്മാരായിരുന്നു ചൈതന്യസ്വാമിയും ഭൈരവൻശാന്തിയും. ഗുരുദേവന് ജനങ്ങളിൽ നിന്നു ലഭിച്ച വസ്തുവകകളുടെയും മഠത്തിന്റെയും ഭരണച്ചുമതല നിറവേറ്റുവാൻ ഗുരു നിയോഗിച്ചത് ചൈതന്യസ്വാമികളെയായിരുന്നു. ഗുരുവിന് ശിഷ്യനോടുണ്ടായിരുന്ന സ്നേഹവായ്പും വിശ്വാസവും അത്യുഗ്രഗാധമായിരുന്നു. ശ്രീനാരായണ ധർമ്മ പരിപാലനയോഗം രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷയിൽ സാക്ഷികളിൽ ഒരാൾ ചൈതന്യ സ്വാമിയായിരുന്നു. ശ്രീനാരായണ ഗുരുപൂജയായി ഉപയോഗിച്ചു വരുന്ന ഗുരുപുഷ്പാഞ്ജലി, ഗുരുസ്തവ ദശകം, ഗുരുദേവ കല്പിതമായ പരിഷ്കൃതവിവാഹപദ്ധതി എന്നിവയ്ക്കു പുറമേ ഗുരുദേവനെ പ്രത്യക്ഷമായിക്കണ്ട് ' ഓം ശ്രീനാരായണ പരമഗുരവേ നമ: ' എന്നു തുടങ്ങുന്ന 108 മന്ത്രങ്ങളുള്ള അഷ്ടോത്തര ശതനാമാവലി എഴുതിയതും ചൈതന്യ സ്വാമിയാണെന്ന് സ്വാമി സാന്ദ്രാനന്ദ പറഞ്ഞു. ത്യാഗപൂർണമായ ജീവിതവും ഗുരുദേവനിലുള്ള സമ്പൂർണ സമർപ്പണവുമായിരുന്നു ഭൈരവൻശാന്തിയുടെ ജീവിതത്തെ സാർത്ഥകമാക്കിയതെന്ന് സ്വാമി സാന്ദ്രാനന്ദ പറഞ്ഞു.

ഗുരുവിന്റെ അനുഗ്രഹത്തോടെ 114 വയസുവരെ ജീവിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ഗുരുവിനെക്കാൾ പ്രായക്കൂടുതലുണ്ടായിരുന്നെങ്കിലും ഗുരുവിന്റെ ശിഷ്യത്വം സ്വീകരിച്ച് ഒപ്പംകൂടി. അരുവിപ്പുറത്ത് ഗുരുവിനെ ശുശ്രൂഷിച്ച് കഴിയുകയും അവസാനകാലം വരെ അരുവിപ്പുറം ക്ഷേത്രത്തിന്റെയും മഠത്തിന്റെയും കാര്യദർശിയായി പ്രവർത്തിക്കുകയും ചെയ്ത ആദ്ദേഹത്തിന് സുബ്രഹ്മണ്യസ്വാമിയുടെ ദർശനസൗഭാഗ്യവും ലഭിച്ചിട്ടുണ്ടെന്ന് സ്വാമി സാന്ദ്രാനന്ദ പറഞ്ഞു.

ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ അദ്ധ്യക്ഷത വഹിച്ചു. നവതി ആചരണ കമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, ധർമ്മസംഘം ട്രസ്റ്റ് ട്രഷറർ സ്വാമി ശാരദാനന്ദ, സ്വാമി വിശാലാനന്ദ, സ്വാമി ഗുരുപ്രകാശം, കണ്ണൂർ സുന്ദരേശ്വര ക്ഷേത്രത്തിലെ ചൈതന്യസ്വാമി സമാധി സന്നിധി സെക്രട്ടറി പവിത്രൻ എന്നിവർ സംബന്ധിച്ചു.

എസ്.എൻ.ഡി.പി യോഗം വടകര യൂണിയൻ പ്രസിഡന്റ് ഹരിദാസൻ, സെക്രട്ടറി പി.എം. രവീന്ദ്രൻ, കൊയിലാണ്ടി യൂണിയൻ പ്രസിഡന്റ് പറമ്പത്ത് ദാസൻ, സെക്രട്ടറി ഊട്ടേരി രവീന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ ശാഖാപ്രവർത്തകരടക്കമുള്ള ഭക്തജനങ്ങൾ ശിവഗിരിയിൽ വിശ്വശാന്തിഹവനത്തിലും ജപയജ്ഞത്തിലും പങ്കെടുത്തു.

### ശിവഗിരിയിൽ ഇന്ന്

**രാ**വിലെ 4.30ന് പർണശാലയിൽ ശാന്തിഹവനം, 5ന് ശാരദാമഠത്തിൽ വിശേഷാൽപൂജ, 5.30ന് മഹാസമാധിയിൽ വിശേഷാൽ ഗുരുപൂജ, 5.45ന് ബ്രഹ്മവിദ്യാലയത്തിൽ ഗുരുദേവ കൃതികളുടെ പാരായണം, 9ന് അഖണ്ഡനാമജപയജ്ഞം, വിശ്വശാന്തിഹവനം, വൈകിട്ട് 3 ന് ആചാര്യസ്മൃതി പ്രഭാഷണം (എം. ഗോവിന്ദൻ, എൻ. കുമാരൻ ദിനം) പ്രഭാഷണം: ലതീഷ് അടിമാലി.

## ഷൂട്ട് @ സൈറ്റ്

അജയ്‌മധു



**അപകടം അരികെ ...** *നഗരത്തിലെ അനധികൃത- അശാസ്ത്രീയ വാഹനപാർക്കിംഗുകൾ കാരണം കഷ്ടപ്പെടുന്നവരിൽ വഴിയാത്രക്കാരും ഇരുചക്രവാഹനയാത്രികരും മാത്രമല്ല, എഴുന്നേറ്റ് നടക്കാൻ കഴിയാതെ ഒരു നേരത്തെ അന്നത്തിന് വേണ്ടി ഇഴഞ്ഞു നീങ്ങുന്ന ചില മനുഷ്യരുമുണ്ട്. തിരുവനന്തപുരം കിഴക്കേകോട്ടയിൽ നിന്നുള്ള കാഴ്ച*

## സെപ്തംബറിലെ റേഷൻ ഒക്ടോബർ ആറുവരെ

തിരുവനന്തപുരം: സെപ്തംബറിലെ റേഷൻ വിതരണം ഒക്ടോബർ ആറു വരെ നീട്ടിക്കൊണ്ട് ഭക്ഷ്യവകുപ്പ് ഉത്തരവിറക്കി.

തിരുവനന്തപുരത്ത് അടക്കം റേഷൻ സാധനങ്ങൾ എത്താത്തതിനെ തുടർന്നാണ് തീരുമാനം.

ഗോഡൗണുകളിലെ പ്രശ്നങ്ങൾ കാരണം പകുതി കടകളിൽ പോലും ഈ മാസത്തെ റേഷൻ അരി എത്തിയിരുന്നില്ല.



*കെ.പി.സി.സി പ്രസിഡന്റായി ചുമതലയേൽക്കാനെത്തിയ മുല്ലപ്പള്ളി രാമചന്ദ്രൻ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഡി.സി.സി നൽകിയ സ്വീകരണത്തിൽ പ്രവർത്തകരുടെ ഉന്തിലും തള്ളിലും പെട്ടപ്പോൾ ഫോട്ടോ: ബി.സുമേഷ്*

## കുട്ടനാട്ടിൽ കൃഷി ഉപേക്ഷിക്കേണ്ടി വരില്ല: മന്ത്രി സുനിൽകുമാർ

ആലപ്പുഴ: സാമ്പത്തിക പ്രയാസം മൂലം കുട്ടനാട്ടിൽ ഒരു കർഷകനും കൃഷി ഉപേക്ഷിക്കേണ്ടി വരില്ലെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. ടി.വി. തോമസ് ഫൗണ്ടേഷൻ സംഘടിപ്പിച്ച ജനകീയ സെമിനാറിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

30,000 ഹെക്ടർ പുഞ്ചക്കൃഷിയാണ് സർക്കാർ ലക്ഷ്യമിടുന്നത്. വിത്ത് സൗജന്യമായി നൽകും. കൃഷിയിൽ യാന്ത്രിക രീതിമാറ്റി ശാസ്ത്രീയ രീതിയാണ് അവലംബിക്കേണ്ടത്.

കുട്ടനാട്ടിനെ കാർഷിക സമൃദ്ധിയിലേക്ക് കൊണ്ടുപോകും. നെൽകൃഷി വർദ്ധിപ്പിക്കുകയാണ് സർക്കാരിന്റെ നയമെന്നും അദ്ദേഹം പറഞ്ഞു.

## മുല്ലപ്പള്ളിക്ക് ഉജ്ജ്വല സ്വീകരണം

തിരുവനന്തപുരം: കെ. പി. സി. സി പ്രസിഡന്റായി ഇന്ന് ചുമതലയേൽക്കുന്ന മുല്ലപ്പള്ളി രാമചന്ദ്രന് തലസ്ഥാനനഗരിയിൽ വൻ വരവേല്പ്. നൂറുകണക്കിന് കോൺഗ്രസ് പ്രവർത്തകർ വിമാനത്താവളത്തിൽ നിന്ന് സ്വീകരിച്ച് അനേകം വാഹനങ്ങളുടെ അകമ്പടിയോടെ അദ്ദേഹത്തെ നഗരത്തിലേക്ക് ആനയിച്ചു. ഇന്ന് ഉച്ചയ്ക്ക് 12 മണിക്കാണ് കെ.പി.സി.സി പ്രസിഡന്റായി ചുമതലയേൽക്കുന്നത്.

ഉച്ചയ്ക്ക് 2.10ന് തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ അദ്ദേഹത്തോടൊപ്പം ഭാര്യ ഉഷയും മകൾ പാർവതിയും ഉണ്ടായിരുന്നു. ഡി.സി.സിയുടെ ആഭിമുഖ്യത്തിലാണ് മുല്ലപ്പള്ളി രാമചന്ദ്രന് സ്വീകരണം നൽകിയത്.

### ഐക്യത്തോടെ നയിക്കും: മുല്ലപ്പള്ളി

**പാ**ർട്ടിയെ ഐക്യത്തോടും അച്ചടക്കത്തോടും നയിക്കും. 2019 ലെ ലോക്‌സഭാ തിരഞ്ഞെടുപ്പാണ് ലക്ഷ്യം. അതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തും. ഫാസിസ്റ്റ് വിപത്തിൽ നിന്നു രാജ്യത്തെ രക്ഷിക്കാൻ കോൺഗ്രസിനേ കഴിയൂ. മോദി സർക്കാരിനെ കടപുഴകിയെറിയാൻ എല്ലാ മതനിരപേക്ഷ ശക്തികളുടെയും പിന്തുണ ആവശ്യമാണെന്നും മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞു.

എം.പിമാരായ എം.ഐ. ഷാനവാസ്, കൊടിക്കുന്നിൽ സുരേഷ്, എം.എൽ.എമാരായ വി.എസ്. ശിവകുമാർ, എം. വിൻസെന്റ്, കെ.എസ്. ശബരീനാഥൻ, റോജി എം. ജോൺ, മുൻ എം.എൽ.എമാരായ ടി. ശരത്ചന്ദ്ര പ്രസാദ്, പാലോട് രവി, പന്തളം സുധാകരൻ, കെ. പി. സി. സി ട്രഷറർ ജോൺസൺ എബ്രഹാം, രാജ്മോഹൻ ഉണ്ണിത്താൻ, ഡി. സി. സി പ്രസിഡന്റുമാരായ നെയ്യാറ്റിൻകര സനൽ, ടി. സിദ്ദിഖ്, ബിന്ദുകൃഷ്ണ, ഹക്കീം കുന്നിൽ, കെ. പി. സി. സി സെക്രട്ടറി മണക്കാട് സുരേഷ് തുടങ്ങിയ നേതാക്കൾ കെ. പി. സി. സി പ്രസിഡന്റിനെ സ്വീകരിക്കാനെത്തിയിരുന്നു.

## യു.ഡി.എഫ് യോഗം ഇന്ന്, ബെന്നി ബെഹനാൻ ചുമതലയേൽക്കും

തിരുവനന്തപുരം: പുതിയ യു.ഡി.എഫ് കൺവീനറായുള്ള ബെന്നി ബെഹനാന്റെ സ്ഥാനാരോഹണം ഇന്ന് നടക്കും. ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് കന്റോൺമെന്റ് ഹൗസിലാണ് യു.ഡി.എഫ് യോഗം ചേരുക.

ബെന്നിയുടെ സ്ഥാനാരോഹണം തന്നെയാകും മുഖ്യ അജൻഡ. ലോക്‌സഭാ തിരഞ്ഞെടുപ്പിന് മുന്നൊരുക്കമെന്ന നിലയിൽ പാർലമെന്റ് മണ്ഡലങ്ങൾ യു.ഡി.എഫ് പൂർത്തിയാക്കി വരികയാണ്. വിവിധ പ്രശ്നങ്ങൾ പഠിച്ച് ഉപസമിതികൾ സമർപ്പിക്കുന്ന റിപ്പോർട്ട് ഈ മാസം 30ന് ലഭിക്കും. പാർലമെന്റ് മണ്ഡലം കൺവെൻഷനുകളിൽ അവസാനത്തേത് 29ന് വടകരയിലാണ്. ഇന്ന് തിരുവനന്തപുരത്ത് കൺവെൻഷൻ എ.കെ. ആന്റണി ഉദ്ഘാടനം ചെയ്യും. മണ്ഡലം കൺവെൻഷനുകൾ പൂർത്തിയായ ശേഷമേ അടുത്ത ഘട്ട നടപടികളിലേക്ക് യു.ഡി.എഫ് ചർച്ചകൾ കടക്കൂ. ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനം ഇന്നത്തെ യോഗത്തിൽ നടന്നേക്കാം.












Vol. No. 108 Issue No. 260 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 3941050, Fax: 3078979** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .